❑Kozhikode ❑Volume No: 5 ❑Issue No: 1 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

1 ജനുവരി 2026

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക



യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


Ayurveda for Good Health
NAGARJUNA AYURVEDA
മുഖക്കുരുവിനും
കറുത്ത പാടുകൾക്കും
ഗുഡ്ബൈ...
NAGARJUNA
Raktha Chandan
AYURVEDIC SOAP
ഇപ്പോഴിതാ യഥാർത്ഥ
രക്തചന്ദന തൈലമടങ്ങുന്ന
പുതിയ ഉൽപന്നം...
NAGARJUNA
Raktha Chandan
FACE WASH
ആരോഗ്യവും തിളക്കവുമുള്ള ചർമ്മം
നിങ്ങൾക്ക് തരുന്നു ആത്മവിശ്വാസം
+91 99616 33366 | cmo@nagarjunaayurveda.com | www.nagarjunaayurveda.com
ആരോഗ്യരക്ഷയ്ക്ക് നാഗാർജുന





യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5127 മാഘം കൊല്ലവർഷം 1201 മകരം ഹേമന്തഋതു

വാർഷിക വരിസംഖ്യ
300 രൂപ അയക്കാൻ
ഈ ക്യു ആർ കോഡ്
സ്കാൻ ചെയ്യുക

2026 January 1 ❑Kozhikode ❑Volume No: 5 ❑Issue No:1❑email: swasthitrimonthly@gmail.com ❑website: swasthi.org❑Mob:9495369337



**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ 9072383651
**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
9400992823
**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ 9895621493
**സബ് എഡിറ്റർമാർ**
ഉദയൻ നമ്പൂതിരിപ്പാട് കിഴക്കേടം 8281926325
സ്വപ്ന ഉമാശങ്കർ 9847200185
**പ്രിന്റർ ആന്റ് പബ്ലിഷർ**
ടി.വി. ദിവാകരൻ നമ്പൂതിരി 9447337337
**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611
**പരസ്യം & സർക്കൂലേഷൻ**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
**മാനേജിംഗ് കമ്മിറ്റി**
ജില്ലാ പ്രസിഡന്റ്: പി.എം.ഗംഗാധരൻ
നമ്പൂതിരി 9400584267
ജില്ലാ സെക്രട്ടറി: കോരമ്പറ്റ ശങ്കരൻ
നമ്പൂതിരി 9946438951
**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600
**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674
**കസ്റ്റമർ കെയർ**
മൊബൈൽ: 9495369337


## സത്യമേവജയതേ

'ശിവ!ശിവ! ഒന്നും പറയാവതല്ല/
മഹാമായ തന്റെ പ്രകൃതികൾ /
മഹാമായ നീക്കീട്ടരുളേണം നാഥാ!
തിരുവൈക്കം വാഴും ശിവശംഭോ.''

മായയെന്നാൽ ബ്രഹ്മത്തിൽ നിന്നും പ്രപഞ്ചത്തെ സൃഷ്ടിക്കുന്ന ശക്തി. സർവ്വം മായയാണ്, സർവ്വം സത്യവുമാണ്. അവിദ്യയെ അനുഗ്രഹിച്ച് വിദ്യ പ്രത്യക്ഷമാക്കുന്ന പ്രക്രിയ ബ്രാഹ്മണർക്ക് ജന്മസിദ്ധം. മാറുന്ന സമൂഹത്തിന് അനിവാര്യമായ ശാശ്വതമൂല്യങ്ങളെ കുറിച്ച് നമ്മോട് പറഞ്ഞത് രംഗനാഥാനന്ദ സ്വാമികളാണ്. തലമുറകളായി ഈശ്വരാർപ്പണം ചെയ്യുന്ന നിഷ്ക്കാമകർമ്മികളെ പ്രണമിക്കാം.

നേത്രോന്മീലനത്തിന് മുമ്പുള്ള ദേവിയാണ് ഈ ലക്കം മുഖചിത്രം.കൃഷ്ണമണികൾക്ക് വർണ്ണം നൽകുന്നതിനു മുമ്പ് കണ്ണുകൾക്ക് കറുപ്പണിയണം. കവർസ്റ്റോറിയിലും തുടർന്നുള്ള പുറങ്ങളിലും പഴമയുടെ പുതുമകൾ വായിക്കാം. നമ്പൂതിരിമാരുടെ ഫോക്ക് ഐറ്റമായ പാനേങ്കളിയുടെ കഥയും ചരിത്രവും മുഖ്യ ഫീച്ചർ. മുറജപത്തിന് വേദശ്രേഷ്ഠരെ അയച്ച 'തപസ്സ് , നൂറിലധികം ഉണ്ണി നമ്പൂതിരിമാരെ പരിശീലിപ്പിക്കുന്ന രാഘവപുരം സഭാ യോഗം. വാർത്തകളും ചിത്രങ്ങളും ഈ ലക്കത്തിലുണ്ട്.

സത്യങ്ങൾ കണ്ടെത്താൻ പ്രയത്നിച്ച ഫോറൻസിക് സയന്റിസ്റ്റ് വിഷ്ണു പോറ്റിയെപ്പറ്റി എക്സ്ക്ലൂസീവ് റിപ്പോർട്ട്. കൈപ്പള്ളി ഇല്ലപ്പെരുമ, അനുമോദനങ്ങൾ, വിജയഗാഥകൾ, കുട്ടിക്കൂട്ടം.

പുതുവർഷം നവം നവങ്ങളായ ചിന്തകളാൽ, കർമ്മങ്ങളാൽ ധർമ്മനിഷ്ഠമാവട്ടെ.


Yogakshemasabha Swasthi Trimonthly. **Printed & Published by T.V. Divakaran Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Offset Prints, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
Vol No:5 Issue No: 1 Registration Number : KERMAL/2022/83817





നൂറ്റാണ്ടുകളുടെ അഷ്ടവൈദ്യ പാരമ്പര്യവും, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഗവേഷണവും സമന്വയിക്കുന്ന വൈദ്യരത്നം ഔഷധങ്ങൾ. മികച്ച ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുനൽകുന്ന **550ലധികം ആയുർവേദ ഔഷധങ്ങളുമായി** വൈദ്യരത്നം ഔഷധശാല... എന്നും നിങ്ങളുടെ ആരോഗ്യത്തിനായി സമർപ്പിതം.

**Manufacturing | Healthcare | Ayurveda College | Ayurveda Museum | Ayurveda Research Institute | Publications**

Vaidyaratnam Oushadhasala Pvt. Ltd., Vaidyaratnam Road, Thaikkattussery P.O, Ollur, Thrissur - 680 306, Kerala, India, Ph: +91 487 2432732, Email: support@vaidyaratnam.com | Web: www.vaidyaratnam.com

/vaidyaratnamofficial | / 70344 30000

**To consult online: vaidyaratnammooss.com/consultonline | To buy online: www.vaidyaratnamstore.com**

കൂടുതൽ അറിയാൻ സ്കാൻ ചെയ്യൂ



**06**
കവർ സ്റ്റോറി
ഇല്ലാത്തതൊന്നുമില്ല പാനേങ്കളിയിൽ
(കൊട്ട്, പാട്ട്, നൃത്തം, അഭ്യാസ മുറകൾ, ഭാവാഭിനയം)
ഉദയൻ നമ്പൂതിരി



**26**
ഫീച്ചർ
ഏറ്റവും നല്ല എഡിറ്റർക്ക് സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ ഇരവിമംഗലം മനയിലെ സൂരജ്

മാന്തിട്ട വിഷ്ണു



**52**
ഇല്ലപ്പെരുമ പംക്തിയിൽ സ്നേഹവാത്സല്യങ്ങളുടെ കരളലിഞ്ഞ കൈപ്പള്ളി
ഡോ. വിനോദ് മങ്ങത്തായ, ദിവാകരൻ താമരക്കുളം

കവിതകൾ, യാത്രാവിവരണങ്ങൾ. പ്രതികരണങ്ങൾ, സഭാ വാർത്തകൾ, വിഷ്ണുപാദം പൂകിയവർ, അനുമോദനങ്ങൾ, പാണിഗ്രഹണം, തുടങ്ങിയ സ്ഥിരം പംക്തികളും

# ആരൊക്കെ/എന്തൊക്കെ


| | |
|---|---|
| 12 | **മൂലോകപ്പെരുമാളിന് അനന്തകോടി നാമജപ പുണ്യം**<br>വെദിരമന കൃഷ്ണൻ നമ്പൂതിരി |
| 16 | **തൊട്ടതെല്ലാം പൊന്നാക്കിയവൻ**<br>താമരക്കുളം ദിവാകരൻ |
| 21 | **പാളങ്ങൾ ഉറക്കെ പറഞ്ഞു; നിശ്ശബ്ദം**<br>ശ്രീരാം ടി.എച്ച്. |
| 23 | **പാഴൂർ പാതാള വരിക്ക**<br>മേൽപാഴൂർ വിഷ്ണുനമ്പൂതിരിപ്പാട് |
| 24 | **വിളിച്ചോ? അച്ഛനെന്നെ...**<br>രമ വടശ്ശേരി |
| 26 | **ഇരവിമംഗലം മനയിലെ സൂരജ് ബെസ്റ്റ് എഡിറ്റർ**<br>മാന്തിട്ട വിഷ്ണു |
| 29 | **ശാന്തമല്ല പാപം**<br>ദേവദത്ത താമരക്കുളം |
| 31 | **നന്മ നിറഞ്ഞവൻ ശ്രീനിവാസൻ**<br>മിനി ഭട്ടതിരി |
| 32 | **നമ്പൂതിരിക്കും വഴങ്ങും**<br>**മുഖമെഴുത്തിന്റെ സൗന്ദര്യം** |
| 33 | **കേശാദിപാദം**<br>ശ്രീദേവി ഏളപ്പില |
| 33 | **എന്റെ മോഹം**<br>സതി കണ്ടമംഗലം |
| 36 | **പോറ്റിക്ക് തെറ്റാറില്ല; സത്യത്തിന് മരണമില്ലല്ലോ**<br>സ്വസ്തി എക്സ്ക്ലൂസീവ് |
| 42 | **വിജയത്തിന്റെ ഹരിശ്രീ**<br>പി.എൻ.വിജയൻ |
| 46 | **ബ്ലാസ്ഫെമി**<br>കെ.എം.എസ്. ഭട്ടതിരിപ്പാട് |
| 49 | **അക്കാദമി അവാർഡ് വാങ്ങാത്ത നമ്പൂതിരിപ്പാട്**<br>പി.വി.സാവിത്രി |
| 61 | **ക്വിറ്റ് കേരള**<br>നാരായണൻ നമ്പൂതിരി |
| 87 | **ഒരു പൂജാരിയുടെ മനസ്സ്**<br>മുല്ലനേഴി ദിവാകരൻ നമ്പൂതിരി |
| 97 | **കുട്ടിക്കൂട്ടത്തിൽ ഇവർ**<br>ദീപ്ത എം., അഭിനന്ദ് കെ., ദേവശ്രീ വി.എസ്., അഭയ് രഞ്ജിത്ത്, കാർത്തിക പി.എസ്, ശിവരഞ്ജിനി കെ.എം., ഹരികൃഷ്ണൻ സി.എസ്, അമേയ മുല്ലപ്പള്ളി, അക്ഷയ് രഞ്ജിത്ത്, സാരുപ് ടി.എസ്., സോന ഗൗരി, റിഷികേശ് കെ.എം. തുടങ്ങിയവർ |




# ഇല്ലാത്തതൊന്നുമില്ല പാനേങ്കളിയിൽ

❑മീൻ കച്ചവടക്കാരൻ, കള്ളുകുടിയൻ, ഇട്ടിക്കണ്ടപ്പൻ, അങ്ങനെ വേറിട്ട കഥാപാത്രങ്ങൾ
❑പാനേങ്കളി, ചാത്തിരാങ്കം, യാത്രാക്കളി, സംഘക്കളി അങ്ങനെ വേറിട്ട പേരുകൾ
❑തെയ്യം, തോറ്റംപാട്ട്, ചാക്യാർകൂത്ത്, വള്ളസദ്യ വഞ്ചിപ്പാട്ട് അങ്ങനെ വേറിട്ട കലകളുമായി അടുപ്പം
❑കൊട്ട്, പാട്ട്, നൃത്തം, അഭ്യാസ മുറകൾ, ഭാവാഭിനയം അങ്ങനെ വേറിട്ട അവതരണങ്ങൾ
❑ഹാസ്യം, സാമൂഹിക വിമർശനം, സന്ദേശങ്ങൾ, സ്തോത്രങ്ങൾ, ഗാനങ്ങൾ അങ്ങനെ വേറിട്ട മിശ്രണങ്ങൾ
❑ചിരട്ടക്കയ്യിൽ, പാള, ചോറു വെയ്ക്കുന്ന കാതൻ ചെമ്പ് അങ്ങനെ വേറിട്ട ഉപാധികൾ

**ഉദയൻ നമ്പൂതിരിപ്പാട്**



നമ്പൂതിരിമാർ അവതരിപ്പിക്കുന്ന കലാരൂപത്തിൽ മത്സ്യക്കച്ചവടക്കാരനും കള്ളുകുടിയനും ഒക്കെ കഥാപാത്രമായി വരുമോ? അവർ മാത്രമല്ല ഇട്ടിക്കണ്ടപ്പൻ പോലും വരും. സാമവേദത്തിന്റെ സംസ്കൃതത്തിലല്ല, അസ്സൽ പ്രാകൃതത്തിലും ദ്രാവിഡത്തിലും ശകാരിക്കും. ചിരട്ടക്കയ്യിലിനെ വാളാക്കിക്കൊണ്ട് വെളിച്ചപ്പെടും. കേരളത്തിന്റെ വടക്ക് പാനേങ്കളി എന്നും മധ്യഭാഗത്ത് സംഘക്കളി എന്നും തെക്കുഭാഗത്ത് യാത്രാക്കളി എന്നും പറയുന്ന നമ്പൂതിരിമാരുടെ തനത് കലാരൂപത്തിൽ ഇമ്മാതിരി പലതുമുണ്ട്. ഇപ്പോൾ ഇത് അവതരിപ്പിക്കുന്ന ഒരു സംഘമേയുള്ളൂ. കുന്ദംകുളത്തുള്ള പൂങ്ങാട് നാരായണൻ നമ്പൂതിരിയുടെ സാരഥ്യത്തിലുള്ളത്.

കവി മധുസൂദനൻ നായരുടെ സുപ്രസിദ്ധമായ നാറാത്തു ഭ്രാന്തൻ എന്ന കവിതയിൽ ഒരു വരിയുണ്ട്. ചാത്തനെന്റേതെന്നു കൂറുചേർക്കാൻ ചിലർ ചാത്തിരാങ്കം നടത്തുന്നൂ. ഇതിന് പറയി പെറ്റ പന്തിരുകുലത്തോളം പഴമയുണ്ട്. വല്യേട്ടൻ എന്ന സിനിമയിൽ മമ്മൂട്ടി കൂടെക്കൂടെ വിളിക്കുന്നുണ്ട്. ഇട്ടിക്കണ്ടപ്പനെന്ന്. ആ ഇട്ടിക്കണ്ടപ്പനും പാനേങ്കളിലുണ്ട്. അറിയാം പാനേങ്കളിയെപ്പറ്റി.

അതിനു മുമ്പ് അല്പം ചില കാര്യങ്ങൾ. കുറച്ചു മുമ്പ് യോഗക്ഷേമസഭ മലയാള ബ്രാഹ്മണരുടെ ഐക്യത്തിനായി പരശുരാമ പൂജയും, നാലുപാദം എന്നൊരു ചടങ്ങും നടത്തുകയുണ്ടായി. പെരുമ്പാവൂരിനടുത്തുള്ള തൃക്കാരിയൂർ ശിവക്ഷേത്രത്തിൽ വെച്ച്. ഏതാണ്ടു പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് നാലുപാദം ആദ്യമായി നടന്നത് ഈ



*ചെമ്പുകൊട്ടിയാർക്കലും ഇട്ടിക്കണ്ടപ്പനും*

**വടക്കു തളിപ്പറമ്പു മുതൽ തെക്ക് കൊട്ടാരക്കര വരെ പ്രചരിച്ചിരുന്നു ചാത്തിരാങ്കം. 1400 വർഷത്തെ പഴക്കമുണ്ട്. ചാത്തിരാങ്കത്തിനു കേരളത്തിന്റെ വടക്ക് പാനേങ്കളി എന്നും മധ്യഭാഗത്ത് സംഘക്കളി എന്നും തെക്കുഭാഗത്ത് യാത്രാക്കളി എന്നും പറയുന്നു. മുപ്പത്തിരണ്ട് കളിസംഘങ്ങൾ ഒരു കാലത്ത് ഉണ്ടായിരുന്നു.**

ക്ഷേത്രത്തിൽ വെച്ചായിരുന്നുവത്രെ. നമ്പൂതിരിമാരുടെ കേരളത്തിലെ അധിനിവേശ ചരിത്രവുമായി ബന്ധപ്പെട്ടതാണ് ഈയൊരു അനുഷ്ഠാനം.

ഏതാണ്ട് 1500 കൊല്ലം മുമ്പ് നമ്പൂതിരിമാർക്ക് ബുദ്ധമത സന്യാസിമാരെ ആശയപരമായി വാദപ്രതിവാദങ്ങളിൽ തോല്പിക്കാനായില്ല. പരാജയപ്പെട്ടവരെയെല്ലാം നിർബന്ധപൂർവം അവർ ബുദ്ധമതത്തിൽ ചേർത്തു. അന്നത്തെ നാടുവാഴി ചേരമാൻ പെരുമാളും ബുദ്ധമതക്കാരുടെ ഭാഗത്തായിരുന്നു. അദ്ദേഹം രണ്ടു കൂട്ടരേയും വിളിച്ച് തങ്ങളുടെ വിശ്വാസങ്ങളുടെ മഹത്വം തെളിയിക്കാൻ ഒരു പരീക്ഷണം വെച്ചു.

നമ്പൂതിരിമാർ തൃക്കാരിയൂർ അമ്പലത്തിൽ ഒത്തുകൂടി വൈദിക മതത്തിന്റെ പ്രാമുഖ്യം തിരിച്ചു പിടിക്കാനായി പരശുരാമനെ പ്രാർത്ഥിച്ചു. മുനിവേഷത്തിൽ അവർക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ട പരശുരാമൻ

'കണ്ടമിരിണ്ട നടഞ്ചെയ്യുന്നേൻ ചേവടിയേ
എന്നുമരങ്ങൽ നിലക്ക വിണ്ണോർ നായകനെ
വഞ്ചന ചെയ്യെമദൂതകൾ വന്തണയും മാലൊഴിവാൻ
കേണികൾ ചൂഴും തിരിക്കാരിയൂർ വാണേ മുക്കണ്ണരേ'

എന്ന നാലുവരി ഉപദേശിച്ചു. ആ ശ്ലോകം ചൊല്ലി നമ്പൂതിരിമാർ നാല്പത്തി ഒന്നു ദിവസം തൃക്കാരിയൂരിൽ ഭജനയിരുന്നു.

പിന്നീട് പരീക്ഷക്കായി പെരുമാളിന്റെ സഭയിലെത്തി. ഒരു കുടത്തിൽ മൂർഖൻ പാമ്പിനെ ഇട്ട് മൂടിക്കെട്ടി അതിൽ എന്താണെന്നു രണ്ടു കൂട്ടരോടും ചോദിച്ചു. പരശുരാമൻ മുന്നെ തന്നെ നല്കിയ നിർദ്ദേശമനുസരിച്ച് അതിൽ താമരപ്പൂവാണെന്നു നമ്പൂതിരിമാർ പറഞ്ഞു. പരുശുരാമപ്രീതിയാൽ അവർ പറഞ്ഞത് ശരിയാവുകയും ചെയ്തു. വൈദിക മതത്തിന്റെ ശക്തി മനസ്സിലായ ബുദ്ധസന്യാസിമാരെല്ലാം തോൽവി സമ്മതിച്ച് മലയാളനാടു വിട്ടുപോയി എന്നാണ് ഐതിഹ്യം. അതോടെ നമ്പൂതിരിഗൃഹങ്ങളിലെ മംഗളകർമ്മങ്ങൾക്ക് ഈ നാലുവരി ശ്ലോകം ചൊല്ലിയുള്ള ഭജന പതിവായി.

പക്ഷേ പിന്നിടു പരശുരാമന് നമ്പൂതിരിമാരോടു നീരസം തോന്നുകയും, കുലത്തെ തന്നെ ശപിക്കുകയും ചെയ്തു. ഒരിക്കലും ഐക്യം ഉണ്ടാവില്ല എന്നായിരുന്നുവത്രെ ശാപം. ആ ശാപനിവൃത്തിക്കായാണ് വീണ്ടും പുതിയ കാലത്ത് തൃക്കാരിയൂരിൽ ഭജനയിരുന്നത്. ഈ നാലുപാദം ചാത്തിരാങ്കത്തിന്റെ പ്രധാന ഭാഗമാണ് എന്നറിയുമ്പോഴാണ് ചാത്തിരാങ്കത്തിന്റെ മഹത്വം മനസ്സിലാവുക.

വടക്കു തളിപ്പറമ്പു മുതൽ തെക്ക് കൊട്ടാരക്കര വരെ പ്രചരിച്ചിരുന്നു ചാത്തിരാങ്കം. 1400 വർഷത്തെ പഴക്കമുണ്ട്. മുപ്പത്തിരണ്ട് കളിസംഘങ്ങൾ ഒരു കാലത്ത് ഉണ്ടായിരുന്നു. 1940– 50 നു ശേഷം പനേങ്കളി എവിടെയും അവതരിപ്പിക്കാതായി. കലാകാരന്മാരെല്ലാം വേറെ തൊഴിലിലേക്കിറങ്ങി.

1990 നു ശേഷമാണ് ഒരാൾ പനേങ്കളിയെ സംരക്ഷിക്കാനായി മുന്നോട്ടു വന്നത്. അതൊരു നമ്പൂതിരിയായിരുന്നില്ല. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ നിന്നു പ്രിൻസിപ്പാളായി റിട്ടയർ ചെയ്ത ഡോക്ടർ ശങ്കരനാരായണൻ. അപ്പോഴേക്കും 32 സംഘങ്ങളിൽ 31 എണ്ണവും ഇല്ലാതായിരുന്നു. പാനേങ്കളിയുടെ ഭാഷാ പാഠങ്ങളുടെ അപഗ്രഥനത്തിൽ അദ്ദേഹം ഡോക്ടറേറ്റ് എടുത്തു. കേരളം മുഴുവൻ സഞ്ചരിച്ച് കളിയിലെ പാട്ടുകളും സങ്കേതങ്ങളും വീണ്ടെടുത്തു. പലഭാഗത്തുനിന്നും നമ്പൂതിരിമാരെ ചേർത്ത് ഒരു സംഘമുണ്ടാക്കി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഗുരുവായൂർ മേല്പത്തൂർ ഓഡിറ്റോറിയത്തിൽ വെച്ച് അമ്പതു വർഷങ്ങൾക്കു ശേഷം പാനേങ്കളി അവതരിപ്പിച്ചു.

അതിനു ശേഷം ക്ഷേത്രങ്ങളിലടക്കം പലയിടങ്ങ

ളിലും, ബോംബെ, ബാംഗ്ലൂർ തുടങ്ങിയ നഗരങ്ങളിലും അവതരിപ്പിച്ചു. സർക്കാർ സഹായത്തോടെ സൂര്യ ഫെസ്റ്റിവലിൽ തുടർച്ചയായി മൂന്നു കൊല്ലം നടത്തുകയുണ്ടായി. അദ്ദേഹം ഫോക്ക് ലോർ അക്കാദമി ചെയർമാനായിരുന്ന കാലത്ത് ടൂറിസം വാരഘോഷസമയത്തും ഒരു പാടു വേദികളിൽ അരങ്ങേറി.

പൂങ്ങാട് നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിലുള്ള 'കിഴിവിരി' ചാത്തിര സംഘം മാത്രമേ ഇപ്പോൾ അവതരിപ്പിക്കുന്നുള്ളു. പാലക്കാട് മ്യൂസിക്ക് കോളേജിൽ നിന്ന് സംഗീതത്തിൽ ബിരുദം നേടിയ അദ്ദേഹത്തിന് കളിയിലെ പാട്ടുകളും, ചടങ്ങുകളും ഹൃദിസ്ഥമാണ്. അദ്ദേഹത്തിന്റെ മുത്തശ്ശൻ ആദിത്യൻ നമ്പൂതിരി, വലിയച്ഛൻ ഗോവിന്ദൻ നമ്പൂതിരി, ആലിപറമ്പ് എമ്പ്രാന്തിരി തുടങ്ങിയവരും ഈ കല കാലങ്ങളോളം കൊണ്ടു നടന്നവരാണ്. ഇവർ നാലുപാദം അനുഷ്ഠാനമായി കൊടുങ്ങല്ലൂർ, കോങ്ങാട് എന്നീ ഭഗവതി ക്ഷേത്രങ്ങളിലെ ഉത്സവകാലത്ത് സ്ഥിരമായി അവതരിപ്പിച്ചിരുന്നു.

കുലത്തൊഴിൽ അന്യംനിന്നു പോകണ്ട എന്നു കരുതി വല്യച്ഛനാണ് നാരായണനെ പാനേങ്കളി പഠിപ്പിച്ചത്. കാറൽമണ്ണയിലെ നാടക കഥകളി കൂട്ടായ്മയിലെ നടനായ ചെറുമിറ്റം പ്രശാന്ത്, മേലേടം കൃഷ്ണൻ, മൂത്തമന പരമേശ്വരൻ നമ്പൂതിരി, എന്നീ കലാകാരന്മാരും സംഘാംഗങ്ങളാണ്. കോഴിക്കോടുകാരായ കാഞ്ഞിരതോട്ടം, വള്ളിവട്ടം, കണ്ടമംഗലം എന്നീ ഇല്ലങ്ങളിലെ ചിലരും സംഘാംഗങ്ങളാണ്. മൂത്തമനയിലെ അന്തരിച്ച ശങ്കരൻ നമ്പൂതിരി ഇവരുടെയെല്ലാം ആചാര്യനായിരുന്നു. പൂന്തോട്ടം, പുറക്കുടിഞ്ഞം, നെമ്മിനിമംഗലം, മൂത്തകൊരമ്പ് എന്നീ ഇല്ലങ്ങളിലെ ചിലരും പ്രശസ്തരായ കലാകാരന്മാരായിരുന്നു.

ഈ കലാരൂപം കണ്ടവർ ഇന്ന് അധികമുണ്ടാവില്ല. ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ് ഇത്. ചൊല്ലുന്ന ശ്ലോകങ്ങൾ





*പൂങ്ങാട് ആദിത്യൻ നമ്പൂതിരി , പൂങ്ങാട് ഗോവിന്ദൻ നമ്പൂതിരി*

ഈ കലാരൂപം കണ്ടവർ ഇന്ന് അധികമുണ്ടാവില്ല. ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ് ഇത്. ചൊല്ലുന്ന ശ്ലോകങ്ങൾ ഏറ്റവും പ്രാചീന മലയാളത്തിലുള്ളതാണ്. അതിനാൽ കൂടുതൽ ഗവേഷണം അർഹിക്കുന്നു.

ഏറ്റവും പ്രാചീന മലയാളത്തിലുള്ളതാണ്. അതിനാൽ കൂടുതൽ ഗവേഷണം അർഹിക്കുന്നു. എല്ലാ ദൃശ്യശ്രാവ്യ കലകളുടെയും സമ്മേളനമായ ഇതിൽ കൊട്ടുണ്ട് ,പാട്ടുണ്ട്, നൃത്തമുണ്ട് അഭ്യാസ മുറകളുണ്ട്, ഭാവാഭിനയമുണ്ട്, ഹാസ്യമുണ്ട്, സാമൂഹിക വിമർശനമുണ്ട്, സന്ദേശങ്ങളുണ്ട്, ഭക്തി പ്രധാനമായ സ്തോത്രങ്ങളും, ഗാനങ്ങളുമുണ്ട്. മാത്രമല്ല മറ്റു കലാരൂപങ്ങളിൽ നിന്നു വ്യത്യസ്ഥമായി കാലാകാലമായി സമൂഹത്തിൽ മാറിവരുന്ന മാറ്റങ്ങൾ സ്വീകരിച്ചിട്ടുമുണ്ട്.

നമ്പൂതിരിമാരല്ലാത്ത സമുദായക്കാരുടെ അനുഷ്ഠാനങ്ങളും ഇതിൽ ഉൾകൊണ്ടിട്ടുണ്ട് എന്നത് ഏറെ ശ്രദ്ധേയമാണ്. ബാധ ഒഴിപ്പിക്കാനുള്ള തിരിയുഴിച്ചിൽ, പാന തുടങ്ങിയ ചടങ്ങുകൾക്ക് ഇതര സമുദായങ്ങളുടെ കലകളുമായി സാമ്യമുണ്ട്. പാട്ടുകൾ തെയ്യങ്ങൾക്കു പാടുന്ന തോറ്റംപാട്ടു പോലെ തോന്നും. വിഡ്ഢി, ഓതിക്കൽ തുടങ്ങിയ കഥാപാത്രങ്ങൾക്കും സദ്യയുടെ വിഭവങ്ങളുടെ വർണ്ണനകൾക്കും ചാക്യാർകൂത്തുമായും ബന്ധമുണ്ട്. ഇല്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ കൊണ്ടുവരാൻ പറയുന്നത് ആറൻമുള വള്ളസദ്യയിലും മറ്റും കാണാം. തെക്കൻ കേരളത്തിലെ കലാരൂപമായ വഞ്ചിപ്പാട്ട് ഇതിൽ വിസ്തരിച്ച് പാടുന്നു. ഒരു കഥാപാത്രമായ ഇട്ടിക്കണ്ടപ്പന്റെ തിരനോട്ടത്തിനും അഭിനയത്തിനും കഥകളിയുമായി നല്ല



*പൂക്കുല മാല ചൊല്ലുന്നു.*

സാമ്യമുണ്ട്. പാത്രം കൊട്ടിയാർക്കൽ എന്ന ചടങ്ങിൽ പാടുന്ന ദാരികവധം തോറ്റംപാട്ടുകൾക്കും, അടുക്കളയിൽ ഉപയോഗിച്ചിരുന്ന ചിരട്ടക്കയ്യിൽ വാളുപോലെ പിടിച്ച് നൃത്തം വെക്കുന്ന വെളിച്ചപ്പാടിന്റെ നൃത്തത്തിനും ദേവീക്ഷേത്രങ്ങളിൽ കുറുപ്പുമാർ നടത്തുന്ന കളം പാട്ടുമായി സാമ്യമുണ്ട്. ഇവയെല്ലാം പാനേങ്കളി ജനകീയമാക്കുന്നതിനായി പിന്നീട്ടു ചേർത്തതാവാം. ചുരുക്കത്തിൽ എല്ലാ ക്ലാസിക്ക് അനുഷ്ഠാന കലകളുടേയും, സമ്മേളനമാണ് പാനേങ്കളി.



മരത്തേങ്കോടൻ (മീൻ കച്ചവടം) ബാധ ഒഴിപ്പിക്കൽ

കൂടിയാട്ടം, കഥകളി തുടങ്ങിയ പ്രാചീനകലകളിൽ കഥാപാത്രങ്ങൾ ദേവന്മാരോ രാജാക്കന്മാരോ, രാക്ഷസന്മാരോ ആയിരിക്കും. ഗുണദോഷ സമ്മിശ്രമായ സ്വഭാവത്തോടുകൂടിയ ഒരോ കഥാപാത്രവും ഒരോ ആശയത്തിന്റെ പ്രതിനിധിയാണ്. മറിച്ച് പാനേങ്കളിയിലെ കഥാപാത്രങ്ങൾ വെറും മനുഷ്യരാണ്, അന്നത്തെ സമൂഹത്തിന്റെ പ്രതീകങ്ങളാണ്, ഒട്ടും ദുർഗ്രഹതയില്ലാതെ ഏതു പാമരനും മനസ്സിലാവുന്ന തരത്തിൽ സംസാരിക്കുന്നവരാണ്. ഇതിലെ വേഷങ്ങൾ പോലും നാം ജീവിക്കുന്ന സമൂഹത്തിന്റെ പരിഛേദമാണ്.

ഇട്ടിക്കണ്ടപ്പൻ, മരത്തേങ്ങോടൻ, കള്ളുകുടിയൻ തുടങ്ങിയവരൊന്നും നമ്പൂതിരി കഥാപാത്രങ്ങളോ, നമ്പൂതിരിഭാഷയിൽ മാത്രം സംസാരിക്കുന്നവരോ അല്ല. നാലുപാദം, പാന തുടങ്ങിയ ഭജനകൾ പഴയ കാല മലയാളത്തിലായതുകൊണ്ട് മനസ്സിലാക്കാൻ കുറച്ചു വിഷമമുണ്ട് എന്നു സമ്മതിക്കാം. പക്ഷേ അതൊരു വഴിപാടിന്റെ ഭാഗം മാത്രമാണ്. ഒരു കാര്യം മാത്രം മതി നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ അനുഷ്ഠാന കലയുടെ മഹത്വം അറിയാൻ.

പാനേങ്കളിയിലെ കഥാപാത്രങ്ങൾ വെറും മനുഷ്യരാണ്, അന്നത്തെ സമൂഹത്തിന്റെ പ്രതീകങ്ങളാണ്, ഒട്ടും ദുർഗ്രഹതയില്ലാതെ ഏതു പാമരനും മനസ്സിലാവുന്ന തരത്തിൽ സംസാരിക്കുന്നവരാണ്. ഇതിലെ വേഷങ്ങൾ പോലും നാം ജീവിക്കുന്ന സമൂഹത്തിന്റെ പരിഛേദമാണ്. ഇട്ടിക്കണ്ടപ്പൻ, മരത്തേങ്ങോടൻ, കള്ളുകുടിയൻ തുടങ്ങിയവരൊന്നും നമ്പൂതിരി കഥാപാത്രങ്ങളോ, നമ്പൂതിരിഭാഷയിൽ മാത്രം സംസാരിക്കുന്നവരോ അല്ല.

വരേണ്യവർഗ്ഗം എന്ന പറയപ്പെടുന്ന നമ്പൂതിരിമാരുടെ ഈ കലാരൂപത്തിലല്ലാതെ ഏതെങ്കിലും ഒന്നിൽ മീൻ വില്പനക്കാരനായ കഥാപാത്രത്തെ അവതരിപ്പിക്കുന്നതായി കണ്ടിട്ടുണ്ടോ.

പണ്ടു ഇല്ലങ്ങളിലോ, കോവിലകങ്ങളിലോ, പ്രമാണി കുടുബങ്ങളിലോ, വീട്ടുകാരും, ചാർച്ചക്കാരും നാട്ടുകാരും കൂടുന്ന ഏതൊരു വിശേഷത്തിനും പാനേങ്കളി പതിവുണ്ടായിരുന്നു. ചടങ്ങു തുടങ്ങിയാൽ സ്ഥലത്തിന്റെ സംരക്ഷണം, അലങ്കാരം, സദ്യ, കലാപരിപാടികൾ എല്ലാം കളിക്കാർ നടത്തി കൊടുക്കുന്നു. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ഒരു ഈവന്റ് മാനേജ്മെന്റ് തന്നെ. നമ്പൂതിരിമാർക്ക് അന്നത്തെ കാലത്ത് വേഷം കെട്ടി കളിക്കുക, ആയുധം എടുക്കുക, യുദ്ധമുറകൾ പഠിക്കുക ഇവയെല്ലാം നിഷിദ്ധമായിരുന്നു. അതിനാൽ ഇവർക്ക് വേദം പഠിക്കാനോ ശാന്തി ചെയ്യാനോ പാടുണ്ടായിരുന്നില്ല.

## ജീവിക്കാൻ സംഗീതം, പാരമ്പര്യത്തിന് പാനേങ്കളി



നാരായണൻ നമ്പൂതിരി

'ജീവിക്കാൻ വേണ്ടി സംഗീതവും, തലമുറകളുടെ പാരമ്പര്യം തുടരാനായി പാനേങ്കളിയും കൊണ്ടുനടക്കുന്നു. ഇതിലെ കലാകാരന്മാരെല്ലാം ജീവിക്കാൻ വേറെ വഴികൾ നോക്കുന്നവരാണ്. പരിപാടിക്കു പോയാൽ പലപ്പോഴും വണ്ടിക്കൂലി പോലും കിട്ടാറില്ല. ഫോക്ക് ലോർ അക്കാദമി അംഗീകാരമുള്ള കലാരൂപത്തിന് അടുത്ത കാലം വരെ ടൂറിസം വാരാഘോഷ പരിപാടികളിൽ ധാരാളം വേദികൾ കിട്ടിയിരുന്നു. എന്നാൽ ഇപ്പോൾ അക്കാദമിയിൽ പണം ഇല്ലാത്തതിനാൽ സർക്കാരിന്റെ പരിപാടികളും കിട്ടാറില്ല. എന്നാലും മകനെയടക്കം ഇല്ലത്തുള്ള ചെറുപ്പക്കാരെയെല്ലാം കളി പഠിപ്പിച്ചിട്ടുണ്ട്. പരിപാടികൾക്ക് ഒപ്പം കൊണ്ടുപോകാറുമുണ്ട്. കുട്ടിക്കാലത്ത് നാലു പാദത്തിലെ ശ്ലോകങ്ങൾ മനഃപാഠമാക്കാൻ നന്നായി കഷ്ടപ്പെട്ടിട്ടുണ്ട് . ആദ്യശ്ലോകം പഠിക്കാനായി തന്നെ മൂന്നിലധികം മാസം പിടിച്ചു. അത്രക്കു വിരസമായി തോന്നിയിരുന്നു അതിലെ ശ്ലോകങ്ങളും പാട്ടുകളും. ഇപ്പോഴും വല്ലപ്പോഴും ഉണ്ടാവുന്ന പരിപാടിക്കായി ലീവെടുത്തു പോലും പരിശീലനം നടത്തേണ്ടി വരാറുണ്ട്'

അതുപോലെ കളിക്കാർ വേഷം കെട്ടി അരങ്ങത്തു വരുമ്പോൾ പൂണൂൽ മാലപോലെ ( നിവീതം) ഇടുന്നതിനും അതാവാം കാരണം. എന്നാലും സംഘനേതാവ് സ്ഥലത്തെ വേദജ്ഞനായ മാന്യസ്ഥാനമുള്ള നമ്പൂതിരി ആയിരിക്കും. കരിക്കാട്ടു ഗ്രാമത്തിലെ സംഘ നേതാവ് മഞ്ചേരിയിലെ കൈതക്കൽ നമ്പൂതിരിപ്പാടായിരുന്നു. കളിയുടെ നേതാവിനെ വാക്യാവർത്തി എന്നും ട്രഷററെ കിഴിപ്പുറം എന്നും അംഗങ്ങളെ പരിഷ എന്നും പറയും. സംഘക്കളിമൂന്നു ദിവസങ്ങളിലായാണ് അവതരിപ്പിക്കാറുള്ളത്. ഇപ്പോൾ ഏതാണ്ടു അഞ്ചു മണിക്കൂറുകൊണ്ട് മൂന്നു ദിവസത്തെ ചടങ്ങുകളും അവതരിപ്പിക്കുന്നു.അവതരിപ്പിക്കുന്നതു നമ്പൂതിരിമാരാണെങ്കിലും അവർക്കു വേണ്ടി മാത്രമല്ല, യാഗം പോലെയോ സപ്താഹം പോലേയോ നാടിന്റെ മുഴുവൻ ശ്രേയസ്സിനു വേണ്ടിയിട്ടുള്ളതാണ്.

ഇല്ലങ്ങളിലെ പിറന്നാൾ, വേളി, ആയനി ഊണ് തുടങ്ങിയ പല ചടങ്ങുകളിലും ഇപ്പോൾ കഥകളിയും പാട്ടുകച്ചേരികളും നടത്തുന്നതായി കാണാറുണ്ട്. അതുപോലെ നമ്പൂതിരിമാരുടെ ഈ കലാരൂപത്തിനും അവസരം കൊടുത്തുകുടെ?
നമ്പൂതിരിമാർ മുൻകെയ്യടുത്തു നടത്തുന്ന ക്ലബുകൾക്കും ഇടക്ക് ഇവർക്കൊരു വേദി കൊടുക്കാം. കഥകളിയെ അപേക്ഷിച്ചു പണചെലവു കുറവേ വരൂ. മറ്റു കലകൾ പ്രോത്സാഹിപ്പിക്കാനും, വളർത്താനും ഒരുപാടു സ്ഥാപനങ്ങളുണ്ട്. പാനേങ്കളിക്ക് നാം മാത്രമേയുള്ളൂ.

ഇപ്പോൾ പത്തിൽ താഴെ കാലാകാരന്മാരേ ഈ രംഗത്തുള്ളൂ. പലരും പ്രായാധിക്യത്താൽ അവശരാണ്. പൂങ്ങാട് നാരായണനു മാത്രമേ ഇതിലെ എല്ലാ ചടങ്ങുകളും അറിയൂ.പുതുതലമുറയിൽ പൂങ്ങാട് വാസുദേവൻ ശ്രീഹരി, നീലകണ്ഠൻ എന്നിവരും പഠിക്കുന്നുണ്ട്. കോവിഡ് കാലത്തിനു ശേഷം നാലു പാദത്തിനല്ലാതെ കുറച്ചു വേദികളേ കിട്ടിയിട്ടുള്ളു. പൊന്നാടകളോ അവാർഡുകളോ ഒന്നും ഇവർ പ്രതീക്ഷിക്കുന്നില്ല. കൊല്ലത്തിൽ നാലു വേദികൾ മാത്രം. നമുക്കൊരുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ കലാരൂ



*നാടുവാഴിയുടെ എഴുന്നള്ളത്ത്*

*ചിരട്ട കയ്യിലുമായി വെളിച്ചപ്പാട്.*



## പാനേങ്കളി ചടങ്ങുകൾ

**ആദ്യ ദിവസം**

- ❑ കൊട്ടിച്ചകം പൂകൽ: വാദ്യഘോഷത്തോടെ സംഘാംഗങ്ങളെ ആനയിക്കുന്നത്
- ❑ കണമിരിക്കൽ: ഗൃഹസംരക്ഷണം, സദ്യവട്ടങ്ങൾ, മറ്റു ഏർപ്പാടുകൾ ഇവയെ പറ്റി ചർച്ച ചെയ്തു തീരുമാനിക്കുന്നത്
- ❑ പൂക്കുല മാല: കാര്യങ്ങൾ നേരെയാവാൻ പരദേവതകളെയും ഗ്രാമക്ഷേത്രത്തിലെ തേവരെയും സ്തുതിക്കുന്നത്

**രണ്ടാം ദിവസം**

- ❑ ഗണപതിഹോമം: അതിൽ നിന്നുള്ള തീനാളമെടുത്ത് അടുപ്പിൽ ഗണപതി ഇട്ട് സദ്യവട്ടങ്ങൾ ഒരുക്കുന്നു .
- ❑ കേളി: ഉച്ചക്ക് സംഘത്തിലെ വാദ്യക്കാരുടെ കഴിവുകൾ കാണിക്കാൻ കേളികൊട്ട് .
- ❑ ചെമ്പു കൊട്ടിയാർക്കൽ: ചോറു വെച്ച ചെമ്പ് കഴുകാതെ കമഴ്ത്തി മീതെ ഇല വിരിച്ച് അതിനു മീതെ കൊട്ടി പാടുന്നു. സദ്യ കേമമാക്കി തന്നതിന് ഈശ്വരനോടു നന്ദി പറയുന്ന പാട്ടുകളാണ് പാടുന്നത്. തുടർന്ന് ദാരികവധം പാടും. പാട്ടിനനുസരിച്ചു പട്ടുടുത്ത് വാളിനു പകരം ചിരട്ടക്കയ്യിൽ ആയുധമായി പിടിച്ച വെളിച്ചപ്പാടുമാർ നൃത്തം വെക്കുന്നു. അവസാനം ചിരട്ടക്കയ്യിൽ അടിച്ചു പൊട്ടിക്കുന്നു.
- ❑ നാലുപാദം: സന്ധ്യാവന്ദനത്തിനു ശേഷമാണ് സംഘക്കളിയിലെ ഏറ്റവും പ്രധാന ചടങ്ങായ നാലുപാദം. കുടുംബ അഭിവൃദ്ധി സന്താന ലാഭം, അവരുടേയും കൂടിയിട്ടുള്ളവരുടേയും ഐശ്വര്യം ഇവക്കു വേണ്ടിയാണ് നാലുപാദം. നാലു ഭാഗത്തേക്കും തിരിയിട്ട വിളക്കിനു ചുറ്റും നടന്ന് നാലു വേദങ്ങളുടെയും ആദ്യ സ്വരങ്ങൾ ചേർത്ത അതായത് അ, ആ ( ഋഗ്വേദം - അഗ്നിമീളെ പുരോഹിതം) ഇ ഈ ( യജുർവേദം - ഇഷേത്വോർ ജ്ജേത്വാ) ഉ ഊ (സാമവേദം -അഗ്ന ആയാഹി വിതയേ ) എ ഏ (അഥർവ വേദം - ക്ഷേത്ര സംസ്ഥായ) പ്രത്യേക ഭജനയാണ് പാടുന്നത്. ചരിത്ര പ്രസിദ്ധമായ തൃക്കാരിയൂർ ക്ഷേത്രമതിലകത്താണത്രെ ആദ്യമായി സമുദായത്തെ രക്ഷിക്കാനായി ഈ ഭജന നടന്നത്.
- ❑ വാട്ടെല സദ്യ. വാക്യാവർത്തി മാന്യസ്ഥാനത്തും പരിഷകൾ തുടർന്നും ഇരിക്കും.

# മൂന്നു ദിവസങ്ങളിൽ ഇങ്ങനെ



*കൊട്ടിച്ചകം പൂകൽ*

ഇവിടെ പുരുഷാർത്ഥ കൂത്തിലെ പോലെ സദ്യ വിഭവങ്ങളുടെ സ്വാദിനെപ്പറ്റിയും മികവിനെപ്പറ്റിയും ശ്ലോകങ്ങൾ ചൊല്ലും. പിന്നെ ഇല്ലാത്ത വിഭവങ്ങൾ കൊണ്ടുവാ എന്നു ഗൃഹനാഥൻ കേൾക്കേ വിളിച്ചു പറയും. ഉദാഹരണത്തിന് പാണ്ടംപറമ്പത്തെ കോടൻഭരണിയിലെ ഉപ്പുമാങ്ങ കൊണ്ടുവാ എന്നു പറയും. പറയുന്ന വിഭവങ്ങൾ കൊടുക്കാൻ കഴിയാതെ ഗൃഹനാഥൻ തലതാഴ്ത്തി ഇരിക്കും. അദ്ദേഹത്തിന്റെ അഹംങ്കാരം ശമിപ്പിക്കാനാണ് ഈ ചടങ്ങ്.

❑ നീട്ടുവായന: സംഘത്തിന്റെ വീര സാഹസിക കൃത്യങ്ങൾ ഉറക്കെ വായിച്ചു കേൾപ്പിക്കുന്നു. ശത്രുക്കളാരെങ്കിലും വന്നിട്ടുണ്ടെങ്കിൽ ഭീഷണിപ്പെടുത്താനും ഭയപ്പെടുത്താനുമാണ് ഈ ചടങ്ങ്.

❑ വഞ്ചിപ്പാട്ട്: സദസ്യരെ രസിപ്പിക്കാനായി എല്ലാവരും കൂടി വഞ്ചിപ്പാട്ടുകൾ പാടുന്നു.

❑ പാന: ശിവനേയും പാർവ്വതിയേയും സ്തുതിച്ചു കൊണ്ട് സ്തോത്രങ്ങൾ ഈണത്തിൽ പാടുന്നു. നായർ സമുദായക്കാരുടെ കലയാണ് പാന. പാനേങ്കളി മുടക്കാനായി സ്ഥലത്തെ നാടുവാഴി, ഇട്ടിക്കണ്ടപ്പൻ അരങ്ങത്തു വരുന്നു. കഥകളിയിലെ കത്തി വേഷവുമായി ഇട്ടിക്കണ്ടപ്പനു സാമ്യമുണ്ട്. ഇയാൾ നമ്പൂതിരിമാരെ അവിടെ തന്റെ അനുവാദമില്ലാതെ ചടങ്ങുകൾ നടത്തുന്നതിന് ഭീഷണിപ്പെടുത്തുമെങ്കിലും പാന കേൾക്കാനായി അരങ്ങിൽ അദൃശ്യനായി വന്നിരുന്ന ശിവന്റെ കോപത്താൽ നശിച്ചു പോകുന്നു. നാടുവാഴി അധികാരവും സമ്പത്തുമെല്ലാം പോയി പിന്നീട് മത്സ്യ കച്ചവടക്കാരനായി വരുന്നു എന്നും പറയപ്പെടുന്നുണ്ട്.

❑ ബാധ ഒഴിപ്പിക്കൽ: അപമൃത്യ സംഭവിച്ച നാടുവാഴിയെ ഒഴിപ്പിക്കുന്ന ചടങ്ങ്. പഴയ കാലത്തെ താഴ്ന്ന സമുദായക്കാരുടെ മന്ത്രവാദ കർമ്മങ്ങളുമായി സാമ്യം. വാഴപ്പോളയും കുരുത്തോലയും കുത്തി നിർത്തിയ പന്തങ്ങളും ഉണ്ടാവും.

❑ ആയുധമെടുപ്പ് : നമ്പൂതിരിമാരുടെ കളരി വൈദഗ്ദ്യം കാണിക്കുന്ന ചടങ്ങ്. പണ്ടു കാലത്ത് കളരി അഭ്യാസത്തിലെ പതിനെട്ട് അടവും കാണിച്ചിരുന്ന നമ്പൂതിരിമാർ ഉണ്ടായിരുന്നവത്രെ. കാഞ്ഞിരത്തോട്ടം ശ്രീധരൻ നമ്പൂതിരി കോരംമ്പള്ളി, മങ്ങത്തായ നമ്പൂതിരി തുടങ്ങിയവരെല്ലാം പഴയ കാലത്തെ അഭ്യാസികളായിരുന്നു.

❑ കുറത്തിയാട്ടം: നമ്പൂതിരി ഫലിതങ്ങളും സാമൂഹ്യ വിമർശനങ്ങളുമെല്ലാം ഈ ചടങ്ങിലാണ്.സമൂഹത്തിൽ നടക്കുന്ന സംഭവവികാസങ്ങളെ കൂട്ടിഇണക്കി പൊറാട്ടു വേഷങ്ങളായി വന്ന് അവതരിപ്പിക്കുന്നു. മുത്തശ്ശിയുടെ കൈകൊട്ടിക്കളി, പ്രമാണമായി ശ്ലോകങ്ങൾ ചൊല്ലി നമ്പൂതിരിമാർക്കും മത്സ്യം കഴിക്കാം എന്നു സമർത്ഥിക്കുന്ന മീൻ കച്ചവടക്കാരൻ, ചിറ്റിയ മുണ്ടും മേൽമുണ്ടും വാരിയത്ത് അഴിച്ചു വെച്ച് തറ്റുടുത്തു വഴി നടന്നു വരുന്ന ഓതിക്കൻ, മോഹിച്ച പെണ്ണിനെ കിട്ടിയില്ലെങ്കിൽ തൂങ്ങി ചാവും എന്നു പറയുന്ന വിഡ്ഢി, കള്ളുകുടിയൻ തുടങ്ങി അനവധി കഥാപാത്രങ്ങൾ വന്നു പോകും. ഇന്നത്തെ ഹിറ്റ് സിനിമ ഗാനങ്ങളായ 'പാലാപള്ളി' എന്നു തുടങ്ങുന്ന ഗാനം പോലും പാടി ചുവടുവെച്ച് കളിക്കും. എടപ്പാളിൽ വിവാഹ തലേന്നു നടന്ന കളിയിൽ 'കറുപ്പിനഴക്' എന്ന പാട്ടുപാടി ചുവടുവെച്ചപ്പോൾ പെൺകുട്ടികളക്കം വേദിയിൽ കയറി നൃത്തം വെച്ചത്രെ.

**മൂന്നാം ദിവസം**

❑ ധനാശി: ഇതാണ് അവസാന ചടങ്ങ്. അന്നോ അടുത്ത ദിവസം രാവിലേയോ പാടുന്ന ഭജന.



*കുറത്തിയാട്ടം*

പം അന്യം നിന്നു പോകും. പിന്നെ വീണ്ടെടുക്കാൻ ഇനിയുമൊരു ഡോക്ടർ ശങ്കരനാരായണൻ ഉണ്ടായി എന്നു വരില്ല.പാനേങ്കളിയെ പറ്റി കൂടുതൽ അറിയാനായി വിളിക്കാം ●


പൂങ്ങാട് നാരായണൻ നമ്പൂതിരി.
അഞ്ഞൂർ, പോസ്റ്റ് തൊഴിയൂർ,
മൊബൈൽ: 9645670626.

ഉദയൻ നമ്പൂതിരിപ്പാട്,
മറവഞ്ചേരി കിഴക്കേടത്തു മന,
പി.ഒ: മഞ്ചേരി,മലപ്പുറം ജില്ല
മൊബൈൽ: 8281926325.

### പതിനെട്ടടി ഉയരമുള്ള വിഗ്രഹം
### 12008 സാളഗ്രാമങ്ങൾ
### പന്തീരായിരം അപൂർവ്വ രത്നങ്ങളുള്ള നിലവറകൾ
### **അനന്തപത്മനാഭന്റെ അനശ്വരമായ സമ്പത്ത് ഇതൊന്നുമല്ല**

# മൂലോകപ്പെരുമാളിന് അനന്തകോടി നാമജപങ്ങളുടെ പുണ്യം

**കൃഷ്ണൻ നമ്പൂതിരി**



'ഋതഞ്ച സത്യഞ്ചാഭീദ്ധാ തപസ്സോദ്ധ്യജായത...' ഋഗ്വേദം 10.190.

'അനുഷ്ഠിക്കപ്പെട്ട തപസ്സിൽ നിന്നും മാനസ്സികമായ സത്യവും വായികമായ സത്യവും ഉളവായി.'

ശരിയാണ്. ചെറുതും വലുതുമായ എല്ലാ നേട്ടങ്ങളുടേയും പിന്നിൽ നിരന്തരമായ ചിന്തയും, ധ്യാനവും സമർപ്പണം എന്ന ഏകാഗ്രതയോടെയുമു ള്ള ഈ തപസ്സു തന്നെ. എന്നും എപ്പോഴും എന്നേക്കും.

ഇത്തരമൊരു തപസ്സിന്റെ പ്രകടോദാഹരണമാണ് ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിൽ നടന്നു വരുന്ന ആചാരങ്ങളും, മുറജപവും.

ആറുവർഷം കൂടുമ്പോഴാണ് ക്ഷേത്രത്തിൽ മുറജപം നടക്കുന്നത്. ഞങ്ങളുടെ വേദപഠന ഗ്രൂപ്പായ 'തപസ്സി'ന് ലഭിച്ച അനുവാദത്തിലൂടെ ആറാമത്തെ മുറയിൽ, ആചാര്യന്മാരായ സർവ്വശ്രീ നീലമന മാധവൻ നമ്പൂതിരി, എരുമായിക്കോട് ഗോവിന്ദൻ നമ്പൂതിരി, കുളങ്ങര ശങ്കരൻ നമ്പൂതിരി, അയനിക്കാട് സുബ്രഹ്മണ്യൻ നമ്പൂതിരി എന്നിവരോടൊപ്പം യജുർവേദ ജപത്തിൽ പങ്കെടുക്കുവാൻ എനിക്കും ഭാഗ്യമുണ്ടായി. 2025 ഡിസം.25 മുതൽ 31 വരെ.

രണ്ടു മുറ ജപിക്കുവാനാണ് തപസ്സിന് അനുമതി ലഭിച്ചത്. അതിൽ, നാലാമത്തെ മുറ 11.12.25 മുതൽ 17.12.25 വരെ നടന്നു.

തിരുവിതാംകൂർ രാജവംശത്തിലെ ഏറ്റവും ശക്തരായ രാജാക്കന്മാരിൽ ഒരാളായിരുന്നു AD 1729 മുതൽ 1758 വരെ മഹാരാജാവായിരുന്ന അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ്. 'മാർത്താണ്ഡവർമ്മ' എന്ന് ചുരുക്കപ്പേർ. പദ്മനാഭസ്വാമി ക്ഷേത്രം ഇന്നത്തെ രീതിയിൽ പുതുക്കി പണിതത് അദ്ദേഹമായിരുന്നു. പദ്മനാഭസ്വാമിയുടെ അതീവ ഭക്തൻ. തൃപ്പടി ദാനം വളരെ പ്രസിദ്ധമാണ്.

രാജ്യ വിസ്തൃതി കൂട്ടുന്നതിലൂടെയുണ്ടായ പാപ കർമ്മങ്ങളുടെ പരിഹാരാർത്ഥം അനുഷ്ഠിക്കപ്പെട്ട യാഗം ആണ് മുറജപം എന്നും പറയുന്നു. 56 ദിവസം നീളുന്ന ഋക്-യജു-സാമ വേദങ്ങളുടെ തുടർച്ചയായ ജപമാണ് മുറജപം. ഋഗ്വേദത്തിന് എട്ട് ദിവസം നീളുന്ന ഏഴ് മുറയാണ്. സംഹിതയുടെ ആദ്യാവസാനമുള്ള ജപമാണ് ഒരു മുറ എന്നത്. ജപ ദിവസങ്ങളിൽ സന്ധ്യാസമയത്തെ ജലജപവും മുറജപത്തിന്റെ ഭാഗമാണ്. 'ഋതഞ്ച സത്യഞ്ചാഭീദ്ധാ....' എന്ന് തുടങ്ങുന്ന 10-190 അഘമർഷണസൂക്തവും, 'സംസൃഷ്ടം ധനമുഭയം...' എന്ന് തുടങ്ങുന്ന ഋഗ്വേദത്തിലെ 10.84.7 ഋക്കും പദ്മതീർത്ഥത്തിൽ ഇറങ്ങി നിന്ന് ജപിച്ച് തർപ്പണം നടത്തുന്ന ക്രിയയാണ് ജലജപം.

വേദജപത്തോടൊപ്പം, പ്രഭാതസമയത്ത് കുലശേഖര മണ്ഡപത്തിൽ നടക്കുന്ന വിഷ്ണുസഹസ്രനാമജപം, തിരുവമ്പാടി ശ്രീകൃഷ്ണ സ്വാമിയുടെ മുമ്പിലുള്ള മണ്ഡപത്തിലെ പുരാണ പാരായണം, മറ്റ് മണ്ഡപങ്ങളിൽ നടക്കുന്ന ലളിതാ സഹസ്ര നാമജപം, മതില്ക്കു വെളിയിൽ നടക്കുന്ന കലാപരിപാടികൾ എന്നിവ ഈ ആത്മീയ സപര്യയുടെ ഭാഗമാണ്. പതിനെട്ടു പുരാണങ്ങൾ, യോഗവാസിഷ്ഠം



തപസ്സ് വേദപഠന ഗ്രൂപ്പ്



*ക്ഷേത്രം തന്ത്രി നെടുമ്പള്ളി തരണനല്ലൂർ സതീശൻ നമ്പൂതിരിപ്പാട്*

**"വിഷ്ണുസഹസ്രനാമ ജപം കൊണ്ട് നമസ്കരിക്കുന്ന ലോകത്തിലെ ഏക ക്ഷേത്രമാണിവിടം. അനന്തശായിയായ ശ്രീപത്മനാഭനാണ് ഏറ്റവും വലിയ സമ്പത്ത്"**


ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

തുടങ്ങിയ ദർശനങ്ങൾ, രഘുവംശം തുടങ്ങി ഇതിഹാസങ്ങൾ എന്നിവയുടെ പാരായണമാണ് തിരുവമ്പാടിയിൽ നടക്കുക.

അകത്തെ നാലമ്പലത്തിലാണ് വേദജപം. ഈ വർഷം അഥർവ്വ വേദ ജപവും ഉണ്ട്.

ഓരോ മുറ തീരുന്ന ദിവസവും വൈകുന്നേരം നടക്കുന്ന മുറശിവേലിയും സുപ്രസിദ്ധമാണ്. ഒന്നാമത്തെ മുറക്ക് അനന്ത വാഹനത്തിലും, രണ്ടിന് കമലവാഹനത്തിലും, മൂന്നിനും അ,ഞ്ചിനും ഇന്ദ്രവാഹനത്തിലും, നാലിനും ആറിനും പല്ലക്കിലും ഏഴിന് ഗരുഡ വാഹനത്തിലുമാണ് ഭഗവാന്മാരെ എഴുന്നള്ളിക്കുക. സർവ്വാലങ്കാര ഭൂഷിതരായി അനന്തശായിയും, നൃസിംഹമൂർത്തിയും, ശ്രീകൃഷ്ണ ഭഗവാനും വാഹനങ്ങളിൽ വരുന്ന ഈ എഴുന്നള്ളിപ്പ് അത്രയും പ്രൗഢമാണ്.

56 ദിവസത്തെ ജപം കഴിയുന്ന മകരം ഒന്നിന് നടക്കുന്ന ലക്ഷദ്ദീപത്തോടുകൂടിയാണ് മുറജപം പരിസമാപ്തിയിലെത്തുക. ഗരുഡ വാഹനത്തിൽ എഴുന്നള്ളുന്ന ഭഗവാന് ആന, അശ്വം, കാള, കാലാൾ എന്നീ സൈനിക അകമ്പടിയാണ് കൂടെ ഉണ്ടാവുക. മൂന്നു പ്രദക്ഷിണത്തിലും മഹാരാജാവും പങ്കു കൊള്ളും.

വിവിധ ക്ഷേത്രങ്ങളിൽ നടക്കുന്ന വേദജപം, ഓത്തൂട്ട്, കടവല്ലൂർ അന്യോന്യം എന്നിവ സുപരിചിതമാണ്. പക്ഷേ, എല്ലാ വേദങ്ങളുടേയും ഈ രീതിയിലുള്ള ജപം നടക്കുന്നത് അനന്തപുരിയിലെ പത്മനാഭക്ഷേത്രത്തിൽ മാത്രം. അതി മനോജ്ഞമാണ് ശ്രീപദ്മനാഭസ്വാമി ക്ഷേത്ര നിർമ്മിതി. സ്വാമിയുടെ ആദ്യ ദാരു വിഗ്രഹത്തിനുണ്ടായ അഗ്നിബാധക്കു ശേഷം പതിനെട്ടാം നൂറ്റാണ്ടിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്താണ് 12008 സാളഗ്രാമങ്ങൾ കടുശർക്കര യോഗത്തിൽ ചേർത്ത് ഇപ്പോഴത്തെ പ്രതിഷ്ഠ നടത്തിയത്. സുപ്രസിദ്ധമായ ഒറ്റക്കൽ മണ്ഡപം, അഭിശ്രവണ മണ്ഡപം, ശ്രീവേദവ്യാസ മണ്ഡപം, വാർഷിക ദിനങ്ങളെ പ്രതിനിധീകരിച്ച് മുന്നൂറ്റി അറുപത്തി അഞ്ചേകാൽ കൽ ത്തൂണുകളിൽ നിർമ്മിച്ച ശിവേലിപ്പുര, വിരൽ സ്പർശനത്തിൽ സപ്തസ്വരങ്ങളുതിർക്കുന്ന ശില്പവിസ്മയത്തിൽ തീർത്ത കുലശേഖര മണ്ഡപം, ഉപരിലോകങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഏഴു നിലകളോടു കൂടിയ കിഴക്കേ ഗോപുരം എന്നിങ്ങനെ അതി മനോജ്ഞമാണ് ക്ഷേത്ര നിർമ്മിതി. 'വൈകുണ്ഠ നാഥനെ ദർശിച്ചു വണങ്ങിയാൽ ഏഴ് അധോലോകങ്ങളെ ഭയപ്പെടേണ്ട' എന്ന് യശ:ശരീരനായ ശ്രീ ചിത്തിര തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ്.

കൈയിൽ ദീപമേന്തി നില്ക്കുന്ന സാലഭഞ്ജികകൾ, രാമായണം മുതൽ മഹാഭാരത കഥകൾ വരെ വിശദീകരിച്ചു തരുന്ന ജീവസ്സുറ്റ ശില്പങ്ങൾ, മതിമോഹനശുഭനർത്തന മാടുന്ന ഗോപികമാർ, സുരക്ഷ ഉറപ്പാക്കുന്ന ദ്വാരപാലന്മാർ, – കണ്ണിനും മനസ്സിനും കണ്ട് കൊതിതീരാത്ത സൗന്ദര്യ ഭാവങ്ങളുടെ ദൃശ്യാവിഷ്കാരമാണ് ഓരോ ശില്പങ്ങളും.

'സത്യഞ്ചാഭിദ്ധാ....'

ശില്പികൾ അനുഷ്ഠിച്ച തപസ്സിനേയും, അവരുടെ മനസ്സിൽ സൃഷ്ടിക്കപ്പെട്ട ഈശ്വര ഭാവങ്ങളേയും നമുക്ക് ആദരിക്കാം.

മുറജപത്തിനു മുന്നോടിയായി തളിപ്പറമ്പ് രാജ രാജേശ്വര ക്ഷേത്രത്തിലും, സഹസ്രകലശത്തോടനുബന്ധിച്ച് , തപസ്സിലെ അംഗങ്ങൾ യജുർവേദ ജപം നടത്തിയിരുന്നു.

'സംസൃഷ്ടം ധനമുഭയം സമാകൃതമസ്മഭ്യം ദത്താം വരുണശ്ച മന്യു:

ഭിയം ദധാനാ ഹൃദയേഷു ശത്രവ: പരാജിതാസോ അപ നിലയന്താം.'

ലൗകികവും പാരത്രികവുമായ എല്ലാ സമ്പത്തുകളും വരുണനും മന്യുവും നല്കട്ടെ. ശത്രുക്കൾ പലായനം ചെയ്യട്ടെ.

വെദിരമന ഇല്ലം, പാലക്കാട് 678001
മൊ. 9447805866.


Vaidyaratnam P.S. Varier's
ARYA VAIDYA SALA KOTTAKKAL
ESTD 1902
Kottakkal
ayurveda
SAFFRONSILK
SKIN CARE SERUM
Timeless Tradition - Graceful Glow
Daily care for Silky Skin
10 ml
Kottakkal
SAFFRONSILK
WITH PREMIUM SAFFRON
Scan the QR code
to shop now
shop.aryavaidyasala.com
SAFFRON
LOTUS
SANDALWOOD
GOAT MILK
VETIVER, MANJISHTA, LAC, YASHTI, FRACTIONATED COCONUT OIL
കാലാതീതമായ ആയുർവേദ പാരമ്പര്യത്താലും
123 വർഷത്തെ കോട്ടക്കൽ ആര്യവൈദ്യശാലയുടെ മികവിനാലും സമ്പന്നം
Available at all Arya Vaidya Sala outlets, dealer networks, leading stores and online.
Head office: Kottakkal (PO), Malappuram (Dist.), Kerala - 676 503, INDIA
aryavaidyasala.com marketing@aryavaidyasala.com 0483-2806523

# സപ്തതി ആശംസകൾ

## 2025 നവംബർ 9 ഞായറാഴ്ച

# പെരുമാങ്ങോട്ട് ദാമോദരൻ നമ്പൂതിരി













*ആശംസകളോടെ*

**ആര്യ പി.,**

**അനീഷ്കുമാർ പി.**

ഭാര്യ, മക്കൾ, മരുമക്കൾ,

പേരക്കുട്ടികൾ



# തൊട്ടതെല്ലാം പൊന്നാക്കിയവൻ

**താമരക്കുളം ദിവാകരൻ**



പാരമ്പര്യ തന്ത്രി, ആന ചികിത്സകൻ, വൈദ്യൻ, പശുപരിപാലകൻ, പാമ്പുപിടുത്തക്കാരൻ, ഔഷധസസ്യ കർഷകൻ, നല്ല നെൽ കർഷകൻ, സാഹിത്യകാരൻ, സ്വന്തം വർക്ക് ഷോപ്പിനുടമ അങ്ങിനെ അങ്ങിനെ വിശേഷണങ്ങൾക്ക് പരിധിയില്ലാത്തൊരു ദേഹമാണ് കരുമാരത്ത് നാരായണൻ നമ്പൂതിരിപ്പാട്.

പാരമ്പര്യമായി കിട്ടിയതാണ് ഗജചികിത്സ. അഛനും മുത്തശ്ശനുമെല്ലാം പേരുകേട്ട ആന ചികിത്സക്കാർ. ഇല്ലത്തെ താളിയോല ഗ്രന്ഥങ്ങളിലെ അപൂർവ്വ ചികിത്സാവിധികൾ ഇവർക്ക് സ്വന്തം. മരുന്നുകൾ തയ്യാറാക്കുന്നതും തനത് വിധിപ്രകാരം സ്വന്തമായി. ഇല്ലത്ത് ഒന്നോ രണ്ടോ സ്വന്തം ആനകളും. അഛന്റെ കൂടെ കുട്ടിക്കാലം മുതലേ ചികിത്സക്ക് നാരായണൻ നമ്പൂതിരിയും ഉണ്ടാകും. 1978 ൽ അഛന്റെ മരണശേഷമാണ് സ്വന്തമായി ഗജചികിത്സ ഏറ്റെടുക്കുന്നത്.

മരുന്നിന്റെ മാത്രക്ക് ഒരു മനുഷ്യന്റെ ശരാശരി തൂക്കം 100 റാത്തൽ ആയി കണക്കാക്കിയിരിക്കുന്നു. മനുഷ്യമാത്രയുടെ 10 ഇരട്ടി പശുക്കൾക്കും 15 ഇരട്ടി കുതിരകൾക്കും 25 മുതൽ 50 ഇരട്ടി വരെ ആനകൾക്കുമാണ് വേണ്ടത്. പ്രായവും തൂക്കവുമനുസരിച്ച് വ്യത്യാസം വരും.

ഏതാണ്ട് 70 കൊല്ലം മുൻപാണ്. ഇല്ലത്തെ ആനയെ കാര്യസ്ഥൻ ആരുമറിയാതെ 2500 രൂപക്ക് വിറ്റു. വിവരമറിഞ്ഞ അച്ഛൻ പുഴയിൽ കുളിപ്പിച്ചു കൊണ്ടിരുന്ന ആനയെ

പാരമ്പര്യമായി കിട്ടിയതാണ് ഗജചികിത്സ.
അഛനും മുത്തശ്ശനുമെല്ലാം പേരുകേട്ട ആന ചികിത്സക്കാർ.
ഇല്ലത്തെ താളിയോല ഗ്രന്ഥങ്ങളിലെ
അപൂർവ്വ ചികിത്സാവിധികൾ ഇവർക്ക് സ്വന്തം.





*ഭാര്യ സരസ്വതി അന്തർജനം. മകൾ ശ്രീവിദ്യ*

കണ്ടെത്തി. ഒന്നു വിരൽ ഞൊടിച്ച തേയുള്ളു. അഛന്റെ കൂടെ ആന ഇല്ലത്തെത്തി. കെട്ടിയിട്ടുതുമില്ല. ആന ഒരാളേയുമടുപ്പിക്കില്ല. വാങ്ങിയ ആൾ സാഷ്ടാംഗം പറഞ്ഞ് 5000 രൂപകൂടി കൂടുതൽ തന്ന് ആനയെ കൊണ്ടുപോയി. അന്നു മുതൽ കാര്യസ്ഥനേയും ആനയേയും ഒഴിവാക്കി. മിക്കവാറും എന്നുമുണ്ടാകും ഇല്ലത്ത് ചികിത്സക്കായി കൊണ്ടുവരുന്ന ആന.

ആന ചികിത്സയെന്നാൽ ആയുർവേദ ചികിത്സ. ആനയുടെ 360 ഓളം രോഗങ്ങളും ചികിത്സകളും താളിയോലകളിൽ പ്രതിപാദിപ്പിക്കപ്പെട്ടിരിക്കുന്നു. ബാക്കി രോഗങ്ങളെ മനുഷ്യരെ ചികിത്സിക്കുന്ന രീതിയിൽ തന്നെ ചെയ്യണം. അതുകൊണ്ട് ആനയെ ചികിത്സിക്കുന്നയാൾ നല്ലൊരു ആയുർവേദ വൈദ്യനും കൂടി ആയിരിക്കണം. നാരായണൻ നമ്പൂതിരിയും നല്ലൊരു പാരമ്പര്യ വൈദ്യൻ തന്നെ.

മരുന്നുകൾ സ്വന്തമായി ഉണ്ടാക്കണമെങ്കിൽ ഔഷധ സസ്യങ്ങളെപ്പറ്റി നല്ല അറിവ് വേണം. അത്തി, ഇത്തി, വിഷമൂലി, വിഷപ്പച്ച, ചക്കരക്കൊല്ലി, ചങ്ങലം, അണലിവേഗം, തിപ്പലി, നാഗദന്തി , നീല അമരി , ചെത്തി,

> പണ്ടൊക്കെ കൃഷി എന്നാൽ നെൽകൃഷിയായിരുന്നു. മനസ്സിന് നമ്പൂതിരിക്ക് ഏറ്റവും സന്തോഷം തരുന്നത് നെൽകൃഷിയാണ്.

കൊടുവേലി, ഈശ്വരമുല്ല , വിവിധയിനം തുളസികൾ, ശംഖുപുഷ്പം, നന്ത്യാർവട്ടം, ചന്ദനം, പതിമുഖം തുടങ്ങി അനവധി ഔഷധ സസ്യങ്ങൾ കരുമാരത്ത് ഇല്ലപ്പറമ്പിലുണ്ട്. വലിയ രീതിയിൽ കൃഷി ചെയ്ത് ഔഷധസസ്യങ്ങൾ വിപണനം ചെയ്യുന്നുമുണ്ട് നാരായണൻ നമ്പൂതിരി.

അപൂർവ്വ ഇനം മാവുകൾ, മരുന്നായി ഉപയോഗിക്കുന്ന വൃക്ഷങ്ങളും ചെടികളും. നാരായണൻ നമ്പൂതിരിയുടെ വളപ്പ് ആധുനിക രീതിയിൽ ചെത്തി ഷേവ് ചെയ്തെടുക്കാറില്ല. അപൂർവ സസ്യങ്ങളും മരുന്നുകളും ലേബൽ ചെയ്തു വെച്ചിരിക്കുന്നു.

വൈദ്യ പാരമ്പര്യത്തിന്റെ ഭാഗമായി കുറേ ഒറ്റമൂലികൾ ഈ ഇല്ലക്കാർക്കറിയാം. അതിൽ ഏറ്റവും പ്രധാനം തീപ്പൊള്ളലിനുള്ള മരുന്നാണ് . ഏതുതരം തീപ്പൊള്ളലായാലും പെട്ടെന്നുതന്നെ നീറ്റലെല്ലാം പോകുകയും പാട് പോലുമില്ലാതെ സുഖപ്പെടുകയും ചെയ്യുന്ന ഒരു മരുന്നാണ് ഇവർ വികസിപ്പിച്ചെടുത്തത്. അങ്ങാടി മരുന്ന് കടയിൽ നിന്നും കിട്ടുന്ന ശംഖുപടിക്കാരം (ശംഖമൃതാരം)എന്ന കല്ലുപോലുള്ള മരുന്ന് പൊടിച്ച് തിളച്ച ശുദ്ധമായ വെളിച്ചെണ്ണയിൽ കടഞ്ഞെടുത്ത് മറ്റു പച്ചമരുന്നുകളും ചേർത്താണ് പൊള്ളൽമരുന്നുണ്ടാക്കുന്നത്. അടുത്ത തലമുറക്കോ മറ്റാർക്കെങ്കിലുമോ ഇത് കൈമാറിയാൽ മാനവരാശിക്കു തന്നെ അനുഗ്രഹമാകും.

പണ്ടൊക്കെ കൃഷി എന്നാൽ നെൽകൃഷിയായിരുന്നു. മനസ്സിന് നമ്പൂതിരിക്ക് ഏറ്റവും സന്തോഷം തരുന്നത് നെൽകൃഷിയാണ്. നാല് ഏക്കറോളം പാടത്തും, കര നെല്ലായും അപൂർവ്വവിത്തിനങ്ങൾ സംരക്ഷിക്കുന്നു ഇദ്ദേഹം. അന്തർശാലി, അട്ടപ്പാടി, കറുത്തമോടൻ, കല്ലടിയാരൻ തുടങ്ങിയവയോടൊപ്പം പുതിയ ഇനങ്ങളായ ചോമാല, സ്വർണപ്രഭ, ആതിര തുടങ്ങിയവും നമ്പൂതിരിയുടെ നെൽകൃഷിയിൽ പെടുന്നു. കേരളത്തിൽ അന്യംനിന്നു പോയ നവര നെൽകൃഷിയും കൃഷിഭവന്റെ സഹായത്തോടെ ചെയ്തു വരുന്നു. നാടൻ വിത്തുകളെ



നാരായണൻ നമ്പൂതിരിയുടെ ഇല്ലം

അപേക്ഷിച്ച് പുതിയ വിത്തുകൾക്ക് രോഗങ്ങൾ വരാനുള്ള സാദ്ധ്യത കൂടുതലാണ്. തികച്ചും ജൈവരീതിയിലുള്ള കൃഷിയാണിവിടെ. മുറം ഉപയോഗിച്ച് കീടങ്ങളെ പാറ്റിയെടുക്കുക, വെള്ളുള്ളി പച്ചമുളക് കൊണ്ടുള്ള ലായനി, ഗോമൂത്രത്തിൽ അല്പം മഞ്ഞൾപ്പൊടി ചേർത്തത് തുടങ്ങിയവയാണ് നമ്പൂതിരിയുടെ കീടനാശിനി പ്രയോഗങ്ങൾ. അമ്പലങ്ങളിലുണ്ടാക്കുന്ന തരത്തിലുള്ള പഞ്ചഗവ്യവും വളർച്ചക്കും കീടനാശിനിയായും ഉപയോഗിക്കുന്നു. കാട്ടുപന്നികളുടെ ആക്രമണം ലക്ഷക്കണക്കിന് രൂപയുടെ നഷ്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

കേരളത്തിൽ അന്യംനിന്നു പോയ നവര നെൽകൃഷിയും കൃഷിഭവന്റെ സഹായത്തോടെ ചെയ്തു വരുന്നു. നാടൻ വിത്തുകളെ അപേക്ഷിച്ച് പുതിയ വിത്തുകൾക്ക് രോഗങ്ങൾ വരാനുള്ള സാദ്ധ്യത കൂടുതലാണ്. തികച്ചും ജൈവരീതിയിലുള്ള കൃഷിയാണിവിടെ.

ചേന, ചേമ്പ്, പലതരം വാഴകൾ, മഞ്ഞൾ, ഇഞ്ചി, പച്ചമുളക്, മത്തൻ, കൈപ്പ , കുമ്പളം, വെള്ളരി എല്ലാമുണ്ട് ഇല്ലപ്പറമ്പിൽ . പച്ചക്കറി ഒന്നും തന്നെ വാങ്ങാറില്ല. ഓരോ വർഷവും 40000 രൂപയുടെ ചേന വിൽക്കാറുണ്ട് നാരായണൻ നമ്പൂതിരി. 20 ചാക്കുവരെ കുരുമുളക് പറിച്ചിരുന്ന









കാലമുണ്ടായിരുന്നു. ഞങ്ങൾ ചെല്ലുമ്പോൾ മുറ്റം നിറയേ പഴുത്ത മുളക് ഉണക്കാനിട്ടിരിക്കുന്നു. വറ്റൽ മുളക് വാങ്ങാറേയില്ല. ഇല്ലത്ത് എന്നും പഴക്കുലകൾ ഉണ്ടാകും. ആധുനിക പച്ചക്കറികളും പഴങ്ങളും കൊക്കോ ക്കോല പോലുള്ള പാനീയങ്ങളുമാണ് പലപ്പോഴും നമ്മുടെ ആരോഗ്യത്തെ നശിപ്പിക്കുന്നത്. പരമ്പരാഗത ഇടവിളകളും സംഭാരം ഇളനീർ എന്നിവയും ശീലമാക്കുകയാണ് ഇതിനുള്ള പ്രതിവിധി.

വീട്ടിലെ ഷെഡിൽ തന്നെയുണ്ട് ഒരു ചെറിയ നെല്ലുകുത്ത് മിൽ. മണിക്കൂറിൽ 1500 കി നെല്ല് കുത്താം. ഇല്ലത്തെ തേവാരത്തിന് വേണ്ട ഉണക്കലരി, കുത്തരി എന്നിവയും ഇല്ലത്തെ മില്ലിൽ നിന്നുതന്നെ കുത്തിയെടുക്കും. ഉന്നക്കലരി കുത്തി ഹോൾസെയിലായി വിൽക്കാറും ഉണ്ട്. ബാക്കിയുള്ള നെല്ല് വിൽക്കുന്നു.

നെല്ല് കുത്ത് യന്ത്രത്തിന് പുറമേ, കാടുവെട്ടു യന്ത്രം, ബ്ലോയർ, ടില്ലർ, റബ്ബർ ഷീറ്റടിക്കുന്ന യന്ത്രം, വിവിധ കപ്പാസിറ്റികളിലുള്ള മോട്ടോറുകൾ ഇവയുമുണ്ട് ഇല്ലത്ത്. 2 ടില്ലറുകൾ ഉണ്ടായിരുന്നു. വാടകക്കും കൊടുത്തിരുന്നു. ഇതിന്റെയെല്ലാം അറ്റകുറ്റപ്പണികൾ സ്വന്തമായി സ്വന്തം വർക്ക് ഷാപ്പിലാണ്. കട്ടർ, ഗ്രൈന്റർ, തുടങ്ങി അത്യാവശ്യ മെഷീനറികളുമുണ്ട് വർക്ക് ഷാപ്പിൽ.

4 ഏക്കറിൽ റബ്ബർ കൃഷിയുമുണ്ട് നാരായണൻ നമ്പൂതിരിക്ക്. റബ്ബർ ഷീറ്റാക്കുന്ന 2യന്ത്രങ്ങളും. തെക്ക് പൊയിൽക്കാവ് മുതൽ വടക്ക് മംഗലാപുരം റെയിൽ വേസ്റ്റേഷൻ വരെ പരന്നുകിടക്കുന്ന മുന്നൂറ്റി അറുപതോളം ക്ഷേത്രങ്ങളിലെ തന്ത്രി കുടുംബമാണ് കരുമാരത്ത്. മറ്റു തിരക്കുകളാൽ തന്ത്രം കൊണ്ടു നടത്തുന്നത് വലിയച്ഛന്റെ മക്കളും പേരക്കുട്ടികളുമാണ്.


35 പശുക്കളുള്ള തൊഴുത്ത്

നാരായണൻ നമ്പൂതിരിയുടെ ഹൈടെക് തൊഴുത്തിൽ 30 ഓളം പശുക്കളുണ്ട്. ഏതു കാലത്തും 10–15 കറവപ്പശുക്കളുണ്ടാകും. ദിവസം 100–160 ലി പാൽ സൊസൈറ്റിയിൽ കൊടുക്കും. കഴിഞ്ഞ 10 വർഷമായി ബ്ലോക്കിൽ ഏറ്റവും കൂടുതൽ പാൽ അളക്കുന്ന കർഷകൻ നാരായണൻ നമ്പൂതിരിയാണ്. വരവിന്റെ 80% ത്തോളം വരും ചിലവുകൾ. എല്ലാം നല്ല ഹൈബ്രിഡ് പശുക്കൾ. ദിവസം 2 നേരം ഹൈ പവർ പമ്പുകൊണ്ട് ആലയേയും പശുക്കളേയും കഴുകിയും കുളുപ്പിച്ചും വൃത്തിയാക്കുന്നു. േ അത്രയും വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു. ഹൈബ്രിഡ് ഇനങ്ങൾക്ക് 28 °C മുകളിലുള്ള ചൂട് താങ്ങാനാകില്ല.











ഒരു നുള്ള് ചാണകം പോലും ഇല്ലാതെ വൃത്തിയാക്കിവെക്കുന്ന തൊഴുത്ത്



കറവയന്ത്രത്തിന്റെ മോട്ടോർ

അസുഖങ്ങൾക്ക് സ്ഥിരമായി ഡോക്റ്റർ കൺസൾട്ടേഷനും വേണ്ടി വരുന്നു. നിലത്തെല്ലാം റബ്ബർ മാറ്റുകൾ. ആലയുടെ മുകൾ ഭാഗത്തെ ഷീറ്റ് സ്പ്രിംഗ്ളർ ഉപയോഗിച്ച് തണുപ്പിച്ചു കൊണ്ടിരിക്കുന്നു. മ്യൂസിക് പ്ലെയർ കൊണ്ട് പശുക്കളെ നല്ല നല്ല പാട്ടുകൾ കേൾപ്പിക്കുന്നു. സെൻട്രലൈസ്ഡ് മോട്ടോറും കറവയന്ത്രവുമുപയോഗിച്ചാണ് കറവ്.

പശുവിന് തീറ്റകൊടുക്കാൻ പച്ചപ്പുൽ/ ചോളം കൃഷി ചെയ്യുന്നു. ചോളത്തണ്ടുകൾ ചെറുതാക്കി അരിഞ്ഞ് തീറ്റയാക്കാനുള്ള മെഷീൻ, വലുപ്പത്തിനും കറവക്കും അനുസരിച്ച് 4 മുതൽ 8 കിവരെ കാലിത്തീറ്റ, അവ സൂക്ഷിക്കുവാനുള്ള സ്റ്റോർ അങ്ങിനെ തികച്ചും ഹൈടെക് ആണ് നമ്പൂതിരിയുടെ പശുത്തൊഴുത്ത്. പാചകം ഗോബർഗ്യാസ് പ്ലാന്റിലെ വാതകമുപയോഗിച്ച്. ഗോമൂത്രവും സ്ലറിയും പമ്പ് ചെയ്ത് പറമ്പുകളിൽ ജൈവ വളമായി ഉപയോഗിക്കുന്നു.

ഇന്നത്തെ കാലത്ത് പാമ്പിനെ പിടിക്കുന്നത് സർവ്വസാധാരണമാണ്. ധാരാളം പേർ ഈ ഫീൽഡിലുണ്ട്. വനംവകുപ്പിൽ ധാരാളം പേർ പാമ്പുപിടുത്തത്തിന് ജോലിക്കാരായുണ്ട്. എന്നാൽ നമ്പൂതിരി സമുദായത്തിൽ നിന്നും പതിറ്റാണ്ടുകളായി ഈ ഫീൽഡിലുള്ള ഒരാളാണ് നാരായണൻ നമ്പൂതിരി . രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ വീട്ടിൽ നിന്നും കാട്ടിൽ നിന്നും കിണറ്റിൽ നിന്നുമെല്ലാം പാമ്പുകളെ പിടിച്ചു കൊണ്ടിരിക്കുന്നു ശ്രീ നമ്പൂതിരി. ആദ്യമെല്ലാം പിടിച്ച പാമ്പുകളെ പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിൽ കൊടുക്കുമായിരുന്നു. ഇപ്പോൾ അവർ എടുക്കാത്തതുകൊണ്ട് പറമ്പിൽ തുറന്നു വിടുന്നു. പാമ്പിന്റെ സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കിയാൽ പാവുപിടിത്തം വളരെ എളുപ്പമാണ്. അണലി മാത്രമാണ് അതിൽ പേടിക്കേണ്ട ഒരു വിഭാഗം. അസാമാന്യ വേഗതയോടെ തല ചെരിച്ച് കടിക്കുന്ന അണലിയെ മാത്രം ശ്രദ്ധിക്കണം എന്നാണ് നമ്പൂതിരിയുടെ അഭിപ്രായം

വിശാലമായ ഒരു നാലുകെട്ടിലാണ് നാരായണൻ നമ്പൂതിരിയും കുടുംബവും താമസിക്കുന്നത്. പഴയ നാലുകെട്ടുകൾക്കു വിരുദ്ധമായി വലിയ ജനലുകളോടും വാതിലുകളോടും കൂടി വിശാലമായ മുറികൾ. ദിവസേനയുള്ള വെച്ചു നിവേദ്യം, തേവാരം, ഒന്നും മുടക്കാറില്ല. 1 കിമീ ദൂരെ, അതിവിശാലമായ നടുമുറ്റങ്ങൾ, വടക്കേക്കെട്ട്, കിഴക്കേക്കെട്ട്, പത്തായങ്ങൾ, നിലവറ, 150 പേർക്ക് ഇരിക്കാവുന്ന നല്ല വായുവും സൂര്യപ്രകാശവും ലഭിക്കുന്ന ഹാൾ തുടങ്ങി അര ഏക്കറോളം വരുന്ന പന്ത്രണ്ടുകെട്ടാണ് തറവാട്. ചുറ്റിലും പ്രകൃതി കനിഞ്ഞനുഗ്രഹിച്ച കൂറ്റൻ മരങ്ങളും മറ്റു വൃക്ഷലതാദികളും. തറവാട്ടിലുമുണ്ട് നിത്യ തേവാരം.

ചെറുപ്പം മുതലേയുള്ള പരന്ന വായന നാരായണൻ നമ്പൂതിരിയെ വ്യത്യസ്തനാക്കുന്നു. വൈകിട്ടത്തെ സാഹിത്യ ചർച്ചകൾ അർദ്ധരാത്രി വരെ നീണ്ടു പോകാറുണ്ട്. സി. വി. പി. ചിത്രാലയം, സി. വി. മുകുന്ദൻ , ചന്ദ്രൻ തെക്കെയിൽ, ശങ്കരവാരിയർ തുടങ്ങി കലാ സാംസ്കാരിക സാഹിത്യ രംഗത്തെ പ്രമുഖർ ചർച്ചകളിൽ സജീവം. പ്രിയദർശൻ ലാൽ സാർ കണ്ണൂർ ഭാഗത്ത് വരുമ്പോഴെല്ലാം താമസവും ഭക്ഷണവുമെല്ലാം കരുമാരത്ത്. രാത്രി രണ്ടരവരെ നീളുന്ന ചർച്ചകൾ. അതു കഴിഞ്ഞ് കുളിച്ച് നാരായണൻ നമ്പൂതിരി പശുക്കളിലേക്ക്.

2024 നവമ്പറിൽ സപ്തതി ആഘോഷിച്ച ശ്രീ നമ്പൂതിരിയുടെ ദിവസം രാത്രി 2.30 ന് ആരംഭിക്കുന്നു . സഹധർമിണി വടകര ഓർക്കാട്ടേരി കുനിയില്ലത്ത് സരസ്വതി അന്തർജനം. ഏകമകൾ ശ്രീവിദ്യയെ വിവാഹം കഴിച്ചിരിക്കുന്നത് അണലക്കാട്ട് മനക്കൽ ഈശ്വരനാരായണൻ നമ്പൂതിരി. 2 പേരക്കുട്ടികൾ - ദ്രൌപതി മഹാലക്ഷ്മി, സുബ്രഹ്മണ്യൻ. ●

നാരായണൻ നമ്പൂതിരി
കരുമാരത്ത് ഇല്ലം, എടക്കാട്,
കണ്ണൂർ, ഫോൺ: 9496477457
താമരക്കുളം ദിവാകരൻ
ഫോൺ: 9447337337

കഥ

# പാളങ്ങളുറക്കെ പറഞ്ഞു; നിശ്ശബ്ദം

**ശ്രീരാം ടി.എച്ച്**



ഒരു ശീതളമായ രാവിലെയായിരുന്നു എന്റെ യാത്ര ആരംഭിച്ചത്. സ്റ്റേഷന്റെ പ്ലാറ്റ്ഫോമിൽ കാൽ വെച്ചപ്പോൾ തന്നെ ഒരു പ്രത്യേക ഉണർവും മനസ്സിൽ. പാളംതോറും പരന്നുകിടക്കുന്ന മഞ്ഞിൻ തുള്ളികൾ, ചായക്കടയിൽ നിന്നുയരുന്ന പൊങ്ങിച്ചുവരുന്ന ഓർമ്മമണം, വൈകാതെ വരുമെന്ന് പ്രഖ്യാപിക്കുന്ന ട്രെയിൻ ഹോൺ ഇതെല്ലാം യാത്രയുടെ ഒരു മായാജാലം പോലെ തോന്നിച്ചു. ട്രെയിൻ മന്ദഗതിയിൽ വന്നെത്തി. കൂപ്പയിൽ കയറി ജലനിരകിലെ അരികിൽ സീറ്റിൽ ഇരുന്നു. യാത്ര തുടങ്ങുമ്പോൾ പാലത്തിൽ ഉണ്ടാകുന്ന ശബ്ദം ഹൃദയത്തിൽ ഒരു ലയമായി പടരുകയായിരുന്നു. പച്ച പാടങ്ങൾ, നീളം നിരയായി നിൽക്കുന്ന മരങ്ങൾ. ഇടയ്ക്ക് ഓടിമറയുന്ന വീടുകൾ. എല്ലാം ഒരു ചലച്ചിത്രം പോലെ കണ്ണിനു മുന്നിലൂടെ നീങ്ങി. കൂടെയുള്ള യാത്രക്കാരുമായി ചെറിയ സംഭാഷണങ്ങളും പുഞ്ചിരികളും പങ്കിട്ടു, ഒരാൾ വീട്ടിലേക്ക് പോകുന്ന വിദ്യാർത്ഥി, മറ്റൊരാൾ ജോലി മടങ്ങി പോകുന്ന തൊഴിലാളി; ഓരോരുത്തർക്കും ഒരു കഥ. തീവണ്ടിയിലെ ഈ ചെറിയ ലോകത്ത് എല്ലാവരും ചില മണിക്കൂറുകൾക്ക് പരസ്പരം പരിചിതരായി മാറുന്നു. ആ രാത്രി, പാളങ്ങൾ അതിലും വ്യത്യസ്തമായി ശ്വാസമെടുക്കുകയായിരുന്നു. കോട്ടപ്പുറം സ്റ്റേഷന്റെ ഏറ്റവും നിശബ്ദമായ സമയത്ത്, മുഴുവൻ പട്ടണവും ഉണങ്ങിക്കിടന്നപ്പോൾ പാളം മാത്രം ഉണർന്നതുപോലെ.' ആദിത്യൻ ' സ്റ്റേഷന്റെ പഴയ ഇരുമ്പു ബെഞ്ചിലിരുന്നു സ്റ്റേഷന്റെ പഴയ ഇരുമ്പു ബെഞ്ചിലിരുന്നു. തണുത്ത കാറ്റ് അവന്റെ ഷർട്ടിന്റെ കഴുത്തിലൂടെ ഉയർന്നുവന്നു എന്നാൽ തണുപ്പല്ല അവന്റെ കുലുക്കിയത്. അവന്റെ ഉള്ളിൽ എന്തോ ഒലിച്ചു പോവുകയായിരുന്നു, ഒരിക്കലും തിരിച്ചു കിട്ടാനാവാത്ത എന്തോ. അവന്റെ മുന്നിൽ ഇരുണ്ടുപോയ പാളങ്ങൾ, അവൻ വിട്ടുപോകുന്ന ജീവിതം പോലെ തന്നെ അവൻ തോന്നി. '– ഇന്ന് ഞാൻ എവിടേക്കാണ് പോകുന്നത്?'. പാളം മുന്നോട്ടുകൊണ്ടുപോകും 'പക്ഷേ ഞാൻ മുന്നോട്ടു പോകാൻ തയ്യാറാണോ?'. അപ്പോഴായിരുന്നു ഇരുട്ടിൽ ഒരു പ്രകാശം തെളിഞ്ഞത്. ലന്തോൺ. കാറ്റിനെതിരെ നിശബ്ദരായി വരുന്ന ഒരാൾ. ആൾ സ്റ്റേഷനിൽ ഗാർഡ് ആയ കൃഷ്ണൻ. പഴയ ചെരുപ്പ്, പക്ഷേ കണ്ണുകളിൽ തീ, ഒരു ആളിന്റെ കണ്ണുകളിൽ കഥകൾ ഒളിച്ചിരിക്കാം ; കൃഷ്ണന്റെ കണ്ണുകളിൽ ഒരു ജീവിതം ഒളിച്ചിരുന്നു. പാളങ്ങൾ വീണ്ടും വിറച്ചു. കാറ്റിൽ പുഷ്പങ്ങളുടെ മണം.

അത് ലീലയുടെ കഥ.

പൂക്കൾ വിൽക്കുന്ന യുവതി.

പ്രണയം കാത്തിരിക്കുന്ന ഹൃദയം.

രാമൻ തിരിച്ചുവരുമെന്ന് വാഗ്ദാനം ചെയ്തെങ്കിലും വീണ്ടും വന്നില്ല. പക്ഷേ അവൻ അയച്ച കത്ത് തെറ്റിയൊരു പാലത്തിൽ വർഷങ്ങളോളം കുടുങ്ങി. ഒരു രാത്രി പാളങ്ങൾ ആക ത്തൊളിപ്പിച്ച സ്ഥലം തുറന്നു കാട്ടി. ലീല അതു വായിച്ചു. കരഞ്ഞില്ല. പക്ഷേ ആ ദിനം മുതൽ സ്റ്റേഷനിലെ പൂക്കൾ ഒരിക്കലും വാടിയിട്ടില്ല.'



ഒരു മനുഷ്യൻ പോയാലും.... ചില ഓർമ്മകൾ പോകില്ല '. കൃഷ്ണൻ പറഞ്ഞു. ആദിത്യ ഞെട്ടി' എന്നെക്കുറിച്ച് '?'

'അതെ. പാളങ്ങൾ എല്ലായിപ്പോഴും ചോദിക്കുന്നു ഏത് വഴിയിലേക്കാണ് നീ പോകുന്നത്.?'

കാറ്റു വീശി.

പാളങ്ങൾ തിളങ്ങി.

ആദിത്യന്റെ ഭാരവും ശബ്ദവും ഒന്നായി.

ട്രെയിൻ രാത്രിയുടെ അടിസ്ഥാനത്തിലേക്ക് കയറുന്നത് പോലെ ആ രാത്രിയുടെ ജീവിതം ഇരുട്ടിൽ നിന്ന് തെളിച്ചത്തിലേക്ക് ആയി തുറന്നു. അവൾ പറഞ്ഞു:'ഞാൻ കഥകളെ തേടുന്ന ആൾ ആണ് 'പലങ്ങൾക്കും, ആളുകൾക്കും ഒരേ സ്വഭാവം.... എവിടെയെങ്കിലും കഥ മറഞ്ഞിരിക്കും, പക്ഷേ അതു കേൾക്കാൻ ആളുകളെ കിട്ടാറില്ല. ആദിത്യന്റെ മങ്ങിയ നോട്ടം കൃഷ്ണന്റെ വാക്കുകൾ പോലെ തന്നെ തോന്നുന്നു. ആ രാത്രി നോട്ട്ബുക്ക് തുറന്നു. അവിടെ കെട്ടു പണിയാത്ത കഥാ വഴികൾ, പാളങ്ങൾ കരികിലൂടെ കണ്ടുമുട്ടിയ ആളുകളുടെ കുറിപ്പുകൾ. പിന്നീട് അവളുടെ വിരൽ നിശ്ചലമായി ഒരു പേരിൽ വന്നു.' ഈ പേജ് ഇപ്പോഴും പൂർത്തിയാവുന്നില്ല ' പക്ഷേ അതു നിങ്ങൾ ക്കാണ്.

ആദിത്യൻ വിറച്ചു.

' എന്തിന്? '

' നിങ്ങൾ കേട്ട കഥകൾ....

നിങ്ങൾ ഇന്നേവരെ കൊണ്ടുപോയ വേദന.

നിങ്ങൾ മുന്നോട്ടു പോകാൻ പേടിക്കുന്ന വരികൾ..... എന്നെ ഇത് നിങ്ങളിലേക്ക് കൊണ്ടുവന്ന അതു ഒരു വിചിത്രമായ നിമിഷം. ട്രെയിൻ ഒരു ചെറിയ മലയോര സ്റ്റേഷനിൽ നിർത്തി. പേര് പോലും ശരിയായി –

' തീരാന്തം '.

തീരാന്തം–

അവസാനിക്കുന്നിടം?

അതാണ് ഇതിന്റെ അർത്ഥം

വിചിത്രമായ ഒരു സ്റ്റേഷൻ. പ്രകാശമില്ല. വാതായനങ്ങൾ അടച്ചിരിക്കുന്നു കാറ്റിൽ ഒരു ശബ്ദം പാളങ്ങൾ എന്തൊക്കെയോ വിളിച്ചു പറയുന്നതുപോലെ. ആദ്യമായി ഇറങ്ങിയത് ആ രാത്രി. തുടർന്ന്



ആദിത്യൻ പിന്നെ... ഒരു കുട്ടിയുടെ ചിരി. പക്ഷേ ഒരു പത്തു വയസ്സുകാരി പാലത്തിന്റെ തണുത്ത കല്ലിൽ ഇരിക്കുകയാണ്. അവൾ അവരുടെ മുന്നിലേക്ക് നോക്കി ചിരിച്ചു.' നിങ്ങൾ രണ്ടുപേരും വൈകി. പാളങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു '. അവൾ ഞെട്ടി. നേരെ നോക്കി, നീ ഇവിടെ ഒറ്റയ്ക്കാണോ? കുഞ്ഞു തല കുനിച്ചു. ഞാൻ ഒരിക്കലും ഒറ്റയല്ല പാളങ്ങൾ എന്നെ സംരക്ഷിക്കുന്നു.' ആരാത്രി '. ആ രാത്രി വിറച്ചു കത്ത് എടുത്തു.' എനിക്കാണോ? '. കുട്ടി ചിരിച്ചു.' നീ വായിച്ചാൽ... കഥ മാറും... '

അവളുടെ ശബ്ദം ഇരട്ടിയായി ചുറ്റും മുഴങ്ങി

ഒരു ഭ്രമം

ഒരു സത്യം.

ആദിത്യൻ ചുറ്റും നോക്കുമ്പോൾ സ്റ്റേഷൻ മാറ്റങ്ങൾ സംഭവിച്ചു. മുമ്പ് ഇരുണ്ടു വന്ന സ്ഥലത്ത് വെളിച്ചം വിരിഞ്ഞു. പാളങ്ങൾ ദൂരെയെത്തി ഒരു പ്രകാശം പോലെ മിനുങ്ങി. ആ രാത്രി കത്ത് തുറന്നു. കാറ്റു നിൽക്കുകയാണ് പാളം ശ്വാസം മുട്ടിയതുപോലെ നിശബ്ദം. ' ആ രാത്രി ഒരിക്കലും എഴുതി തീർക്കാൻ പേടിക്കുന്ന അവസാനമായ ഈ കഥ ഇന്ന് തുടങ്ങും '. അവളുടെ കണ്ണുകൾ നിറഞ്ഞു. ആദിത്യന്റെ ശ്വാസം തടിച്ചു.' ഈ കത്ത് എന്റെ അമ്മയുടെ കൈയെഴുത്തുകൾ. അവളുടെ ശബ്ദം വിറന്നു. 'അവൾ പറയുന്നു...' ആ രാത്രികൾ തുടർന്നു നീ തിരയുന്ന കഥകൾക്ക് അന്ത്യമില്ല.. പക്ഷേ ഒരാൾക്കുവേണ്ടി നീ എഴുതുന്ന കഥ അതാണ് നിന്റെ തുടക്കം '. അതേ രാത്രി പാളങ്ങളുടെ ശബ്ദം മാറി മുമ്പത്തെപ്പോലെ കറുക്കുന്ന ഒരു വേദനയല്ല. ഒരു സംഗീതം, ഒരു വിശ്രമം,ഒരു കഥ പൂർത്തിയാവുന്ന നിശ്വാസം. വർഷങ്ങളായി ട്രെയിൻ നിർത്താതെ കടന്നുപോകുന്ന,ടിക്കറ്റ് കൗണ്ടറിന്റെ ജാലകത്തിൽ കരിഞ്ഞ കാറ്റിന്റെ പീലി കുരു മാത്രം ഒട്ടിക്കിടക്കുന്ന 'സ്വപ്നം കയറി ചെല്ലുന്ന ഫ്ലാറ്റ്ഫോം '. മുഴുവൻ രാത്രിയും എഴുതിക്കഴിഞ്ഞ് ആദിത്യൻ കുട്ടിക്ക് പുസ്തകം നൽകി.

' ഇതു നിന്റെ കഥയല്ല

നിന്റെ അമ്മയുടെ പ്രാർത്ഥനയാണ്.

അവൻ പറഞ്ഞു. '

കുട്ടി നെഞ്ചോട് പുസ്തകം ചേർത്തുപിടിച്ചു. പാളങ്ങൾ ആ രാത്രി ശബ്ദിച്ചു. വേദനയല്ല, ഒരു ആശ്വാസം, ഒരു ശാന്തത അമ്മയ്ക്കു തന്റെ കഥ കിട്ടിയിരുന്നു. കുട്ടിക്ക് തന്റെ തിരിച്ചു കിട്ടാനാവാത്ത സ്നേഹം വേദനയിലൂടെ എങ്കിലും ഒരു അവസാന പേജിൽ ജീവിച്ചു. ആദിത്യൻ റെയിൽവേ സ്റ്റേഷനിൽ നിന്ന് പോയപ്പോൾ കേട്ടത് മൃദുസ്വരം ' അമ്മു ' ഇനി അതു വേദനയല്ല മക്കളെ വിളിക്കുന്ന അമ്മയുടെയും ശബ്ദ സ്നേഹം പേരില്ലാത്ത വീണ്ടും നിശബ്ദമായി.. പാളങ്ങൾ ഒരു അമ്മയുടെ രഹസ്യകഥയായി സൂക്ഷിച്ചിരുന്നു. കുട്ടി പുസ്തകവുമായി തിരികെ നാട്ടിലേക്ക് പോയി.

ഞാൻ മനസ്സിലാക്കി ചില കഥകൾ എഴുതുന്നത് ഒരു എഴുത്തുകാരൻ അല്ല..... കാലം തന്നെയാണ്.

●

ഹരി ശ്രീ (തിരുത്തി മന),
എടക്കുളം (po) ചെങ്ങോട്ടുകാവ്,
കൊയിലാണ്ടി, കോഴിക്കോട്,
പിൻ : 673306, ഫോൺ:
8592865767

കവിത

# പാഴൂർ പാതാളവരിയ്ക്ക



മേൽപ്പാഴൂർ വിഷ്ണുനമ്പൂതിരിപ്പാട്

പാഴൂർ ദേശത്തിലുള്ളോർക്കഭയമരുളുവാനാറു തൻ തീരമൊന്നിൽ
വാഴും തൃക്കോവിലപ്പാ, തിരുവടിയടിയൻ വീണു കൂപ്പുന്നു നിത്യം
പാഴായീടാതെ ജന്മം ജനനമൃതിഭയം നീക്കി രക്ഷിച്ചിടാനായ്
പാഴൂർ തൃക്കോവിലപ്പാ, കനിവിനൊടു കടാക്ഷിയ്ക്കണേ വിശ്വനാഥാ!

മേൽശാന്തി പൂജാവിധികൾ നടത്തും
കീഴ്ശാന്തി പൂജയ്ക്കു സഹായമേകും
പാഴൂരിനെപ്പാരിലനുഗ്രഹിയ്ക്കും
പാഴൂരുദേവാ, ശരണം പ്രപദ്യേ.

കീഴ്ശാന്തിയായോരു ദ്വിജൻ പ്രഭാതേ
സ്വർണ്ണക്കുടത്തിൽ ജലമേറ്റിടാനായ്
ധാരയ്ക്കുവേണ്ടീട്ടു ശിവന്റെ ബിംബേ
പോയീടിനാനാറ്റു സമീപഭാഗേ.

കുടത്തിൽ ജലം സംഭരിയ്ക്കുന്ന നേരം
അബദ്ധത്തിൽ കൈവിട്ടു താണങ്ങു പോയീ
മഹാസാധുവായുള്ള വിപ്രൻ കുടത്തിൻ
തുണയ്ക്കെന്ന മട്ടിൽ ഗമിച്ചൂ ഭയത്താൽ.

പാതാളദേശത്തിലണഞ്ഞു വിപ്രൻ
കണ്ടാനഹോ! ദിവ്യരതായ മർത്ത്യർ
മോദത്തൊടെച്ചുറ്റുമിരുന്നു കാണായ്
തേനൊത്ത ചക്കപ്പഴമാസ്വദിപ്പൂ.

മഹാദേവകാരുണ്യമൊന്നാൽ ലഭിച്ചൂ
കുടത്തിന്റെയൊപ്പം പഴച്ചക്കയും ഹാ!
ഭുജിച്ചേറെ സ്വാദുള്ള തേനൊത്തഭോജ്യം
കുടത്തിങ്കലാക്കീ വിശിഷ്ടക്കുരുക്കൾ.

നട്ടൂ ക്ഷേത്ര മതിൽക്കെട്ടി-
ന്നുള്ളിലായ് കുരുവാദ്ദ്വിജൻ
മുളച്ചുപൊങ്ങീ മരമായ്
ചക്കയുണ്ടായിതേറെയായ്

പാതാളത്തിങ്കൽ നിന്നന്ന്
കൊണ്ടുവന്നതു മൂലമായ്
പാതാളവരിയ്ക്കയെന്നുള്ള
പേരിനാൽ ഖ്യാതി നേടിപോൽ.



ഫോൺ 944694 3525

കവിത

# വിളിച്ചോ? അച്ഛനെന്നെ..



**രമ വടശ്ശേരി**



വിരലിന്നിടയിൽ ബീഡി
നേരം നോക്കാതെയെപ്പൊഴും
എരിയുന്നതു കാണാറു -
ണ്ടരികിൽ ചെന്നിരിക്കവേ

ചെറുതായ് മൂളിടും പാട്ടോ
ശ്ലോകമോ കാവ്യശീൽകളോ
കേൾക്കാറുണ്ടതിൽ നിന്നെത്ര -
യിന്നുമുള്ളിൽ തിളക്കമായ്

മഠത്തിക്കാവിലമ്മേടെ
പടിതൊട്ടൊരു നാൾ മുതൽ
മുടക്കം കൂടിടാതെന്നും
ചൊടിയോടെ നടന്നൊരാൾ

കടന്നൂ കാലമായപ്പോൾ
മടി കൂടാതെ മായയിൽ
ഇടറുന്നുണ്ടിപ്പൊഴും തൊണ്ട
വിറകൊള്ളുന്നു വാക്കുകൾ

പറയാനെന്തു ഞാ,നച്ഛൻ
നിറവായുള്ളിൽ നില്ക്കവേ
കുറകൂടാതെയെപ്പോഴും
അറിയുന്നുണ്ടനുഗ്രഹം

വടശ്ശേരി മന
ഞാറയ്ക്കൽ പി ഒ
എറണാകുളം - 682505
Ph: 9495811835



## 80–ാം പിറന്നാൾ ആശംസകൾ
(31.12.2025)

**ഡോ. കെ.എം.ആർ. നമ്പൂതിരി**

കാഞ്ഞിരത്ത് മണ്ണഴി മന
ചാത്തങ്ങോട്ടുപുറം
വണ്ടൂർ, മലപ്പുറം ജില്ല
679328, ഫോൺ: 9539990959



ഡിസംബർ 12 നു വൃശ്ചികം 26 നു സപ്തതി ആഘോഷിച്ച

**കോരമ്പറ്റ കൃഷ്ണൻ നമ്പൂതിരിയും**
**5–ാം പിറന്നാൾ ആഘോഷിച്ച പേരക്കുട്ടി രധികയും..**

*ആശംസകളോടെ,*
**രാധാമണി, രികേഷ്, ഡോ: ദൃശ്യ, രികിഷ, പേർക്കുളം നാരായണൻ,**
**രധുന, കൃഷ്ണതേജ്, വിശ്രുത്**



തൃശ്ശൂർ ജില്ലയിൽ കൂർക്കഞ്ചേരിക്കടുത്തുള്ള വടൂക്കരയിൽ തെക്കെ ഇരവിമംഗലം ഇല്ലത്ത് 1982 ലാണ് സൂരജിന്റെ ജനനം. അച്ഛൻ ശങ്കരൻ നമ്പൂതിരി. അമ്മ ശ്രീദേവി അന്തർജ്ജനം.

### സംസ്ഥാന ചലച്ചിത്ര പുരസ്കാരം

# ഇരവിമംഗലം മനയിലെ സൂരേജ് ബെസ്റ്റ് എഡിറ്റർ

**മാന്തിട്ട വിഷ്ണു**



കരയിലും വെള്ളത്തിലും ഉള്ളതുപോലെയുള്ള സഞ്ചാര സ്വാതന്ത്ര്യം ആകാശത്തും നമുക്ക് നേടിത്തന്നത് രണ്ടു അമേരിക്കൻ സഹോദരന്മാരാണ്. റൈറ്റ് സഹോദരന്മാർ എന്നറിയപ്പെടുന്ന വിൽബർ റൈറ്റും ഓർവിൽ റൈറ്റും ചേർന്ന് നിർമ്മിച്ച വിമാനം ലോകത്താദ്യമായി– 1903 ഡിസംബർ 17ന് 52 സെക്കന്റ് നേരം വായുവിൽ പറന്നുനടന്നു.

വ്യോമയാന സാങ്കേതികവിദ്യയുടേയും വ്യവസായത്തിന്റേയും വിസ്മയിപ്പിക്കുന്ന ചരിത്രം അവിടെനിന്നു തുടങ്ങുന്നു.

അതുപോലെ ഒരു ക്യാമറയുടെ ഫിലിമിൽ കുടുങ്ങിക്കിടന്നിരുന്ന ചിത്രങ്ങൾക്ക് 'ചലന സ്വാതന്ത്ര്യം' നൽകിയതും രണ്ടുഫ്രഞ്ച് സഹോദരന്മാർ തന്നെയാണ്. ചരിത്രത്തിലെ മറ്റൊരു ' സാഹോദര്യ കൗതുകം.'

ചലച്ചിത്രഛായാഗ്രഹണത്തിന് (സിനിമാറ്റോഗ്രഫി) തുടക്കം കുറിച്ചത് ലൂമിയേ സഹോദരന്മാർ എന്നറിയപ്പെടുന്ന അഗസ്തെ ലൂമിയേയും ലൂയി ലൂമിയേയും ആണ്.

കണ്ണിന്റെ സവിശേഷതയായ പെർസിസ്റ്റൻസ് ഓഫ് വിഷൻ ആണ് സിനിമാറ്റോഗ്രാഫിയുടെ അടിസ്ഥാനം.

ഒരു വസ്തുവിന്റെ പ്രതിബിംബം കണ്ണിലെ റെറ്റിനയിൽ പതിനാറിൽ ഒരു സെക്കൻഡ് സമയത്തേക്ക് തങ്ങി നിൽക്കുന്നു. അതിനാൽ നിശ്ചല ദൃശ്യങ്ങൾ ഈ സമയത്തിൽ കൂടുതൽ വേഗത്തിൽ ചലിപ്പിച്ചാൽ ആ വസ്തു ചലിക്കുന്നതായി തോന്നും.

1895–ൽ അവർ സെക്കൻഡിൽ 16 ഫ്രെയിമുകൾ കടന്നുപോകുന്ന രീതിയിൽ ഒരു പ്രൊജക്ടറും ക്യാമറയും വികസിപ്പിച്ചെടുത്തു. ചലിക്കുന്ന ചിത്രം– അങ്ങനെയാണ് 'ചലച്ചിത്രം' എന്ന പേരു രൂപപ്പെട്ടത്.




ചലിക്കുന്ന രൂപങ്ങളിൽ ശബ്ദവും നിറങ്ങളും സംയോജിപ്പിക്കാം എന്നുകണ്ടെത്തിയതോടെ സിനിമയുടെ കമേഴ്സ്യൽ സാദ്ധ്യതകൾ കുതിച്ചുയർന്നു.

ചലച്ചിത്ര വ്യവസായവുമായി ബന്ധപ്പെട്ട് ഹോളിവുഡ്, ബോളിവുഡ്, കോളിവുഡ് എന്നിങ്ങനെയുള്ള വാക്കുകളും നമുക്ക് പരിചിതമായി. ഡിജിറ്റൽ യുഗത്തിന്റെ വരവോടുകൂടി സിനിമാ നിർമ്മാണത്തിലെ ഒരുപ്രധാന ഘടകമായിരുന്ന സെല്ലുലോസ് ഫിലിമുകൾ പൂർണ്ണമായും രംഗത്തുനിന്ന് അപ്രത്യക്ഷമായി.

ഏറ്റവും കൂടുതൽ 'മാസ്സ് അപ്പീലുള്ള' ഒരു വിനോദോപാധി സിനിമതന്നെയാണ്.

ശാസ്ത്രീയ സംഗീതം, ക്ലാസിക്കൽ ഡാൻസ്, കഥകളി– ഇതൊക്കെ ആസ്വദിക്കണമെങ്കിൽ ഈ കലാരൂപങ്ങളെക്കുറിച്ച് ചെറിയതോതിലെങ്കിലും ഒരു ജ്ഞാനം ആസ്വാദകന് ഉണ്ടായിരിക്കണം. പക്ഷേ ഒരുമുന്നൊരുക്കവുമില്ലാതെ സാധാരണക്കാർക്ക് ആസ്വദിക്കാൻ കഴിയുന്ന ഒരു കലാരൂപമാണ് സിനിമ.

സിനിമ ജനപ്രിയമാകണെങ്കിൽ പ്രധാനമായും മൂന്നുഘടകങ്ങൾ അത്യാവശ്യമാണെന്നു

ശാസ്ത്രീയ സംഗീതം, ക്ലാസിക്കൽ ഡാൻസ്, കഥകളി - ഇതൊക്കെ ആസ്വദിക്കണമെങ്കിൽ ഈ കലാരൂപങ്ങളെക്കുറിച്ച് ചെറിയതോതിലെങ്കിലും ഒരു ജ്ഞാനം ആസ്വാദകന് ഉണ്ടായിരിക്കണം.

പറയാം. ശക്തമായൊരു തിരക്കഥ, സംവിധാന മികവ്, പിന്നെ ഹൃദയസ്പർശിയായ അഭിനയ മുഹൂർത്തങ്ങൾ.

ഇതിനോടൊപ്പം ചേർന്നു നിൽക്കുന്ന മറ്റുചില ഘടകങ്ങളുമുണ്ട്- ചിത്ര സംയോജനം (എഡിറ്റിങ്), സംഗീതം, സൗണ്ട് എഞ്ചിനീറിങ്, അങ്ങനെ ചില ഘടകങ്ങൾ.

ഇത്തവണത്തെ സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരങ്ങളിൽ ബെസ്റ്റ് എഡിറ്റർ ആയി തെരഞ്ഞെടുക്കപ്പെട്ട ഇ. എസ്. സൂരജിനെ അഭിനന്ദിക്കുന്നതിനും സ്വസ്തി വായനക്കാർക്ക് സൂരജിനെ അഭിമാനപൂർവ്വം പരിചയപ്പെടുത്തുവാനുമാണ് സിനിമാരംഗം കടന്നുവന്ന വഴികളെക്കുറിച്ച് ചെറിയരീതിയിൽ ഒന്നുപരാമർശിച്ചത്.

സൂരജിന്റെ വിശേഷങ്ങളിലേയ്ക്ക്...

തൃശ്ശൂർ ജില്ലയിൽ കൂർക്കഞ്ചേരിക്കടുത്തുള്ള വടൂക്കരയിൽ തെക്കെ ഇരവിമംഗലം ഇല്ലത്ത് 1982 ലാണ് സൂരജിന്റെ ജനനം. അച്ഛൻ ശങ്കരൻ നമ്പൂതിരി. അമ്മ ശ്രീദേവി അന്തർജ്ജനം. രണ്ടുപേരും ഇപ്പോൾ നമ്മുടെ കൂടെയില്ല.

കുന്നംകുളത്തുള്ള ഗവണ്മെന്റ് പോളിടെക്ക്നിക്കിൽ നിന്ന് കമ്പ്യൂട്ടർ ടെക്നോളജിയിൽ ഡിപ്ലോമ നേടിയ ശേഷം തൃശ്ശൂരിലുള്ള ഇന്റ്ഗ്രാം എന്ന സ്ഥാപനത്തിൽ രണ്ടുവർഷം പ്രോഗ്രാമർ ആയി ജോലി ചെയ്തു.
2002 ൽ തൃശ്ശൂരിൽ നടന്ന സോമയാഗം റിപ്പോർട്ട് ചെയ്യാൻ ഗൾഫ് രാജ്യത്തുനിന്ന് മിഡിൽ ഈസ്റ്റ് ടെലിവിഷന്റെ പ്രതിനിധിയുമുണ്ടായിരുന്നു- രജിത്കുമാർ. രജിത് കുമാറിന് യാഗത്തിന്റെ ചിട്ടകളെക്കുറിച്ച് ഒന്നുമറിയില്ലായിരുന്നു.

അദ്ദേഹം സുഹൃത്തായ സ്മൃതിരാജിനെ- സൂരജിന്റെ ഏട്ടനെ സമീപിച്ചു. സ്മൃതിരാജിന്റെ നിർദ്ദേശ പ്രകാരം സൂരജ് ടെലിവിഷൻ പ്രതിനിധിയെ യാഗത്തെക്കുറിച്ചുള്ള വീഡിയോകൾ തയ്യാറാക്കാൻ സഹായിച്ചു.

സൂരജിന് കലയിലുള്ള താല്പ

ര്യം തിരിച്ചറിഞ്ഞ രജിത് കുമാർ ജോലികഴിഞ്ഞ് തിരിച്ചുപോകുമ്പോൾ ഒരു നിർദ്ദേശം മുന്നോട്ടുവെച്ചു- വരുംകാലങ്ങളിൽ പരസ്യചിത്രങ്ങളിലും സിനിമാരംഗത്തും നോൺ ലീനിയർ എഡിറ്റിങ്ങ് എന്ന സാങ്കേതികവിദ്യയ്ക്ക് വളരെയേറെ പ്രസക്തിയുണ്ടായിരിക്കും. സൂരജ് ആ രംഗത്ത് പരിശീലനം നേടുന്നത് നന്നായിരിക്കും.

മീഡിയ പ്രതിനിധിയുടെ അഭിപ്രായം കണക്കിലെടുത്ത് സൂരജ് തൃശ്ശൂരിലെ പ്രശസ്തമായ ചേതന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നോൺ ലീനിയർ എഡിറ്റിങ് കോഴ്സിനു ചേർന്നു. എഡിറ്റിങ്ങ് രംഗത്ത് ഈ സാങ്കേതികവിദ്യയുടെ ഉപയോഗം തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു. പരസ്യവുമായി ബന്ധപ്പെട്ട് അഡ്വർട്ടൈസിങ് ഏജൻസിക്ക് കണ്ടന്റ് ക്രിയേറ്റ് ചെയ്യുവാൻ നോൺ ലീനിയർ എഡിറ്റിങ്ങ് വിദ്യ ഉപയോഗപ്പെടുത്താൻ കഴിയും.

ചേതനയിലെ കോഴ്സിനുശേഷം സൂരജ് ഏകദേശം ഒരാറുമാസക്കാലം ക്ഷേത്രങ്ങളിൽ പൂജയുമൊക്കെയായി മുന്നോട്ടു നീങ്ങി. അങ്ങനെയിരിക്കെ എറണാകുളത്തുള്ള, സംവിധായകൻ ലാലിന്റെ ഉടമസ്ഥതയിലുള്ള ലാൽ മീഡിയ സൂരജിനെ ഒരു ഇന്റർവ്യൂവിന് ക്ഷണിച്ചു. വേറേയും ഉദ്യോഗാർത്ഥികളുണ്ടായിരുന്നെങ്കിലും സൂരജിനാണ് സെലക്ഷൻ കിട്ടിയത്.

അങ്ങനെ 2003 ൽ സൂരജ് ലാൽ മീഡിയയിൽ ജോയിൻ ചെയ്തു.

പരസ്യ ചിത്രങ്ങളുടേയും സിനിമാട്രെയിലറുകളുടേയും എഡിറ്റിങ്ങുമായി സൂരജ് ഏകദേശം ആറുവർഷം ലാൽ സ്റ്റുഡിയോയിൽ തുടർന്നു. ക്ലാസ്സ്മേറ്റ്സ്,അറബിക്കഥ, മുല്ല, മായാവി- അങ്ങനെ കുറേ പടങ്ങളുടെ ഫിലിം ട്രെയിലറുകൾ സൂരജ് ആണ് എഡിറ്റ് ചെയ്തത്.

ഏകദേശം ആറുവർഷത്തോളം ലാൽ മീഡിയയിൽ പരസ്യചിത്രങ്ങളുടേയും ചലച്ചിത്രങ്ങളുടെ ട്രെയിലറുകളുടേയും എഡിറ്റർ ആയി സൂരജ് ജോലി ചെയ്തു.



**പരസ്യ ചിത്രങ്ങളുടേയും സിനിമാട്രെയിലറുകളുടേയും എഡിറ്റിങ്ങുമായി സൂരജ് ഏകദേശം ആറുവർഷം ലാൽ സ്റ്റുഡിയോയിൽ തുടർന്നു**

ജിബു ജേക്കബ് സംവിധാനം ചെയ്ത 'വെള്ളിമൂങ്ങ' യാണ് ആദ്യമായി ഇൻഡിപെൻഡന്റ് ആയി സൂരജ് എഡിറ്റ് ചെയ്ത ഫീച്ചർ ഫിലിം. അതൊരു ബ്രേയ്ക് ത്രു ആയിരുന്നു.

2013 ൽ എറണാകുളത്ത് വൈറ്റിലയ്ക്കടുത്ത് ആധുനിക സാങ്കേതിക വിദ്യകളുമായി, സൂരജ് സ്വന്തം ഉടമസ്ഥതയിൽ 'ടാഡ് സ്റ്റുഡിയൊ' ആരംഭിച്ചു. ചലച്ചിത്രങ്ങളുടേയും പരസ്യ ചിത്രങ്ങളുടേയും എഡിറ്റിങ്ങ്, കളർ ഗ്രേഡിങ്ങ് തുടങ്ങിയ വർക്കുകളാണ് സ്റ്റുഡിയോയിൽ ചെയ്തുവരുന്നത്.

എട്ടുപേർ സൂരജിന്റെ സ്റ്റുഡിയോയിൽ ജോലിചെയ്തു വരുന്നു. ഇവരിൽ രണ്ടുപേർ നമ്പൂതിരിമാരുമാണ്. തൃശ്ശൂർ ജില്ലയിലെ പഴങ്ങാപ്പറമ്പ് ഇല്ലത്തെ ശ്രീപ്രവീൺ ഏകദേശം പത്തുവർഷമായി സൂരജിന്റെ ടീമിലുണ്ട്.

പെരുമ്പാവൂർ ഈശ്വരമാത്തിലെ അനിരുദ്ധൻ കൃഷ്ണകുമാറും സൂരജിന്റെ ടാഡ് സ്റ്റുഡിയോയിൽ ജോലി ചെയ്യുന്നു.

എടപ്പാൾ കാവുങ്കൽ ഇല്ലത്തെ ആതിരയാണ് സൂരജിന്റെ സഹധർമ്മിണി. മകൾ ശ്രീദിയ ഏഴാം ക്ലാസ് വിദ്യാർത്ഥിനി. മകൻ സുദേവ് നാലാം ക്ലാസ് വിദ്യാർത്ഥി.. രണ്ടുപേരും എളമക്കര ഭവൻസ് സ്കൂളിൽ പഠിക്കുന്നു.

കൂർക്കഞ്ചേരിയിലുള്ള തെക്കെ ഇരവിമംഗലത്തെത്തുമ്പോൾ ഒരു കൂട്ടുകുടുംബത്തിന്റെ മാധുര്യം നമുക്ക് ആസ്വദിക്കാൻ കഴിയും.

സൂരജിന്റെ ചെറിയമ്മ, ചെറിയമ്മയുടെ മകൻ സന്ദീപ്, സന്ദീപന്റെ കുടുംബം, സ്മൃതിരാജ്, സ്മൃതിരാജിന്റെ കുടുംബം... എല്ലാവരും ചേർന്ന ഈ കൂട്ടുകുടുംബം നല്ലനിലയിൽ മുന്നോട്ടു പോകുന്നു.

സൂരജും കുടുംബവും എറണാകുളത്താണ് താമസം. ഈ കൂട്ടുകുടുംബം നൽകുന്ന സ്വാതന്ത്ര്യവും ഊർജ്ജവും തന്നെയാണ് സൂരജിന്റെ പ്രവർത്തനമികവിനുള്ള ചാലകശക്തിയായി മാറുന്നത്.

ജീവിതത്തിലെ സമസ്ത മേഖലകളിലും എഡിറ്റിങ്ങ് പ്രോസസ്സിന് പ്രാധാന്യമുണ്ട്. വിജയത്തിന് ആവശ്യമായ എല്ലാ ചേരുവകളും വേണ്ടതുപോലെ ചേർത്ത് എഡിറ്റ് ചെയ്താൽ ജീവിതവും ഒരു സൂപ്പർ ഹിറ്റ് സിനിമപോലെ നമുക്ക് ആസ്വദിക്കാം.

2002 ൽ തൃശ്ശൂരിൽ നടന്ന സോമയാഗത്തിന്റെ പ്രസാദമാണോ സൂരജിന് ലഭിച്ച പുരസ്ക്കാരം എന്ന് വെറുതെ ചിന്തിച്ചുപോയി.ദിൻജിത്ത് അയ്യത്താൻ സംവിധാനം ചെയ്ത 'കിഷ്ക്കിന്ധാകാണ്ഡം' എന്ന ചിത്രത്തിന്റെ എഡിറ്റിങ്ങിനാണ് സൂരജ് പുരസ്ക്കാരത്തിന് അർഹനായിട്ടുള്ളത്. ●


ഇ. എസ്. സൂരജ്,
തെക്കെ ഇരവിമംഗലം മന,
കൂർക്കഞ്ചേരി, തൃശ്ശൂർ ജില്ല
പിൻ:680007 ഫോൺ:96332 11119
മാന്തിട്ട വിഷ്ണു
മാന്തിട്ട മന, വെങ്കിടങ്ങ്, തൃശൂർ
ജില്ല ഫോൺ: 8714839298

ചെറുകഥ

# ശാന്തമല്ല പാപം

**ദേവദത്ത താമരക്കുളം**



'ഹാ.. സർ എത്തിയോ. ഞാൻ കാത്തിരിക്കുവായിരിന്നു.''ബെൽ അടിച്ചിട്ട് കുറച്ചു നേരമായല്ലോ എന്താ താമസിച്ചത്?''അയ്യോ സോറി.ഞാൻ അടുക്കളയിലായിരുന്നു. സർ അകത്തേക്ക് വാ.'

അയാൾ അകത്തു കയറി.

'സർ വരുന്നത് ആരെങ്കിലും കണ്ടോ? കാറിലാണോ വന്നേ?''ഏയ് ഇല്ല ആരും കണ്ടിട്ടില്ല. ഞാൻ ഒരു കിലോമീറ്റർ അപ്പുറത്ത് കാർ നിർത്തിയിട്ടാ വന്നേ. സ്വാതി പേടിക്കണ്ട ആരും കണ്ടില്ല.''കറക്റ്റ് ടൈമിംങാ സാറിന് എട്ടു മണി ആയതേ ഉള്ളൂ.''അത് പിന്നെ ഇത്രയും പെട്ടന്ന് താൻ എന്നെ വീട്ടിലോട്ട് വിളിക്കുമെന്ന് ഞാൻ കരുതിയില്ല. അപ്പൊ ഞാൻ ലേറ്റ് ആക്കാൻ പാടില്ലല്ലോ.'അയാൾ ഒരു കള്ള ചിരി ചിരിച് അവളുടെ മുഖത്ത് ഒന്ന് തലോടി. കാലിന്റെ മുകളിൽ കാൽ കയറ്റി വെച്ച് സോഫയിൽ ഇരുന്നു.

'എന്ത് ചെയ്യാനാ സാറെ ആരും ഇല്ലാത്ത ഒരു ദിവസം കിട്ടണ്ടേ. എല്ലാം കൂടെ ഒത്തു വന്നത് ഇന്നാണ്.''അത് സാരമില്ലാ ഇന്നെങ്കിലും താൻ ഓക്കേ ആണെന്ന് പറഞ്ഞല്ലോ. ഈ സാരീ കൊള്ളാം. എനിക്ക് ഇഷ്ടപ്പെട്ട കളർ. ഹോസ്പിറ്റലിൽ എപ്പോഴും വെള്ളയല്ലേ ഈ വേഷത്തിൽ തന്നെ കാണാൻ എന്തോ ഒരു പ്രത്യേകതയുണ്ട്.സാരീ നല്ലോണം ചേരും ഈ ശരീരത്തിന്. '

അയാൾ അവളെ അടിമുടി നോക്കി ഒന്ന് കണ്ണിറുക്കി.

'സർ എന്നാ വാ നമുക്ക് കഴിക്കാം.നല്ല ചപ്പാത്തിയും ചിക്കൻ കറിയും ഉണ്ട്.'അവൾ ഒന്ന് ചിരിച്ച് കൊണ്ട് അടുക്കളയിലേക്ക് ഓടി.അയാൾ ഇൻസൈഡ് ആക്കിയ ഷർട്ട് പുറത്തേക്ക് ഇട്ട് കൈ കഴുകി കസേരയിൽ വന്നിരുന്നു.

'നല്ല മണം വരുന്നുണ്ടല്ലോ സ്വാതി നല്ലൊരു കുക്കാണെന്നു തോന്നുന്നു.'അയാൾ മടക്കിക്കുത്തിയ അവളുടെ സാരി തുമ്പ് പിടിച്ച് അയാളിലേക്ക് അവളെ ചേർത്തുകൊണ്ട് പറഞ്ഞു.

' സർ കഴിച്ച് നോക്കിയിട്ട് പറ. അല്ലാതെ മണം നല്ലതാണെന്നു വെച്ച് ഭക്ഷണത്തിന്റെ രുചി ഇഷ്ടപ്പെടണമെന്നില്ലല്ലോ.''നീ എന്തുണ്ടാക്കിയാലും എനിക്കിഷ്ടപ്പെടും മോളേ.' അയാളുടെ നോട്ടത്തിലും ഭാവത്തിലും വ്യത്യാസം വരാൻ തുടങ്ങി.

'സർ എന്തായാലും കഴിക്ക്.' അവൾ അയാൾക്ക് വിളമ്പി കൊടുത്തു.

'നീ ഇരിക്കുന്നില്ലേ. ഇല്ല സർ കഴിച്ചോ ഞാൻ പിന്നെ കഴിച്ചോളാം. '

'എന്നാ ശെരി ഒരു നാല് ചപ്പാത്തി ഇങ്ങോട്ടിട്.'അവൾ അയാൾക്ക് എതിർ വശത്തായി ഇരുന്നു.

'മ്മ്...ഞാൻ പറഞ്ഞപോലത്തന്നെ എന്ത് നല്ല ടേസ്റ്റ്.നിന്നെ പോലെത്തന്നെയുണ്ട്.'അയാൾ ആസ്വദിച്ച് ആസ്വദിച്ച് അവളുണ്ടാക്കിയ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു.

'അല്ല സ്വാതി നീ നിന്റെ എന്തോ ഫ്ളാഷ്ബാക്ക് പറയാനുണ്ടെന്ന് പറഞ്ഞില്ലേ അത് പറ.'അയാൾ ഒരു ചപ്പാത്തി കഷ്ണം വായിലിട്ട് കൊണ്ട് പറഞ്ഞു.

'ഇപ്പോഴോ?? '

'ഹാ നീ പറയന്നേ.. നിന്റെ മധുരമായ ശബ്ദവും നിയുണ്ടാക്കിയ ഭക്ഷണവും. രണ്ടും കൂടെ എനിക്ക് കുളിരുകൊരുന്നു.'അയാൾ ഉറക്കെ ചിരിച്ചു.

'ഒരു അഞ്ചു വർഷം മുന്നത്തെ കഥയാ സർ. അന്ന് ഞാൻ നാലാം വർഷം നേഴ്സിംഗ് ആയിട്ടേ ഉള്ളു. ഒരു ദിവസം രാവിലെ ചേച്ചിക്ക് പെട്ടന്ന് വയ്യ എന്ന് പറഞ്ഞ് ഒരു കാൾ. അവളും അതെ ഹോസ്പിറ്റലിൽ നേഴ്സ് ആയിരുന്നു. അവളെ കണ്ടാ ഞാനും ഈ പ്രൊഫഷൻ എടുത്തേ. നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് എത്തേണ്ട സമയം കഴിഞ്ഞിരുന്നു അന്ന്. അവളെ കാണാതെ അമ്മ നല്ല ടെൻഷനിൽ ആയിരുന്നു.അപ്പോഴാണ് ഈ കാൾ.ഞങ്ങളെല്ലാവരും ഹോസ്പിറ്റലിലേക്ക് ഓടി.

പാവം ഹോസ്പിറ്റലിന്റെ മേലെത്തെ നിലയിൽ നിന്നും കാലുതെറ്റി താഴേക്ക് വീണതായിരുന്നു. കോമയിലായിരുന്നു രണ്ട് വർഷം.പിന്നേ.... '

അവളുടെ വാക്കുകൾ ഇടറി.

'അയ്യോ സോറി ഞാൻ അങ്ങനെ ഒന്നും ഉണ്ടാവും എന്നുകരുതി അല്ലാ ചോദിച്ചേ. ഐ ആം സോറി.''ഏയ് അത് സാരമില്ല സർ.എന്നായാലും സർ അറിയണ്ട കഥ തന്നെയായിരുന്നു.' അവൾ കണ്ണുകൾ തുടച്ചു.

'ഞാൻ വന്നപ്പോ മുതൽ ശ്രദ്ധിക്കുന്നതാ നിന്റെ ഈ സർ വിളി. അത് വേണ്ട.പേര് വിളിച്ച മതി.കേട്ടോ '

'ശെരി Dr. റോബിൻ '

അവൾ ചിരിച്ചു.

'അല്ലാ അപ്പൊ അച്ഛനും അമ്മയുമൊക്കെ? '

അയാൾ കൈ കഴുകാനായി എഴുന്നേറ്റു.

'അവർ നാട്ടിലുണ്ട് അനിയൻ ഇപ്പൊ എൻജിനീറിങ്.

ഒരു ചപ്പാത്തി കൂടെ കഴിക്കു റോബിൻ.''ഏയ് വേണ്ട. കുറച്ചു കഴിഞ്ഞ് വിശന്നാൽ കഴിക്കാം.' അയാൾ കൈ കഴുകി അവളുടെ സാരീ തുമ്പിൽ മുഖവും കയ്യും തുടച്ചു.

അവൾ പാത്രങ്ങൾ അടുക്കളയിലേക്ക് കൊണ്ടുപോയി വെച്ചു.അകത്തു നിന്ന് ഒരു ഫോട്ടോയും എടുത്താണ് വന്നത്.

'റോബിൻ. ഇതാ എന്റെ ചേച്ചി.'കണ്ണാടിയിൽ നോക്കികൊണ്ട് താടിയും മുടിയും നേരെ ഒതുക്കുകയായിരുന്ന അയാൾക്ക് അവൾ ആ ഫോട്ടോ നീട്ടി.

ആ ഫോട്ടോ കണ്ട് അയാളുടെ കണ്ണ് തള്ളിപ്പോയി.

'ഇത്... ഇത്... രേവതി അല്ലെ.?''അതെ രേവതി.റോബിനറിയുവോ എന്റെ

ചേച്ചിയെ .'‘ഇ.. ഇല്ല.'‘പിന്നേ എങ്ങനെ അവളുടെ പേര് അറിഞ്ഞു. ഞാൻ മുൻപ് പറഞ്ഞിട്ടില്ലല്ലോ?'അയാൾ നന്നായി വിയർക്കാൻ തുടങ്ങി.

‘എന്താ റോബിനെ ഇങ്ങനെ കള്ളം പറയുന്നേ. എന്റെ ചേച്ചി നിന്റെ കൂടെയല്ലേ ആദ്യം വർക്ക് ചെയ്തത്. അവിടെന്നല്ലെ അവൾ വീണ് കോമയിലായത്തും മരിച്ചതും. ഒക്കെ മറന്നോ.'അവൾ അവനെ പിടിച്ച് സോഫയിൽ ഇരുത്തി.

‘നൈറ്റ് ഡ്യൂട്ടിക്കിടയിൽ അവളെ താഴേക്ക് തള്ളിയിട്ടു കൊന്നതും നിയാണെന്ന് ഞാൻ തന്നെ ഓർമ്മിപ്പിക്കണമായിരിക്കും അല്ലേടാ.' അവളുടെ കണ്ണുകൾ ചുവന്നു.കയ്യിനു പുറകിൽ ഒളിപ്പിച്ച കത്തി എടുത്ത് അവന്റെ കഴുത്തിനു നേരെ വെച്ച് അവൾ അലറി. അന്ന് വരെ അവളെ ശാന്തമായി കണ്ടിരുന്ന റോബിൻ ഈ രൂപമാറ്റം കണ്ട് ഭയന്നു.

‘അന്ന് ഡോക്ടർ എന്നോട് പറഞ്ഞത് എന്താണെന്ന് നിനക്ക് അറിയുമോ. She was brutally raped എന്ന്.അത് ചെയ്തതും നീയല്ലേ.'അയാളുടെ കണ്ണുകളിലെ ഭയം അവളുടെ ഊർജം കൂട്ടി.

‘എങ്ങനെ തോന്നി നിനക്ക് എന്റെ പാവം ചേച്ചിയെ. അവൾ എന്ത് തെറ്റ് ചെയ്തിട്ടാ നിന്നോട്.'അവളുടെ കണ്ണുകൾ നിറഞ്ഞു.

‘സ്വാതീ.... പ്ളീസ് എന്നെ വെറുതെ വിടണം. അന്ന് എനിക്ക് പറ്റിപ്പോയി. വേണം എന്ന് വെച്ചിട്ട് അല്ലാ.അന്ന്.... അറിയാതെ കൈ വിട്ട് പോയി.കൊല്ലണം എന്ന് കരുതിയിട്ടില്ല.ഞാൻ....അറിയാതെ അറിയാതെ...... ‘

‘മിണ്ടരുത് നീ...'അവൾ അവന്റെ തൊണ്ടയിൽ പിടിച്ചു.

‘വെറും 22 വയസ്സ് ആയിരുന്നെടാ അന്ന് അവൾക്ക്. ഒരുപാട് സ്വപ്നം ഉണ്ടായിരുന്നെടാ.നീയല്ലേ അതൊക്കെ നശിപ്പിച്ചത്. ഞങ്ങളുടെ കുടുംബം.... അതിനു ശേഷം എന്താ ഉണ്ടായെന്നു നിനക്ക് അറിയുമോ. ഓരോ ദിവസം കഴിയുന്തോറും ഞങ്ങൾ ഇഞ്ചിഞ്ചായി ചത്തോണ്ട് ഇരിക്കുവായിരുന്നു. നിയാണ് അത് ചെയ്തത് എന്ന് അറിഞ്ഞപ്പോ എങ്ങനെയെങ്കിലും നിന്നെ സോപ്പ് ഇട്ട് ഇങ്ങോട്ട് കൊണ്ടുവരാൻ ഇതേ ഉള്ളൂ മാർഗം എന്ന് മനസ്സിലാക്കിയിട്ടു തന്നെയാടാ ഞാൻ നിന്നോട് ഇങ്ങനെയൊക്കെ പെരുമാറിയത്.'‘സ്വാതീ.. പ്ലീസ് എനിക്ക് അന്ന് അബദ്ധം പറ്റിയതാണ്.ഞാൻ പറഞ്ഞില്ലേ. എനിക്ക് ഒരു ഭാര്യേം കുടുംബവും ഉണ്ട്. അവർക്ക് ഞാൻ മാത്രമേ ഉള്ളൂ എന്നെ വെറുതെ വിടണം പ്ലീസ്.'അവൾ അയാളുടെ മുഖത്ത് ആഞ്ഞടിച്ചു.



ആദ്യമായാണ് ഒരാളുടെ കൈ അയാളുടെ മുഖത്ത് പതിയുന്നത്. അതും ഒരു സ്ത്രീയുടെ.

‘എടോ... എടോ... നാണമുണ്ടോടോ നിനക്ക്.ഈ ഭാര്യേം കുടുംബവും ഒന്നും എന്നോട് തൊട്ട് ഉരുമ്മുമ്പോൾ തനിക്ക് ഓർമയില്ലല്ലോ. ഞാൻ വീട്ടിലേക്ക് വരാൻ വിളിച്ചപ്പോ മറ്റൊന്നും ആലോചിക്കാതെ വന്നതും പോരാ എന്നിട്ട് ഇപ്പോ ഭാര്യയെ ഓർത്ത് വെറുതെ വിടാൻ പറയുന്നോ. തൂ.....

ഇതുപോലെ ആയിരുന്നില്ലെടോ എന്റെ ചേച്ചിയും തന്നോട് കരഞ്ഞു പറഞ്ഞത്.എന്നിട്ട് താൻ വെറുതെ വിട്ടോ. ഇതാണെടോ കർമഫലം. നീ ചെയ്ത തെറ്റിന് നീ തന്നെ അനുഭവിക്കും.നിന്നെ ഞാൻ വെറുതെ വിടില്ല.'പെട്ടന്നയാൾ അവളുടെ കൈ തട്ടി മാറ്റി അവളെ തള്ളിയിട്ട് ഡോർ തുറന്ന് പുറത്തേക്കോടി. അയാളുടെ തള്ളലിൽ തലയിടിച്ച് വീണ അവൾക്ക് അയാളുടെ പുറകെയോടാൻ കഴിഞ്ഞില്ല. ആ രാത്രിയിൽ അയാൾ എങ്ങോട്ടാ മാഞ്ഞുപോയ പോലെ അവൾക്കു തോന്നിപോയി.

പിറ്റേന്ന് രാവിലെ പത്രം എടുത്തപ്പോൾ ‘നിയന്ത്രണം വിട്ട കാർ മരത്തിൽ പോയിടിച്ചു ഡോക്ടർക്ക് മരണം' എന്ന പത്ര വാർത്ത അവളെ വല്ലാതെ സന്തോഷിപ്പിച്ചു.പോസ്റ്റുമാർട്ടത്തിന് ശേഷം വിഷം ഉള്ളിൽ ചെന്നാണ് മരിച്ചത് എന്ന വാർത്തയും കൂടെ കേൾക്കാൻ അവൾക്ക് കൊതിയായി. ●

ദേവദത്ത ടി.കെ., കമലവിലാസ്
മണാശ്ശേരി പി.ഒ, 673602
മൊബൈൽ: 9188895321

# നന്മ നിറഞ്ഞവൻ ശ്രീനിവാസൻ

**മിനി ഭട്ടതിരി**





ഈ ഫോട്ടോയിൽ കാണുന്ന പോലെയല്ലാ നേരിട്ടു കണ്ടാൽ ഞാൻ, ഇതിനേക്കാൾ വെളുത്തിട്ടാണ്,സുന്ദരനാണ്.....

പൂനെ ഫിലിം ഇൻസ്റ്റിട്ട്യൂട്ടിലേയ്ക്കുള്ള പ്രവേശന ഫോമിൽ ഇങ്ങനെയെഴുതിയിരുന്നതായി താങ്കൾ, സെനറ്റ് ഹാളിലെ തിങ്ങി നിറഞ്ഞ സദസ്സിനോടായി പറയുമ്പോൾ ഞാനും ആ സദസ്സിലുണ്ടാർന്നൂട്ടോ..... സദസ്സിൽനിന്നുയർന്ന ചിരീടെ ആരവം ഇപ്പോഴും എന്റെ കാതുകളിൽ മുഴങ്ങ്ണ്ട്. മുപ്പതുകൊല്ലങ്ങൾക്കു മുമ്പുള്ള ആ വൈകുന്നേരം ചിത്രം സിനിമാ മാസികേടെ ഉദ്ഘാടനായിരുന്നു .... അതു നമ്മടെ രണ്ടാൾടേം രണ്ടാമത്തെ കൂടിക്കാഴ്ച....

വടക്കു നോക്കിയന്ത്രത്തിന്റെ പ്രിവ്യൂ വഴുതയ്ക്കാട്ടെ കലാഭവൻ തീയേറ്ററിൽ നടന്ന ദിവസം.... ഏട്ടനോടൊപ്പം കൊച്ചുമോനും ഞാനും തീയേറ്ററിൽ പോയിരുന്നു.... പരിചയക്കാർ ധാരാളമുണ്ടായിരുന്ന അവിടെ എന്റെ തൊട്ടടുത്ത് നിന്ന താങ്കളെ എനിയ്ക്ക് മനസ്സിലായില്ല്യ..... മിനീ.... ഇതാണ് നടൻ ശ്രീനിവാസൻ... കൊച്ചുമോൻ പറഞ്ഞു തന്നു.... അതായിരുന്നു നമ്മടെ ആദ്യ കൂടിക്കാഴ്ച. എന്റെ സങ്കല്പത്തിലെ നടന്റെ രൂപമോ ഭാവമോ ആയിരുന്നില്ല താങ്കൾക്ക് ...

അക്കാലത്ത് എണ്ണത്തിൽ വളരെ കുറവായിരുന്നൂലോ എന്റെ ചലച്ചിത്രക്കാഴ്ചകൾ .....

കാലമെത്ര കഴിഞ്ഞു.... എന്റെ അപ്പു ഒരു എഡിറ്ററായി , ഡയറക്ടറായി .... വിനീതും ധ്യാനും അഭിനയിച്ച കുഞ്ഞിരാമായണത്തിന്റെ എഡിറ്റർ അപ്പുവായിരുന്നല്ലോ......

കഴിഞ്ഞ കൊല്ലം കൊച്ചീല് ലേ മെറിഡിയനിൽ യ്ക്ക് അപ്പൂന്റൊപ്പം ഫിലിം ക്രിട്ടിക്സ് അവാർഡു ദാനത്തിനു പോയപ്പോഴാണ് താങ്കളെയും വിമല ടീച്ചറെയും ഞാൻ വീണ്ടും കണ്ടത് ...... അന്നു നമ്മൾ കുറച്ചുനേരം സംസാരിച്ചു...... അപ്പു, വിനീതുമായുള്ള പരിചയം അങ്ങയോട് പറഞ്ഞു .... ശാരീരിക അവശതകൾക്കിടയിലും തന്നെ കാണാൻ വന്നവരോട് തമാശയൊക്കെ പറഞ്ഞ് ചിരിയ്ക്കുന്ന താങ്കൾ, എനിയ്ക്കൊരതിശയമായിരുന്നു.....

ചെറിയ ചെറിയ കാര്യങ്ങൾപ്പോലും ഇത്രയും രസകരമായി മറ്റുള്ളവരെ പറഞ്ഞു വിശ്വസിപ്പിയ്ക്കാൻ കഴിഞ്ഞ പ്രിയ ശ്രീനിവാസൻ, താങ്കളുടെ പ്രതിഭയ്ക്കു നമസ്കാരം .....

സിനിമയിൽ ഉണർന്ന് സിനിമയിൽ ഉറങ്ങിയ ജീവിതകാലത്തിന് ഇനി ദീർഘവിശ്രമം ..... സ്നേഹാഞ്ജലികൾ ...... ●

മിനി ഭട്ടതിരി, 9446577475

മിനി ഭട്ടതിരി: പ്രശസ്ത കാലിഗ്രാഫർ നാരായണ ഭട്ടതിരിയുടെ ഭാര്യ. മകൻ അപ്പു ഭട്ടതിരി സിനിമാ എഡിറ്റർ, സംവിധായകൻ.വിനീത് ശ്രീനിവാസൻ സംവിധാനം ചെയ്ത കുഞ്ഞിരാമായണത്തിന്റെ ചിത്രസംയോജനം അപ്പുവെ പ്രശസ്തനാക്കി. 2018ൽ മികച്ച എഡിറ്റർക്കുള്ള സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരം നേടി. 2024 ലെ ഫിലിം ക്രിട്ടിക്സ് അവാർഡ് ജേതാക്കളിൽ അപ്പുവും ഉണ്ടായിരുന്നു. ശ്രീനിവാസൻ അന്നത്തെ ചടങ്ങിൽ മുഖ്യാതിഥി.



# നമ്പൂതിരിക്കും വഴങ്ങും മുഖമെഴുത്തിന്റെ സൗന്ദര്യം

പഠനകാലം! പലരും പാടിപ്പുകഴ്ത്തുംപോലെ സ്കൂൾ ജീവിതം അത്ര ചേതോഹരമായി അനുഭവപ്പെട്ടിട്ടില്ല. ഒന്നാമത് പാഠ്യവിഷയങ്ങളേക്കാൾ ഇഷ്ടം കലാപരമായ ഇനങ്ങളോടായിരുന്നു. മറ്റൊന്ന് ഒരു വടക്കൻ കഥയിലും ഒരു പാണനാരും പാടിയിട്ടില്ലാത്ത സവർണ്ണന്റെ ദാരിദ്ര്യം!

ഒരുവിധം പത്താംതരം കടന്നുകൂടുമ്പോൾ സാമ്പത്തിക ഞെരുക്കം ഇല്ലത്തെ കാർന്നുതിന്നിരുന്നു. അപ്പോഴും യുവജനോത്സവത്തിൽ പങ്കെടുക്കാൻ ഒട്ടും വിമുഖത കാട്ടിയില്ല !
ചിത്രകല! അത് ദൗർബല്യമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ വര തുടങ്ങി. വരയ്ക്കണം! വരകളിലൂടെ അറിയപ്പെടണം!അതായിരുന്നു ആഗ്രഹം. ആരും കൈയഴിഞ്ഞ് മനസ്സറിഞ്ഞ് സഹായിക്കാനില്ല. ആ ഇല്ലത്തെ വിഷ്ണു മറ്റെന്തു ചെയ്യാൻ! സകല ദൈവങ്ങളെയും മനസ്സറിഞ്ഞു വിളിച്ചു.
സഹിച്ചു! പലതും പലരിൽ നിന്നും.
ലക്ഷ്യം മാത്രമായിരുന്നു പ്രധാനം.
ഗുരുകാരണവന്മാരുടെ അനുഗ്രഹം.
ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം .ഒടുവിൽ ഡ്രോയിംഗ് ടീച്ചറായി.
1967-ൽ ചേന്ദമംഗലൂർ ഹൈസ്കൂളിൽ പാർട്ട് ടൈം അധ്യാപകൻ! ശമ്പളം 59 രൂപ!

രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ശ്രമിക്കുമ്പോഴെല്ലാം ഒരറ്റം വിട്ടിരിക്കും! എങ്കിലും കാലത്തോടും ദൈവത്തോടും നന്ദിപറയുന്നു ഇപ്പോൾ.
രണ്ടു വർഷം പിന്നിട്ട് 1969-ൽ സർക്കാർ അധ്യാപകനായി ജന്മനാട്ടിൽ! അപ്പോഴും ഉള്ളിലെ കലാകാരൻ ചമയമൊരുക്കാൻ പ്രേരിപ്പിച്ചുകൊണ്ടേയിരുന്നു.



വൃത്തിയായി ചെയ്യാമെന്ന ആത്മവിശ്വാസമുണ്ടായിരുന്നെങ്കിലും പക്ഷേ, ഇതൊരുക്കാൻ വേണ്ട ദ്രവ്യങ്ങളെക്കുറിച്ച് ഒരറിവും ഇല്ലായിരുന്നു. അപ്പോഴാണ് പഠിച്ച സ്കൂളിന്റെ (നടുവണ്ണൂർ ഹൈസ്കൂൾ) സിൽവർ ജൂബിലിയാഘോഷം! മൂന്നു ദിവസം കലാപരിപാടികൾ! ശ്രദ്ധ ചമയക്കാരനിൽ!പ്രഗത്ഭനായ മേക്കപ്പ് ആർട്ടിസ്റ്റ് കണാരൻ മാസ്റ്റർ!ഗുരു ചേമഞ്ചേരിയുടെ ചേലിയ കലാസമിതിയുടെ ചമയക്കാരൻ!ആ കൈവിരുത് കാണാൻ കൊതിച്ചു!

അന്ന് ഗ്രീൻ റൂമിലേക്ക് അന്യർക്ക് പ്രവേശനമില്ല.കൊതിമൂത്ത് ആഗ്രഹം ശേഖരൻകുട്ടി മാസ്റ്ററോട് പറഞ്ഞു. അദ്ദേഹം ഒരിളം ചിരിയോടെ മാഷെ ഗ്രീൻ റൂമിലാക്കി.
ചമയവും ഡ്രസ്സിംഗും കാണുകയായിരുന്നില്ല, ആവാഹിക്കുകയായിരുന്നു! ആദ്യത്തെ പ്രാക്ടിക്കൽ ക്ലാസ്! അങ്ങനെ ചമയക്കാരനായി!

ചമയത്തിന് ആവശ്യമായ കൺമഷി, റോസ് പൗഡർ, സിങ്ക് വൈറ്റ്, ചുവപ്പ്, മഞ്ഞ, നീല പൗഡറുകൾ എന്നിവ കോഴിക്കോട് മാത്രം ലഭിക്കുന്ന കാലം. മുഖമെഴുതാൻ ആവശ്യമായ രീതിയിൽ തയ്യാറാക്കുകയും വേണം.സിങ്ക് വൈറ്റ് വെളിച്ചെണ്ണയിൽ ചാലിച്ച് ചുവപ്പ്, മഞ്ഞ തുടങ്ങിയ പൗഡർ ചേർത്ത് കുഴച്ചെടുത്താണ് ഫൗണ്ടേഷൻ തയ്യാറാക്കുന്നത്. മുഖത്ത് കൈകൊണ്ട് തേച്ച് ഉള്ളംകൈയാൽ അതെല്ലാ ഭാഗത്തും ഒരേ അളവിൽ ചെയ്തെടുത്ത് ചുവപ്പ് കളർ ഉപയോഗിച്ച് തുടിപ്പുണ്ടാക്കി, മഷിയാൽ മിഴിയെഴുതി (ഇത് പിന്നീട് ഐബ്രോ പെൻസിലായി) യായിരുന്നു അന്നത്തെ ചമയിക്കൽ.
നാടക ചമയത്തിന് താടി, മീശ, വിഗ്ഗ് എന്നിവയും വാങ്ങി ഉപയോഗിച്ചിരുന്നു. കഷണ്ടിക്ക് പപ്പടക്കൂട്ടും.
ഈ കാലയളവിൽ ഒരുപാട് നാടകങ്ങൾക്കും നൃത്തങ്ങൾക്കും ചമയമൊരുക്കി!

ഉറക്കം അന്യംനിന്ന രാത്രികൾ നിരവധി!യുവജനോത്സവ നാളുകളിൽ ഉറക്കത്തോടൊപ്പം ഭക്ഷണവും വെടിയേണ്ടിവന്ന നിരവധി രാവുകൾ! പിന്നീട് സെറ്റിംഗ്സിലേക്കും വസ്ത്രാലങ്കാരത്തിലേക്കും ശ്രദ്ധപതിപ്പിക്കേണ്ടിവന്നു.

ശ്രീമുരുകൻ, ശിവരാത്രി മാഹാത്മ്യം തുടങ്ങിയ പുരാണ നാടകങ്ങൾക്ക് കർട്ടനും കട്ടൗട്ടറും ഒരുക്കി. ലിബറൽ തിയേറ്റേഴ്സ്, തരംഗിണി വാദ്യ സമിതി, വിക്രമൻ നായരുടെ സ്റ്റേജ് ഇന്ത്യ, എം.കെ.രവിവർമ്മയുടെ നാട്ടരങ്ങ് തുടങ്ങിയ നാടകസമിതികൾക്ക് ചമയമൊരുക്കി.
നാടകങ്ങളിൽ ശ്രദ്ധേയമായിരുന്നു വാത്മീകിയും കർണ്ണപർവ്വവും.
മാതാ പേരാമ്പ്രയുടെ സ്ഥിരം മേക്കപ്പ് ആർട്ടിസ്റ്റായിരുന്നു. അവരോടൊപ്പം ഗുജറാത്ത്, ഡൽഹി തുടങ്ങി കേരളത്തിന് പുറത്ത് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും, ഇന്ത്യക്ക് പുറത്ത് മിനിക്കോയി ദ്വീപിലും ഒന്നിലധികം തവണ യാത്ര പോയിട്ടുണ്ട്.
'തിരിഞ്ഞുനോക്കുമ്പോൾ ചാരിതാർത്ഥ്യമുണ്ട്. ഇന്നോളം ആത്മാർത്ഥമായാണ് ചമയമൊരുക്കിയത്. ഒരുപാട് പ്രഗത്ഭരുടെ മുഖത്ത് ചായമണിയിക്കാൻ കഴിഞ്ഞു. അനവധി ശിഷ്യർ, സഹപ്രവർത്തകർ'.
കക്കാടിന്റെ വാക്കുകൾ കടമെടുത്ത് അവസാനിപ്പിക്കട്ടെ:
'സഫലമീ യാത്ര!'

സ്വസ്തി 2021 ജനുവരിയിൽ പ്രസിദ്ധീകരിച്ച ലേഖനം സ്മരണാഞ്ജലിയായി പുനഃപ്രസിദ്ധീകരിക്കുന്നു – പത്രാധിപർ

കവിത

# കേശാദിപാദം



**ശ്രീദേവി എളപ്പില**

**പീ**ലി ചേർന്ന കേശഭാരം
പൊൻ മകുടം തന്നിൽ
ഫാലദേശേ വിളങ്ങുന്ന പൊൻതിലകച്ചാർത്തും
ഗോപി തന്നിലരുണാഭ കുങ്കുമക്കുറിയും.
കുണ്ഡലങ്ങളണിഞ്ഞുള്ള
കാതുകൾക്കുചേർന്നാ-ശംഖഴകിൻ
കണ്ഠദേശേ മുത്തുമണിഹാരം.
നീലളക മിനുക്കവും
കാരുണ്യമാം നോട്ടം
സുന്ദരാധരോഷ്ഠ ശോഭ
നീണ്ട നാസികയും
മുല്ലമൊട്ടു പോലേ കാണാം
ദന്ത നിര ഭംഗീ....!
ചന്ദനത്തിൻ ഗന്ധം ചോരും പൊൻ വദനം മിന്നീ
മാലചേർന്നാ മാറിടത്തിൻ മാലകറ്റും കാന്തി
ആഭരണ പ്രഭയാലേ മേഘവർണൻ മിന്നീ...
ആലില പോലുദരത്തിൻ കാന്തി കാൺയാലേ
തൃത്തുടകൾ കണങ്കാലും പീതാംബരപ്പട്ടും
പൊന്നൊളി വർണനെയൊട്ടു ചേവടിത്താർകൂപ്പാം.
കൃഷ്ണ!കൃഷ്ണാ മുകിൽ വർണ്ണാ
കാത്തിടേണമെന്നെ
കൃഷ്ണ കൃഷ്ണാ മനോഹരാ പാദനമസ്കാരം - 2

ശ്രീഭവൻ, നിരവിൽ പുഴ, 9747323278

കവിത

# എന്റെ മോഹം



**സതി കണ്ടമംഗലം**

**മു**രളികയാവണമിന്നെനിക്ക്
കുഴൽവിളി കേൾക്കണമിന്നെനിക്ക്
കാർമുകിൽവർണ്ണന്റെ ചുണ്ടാകും വണ്ടിന്റെ
തേൻതുള്ളിയാവണമിന്നെനിക്ക്

മധുരിക്കും മകരന്ദം നുകരുവാൻ എത്തുന്ന
മധുപനെ കാണണമിന്നെനിക്ക്
മാനസപ്രേമത്തിൻ പൂവിലുണ്ടാകുന്ന
പൂമ്പൊടി കാണണമിന്നെനിക്ക്

രാമനാം കള്ളന്റെ നോട്ടങ്ങൾ ഏറ്റൊരാ
തൂവെണ്ണയാവണമിന്നെനിക്ക്
വെണ്ണക്കുടത്തിലെ ഉണ്ണിക്കൈ തന്നിലായ്
പറ്റിപ്പിടിക്കണമിന്നെനിക്ക്

ചുണ്ടോടു ചേർക്കുമ്പോൾ മന്ദസ്മിതം തൂകി
കോൾമയിർ കൊള്ളേണമിന്നെനിക്ക്
പൂമൃദുവായ വിരലുകൾക്കിടയിലൂ-
ടുരുകി ഒലിക്കണമിന്നെനിക്ക്

മനമുരുകി കേഴുന്ന കാലിക്കിടാവിന്റെ
തോഴനെ കാണണമിന്നെനിക്ക്
കണ്ണനാം വെണ്ണയെ നക്കിയിട്ടാനന്ദ-
സിന്ധുവിൽ മുങ്ങണമിന്നെനിക്ക്
ആഴിയിൽ ചാടിയഹങ്കാര ക്കറ്റകൾ പാടെ
മെതിക്കണമിന്നെനിക്ക്
അത് കഴിഞ്ഞാകെ തളർന്നുവീണെന്മനം
ആനന്ദനിർവൃതിയിലാറാടണം

ഈ വിധമെല്ലാം ഭവിക്കുവാൻ കണ്ണന്റെ
കാരുണ്യമെന്നിൽ പതിഞ്ഞിടേണം
ആയതിനെന്നും ഞാൻ മാധവ പാദത്തിൽ
വീണു നമിച്ചിടാം കൃഷ്ണാ ഹരേ

കണ്ടമംഗലം ഇല്ലം, ചാത്തമംഗലം പി.ഒ.
കോഴിക്കോട്-673601, 9446683272

## ശ്രദ്ധാഞ്ജലി

# കാമ്പ്രത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരിപ്പാട്



മുഴക്കുന്നിനെ സംബന്ധിച്ചേടത്തോളം നൂറ്റാണ്ടിന്റെ സുവർണ ചരിത്രം സൃഷ്ടിച്ചു കൊണ്ടാണ് ബ്രഹ്മശ്രീ കാമ്പ്രത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരിപ്പാട് വിട പറഞ്ഞത്. അദ്ദേഹവുമായി വളരെ അടുത്ത ബന്ധമാണ് അരനൂറ്റാണ്ടിലധികമായി ഞാൻ കാത്തുസൂക്ഷിച്ചിട്ടുള്ളത്. മുഴക്കുന്ന് ഗവ.യു.പി.സ്കൂളിൽ ജോലി ചെയ്തിരുന്ന കാൽ നൂറ്റാണ്ട് അദ്ദേഹവുമായുള്ള സുദൃഢമായ സൗഹാർദത്തിന്റെ കാലഘട്ടം കൂടിയായിരുന്നു. അദ്ദേഹത്തിന്റെ മഹച്ചരിതങ്ങൾ പലപ്പോഴായി ഞാൻ fb സുഹൃത്തുക്കളുമായി പങ്കുവച്ചിട്ടുണ്ട്. 'ആരോഗ്യത്തിലേക്ക് നടക്കൂ!' എന്ന വ്യത്യസ്ത ചികിത്സാ പദ്ധതികളുടെ മുദ്രാവാക്യം തന്നെയാണ് തൊണ്ണൂറ്റി ആറിലും അദ്ദേഹം നാട്ടുകാർക്ക് ഒന്നടങ്കം കാണിച്ചു തന്നത്. അമ്പതിലും അറുപതിലുമൊക്കെ സ്വന്തമായി നടക്കാൻ പോലും കഴിയാത്ത അനാരോഗ്യത്തിലേക്കാണല്ലോ അധികമാളുകളും ഇക്കാലത്ത് ചെന്നെത്തുന്നത്. അതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു പന്ഥാവിലൂടെയാണ് നമ്പൂതിരിപ്പാട് മുമ്പോട്ടു ഗമിച്ചത്. ബാഹ്യ വിശുദ്ധിയേക്കാൾ ആന്തരിക വിശുദ്ധിയെയാണ് അദ്ദേഹം സ്വായത്തമാക്കിയതും പ്രതിഫലിപ്പിച്ചതും ! ഉറച്ച മനശ്ശക്തിയിലേ ഉറച്ച ശരീരം നിലനിൽക്കുകയുള്ളൂ. അതൊക്കെ ഒരു നൂറ്റാണ്ടോളം കൊണ്ടു നടക്കുക എന്നത് ക്ഷിപ്രസാധ്യമല്ലതന്നെ. ഒപ്പം മനുഷ്യ സേവ മാധവ സേവ എന്ന മഹദ് സത്യത്തിന്ന് സാക്ഷിയാവുക കൂടിയാകുമ്പോൾ പറയാനുമില്ല! സ്വർണ്ണത്തിന് സുഗന്ധം എന്ന പോലെയായി !നിരവധി സുകൃതങ്ങളിൽ ഏറെ ഹൃദയസ്പർശിയായ ഒരനുഭവം സാന്ദർഭികമായി സൂചിപ്പിക്കട്ടെ! മുഴക്കുന്ന്ഗവ.യു.പി.സ്കൂളിന് തുടക്കം തൊട്ടെ സ്ഥലം നൽകിയിരുന്നത് നമ്പൂതിരിപ്പാടാണ്. ആദ്യത്തെ



പി.ടി.എ.പ്രസിഡണ്ടും അദ്ദേഹമായിരുന്നു. സ്കൂളിന്റെ അരയേക്കറോളം സ്ഥലം പല ഘട്ടങ്ങളിലായി സൗജന്യമായി നൽകിയതാണ്. ഒടുവിൽ സ്കൂളിലെ കിണർ ജലം മലിനമായപ്പോൾ പുതുതായി കിണർ കുഴിക്കാൻ സ്ഥലമില്ലാതെ പൊറുതിമുട്ടിയപ്പോൾ സ്കൂൾ അധികൃതർ നമ്പൂതിരിപ്പാടിനെ തന്നെ ശരണം പ്രാപിച്ചു. അദ്ദേഹം പ്രശ്നങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട ശേഷം പുഞ്ചി രി തുകിക്കൊണ്ട് പറഞ്ഞു. 'അതിൽ വിഷമിക്കേണ്ട! സ്കൂളിന് മുമ്പിലുള്ള എന്റെ വയലിൽ കിണർ കുഴിച്ചോളു!' അതിനാവശ്യമായ സ്ഥലം എഴുതിക്കൊടുക്കുകയും ചെയ്തു !ആ മഹാമനസ്കതയ്ക്ക് അതിരില്ലെന്ന് ചുരുക്കം! (പ്രാദേശിക ചരിത്ര രചനയുമായി ബന്ധപ്പെട്ട് യുറീക്ക സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച മത്സരത്തിൽ സ്കൂൾ വിദ്യാർഥികൾ 1989 ൽ തയ്യാറാക്കിയ 'മിഴാവു കുന്ന് മുഴക്കുന്നായി'ക്ക് ഒന്നാം സ്ഥാനം തന്നെ ലഭിക്കുകയുണ്ടായി. അതിൽ നമ്പൂതിരിപ്പാടിന് വേണ്ടത്ര പരിഗണന കൊടുത്തിട്ടുണ്ട്. മിഴാവിന്റെ താളം എന്ന ഡോക്കു ഫിക്ഷനിലും നമ്പൂതിരിപ്പാട് നന്നായി തിളങ്ങുന്നുണ്ട്.) സ്കൂളിൽ പുതുതായി പണിത സ്റ്റേജിന് ബ്രഹ്മശ്രീ കെ. പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ നാമകരണം ചെയ്ത് ആ പാവന സ്മരണ എന്നെന്നും നിലനിർത്തുന്നത് ഏറെ ഉചിതമായിരിക്കും എന്നാണ് എന്റെ എളിയ ഒരാഗ്രഹം! അതുണ്ടാവും എന്ന് പ്രത്യാശിക്കുന്നു ! അദ്ദേഹത്തിന് നിത്യ ശാന്തിക്കായി പ്രാർഥിക്കുന്നു ! ആദരാഞ്ജലികൾ അർപ്പിക്കുന്നു ! (കടപ്പാട്: ഒരു നാട്ടുകാരന്റെ ഫേസ്ബുക്ക് പോസ്റ്റ്)

## വിവാഹവാർഷികം
03. December 2025



53 വർഷത്തെ
സ്നേഹവും വിശ്വാസവും
നിറഞ്ഞ യാത്ര

മറവഞ്ചേരി കിഴക്കേടത്ത്
ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് &
വരിക്കാശ്ശേരി സാവിത്രി
Panangattukara, Vatakkanchery,
Thrissur -680623 Ph- 9446336717

*With best wishes from*
Uma-Ajayan, Sridevi-Rajesh
Advay, Nayana,Nethra

## 27–ാം വിവാഹ വാർഷികം
**15.11.2025**

**രാജീവൻ ഇഞ്ചപ്പള്ളി–**
**വിജയ രാജീവൻ**

**ഇഞ്ചപ്പള്ളി ഇല്ലം, കാരശ്ശേരി**
**കോഴിക്കോട്– 673602**



## ഷഷ്ഠിപൂർത്തി നിറവിൽ
## ബേബി നാരായണൻ
**(കിഴിയപ്പുറം മകൾ)**

@
60



*ആശംസകളോടെ*
മക്കൾ: **മഞ്ജുഷ, രാഖി, കൃഷ്ണശങ്കർ**
മരുമക്കൾ:**ഉണ്ണികൃഷ്ണൻ** ചാത്തങ്കോട്ടില്ലം, **വിനോദ്** പൂക്കോട് ഇല്ലം
പേരക്കുട്ടികൾ: **പാർവ്വതി, ഋഷീകേശ്, അദ്വൈത് കൃഷ്ണ**
പുതുമന ഇല്ലം, മാന്തടം, ചങ്ങരംകുളം, എടപ്പാൾ റോഡ്, ആലങ്കോട് പി.ഒ, മലപ്പുറം ജില്ല, 679585

സ്വസ്തി എക്സ്ക്ലൂസീവ്

**1990 ലെ കേസ്**
**2006 ൽ തൊണ്ടിമുതൽ പരിശോധന**
**2025 ൽ കോടതി വിധി**

# പോറ്റിക്ക് തെറ്റാറില്ല ; സത്യത്തിന് മരണമില്ലല്ലോ



അടിവസ്ത്രത്തിൽ ഒളിപ്പിച്ചു കടത്തിയ 65 ഗ്രാം ഹാഷിഷ് പൗഡറുമായി ഓസ്ട്രേലിയൻ പൗരൻ ആൻഡ്രൂ സൽവദോറിനെ 1990 ൽ പോലീസ് പിടി കൂടുന്നു. തിരുവനന്തപുരം എയർപോർട്ടിൽ നിന്ന് ബോംബെ ഫ്ളൈറ്റിന് കാത്തു നിൽക്കുമ്പോൾ ആണ് സംഭവം. നർകോട്ടിക് ആക്ട് അനുസരിച്ച് ഇയാളെ അറസ്റ്റ് ചെയ്തു. തൊണ്ടിമുതലായി കുറ്റവാളിയുടെ ജട്ടിയടക്കം കസ്റ്റഡിയിൽ.

തെളിവുകൾ എല്ലാം പ്രതിക്കെതിര്. കേസിൽ നിന്നും ഊരിപ്പോരുക എളുപ്പമേ അല്ല. 1991 വഞ്ചിയൂർ കോടതി. തന്റെ കക്ഷിയോടുള്ള വൈരാഗ്യം കാരണം പ്രോസിക്യൂഷൻ കെട്ടിച്ചമച്ചതാണ് കേസെന്ന് പ്രതിഭാഗം വക്കീൽ സെലിൻ വിൽഫ്രഡ്. ഭയങ്കരമായ ഉഷ്ണം കാരണം തന്റെ കക്ഷി അടിവസ്ത്രം ധരിച്ചിരുന്നില്ല എന്ന് വാദം. ചുരുക്കത്തിൽ കേസ് തള്ളിപ്പോയി.

ജെട്ടിയടക്കമുള്ള പെഴ്സനൽ വസ്തുക്കൾ കോടതിയിൽ നിന്നും പ്രതിഭാഗത്തിനു വേണ്ടി അഡ്വ: ആന്റണി രാജു കൈപ്പറ്റി. അങ്ങിനെ തൊണ്ടിമുതൽ പെട്ടെന്ന് വിട്ടു നൽകാൻ അനുവാദമില്ല. പക്ഷേ അത് അവർ ഒപ്പിച്ചെടുത്തു. 3 മാസം കഴിഞ്ഞ് സർക്കാർ ഹൈക്കോടതിയിൽ അപ്പീലിനു പോയി. ചട്ടമനുസരിച്ച് തൊണ്ടിമുതൽ വീണ്ടും മജിസ്ട്രേറ്റ് കോടതി സേഫ് കസ്റ്റഡിയിൽ.

(ഈ മൂന്നു മാസം തൊണ്ടിമുതലായ ജെട്ടിയൊക്കെ വക്കീൽ ആൻറണി രാജുവിന്റെ കൈയ്യിലായിരുന്നു)

അത് കോടതിയിൽ തിരിച്ചു നൽകിയതും ആൻറണി രാജു തന്നെ.

ഹൈക്കോടതി വിചാരണയിൽ ഇതേ കാര്യം പ്രതിഭാഗം ആരോപിച്ചു.പ്രതി ജട്ടി ഇടാറില്ല. മറ്റാരുടെയോ അടിവസ്ത്രത്തിൽ ഹാഷിഷ് പൗഡർ വെച്ച് തന്റെ കക്ഷിയെ കുടുക്കിയതാണ്.

തൊണ്ടിമുതലായ ജട്ടി കോടതി വരുത്തി. പ്രതിയുടെ സൈസിലും ചെറിയ ഒന്ന്. അപ്പീലും തള്ളി. ആൻഡ്രൂ തിരിച്ച് ഓസ്ട്രേലിയക്ക് പറന്നു.

ഇത്രയും ആമുഖം.

ഹൈക്കോടതി വിജിലൻസ് ശുപാർശ അനുസരിച്ച് വീണ്ടും കേസ് റീ ഓപ്പൺ ചെയ്യാൻ സർക്കാരിനെഴുതി. എഫ് ഐ ആർ ഇട്ടെങ്കിലും നിരവധി വർഷങ്ങൾ ഫയൽ തുറന്നില്ല. സെൻകുമാർ ഐ പി എസ് പോലീസ് അധികാരിയായി



നിർണായകമായത് ഫൊറൻസിക് റിപ്പോർട്ട് 5

*മലയാള മനോരമ റിപ്പോർട്ട്*



of the non-stitched portion save thean sticode.

RESULT OF EXAMINATION

1. It is not possible to give any opinion regarding the origin of the underwear
2. The type of stitches and the thread used for stitching the left and right side vertical joints and the bottom cross joint are different from those at the remaining portion of the jetty suggesting tampering. The cutting of the label and this being seen re-stitched to the fragment also suggests tampering.
3. The tampering on the jetty could have been done recently.

P. Vishnu Jotty,
Joint Director (General).

*വിഷ്ണു പോറ്റിയുടെ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ*

രുന്ന സമയം കേസ് അദ്ദേഹം പഠിച്ചു. കേസിന്റെ തുടർ അന്വേഷണത്തിന് നിർദ്ദേശം നൽകി. ഈ കേസിൽ പ്രോസിക്യൂഷന് ശാസ്ത്രീയമായി തെളിയിക്കേണ്ടത് ചില കാര്യങ്ങളാണ്.

1 തൊണ്ടിമുതൽ നിയമവിരുദ്ധമായി കൊണ്ടു പോയോ? ഉണ്ടെങ്കിൽ ആര്?

2 മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അതിന് തെളിവ് എന്ത്? എന്ന്? ആര്?

3 തൊണ്ടിമുതൽ പിന്നീട് തിരിച്ച് കോടതിയ്ക്ക് തന്നതാര്?

നിയമപരമായ ആവശ്യങ്ങൾക്കായി തെളിവുകൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന സയൻസാണ് ഫോറൻസിക്സ്. അന്ന് തിരുവനന്തപുരത്ത് ഫോറൻസിക് സയൻസ് ലാബറട്ടറി ജോയിന്റ് ഡയറക്ടർ പി വിഷ്ണു പോറ്റി.

റിപ്പോർട്ടും പ്രധാന കണ്ടെത്തലുകളും:

a ജെട്ടിയുടെ രണ്ടു വശത്തെ തുന്നലും മാറ്റമുണ്ട്

b ഒറിജിനൽ ലേബലിന്റെ ഒരു ഭാഗം മുറിച്ചെടുത്ത് ആ ഭാഗം തന്നെ റീസ്റ്റിച്ച് ചെയ്തു.

C ചെറുതാക്കാനായി ഒരു ഭാഗം വെട്ടി.

d ഒരു ഭാഗത്ത് പഴയ നൂൽ, മറുഭാഗത്ത് പുതിയ നൂൽ.

e ടാമ്പറിംഗ് (കൈകടത്തൽ, ഇടപെട്ട് മാറ്റൽ), നടത്തിയത് അടുത്ത കാലത്താണ്.

f തൊണ്ടിമുതലായ അടിവസ്ത്രം കോടതിയിൽ



നിന്നും കൈപ്പറ്റിയതും, മൂന്നു മാസങ്ങൾ കഴിഞ്ഞ് ഹൈക്കോടതി അപ്പീലിനു പ്രോസിക്യൂഷൻ പോയപ്പോൾ കോടതിയിൽ തിരിച്ചു നൽകിയതും ഒരാളാണ് (ഈ കേസിൽ ആന്റണി രാജു. അദ്ദേഹം തന്നെയാണെന്നുറപ്പിക്കാൻ പരിശോധിച്ചത് കൈയ്യക്ഷരം.)

ഈ റിപ്പോർട്ടും ഫയലിൽ കയറി.നടപടി ഒന്നുമായില്ല.

വർഷങ്ങൾ കഴിഞ്ഞു.അന്ന് കേരളത്തിൽ നിന്നും രക്ഷപ്പെട്ട ആൻഡ്രൂ ആസ്ട്രേലിയയിൽ ഒരു കൊല




ജയശ്രീ, വിഷ്ണു പോറ്റി, പഞ്ചമി, ആര്യ, ബിജു, പൗർണ്ണമി


വിഷ്ണു പോറ്റി, മകൾ ആര്യ, ഭാര്യ ജയശ്രീ

പി വിഷ്ണു പോറ്റി, ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഫോറൻസിക് ലാബറട്ടറി ഹോം ഡിപ്പാർട്ടുമെന്റി ന് കീഴിൽ പോലീസ് വകുപ്പിന്റെ ഭാഗം), തിരുവ നന്തപുരം

(1974 മുതൽ 2004 കൂടിയുള്ള സർവീസിൽ 8 വർഷം ഡയറക്ടർ)

ഫിസിക്സിൽ MSc, (ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി) ഫോറൻസിക് ബാലിസ്റ്റിക്സിൽ ഡിപ്ലോമ

നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിമിനോളജി & ഫോറൻസിക് സയൻസ് (അണ്ടർ മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സി)ൽ പരിശീലനം. സി.ബി.ഐ. ന്യൂഡൽഹി, കൊൽക്കത്ത, സിംല, ഹൈദ്രബാദ് മുതലായ സെൻട്രൽ സി എഫ് എസ് ലാബറട്ടറിയിൽ ഫോറൻസിക് ഫിസിക്സിൽ തുടർ പരിശീലനങ്ങൾ.

അച്ഛൻ: കൊട്ടാരക്കര താമരക്കുടി നീലമന പരമേശ്വരൻ പോറ്റി (കേരളാ പോലീസ്)

അമ്മ: തിരുവനന്തപുരം ശ്രീകാര്യം ഇളങ്കുളത്തു പെരികമന ഗൗരി അന്തർജനം

ഭാര്യ: പാഞ്ഞാൾ മുട്ടത്തു കാട്ടിൽ (മാമുണ്ണ്) ജയശ്രീ ഇന്ത്യൻ ബാങ്കിൽ നിന്നും വിരമിച്ചു.

മകൾ: ആര്യാ വിഷ്ണു. യു കെ യിൽ സോഫ്റ്റ് വെയർ എഞ്ചിനീയർ

മരുമകൻ: ബിജു (വളാഞ്ചേരി പാറമേൽ ഭട്ടി മന) ഡെലോയിറ്റ്, യു. കെ

പേരക്കുട്ടികൾ: പഞ്ചമി, പൗർണമി

പി വിഷ്ണു പോറ്റി യോഗക്ഷേമസഭയുടെ ശ്രീകാര്യം ഉപസഭാംഗം

ക്കുറ്റം നടത്തി. ശിക്ഷാവിധി അനുസരിച്ച് അവിടെ ജയിലിലായി.

സഹതടവുകാരനോട് പണ്ട് താൻ നർക്കോട്ടിക് കേസിൽ രക്ഷപ്പെടാൻ കേരളത്തിൽ ചെയ്ത ഊളവിദ്യ - തൊണ്ടിമുതൽ - ഇവിടെ ജെട്ടി - എടുത്ത് അത് തന്നെ വെട്ടി റീസൈസ് ചെയ്ത് വീണ്ടും വെയ്ക്കൽ നടത്തിയ കാര്യം പറഞ്ഞു.

ഓസ്ട്രേലിയൻ പോലീസ് -ഇൻറർപോൾ - സിബിഐ - വഴി ഇക്കാര്യം കേരളാ പോലീസും അറിഞ്ഞു.

നേരത്തെ ഉറങ്ങിയ ഫയലുകൾ ഉണർന്നു.

വിചാരണ തുടങ്ങി.കേസിന് മറ്റൊരു തലം കൂടി വന്നു. പല തരം തടസ്സങ്ങൾ കഴിഞ്ഞ് സുപ്രീം കോടതി ഇടപെലോടെ ജഡ്ജ്മെന്റ് വന്നു.

“നിയമസംരക്ഷകരാവേണ്ട വക്കീലന്മാർ നിയമവിരുദ്ധമായി കോടതിയെ തെറ്റിദ്ധരിപ്പിച്ച് തൊണ്ടിമുതൽ കൈവശപ്പെടുത്തുക. ശേഷം അതിൽ മാറ്റം വരുത്തി തെളിവു നശിപ്പിക്കുക. കേസ് തള്ളി പ്രതിക്ക് രക്ഷപ്പെടാൻ വഴിയൊരുക്കുക. ഈ കേസിലെ പ്രതി രക്ഷപ്പെട്ടെങ്കിലും പ്രതിയെ സഹായിച്ച വക്കീൽ, പിന്നീട് എം എൽ എ യും മന്ത്രിയുമായ ആന്റണി രാജു ശിക്ഷയ്ക്കു വിധേയനാവണം.”

വിഷ്ണു പോറ്റി 1994 ൽ നൽകിയ റിപ്പോർട്ടാണ് ഈ വിധിന്യായത്തിന്റെ അടിസ്ഥാനം.

“ഒരു ക്രൈം നടത്താൻ മെറ്റീരിയൽ വേണം. അതാണ് സയന്റിഫിക് എവിഡൻസ്. കുറ്റവാളിയുടെ സ്രവങ്ങൾ, വസ്ത്രങ്ങൾ, ആയുധങ്ങൾ, വാഹനങ്ങൾ, ടയറിലെ മണ്ണ്, ഭിത്തിയിലും ഫർണീച്ചറിലും തീർത്ത അടയാളങ്ങൾ എന്നിവയെല്ലാം പരിശോധിക്കണം. ചുറ്റുവട്ടത്ത് കാണുന്ന വളരെ ചെറിയ വസ്തുക്കളായ തുണി നാരുകൾ, മുടിനാര് തുടങ്ങി നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്തവ മുതൽ ഒരു തീവണ്ടിയോളം വലുപ്പമുള്ള വസ്തുക്കൾ വരെ ഫിസിക്കൽ എവിഡൻസുകളാകാവുന്നതാണ്. ഇവയുടെ ശാസ്ത്രീയമായ പരിശോധന ക്രൈം ഇൻവെസ്റ്റിഗേഷനിൽ പ്രധാനം.നിരന്തരമായ പഠനവും ഗവേഷണവും ആവശ്യമായ ജോലി.”

വിഷ്ണു പോറ്റിയുടെ നിഗമനങ്ങൾ അതത് കേസുകൾ തെളിയിക്കുന്നതിൽ പ്രോസിക്യൂഷന് നിർണ്ണായകമായി.

ചില പ്രമാദമായ കേസുകൾ താഴെ :

1 കരിക്കൻ വില്ല കൊലപാതകം

2 ഏറ്റുമാനൂർ ഏഴരപ്പൊന്നാന മോഷണം

3 പാനൂർ സോമൻ വധം

4 പെരുമൺ, കടലുണ്ടി തീവണ്ടി അപകടത്തിന്റെ കാരണങ്ങൾ. ●

വിഷ്ണു പോറ്റിയുടെ നമ്പർ 94470 67676

# വേദജപത്തിൽ ആചാര്യന്മാർക്കൊപ്പം ജൻ സി പങ്കാളിത്തം

തിരുവനന്തപുരം പദ്മനാഭസ്വാമി ക്ഷേത്രത്തിൽ നടന്നുവരുന്ന 47 – മത് മുറജപത്തിൽ ശ്രീരാഘവപുരം സഭായോഗത്തിന്റെ യജുർവ്വേദ – സാമവേദ പാഠശാലകളിൽ നിന്ന് ആചാര്യരായ ബ്രഹ്മശ്രീ. തോട്ടം ശിവകരൻ നമ്പൂതിരി, ബ്രഹ്മശ്രീ. കീഴാനെല്ലൂർ ഭവൻ നമ്പൂതിരി, ബ്രഹ്മശ്രീ. വേങ്ങാത്തട്ടിൽ മഠം സുബാഷ് നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു.

സഭായോഗം അദ്ധ്യക്ഷൻ ബ്രഹ്മശ്രീ. ശ്രീകാന്ത് ഭട്ടതിരിയുടെ നേതൃത്വത്തിലെത്തിയ ഭാരവാഹികളും രക്ഷിതാക്കളും അടങ്ങിയ സംഘത്തിന് തിരുവനന്തപുരം ജില്ലാസമിതി ഊഷ്മളമായ സ്വീകരണമൊരുക്കി.

'വൈദികധർമ്മവും ഗുരുകുലപാഠശാലകളുടെ പുനരുജ്ജീവനവും എന്ന വിഷയത്തിൽ' രാഘവപുരം സഭാ യോഗം സെക്രട്ടറി പേർക്കുണ്ടി ഹരി നമ്പൂതിരി സംസാരിച്ചു.



*ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ മുറജപത്തിന് വന്ന ശ്രീരാഘവപുരം സഭായോഗം വേദവിദ്യാർത്ഥികൾ*

ലക്ഷദീപം ചടങ്ങോടെ 56 ദിവസത്തെ മുറജപം സമാപിച്ചു

നിലവിൽ കേരളത്തിൽ ഒരു വേദസംഹിതയെങ്കിലും സാമ്പ്രദായികരീതിയിൽ അഭ്യസിച്ചവരുടെ എണ്ണം നൂറിൽ താഴെയാണ്. അടുത്ത ആറു വർഷത്തിൽ ഇത് ഇരട്ടിയാക്കുവാൻ ശ്രീരാഘവപുരം സഭായോഗം ലക്ഷ്യമിടുന്നു.

ഈ പരിശ്രമത്തിന്റെ ഭാഗമാകുവാൻ സജ്ജനങ്ങളോട് അഭ്യർത്ഥിക്കുന്നു.

ശ്രീരാഘവപുരം സഭായോഗം
+91 8848896685

# വൈദികൻ ഇടമന നാരായണൻ പോറ്റി

## ശ്രദ്ധാഞ്ജലി



വേദങ്ങളുടെ പ്രചാരണത്തിനും പഠനത്തിനും ഗവേഷണത്തിനും ജീവിതം ഉഴിഞ്ഞു വെച്ച ഒരു മഹാത്മാവായിരുന്നു വൈദികൻ ഇടമന നാരായണൻ പോറ്റി

തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, യൂനിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ നിന്നും ബി.എസ്. സി ഫിസിക്സും ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. യും നേടി. കമ്യൂണിസം ഉപേക്ഷിച്ച് ആത്മീയതയിൽ ആകൃഷ്ടനായി. സംസ്കൃതം പഠിച്ച് വാച്ചവാദ്ധ്യാൻ മാധവൻ നമ്പൂതിരിയിൽ നിന്നും ഷോഡശക്രിയകൾ സ്വായത്തമാക്കി. 2002 ൽ ഗുരുപുരം തൈക്കാട് ഭവനത്തിൽ താമസിച്ച് ഗുരുമുഖത്തു നിന്നും വേദങ്ങൾ അഭ്യസിച്ചു. കൃഷ്ണയജുർവേദം (തൈത്തിരീയ സംഹിത) പഠിക്കുവാനായി രൂപീകരിച്ച TAPAS ന്റെ അധ്യക്ഷനായിരുന്നു. വേദ പഠനം ജനകീയമാക്കുകവഴി അതു നഷ്ടപ്പെടാതെകാത്തുസൂക്ഷിക്കുന്നതിന് മുൻകയ്യെടുത്ത് പ്രവർത്തിച്ചു. വിവിധ സംസ്കൃത യൂനിവേഴ്സിറ്റികളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.സംഘകാല ത്തുണ്ടായിരുന്ന കാന്തള്ളൂർശാല എന്ന വിശ്വവിദ്യാലയത്തിന്റെ പുനരുജ്ജീവനത്തിന്നായി കാന്തള്ളൂർ സഭ രൂപീകരിച്ചു.

പത്നി : കൊടക്കാട് പട്ടാളി മേക്കാട്ട് സതി. ഏകമകൻ വിജയ് കൃഷ്ണൻ ബാംഗ്ലൂരിൽ താമസം. മരുമകൾ: കീർത്തി, പേരക്കുട്ടികൾ: ദിതി, ധനി

# വിജയം 310 വോട്ടിന്

**തദ്ദേശഭരണ തെരഞ്ഞെടുപ്പ് കഴിഞ്ഞു. കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവർ ഇരുപത്തയ്യായിരം പേരെങ്കിലും ഉണ്ടാവും. അവരിൽ ബ്രാഹ്മണർ എത്ര? മുപ്പതോ നാൽപ്പതോ. ഇതൊരു കണക്കെടുപ്പല്ല, ബ്രാഹ്മണിക്കൽ ഹെജിമണിയുടെ അവലോകനവുമല്ല. പിന്നെ?**

## സ്വസ്തിക്കു കിട്ടിയ വ്യത്യസ്തമായ പ്രതികരണങ്ങളിലൊന്ന്.

ഞാൻ സുജാത ബാപ്പറ്റ. കോഴിക്കോട് ജില്ലയിൽ ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ 19 ാം വാർഡിൽ രണ്ടു പ്രാവശ്യം മെമ്പറായി. 10 വർഷത്തോളം സാധാരണക്കാർക്കു വേണ്ടി പ്രവർത്തിക്കാൻ സാധിച്ചത് വലിയ അംഗീകാരമായിരുന്നു. സുജാത നമ്പൂതിരി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഈ വർഷത്തെ തെരഞ്ഞെടുപ്പിൽ മറ്റൊരു വാർഡിലാണ് മത്സരിച്ചത്. ത്രികോണ മത്സരം. ഇഞ്ചോടിഞ്ച് പോരാട്ടം ആയിരുന്നു. ഫൈനൽ ഫലം വന്നപ്പോൾ 6 വോട്ടിന് ഞാൻ പിറകിൽ. സാങ്കേതികമായി പറഞ്ഞാൽ പരാജയം.

എങ്കിലും ദിവസവും ജനങ്ങളുടെ വിഷമവും പ്രയാസവും സങ്കടവും എല്ലാം പുറത്തിറങ്ങുമ്പോൾ രാഷ്ട്രീയഭേദമന്യേ, ജാതിമതഭേദമന്യേ ഇന്നും അറിയുന്നു. ഞാൻ ഉറപ്പിച്ചു, 310 പേർ എനിക്കു വോട്ട് ചെയ്തെങ്കിൽ, എന്നെ അവരുടെ മെമ്പറായി തെരഞ്ഞെടുത്തെങ്കിൽ അതു തന്നെയല്ലേ വിജയം. ആറു വോട്ടിന്റെ കുറവ് അറുനൂറു പേരുടെ സാന്ത്വനമായി മാറുമ്പോൾ, എല്ലാവരോടും എന്നും സ്നേഹം മാത്രം..



**സുജാത നമ്പൂതിരി**
ബാപ്പറ്റ ഇല്ലം, ഉള്ളിയേരി, 9048314917



# അന്നപ്രാശം

**3–11–2025**

## ധൻവിക ഉമാദേവി

**D/o കാവിൽത്തോട്ടം സൂരജ് & ശ്യാമ**

*ആശംസകൾ:*
**ഉമാദേവി അന്തർജ്ജനം**
**ധീരജ് ഗോവിന്ദൻ**
**ധനഞ്ജയ് നാരായണൻ**
**കാവിൽതോട്ടം, കുന്നിശ്ശേരി,**
**അത്താണി പി.ഒ., എറണാകുളം**
**ഫോൺ: 9037105035**



**മലപ്പുറം ജില്ല അരീക്കോട് ഉഗ്രപുരം വലിയ ചെമ്പാഴി ഇല്ലത്ത് നവനീത് വിസി യുടേയും വടക്കേ പവൂർ നീലമന ഇല്ലത്ത് ശ്രീകലയുടേയും മകന് സാകേത് കൃഷ്ണന്റെ ഒന്നാം പിറന്നാൾ 21.09.2025 തീയ്യതി ഞായറാഴ്ച്ച വലിയ ചെമ്പാഴി ഇല്ലത്ത് വെച്ച് സമുചിതമായി ആഘോഷിച്ചു.**

നവനീത് വിസി, വലിയ ചെമ്പാഴി ഇല്ലം,
ഉഗ്രപുരം പി ഒ 673639 അരീക്കോട്
മലപ്പുറം ജില്ല. 9048553676






## സപ്തതി ആശംസകൾ

## സാവിത്രി നീലകണ്ഠൻ

**നരിക്കാട്ടിരി മന, കുറ്റാനശ്ശേരി,**
**പാലക്കാട് ജില്ല**
**Ph:9400907445**

ആശംസകളോടെ
**നരിക്കാട്ടിരി കുടുംബാഗങ്ങൾ**

# വിജയത്തിന്റെ ഹരിശ്രീ



**പി.എൻ.വിജയൻ**



**യു.എസ് ടെക്സാസ്സിൽ ചീഫ് ഹാപ്പിനസ് ഓഫീസർ**

**ഹോളിവുഡ് സിനിമകളിൽ നിർമ്മാണ പങ്കാളി**

**ഹെൽത്ത് സെക്ടറിൽ ടെക്സാസിലെ വിവിധ സംരംഭങ്ങൾക്ക് സി.ഇ.ഒ.**

**ഇന്റർനാഷണൽ കൾച്ചറൽ ഫെസ്റ്റുകളിൽ ആങ്കർ**

ഇന്ത്യക്ക് അകത്തും പുറത്തും 500 ൽ അധികം സാംസ്കാരിക പരിപാടികൾക്ക് ആങ്കറായി പ്രവർത്തിച്ച ഒരു മലയാളിയെ അറിയുമോ? അദ്ദേഹം ഒരുനമ്പൂതിരി ആണെന്നറിയുമ്പോൾ എന്തു തോന്നും ?

ഒന്നിലധികം ഹോളിവുഡ് ചിത്രങ്ങളുടെ നിർമ്മാണത്തിലും അഭിനയത്തിലും ഭാഗഭാക്കാവാൻ കഴിഞ്ഞ ഒരു നമ്പൂതിരിയുവാവിനെ കുറിച്ച് എവിടെയെങ്കിലും വായിച്ചിട്ടുണ്ടോ? രണ്ടും ഒരാളാവാൻ സാദ്ധ്യതയുണ്ടെങ്കിൽ അത്ഭുതം വർദ്ധിക്കില്ലേ?

സിനിമയും സീരിയലും ഹൃദയത്തിൽ പേഷനായി കൊണ്ടുനടക്കുന്ന നാല്പതുവർഷമായി ഈ രംഗത്തു പിടിച്ചുനിൽക്കുന്ന ഒരു തിരുവനന്തപുരത്തുകാരൻ നമ്പൂതിരിയെയാണ് ഇന്ന് സ്വസ്തിയുടെ വായനക്കാർ പരിചയപ്പെടുന്നത്.

ഹരി നമ്പൂതിരിയുടെ പിതാവ് ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരി, മഹാബ്രാഹ്മണപരമ്പരയിലെ പരമസാത്വികനായിരുന്നു. ഹിന്ദി പ്രൊഫസറായിരുന്ന അദ്ദേഹം വേദങ്ങളിലും ഇതിഹാസങ്ങളിലും ശാസ്ത്രവിഷയങ്ങളിലും അഗാധജ്ഞാനമുള്ള, ബഹുഭാഷാപണ്ഡിതനും ഗ്രന്ഥകാരനുമായിരുന്നു. ഈ പാരമ്പര്യത്തിന്റെ ധാർമികവും ആത്മീയവുമായ വെളിച്ചം അദ്ദേഹത്തിന്റെ ജീവിതത്തിന് വഴികാട്ടുന്നു.

ബഹുമുഖപ്രതിഭയായ ഹരി നമ്പൂതിരി ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ ഉള്ള അന്താരാഷ്ട്ര സംരംഭകനും സാംസ്കാരിക പ്രവർത്തകനും അറിയപ്പെടുന്ന



*ശ്രീ ഹരി നമ്പൂതിരിയും കുടുംബവും . ഭാര്യ: മായ (Speech Language Pathologist ), മൂത്തമകൾ : ഡോ. ആര്യ ബാട്ട (Neonatologist) മരുമകൻ: Dr. Sahil Batta ( Internal Medicine ), വിദ്യാഭ്യാസം തുടരുന്ന മൂന്നുമക്കൾ: സൂര്യ ലക്ഷ്മി ( Medical student) ഇരട്ടക്കുട്ടികൾ വീണ, ( Medical Student) വർഷ (Business Student)*

അഭിനേതാവും ആണെന്നറിയുമ്പോൾ നമ്മുടെ അത്ഭുതം ആശ്ചര്യമാവുന്നു.

അച്ഛന്റെ രൂപസൗഭാഗ്യവും മുഖപ്രസാദവും പാരമ്പര്യമായി ലഭിച്ച ഹരി നമ്പൂതിരി, ധാർമികവും കർമ്മപരവുമായ കാര്യങ്ങളിൽ വ്യത്യസ്തമായ നിലപാടുകളും ഇടപെടലുകളും സ്വീകരിച്ച് മുന്നേറുകയാണ്.

MA, B.Ed, LLB, MSW എന്നിവയോടൊപ്പം LNFA (Licensed Nursing Facility Administrator) യോഗ്യതയും നേടിയ അദ്ദേഹത്തിന്റെ വിപുലമായ വിദ്യാഭ്യാസം ഈ വൈവിധ്യത്തിന് അടിത്തറയാകുന്നു. വ്യത്യസ്തതകളെ ഉൾക്കൊണ്ട് വൈരുദ്ധ്യങ്ങളുടെ തമ്പുരാനായി വേഷമിടുന്ന അദ്ദേഹം ഇന്ത്യയിലും അമേരിക്കയിലുമായി പ്രവർത്തിക്കുന്ന ഒരു അന്താരാഷ്ട്രസംരംഭകനും സാമൂഹ്യപ്രവർത്തകനുമാണ്.

ലോകമെമ്പാടുമുള്ള മനുഷ്യരുടെ ക്ഷേമത്തിലും വികസനത്തിലും ശ്രദ്ധയൂന്നിക്കൊണ്ട് ഹരി നമ്പൂതിരി നിരവധി ഉന്നത പദവികൾ വഹിക്കുന്നു. യു.എസിൽ ചീഫ് ഹാപ്പിനസ് ഓഫീസറായി (Chief Happiness Officer) പ്രവർത്തിക്കുന്ന അദ്ദേഹം, Consult Sombrilla, Inc., Texas, USA (പ്രസിഡന്റ് & സി.ഇ.ഒ), ആരോഗ്യപരിപാലന രംഗത്തെ Avendelle Care, LLC, Texas, USA (പ്രസിഡന്റ് & സി.ഇ.ഒ) തുടങ്ങിയ സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നു.

മാധ്യമരംഗത്ത് Global Indian News-ന്റെ COO-യും എഡിറ്റർ ഇൻ ചീഫും ആയ അദ്ദേഹം, ടെക്സ്സാസ് ഗവർണറുടെ ഓഫീസിനു കീഴിലുള്ള നിർണായക സമിതിയായ Texas NFAAC-ലെ (Nursing Facility Administrators Advisory Committee) അംഗം കൂടിയാണ്. ഈ നേതൃസ്ഥാനങ്ങളെല്ലാം അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധതയും സന്ദർഭോചിതമായ ഇടപെടലുകളും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനശൈലിയും സാക്ഷ്യപ്പെടുത്തുന്നു.

മാധ്യമപ്രവർത്തകനെന്ന നിലയിലും, സിനിമാ-സീരിയൽ നടൻ എന്ന നിലയിലും, സാംസ്കാരിക



*ശ്രീ. ഹരി നമ്പൂതിരിയുടെ അച്ഛനും അമ്മയും സഹോദരിമാരും*

നായകൻ എന്ന നിലയിലും അദ്ദേഹം കലാരംഗത്ത് സജീവമാണ്.

ഹരി നമ്പൂതിരിയുടെ ഈ ബഹുമുഖ വ്യക്തിത്വം, ബിസിനസ്, സാമൂഹ്യസേവനം, മാധ്യമങ്ങൾ, കല എന്നീ രംഗങ്ങളിലെ അദ്ദേഹത്തിന്റെ ശക്തമായ സാന്നിധ്യം വ്യക്തമാക്കുന്നു.

ജനിച്ചതും വളർന്നതും പമ്പാനദിയുടെ തീരത്തുള്ള കുടൽമനയിൽ ആണെങ്കിലും വിദ്യാഭ്യാസവും സാംസ്കാരിക പ്രവർത്തനങ്ങളും ഉണ്ടായത് തിരുവനന്തപുരത്താണ്. പിതാവിൻറെ പരിരക്ഷണത്തിലും പ്രോത്സാഹനത്തിലും പഠിച്ചുയർന്ന ഹരി നമ്പൂതിരി തിരുവനന്തപുരത്തിന്റെ സാംസ്കാരിക പാരമ്പര്യം ഉൾക്കൊണ്ടു. അച്ഛൻറെ ശിഷ്യപരമ്പരകൾ പടർന്നുപന്തലിച്ച അനന്തപത്മനാഭന്റെ മണ്ണ് മകനും പ്രോത്സാഹനവും പ്രചോദനവും ആയി.

ശാന്തഗംഭീരമായ മുഖപ്രസാദവും ഘനഗംഭീരമായ ശബ്ദവും ശരീരകാന്തിയും ഹരി നമ്പൂതിരിക്ക് സിനിമയിലേയ്ക്കും സീരിയലുകളിലേയ്ക്കും അവസരങ്ങൾ ഒരുക്കി.

ഇന്ത്യയിലും യുഎസിലും തുടർന്നുവരുന്ന പലസാഹസികമായ പ്രവർത്തികൾക്കൊപ്പം അഭിനയരംഗത്തും അദ്ദേഹത്തിൻറെ സംഭാവന ശ്രദ്ധിക്കപ്പെട്ടു കൊണ്ടിരിക്കുന്നു.

പത്മരാജന്റെ മൂന്നാംപക്കം എന്ന സിനിമയിലൂടെ ശ്രദ്ധിക്കപ്പെട്ടു കരിയിലക്കാറ്റു പോലെ ഒറ്റക്കൊമ്പൻ, തന്നിഷ്ടം എന്നിഷ്ടം, പാപ്പൻ, ശ്രീ അയ്യപ്പൻ, പെരുന്നാൾ ......തുടങ്ങിയ ഒരു ഡസൻ സിനിമകളിൽ അഭിനയ യാത്ര തുടരുന്നു. പെട്ടെന്ന് തിരിച്ചറിയുന്ന വ്യത്യസ്തമായ വേഷങ്ങളിൽ തിളങ്ങിയിട്ടുണ്ട്.

വരാനിരിക്കുന്ന പതിനഞ്ചോളം സിനിമകൾ അണിയറയിൽ ഉണ്ട്

ഇപ്പോൾ ടി വി സീരിയൽ

C5 ന്റെ അകലെ, FLOWERS ന്റെ മഹാലക്ഷ്മി, ASIANET ന്റെ - ഹാപ്പി കപ്പിൾസ് എന്ന സീരി

സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം
ലോ കോളേജിൽ നിന്ന് നിയമ ബിരുദം
ലാസ്റ്റ് മാപ്പസ് ഹെൽത്ത് കെയർ സെന്റർ ഡയറക്ടർ
അരവിന്ദന്റെ 'ഒരിടത്തി'ൽ അരങ്ങേറ്റം
മൂന്നാംപക്കം, കരിയിലക്കാറ്റുപോലെ തുടങ്ങി 10ലധികം മലയാള സിനിമകൾ
ഫ്ളവേഴ്സ് ടി.വി.യിലെ മഹാലക്ഷ്മി, ഏഷ്യാനെറ്റിലെ ഹാപ്പി കപ്പിൾസ് എന്നീ സീരിയലുകളിൽ അഭിനയിച്ചുകൊണ്ടിരിക്കുന്നു
15 ഫീച്ചർ സിനിമകൾ വരാനിരിക്കുന്നു

ഭാരതീയരിൽ ഒരാൾ, സൗത്ത് ടെക്സസിൽ സാമൂഹികപ്രവർത്തനത്തിനും നേതൃപാടവത്തിനും കോൺഗ്രസ് അംഗീകാരം നേടിയ ആദ്യ ഭാരതീയൻ- തുടങ്ങിയ വിശേഷണങ്ങൾ ഈ ബഹുമുഖ പ്രതിഭയെ തേടിയെത്തിയിട്ടുണ്ട്. അമേരിക്കയിലെ പ്രമുഖ ഓൺലൈൻ മാധ്യമമായ ഗ്ലോബൽ ഇന്ത്യൻ മീഡിയയുടെ സി ഒ ഒ -യും എഡിറ്റർ ഇൻ ചീഫും ആയി ഹരി നമ്പൂതിരി സേവനം അനുഷ്ഠിച്ചിട്ടുണ്ട്

യു എസ്സിൽ Speech Therapist ആയ പത്നിയും ഡോക്ടർ ആയ മൂത്ത മകൾ സൂര്യയും വിദ്യാർത്ഥികൾ ആയ മൂന്നു പെൺമക്കളും ഹരി നമ്പൂതിരിയുടെ ഉയർച്ചയുടെ പടവുകൾ ഉറപ്പിക്കാൻ സഹായിച്ചവരാണ്. കൂടുതൽ ഉയരങ്ങളിലേക്കുള്ള തുടർയാത്രയിൽ ഹരി നമ്പൂതിരിക്ക് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് പമ്പാതീരത്ത് തലവടി എന്ന ഗ്രാമവും തിരുവനന്തപുരം എന്ന മഹാനഗരവും കാത്തിരിക്കുകയാണ്.

അമേരിക്കയിൽ ഹരിനമ്പൂതിരിയുടെ കർമ്മമണ്ഡലം ടെക്സാസിലെ മെക്കാലൻ നഗരത്തിലും അവിടത്തെ സാംസ്കാരിക രംഗങ്ങളിലും മാതൃകാപരമായ സേവനം അടയാളപ്പെടുത്തി മുന്നേറുന്നു.

●

ഹരി നമ്പൂതിരിയുടെ വസതി :
കുടൽ മന, തൈക്കാട്,
തിരുവനന്തപുരം, +91 94465 89563


പി.എൻ.വിജയൻ 9496304123
(കവി, ചെറുകഥാകൃത്ത്)


യലുകളിൽ അഭിനയം തുടരുന്നു.

തിരുവനന്തപുരത്തെ സാംസ്കാരിക സംഘടനയായ -ഗാന്ധി ഭവനിൽ- പങ്കാളിയാണ് ലില്ലി - Special School

ട്രസ്റ്റിഅംഗം, ലയോള - Alumni executive member-

തെന്നിന്ത്യൻ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്ന- സൂര്യ ഫെസ്റ്റിവൽ - സംഘടിപ്പിക്കുന്നതിലും അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോവുന്നതിലും സഹകരിക്കുന്നു. 500 ൽ പരം സാംസ്കാരിക പരിപാടികൾക്ക് anchor ആവുകയും ധാരാളം പരിപാടികൾ സ്വയം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കലാസാസ്കാരിക രംഗങ്ങളിൽ ഇന്ത്യക്കകത്തും പുറത്തും പ്രവർത്തിച്ചു വരുന്ന പല സംഘടനകളുമായി സഹകരിക്കുന്നു.

Care and Cure എന്ന Home Health സ്ഥാപനത്തിന്റെ അഡ്വൈസറി ബോഡ് മെമ്പർ ആയിരിക്കെ

അരഡസൻ സ്ഥാപനങ്ങളുടെ അഡ്വൈസർ ആയി സേവനം കാഴ്ചവെയ്ക്കുന്നു

ഹോളിവുഡ് സിനിമകൾ നിർ മ്മിക്കുന്ന അന്താരാഷ്ട്ര കമ്പനികളിൽ പങ്കാളി. CHECK MATE എന്ന സിനിമ ഇവരുടെ പ്രൊഡക്ഷൻ.

ഹരി നമ്പൂതിരിയെ മാദ്ധ്യമങ്ങൾ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്:

ടെക്സാസ് സംസ്ഥാനത്തെ നിറസാന്നിധ്യവും മലയാളികൾക്ക് സുപരിചിതനും ആയ ഹരി നമ്പൂതിരി കേരളാ യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദവും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദാനന്തരബിരുദവും കരസ്ഥമാക്കി, കേരളാ യൂണിവേഴ്സിറ്റിയിൽനിന്ന് സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദവും ഗവൺമെൻറ് ലോ കോളേജിൽനിന്ന് നിയമ ബിരുദവും നേടിയിട്ടുണ്ട്. ലാസ്പാമസ് ഹെൽത്ത് കെയർ സെൻറർ ചീഫ് എക്സിക്യൂട്ട് ഡയറക്ടർ, അമേരിക്കൻ കോളേജ് ഓഫ് ഹെൽത്ത് കെയർ എക്സിക്യൂട്ടീവ് അംഗം തുടങ്ങി നിരവധി പ്രൊഫഷണൽ തസ്തികകൾ വഹിക്കുന്ന ഹരി നമ്പൂതിരി റിയോ ഗ്രാൻഡ് വാലി ഇന്ത്യൻ അസോസിയേഷൻ പ്രസിഡൻറ്, മെക്കാലൻ സിറ്റി സീനിയർ സിറ്റിസൺ അഡ്വൈസറി മെമ്പർ, വേൾഡ് മലയാളി കൗൺസിൽ തുടങ്ങിയ സാംസ്കാരിക സംഘടനകളിലും പ്രവർത്തിക്കുന്നുണ്ട്.

യശശ്ശരീരനായ പ്രൊഫസർ കെ. കെ. കൃഷ്ണൻ നമ്പൂതിരി – ലീലാദേവി ദമ്പതികളുടെ മകനാണ് ഹരികൃഷ്ണൻ നമ്പൂതിരി.

“നാടകത്തിലായാലും സിനിമയിലായാലും ഒരു നടന് നിരവധി വേഷങ്ങൾ കെട്ടേണ്ടിവരും.” ഹരി നമ്പൂതിരി പറയുന്നു. എം.എ. റാങ്ക് നേടിയതിനു ശേഷം തനിക്ക് കീഴിൽ 3000 പേർ ജോലി ചെയ്യുന്ന സുസ്ഥിരമായ ഉദ്യോഗത്തിൽ ഇരിക്കെ അമേരിക്കയിലേക്ക് ജീവിതം പറിച്ചുനട്ട ഹരി നമ്പൂതിരിക്ക് സിനിമയെ വെല്ലുന്ന മുഹൂർത്തങ്ങൾ ആയിരുന്നു നേരിടേണ്ടി വന്നത്. ഹൗസ് കീപ്പിംഗ് ജോലിയിൽ തുടങ്ങി ഹോസ്പിറ്റൽ സീ ഇ ഒ – വരെ എത്തിച്ചേർന്ന ഹരി നമ്പൂതിരിയിൽനിന്ന് പുതിയ തലമുറയ്ക്ക് പലപാഠങ്ങളും പഠിക്കാനുണ്ട്. ആശ്വാസത്തിന്റെ കരുതൽ പകരുന്ന കൺസൾട്ടൻഡ്, ബെൽറ്റു മോർ ആൻഡ് ബാഴ്സലോണ അസിസ്റ്റൻറ് ലിവിങ് സെന്ററുകളുടെ പ്രസിഡൻറ് ആൻഡ് സി ഇ ഒ, ടെക്സെസ് ഗവർണറുടെ കീഴിൽ നഴ്സിംഗ് ഫെസിലിറ്റി അഡ്വൈസറി ബോഡ് അംഗം എന്നിങ്ങനെ കൈവെച്ച മേഖലകളിലെല്ലാം തിളങ്ങാൻ സാധിച്ച അപൂർവത, സ്വയം സമർപ്പിച്ച ജീവിതത്തിൻറെ പ്രതിഫലനമാണ്. നാഷണൽ ക്വാളിറ്റി ക്യാബിനറ്റിൽ അംഗമാകുന്ന ആദ്യത്തെ

# സപ്തതി ആശംസകൾ

## കൃഷ്ണൻ കുറൂർ



എം എ യ്ക്ക് പഠിക്കുമ്പോൾത്തന്നെ മാതൃഭൂമി ദിനപ്പത്രത്തിൽ ചേർന്ന കൃഷ്ണൻ കുറൂർ ചീഫ് ലൈബ്രേറിയൻ,ചീഫ് പ്രൂഫ് റീഡർ തുടങ്ങിയ തസ്തികകളിൽ കോഴിക്കോട് പ്രവർത്തിച്ചു. അക്കാലത്താണ്, അക്ഷരശ്ലോക പ്രസ്ഥാനവുമായി ബന്ധപ്പെടാനിടവന്നത്. എം.എൻ.പാലൂർ, പി.ചന്ദ്രശേഖരൻ, മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി ,പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരി തുടങ്ങിയവരൊക്കെ ഉണ്ടായിരുന്നു ആ കൂട്ടായ്മയിൽ. പ്രഗത്ഭരായ ഒട്ടേറെ എഴുത്തുകാരുമായി സമ്പർക്കം പുലർത്താൻ കഴിഞ്ഞു. മാതൃഭൂമി ആവിഷ്കരിച്ച 'സീഡ്' എന്ന മഹത്തായ പരിസ്ഥിതി പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു. തോടയം കഥകളിയോഗം കൂട്ടായ്മയിൽ സഹകരിച്ചു.

ആദ്യ പുസ്തകം 'സപ്തവർണ്ണങ്ങൾ'എഡിറ്റ് ചെയ്തും രണ്ടാമത്തെ പുസ്തകം ശ്ലോക സാഹിത്യത്തെപ്പറ്റി 'ശ്ലോകപ്രഭാവം' എന്ന പേരിലും എഴുത്തച്ഛന്റെ ഹരിനാമകീർത്തനവും പൂന്താനത്തിന്റെ ജ്ഞാനപ്പാനയും ലളിതമായ വ്യാഖ്യാനത്തോടെ ഒറ്റപ്പുസ്തകമായും പ്രസിദ്ധീകരിച്ചു. മലയാള കവിതാ സംബന്ധിയായ നാലാമത്തെ ഗ്രന്ഥത്തിന്റെ പണിപ്പുരയിലാണ്.

യോഗക്ഷേമസഭയുടെ ഉപസഭാ, സംസ്ഥാന തലങ്ങളിൽ പ്രവർത്തിച്ചു. എറണാകുളം ജില്ലയിലെ മികച്ച ഉപസഭാ പ്രസിഡന്റിനുള്ള പുരസ്കാരം, യോഗക്ഷേമസഭയുടെ 'ശങ്കരശ്രീ' പുരസ്കാരം ഇവ ലഭിച്ചു. ശ്രേഷ്ഠ ഭാഷാ പ്രതിഭാ പുരസ്കാരം, 'അക്ഷരനൈപുണ്യ' പുരസ്കാരം തുടങ്ങിയവയും ലഭിച്ചു.

ഭാര്യ: അങ്കമാലി കിടങ്ങൂർ കൈപ്പിള്ളി മഹൾ കെ.കെ.ഉമയും (റിട്ടയേഡ് പ്രോജക്റ്റ് ഓഫീസർ, ഐ സി ഡി എസ്, ) എറണാകുളം ജില്ലാ വനിതാ സഭയുടെ സെക്രട്ടറിയായിരുന്നു. മകൻ വാസുദേവൻ ഓട്ടോമൊബൈൽ ഡി പ്ലോമ കഴിഞ്ഞ്, ട്രാവൽ ഏജൻസി നടത്തുന്നു.

കഥ

# ബ്ലാസ്ഫെമി

കെ.എം. എസ്.ഭട്ടതിരിപ്പാട്



വർഷങ്ങൾക്കു മുമ്പാണ്. ഞാൻ റയിൽവെയിൽ കയറി ട്രെയ്നിങ്ങ് കാലം. ഔദ്യോഗികമായി ഒരാഴ്ച കാട്പാടിയിൽ തങ്ങേണ്ടി വന്നു. ഇടയിൽ കിട്ടിയ ഒരു ഞായറാഴ്ച തിരുപ്പതി ക്ഷേത്ര ദർശനത്തിനു പോവാൻ ഉറപ്പിച്ചു. തിരുപ്പതിദേവനെന്നു പറയാറുണ്ടെങ്കിലും വെങ്കിടാചലപതി തിരുമല കുന്നിൻ മുകളിലാണ് വാസം.രാവിലെ 5.30 നുള്ള പാസഞ്ചറിൽ സെക്കന്റു ക്ലാസ്സിൽ കയറി. ഫസ്റ്റ് ക്ലാസ്സിനു താഴെയും മൂന്നാം ക്ലാസ്സിനുമേലെയുള്ള സ്പെഷൽ ക്ലാസ്സാണ് രണ്ട്. എഴുപതുകളിൽ രണ്ടാം ക്ലാസ്സ് റയിൽവെ നിർത്തലാക്കി.ഈ വണ്ടിയിൽ ഫസ്റ്റ് ക്ലാസ്സില്ലാത്തതു കൊണ്ടാണ് സെക്കന്റ് ക്ലാസ്സ്. കേറിയ ഉടനെ കിടന്നു. കരിയെഞ്ചിന്റെ ചീറ്റലും കൂകലും കേട്ടു , ഒരു കൊല്ലം മുമ്പ് എന്റെ അടുത്ത സുഹൃത്തും സഹമുറിയനുമായ മാത്യൂസിനൊപ്പം തിരുമല കയറി ദർശനം നടത്തിയ കഥ ഓർത്ത് ഉറങ്ങിപ്പോയി.

മാത്യൂസിനൊപ്പം എന്നെഴുതിയത് ബോധപൂർവ്വമാണ്. കാരണം മാത്യൂസാണ് യാത്രാപരിപാടിയും ഇറ്റിനററിയും തയാറാക്കുന്നത്. അങ്ങനെയാണ് ആദ്യമായി തഞ്ചാവൂർ തിരുവണ്ണാമല ,കാഞ്ചീപുരം തിരുപ്പതി മുതലായ മഹാക്ഷേത്രങ്ങൾ ഞാൻ കാണുന്നത്. മാത്യൂസിന് ചരിത്രവും, വാസ്തുശില്പവും, താല്പര്യവും കൂടും. താല്പര്യം എന്നു പറഞ്ഞതിൽ ഭക്തിയും കൂട്ടാം. വിശ്വാസത്തിന്റെ കാര്യത്തിൽ മാത്യൂസും ഞാനും ഒരു പോലെയാണ് അന്ന്. ചോദ്യങ്ങൾ ചോദിക്കാറില്ല,ഒന്നിനെയും എതിർക്കാറുമില്ല. മനസ്സിൽ ചെറുപ്പത്തിൽ അറിയാതെ കുടിയിരുന്ന ദൈവത്തിന് രൂപവും ഭാവവുമൊന്നുമില്ല. അക്കാലത്ത് 'അദ്ദേഹം' ഞങ്ങളെ ഉപദേശിക്കുകയോ നിയന്ത്രിക്കുകയോ പതിവില്ല. 'ഒരു പക്ഷെ, ഒരു 'ഉപദേശി'യായി വന്നിരുന്നെങ്കിൽ അന്നു തന്നെ അദ്ദേഹം ഇറങ്ങി പോയിട്ടുണ്ടാവും, ഇങ്ങിനി തിരിച്ചു വരാതെ' മാത്യു 24 വചനം..

അതുപോലെ അമ്പലത്തിൽ തൊഴുതിറങ്ങുമ്പോഴും ഒന്നും പ്രത്യേകം ആവശ്യപ്പെടാറില്ല. വലിയതോതിൽ ആശിക്കാനോ 'ഇല്ലാത്തത് മോഹിക്കാനൊ അറിയാത്തകാലം.

ഏതായാലും 4 മണിക്കൂറിലധികം എടുത്തുക്ഷേത്രത്തിലെത്താൻ. അപ്പോഴേക്കും സൗജന്യ ദർശനസമയം തീർന്നിരുന്നു. കയ്യിൽ കാശില്ലാത്തതു കൊണ്ടു വൈകുന്നേരം വരെ കാത്തിരുന്നു. തിരക്കില്ലാതെ, വളരെ സൗകര്യമായി, വെങ്കിടാചലപതിയുടെ സ്വർണ്ണകിരീടം തലയിലണിഞ്ഞു മതി നിറയെ തൊഴുതുനിന്നു. ഞാൻ നീങ്ങാൻ തുടങ്ങിയപ്പോൾ മാത്രമെ പൂജാരി കിരീടം പതിയെ എടുത്തുള്ളു. തള്ളും ബഹളവുമില്ലാത്ത ഒരപൂർവ്വ ദർശനം.

ഏതോ സ്റ്റേഷനിൽ ടി.ടി.ഇ. കയറി എന്റെ റയിൽവെ പാസ്സ് നോക്കി പോയി. വണ്ടി ചിറ്റൂരെത്തിയപ്പോൾ ഒരു ദൃഢഗാത്രൻ എന്റെ മുൻസീറ്റിൽ വന്നിരുന്നു. അപ്പോൾ ഉറക്കശ്രമം കളഞ്ഞു ഞാനെഴുന്നേറ്റു.

കഥ തുടങ്ങുന്നത് ഇവിടെ നിന്നാണ്. ആ മധ്യവയസ്കൻ എന്റെ മുന്നിലെ സീറ്റിലിരുന്നു ഹിന്ദു പത്രം തുറന്നു വായന തുടങ്ങി.1965 ലെ ഇന്ത്യ പാക് യുദ്ധമാണ് പത്രം നിറയെ. തെക്കൻ ആന്ധ്രയിലെ നെൽപാടങ്ങളും വാഴത്തോട്ടങ്ങളും ഉദയസൂര്യന്റ പ്രഭയിൽ കാറ്റത്താടുന്നത് നോക്കി ഞാൻ ചിന്തകളെ മാറ്റി കാഴ്ചകളിൽ മുഴുകി.

വണ്ടി പക്കാല സ്റ്റേഷനിലെത്തി. ഏഴു മണി കഴിഞ്ഞു. പ്ലാറ്റ് ഫോമിൽ വരുന്നവരുടെയും ഇറങ്ങുന്നവരുടെയും ബഹളം. ചായക്കാരുടെ കൂവൽ വേറെ. രണ്ടു പേർ ഞങ്ങളുടെ സെക്കന്റ് ക്ലാസിലും കയറി. അവർ ഞങ്ങളിൽ നിന്നകന്നു ദൂരെയിരുന്നു. ഞങ്ങളുടെ മുന്നിലാണ് സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ്. തടിച്ചു ഉയരം കൂടിയ മാഷ് പച്ചക്കൊടി ചുരുട്ടിപ്പിടിച്ചു ഓഫീസിന്റെ മുന്നിലുണ്ട്. അതിനടുത്താണ് പുറത്തേക്കുള്ള വഴി. യൂണിഫോമിലല്ലാത്ത ഒരാൾ പുറത്തേക്കു പോകുന്നവരുടെ ടിക്കറ്റ് വാങ്ങാൻ നിൽക്കുന്നുണ്ട്.

പെട്ടെന്നു പതിവുശാന്തതയെയും ക്രമത്തെയും ഭേദിച്ച് ഠെ, ഠെ എന്നു രണ്ടു പൊട്ടലും നിലവിളിയും മുഴങ്ങി. വേഷം കൊണ്ടു ടി.ടി.ഇ ആണെന്നു തോന്നിക്കുന്ന ഒരാൾ പത്തുപന്ത്രണ്ടു വയസ്സ് തോന്നിക്കുന്ന ഒരു പയ്യനെ വലിച്ചു കൊണ്ടു വന്നു ഗേറ്റിനടുത്ത് എത്തിയപ്പോൾ അവന്റെ ചെകിടത്തടിച്ചതാണ് ശബ്ദം. രണ്ടാമത്തെ അടിക്ക് പയ്യൻ അടുത്തുള്ള മരത്തിന്റെ ചാരുബഞ്ചിലെക്ക് മറിഞ്ഞു. പേടിച്ച് രണ്ട് കവിളത്തെ പാട് തലോടിക്കൊണ്ട് അവൻ തല പൊന്തിച്ച് ദയനീയമായി ടി.ടി.ഇ യെ നോക്കി. ഇടതു കൈ കൊണ്ടു തടുക്കുന്നതിനമുമ്പ് വീണ്ടും ഇടത്തെ കവിളിലും അടി വീണു. അവൻ പരവശനായി ചുളി ബഞ്ചിൽ മലർന്നു വീണു. കുപ്പായമില്ല. വണ്ടിയിൽ വയറ്റത്തടിച്ചു പാടി പിച്ചതെണ്ടി ജീവിക്കുന്നവനാണ്. ഇവനെ ഞാൻ കണ്ടിട്ടുണ്ട്. ഒട്ടിയ വയറ്റിൽ രണ്ടു ഭാഗത്തും പാട്ടുണ്ട്. കൈകൾ കൊണ്ടു കവിളുകൾ പൊത്തി, പുറത്തു കാണുന്ന കണ്ണകളിൽ പെരും പേടിയും കണ്ണനീരും നിറഞ്ഞു തുളുമ്പുന്ന മുഖം.

അപ്പോഴേക്കും ചുറ്റും യാത്രക്കാരും കാഴ്ചക്കാരും അന്തിച്ചു നോക്കി നില്പാണ്.

'ഇവനോട് നൂറു തവണ പറഞ്ഞതാണ് ടിക്കറ്റില്ലാതെ എന്റ വണ്ടിയിൽ കയറരുതെന്ന്.'

ടി.ടി.ഇ ചുറ്റും നിൽക്കുന്നവരെ നോക്കി പറഞ്ഞു. 'കള്ളവണ്ടികയറിയതിനു ജയിലിലടച്ചതാണ്. ചാടിപ്പോന്നതാ ജയിലിന്ന്.'

എല്ലാവരുടെയും മുഖംഭാവം മാറി. 'അങ്ങനെ വേണം' എന്ന ഭാവം തെളിഞ്ഞു. ടി.ടി.ഇ. കാണികളെ ശ്രദ്ധിച്ചു അവരുടെ മൂഡറിഞ്ഞു. മലർന്നു കിടക്കുന്ന പയ്യന്റ വക്കുകീറിയ ട്രൗസർ പെട്ടെന്നു വലിച്ചൂരി നിലത്തിട്ടു. പയ്യൻ തടുക്കുന്നതിനും മുമ്പു കഴിഞ്ഞു. കാലുകൊണ്ടു ട്രൗസർ തട്ടി വണ്ടിയുടെ താഴെ റയിലിലെക്ക് ഇടാൻ നോക്കി. പയ്യൻ പേടിച്ചു എഴുനേൽക്കാനാവാതെ കൈകൾ കൊണ്ടു നാണം മറച്ചു തലതാഴ്ത്തി. കണ്ടു നിന്നവർ ചിരിച്ചും തല കുലുക്കിയും ചെറുപ്പക്കാരൻ ടി.ടി.ഇയെ നോക്കി. അവർ 'രംഗം ആസ്വദിച്ചു തുടങ്ങി. സ്റ്റേഷൻ മാസ്റ്റർ എല്ലാം ശ്രദ്ധിക്കുന്നുണ്ടെങ്കിലും അസ്വസ്ഥനായിരുന്നു.

ഇതെല്ലാം ഒന്നുരണ്ടു മിനിറ്റിൽ കഴിഞ്ഞു.വായിച്ചിരുന്ന ഹിന്ദു പത്രം ഇടതു കയ്യിൽ പിടിച്ച് പുറത്തെ കാഴ്ചകൾ ശ്രദ്ധിച്ചിരുന്ന മുന്നിലിരുന്ന മധ്യവയസ്കൻ പെട്ടെന്ന് പേപ്പർ താഴത്തിട്ട് ചാടിയെഴുന്നെറ്റു പ്ലാറ്റുഫോമിലെത്തി. അദ്ദേഹത്തെ കണ്ടതും സ്റ്റേഷൻ മാസ്റ്ററും ടി.ടി.ഇയും മറ്റു ചിലരും ബഹുമാനപൂർവ്വം നില്പായി. പയ്യന്റ മുഖത്ത് പേടിയും ആശ്വാസവും നിഴലിച്ചു.

'റയിൽവെ മജിസ്ട്രേറ്റ് ആണ്. ഭയങ്കരനാ.'ആൾക്കൂട്ടത്തിലൊരാൾ പതുക്കെപ്പറഞ്ഞു. മജിസ്ട്രേറ്റ് ചുറ്റും നോക്കി അലറി.

'സ്റ്റോപ്പ് ദിസ് ക്രുവൽട്ടി.' അദ്ദേഹം തിരിഞ്ഞു അമ്പരന്നു നിൽക്കുന്ന സ്റ്റേഷൻ മാസ്റ്ററോട് .

'യുവർ നെയിം?'

'സുബ്ബറാവു സർ '

'സീ മിസ്റ്റർ സുബ്ബറാവു . യു ആർ എ വിറ്റ്നസ് ടു ദിസ് ക്രുവൽട്ടി.'

അദ്ദേഹം കാണികളെ ഒന്നുഴിഞ്ഞു നോക്കി ആരോടെന്നില്ലാതെ.

'റയിൽവെ പോലീസ് എസ്.ഐ. വെങ്കിടേശനെ വിളിക്കു. '

സുബ്ബറാവു സ്റ്റേഷന്റ ഉള്ളിൽ നിന്നു നിർത്താത്ത ഫോണടിക്കുന്ന ശബ്ദം കേട്ട് തിരിഞ്ഞു നോക്കി. സ്റ്റേഷൻ മാസ്റ്ററുടെ സംഭ്രമവും ഉള്ളുരുക്കവും മുഖത്ത് ഒട്ടിച്ചു വെച്ച പോലെയുണ്ട്.ട്രെയ്ൻ കാണ്ട്രോളർ വണ്ടി പക്കാല സ്റ്റേഷൻ വിട്ട വിവരം കിട്ടാത്തതിൽ അങ്കലാപ്പിൽ നിർത്താതെ മണിയടിച്ചു കൊണ്ടിരുന്നു. മാസ്റ്ററുടെ മന:ക്ലേശം മജിസ്റ്റ്രേറ്റു ഊഹിച്ച പോലെ തോന്നി.

'നോ. വണ്ടി പോവാൻ വരട്ടെ . പോലീസ്

' എസ്. ഐ.വരട്ടെ.'

അപ്പോഴെക്കും പിന്നിൽ നിന്ന് കാക്കിപ്പാന്റും കള്ളിക്കുപ്പായവുമിട്ട് ഒരാളോടി വരുന്നുണ്ടായിരുന്നു.

'എസ് ഐ സാറെത്തി' മൂന്നാലു പേർ ഒന്നിച്ചു കൂവി.

അയാൾ വന്നതും മജിസ്ട്രേറ്റിന്റെ മുമ്പിൽ അറ്റൻഷനായി നിന്നു.

'സബ് ഇൻസ്പക്ടർ, അറസ്റ്റ് ദിസ് ടി.ടി.ഇ. യുകാൻ ഗെറ്റ് എ റിട്ടൺ കമ്പ്ലേന്റ് ഫ്രം സ്റ്റേഷൻ മാസ്റ്റർ. ഇവിടെ കൂടിയിട്ടുള്ള എല്ലാ പേരുടെയും സാക്ഷിമൊഴികൾ വാങ്ങുക.'

അദ്ദേഹം ചുറ്റും നോക്കി. ആൾക്കാർ പുതിയ ടിസ്റ്റ് കണ്ടു തീരുന്നതിനു മുമ്പ് അദ്ദേഹം പതുക്കെ നടന്നു. ആകെ പരിഭ്രമിച്ചു ഒരേ കിടപ്പിൽ കഴിയുന്ന നഗ്നനായ പയ്യനെ നോക്കി. ഊറുന്ന കണ്ണീർ തുടക്കാനാവാതെ മലർന്നു ചുരുണ്ടു കിടക്കുന്ന അവന്റെ അരിയിലൂടെ പ്ലാറ്റ് ഫോമിന്റെ വക്കത്ത് കിടക്കുന്ന പയ്യന്റെ ട്രൌസർ തന്റെ കൈ കൊണ്ടെടുത്തു തിരിഞ്ഞു. പയ്യന്റ അടുത്തെത്തി. അപ്പോഴേക്കും അവൻ കൈ കൊണ്ടു നാണം മറച്ചു എഴുന്നേറ്റു. അതുവരെ ഭയമല്ലാതെ മറ്റൊന്നും പുറപ്പെടാത്ത കണ്ണകളിൽ നിന്നു കണ്ണീരൊഴുകി.

'ഊം' എന്ന പറഞ്ഞു ട്രൌസർ അവന്റെ നേരെ നീട്ടി. എല്ലാം കണ്ടു അനങ്ങാനാവാതെ, എന്തോ പറയാൻ ചുണ്ടനക്കി നിന്നരുന്ന ടി.ടി.ഇയെ ശ്രദ്ധിക്കാതെ തിരിഞ്ഞു നടന്നു. എസ് ഐയുടെ മുന്നിലെത്തി.

' അറിയാലൊ ഐ.പി.സി.വകുപ്പുകൾ. ബന്ധപ്പെട്ട റയിൽവെ ആക്റ്റും .നോൺ ബെയ്ലമ്പളാണ് റയിൽവെ വകുപ്പുകൾ'

തിരിഞ്ഞു സ്റ്റേഷൻ മാസ്റ്ററോട്. –

'നൌ യു കാൻ സ്റ്റാർട്ട് ട്രെയ്ൻ. ഡിവിഷണൽ സൂപ്രണ്ടിന് വിശദമായ റിപ്പോർട്ട് ഇപ്പോഴെ അയക്കുക.'

അപ്പോഴെക്കും എത്തിയ രണ്ടു പോലീസുകാരും എസ്. ഐ യും കൂടി മജിസ്ട്രേറ്റിനെ വണ്ടിയിൽ കയറാൻ അനുഗമിച്ചെത്തി.

'സർക്കിൾ വില്യംസിനോട് തിരുപ്പതിയിലെത്തുമ്പോൾ എന്നെ കാണാൻ പറയണം.'

തികഞ്ഞ ഗൗരവത്തോടെ അദ്ദേഹം. എന്റെ മുന്നിൽ വന്നിരുന്നു. ചൂളമടിച്ചു വണ്ടി നീങ്ങി. ഞാൻ ഒളികണ്ണിട്ടു അദ്ദേഹത്തിന്റെ മുഖം ശ്രദ്ധിച്ചു. മൂന്നാലു മിനിറ്റ് കൊണ്ടു അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്ന ക്ഷോഭം അലിഞ്ഞു. ഉള്ളുരുക്കം കാരണം വലിഞ്ഞു മുറുകിനിന്നിരുന്ന മുഖത്തെ പേശികൾ അയഞ്ഞു. കണ്ണുകൾ ചുറ്റുപാടും എന്തോ തപ്പി നടന്നു. പതുക്കെ ചുരുട്ടിവെച്ചിരുന്ന ഹിന്ദു പേപ്പർ എടുത്തു. അടുത്തിരിക്കുന്ന എന്റെ സാന്നിധ്യം അദ്ദേഹം പെട്ടെന്നു അറിഞ്ഞ പോലെ നേരെയിരുന്നു. കഴിഞ്ഞ സംഭവങ്ങൾ അദ്ദേഹത്തെ അൻപിന്റേയും അലിവിന്റേയും ഒരു ആൾ രൂപമാക്കി മാറ്റിയിരുന്നു.

പേപ്പർ വായിക്കുന്നതിനു പകരം എന്നെ നോക്കി. ചുണ്ടുകൾ എന്തോ ചോദിക്കാനെന്നപോലെ ഇളകി.

' യു റയിൽവെസ്റ്റാഫ്'

'അതെ, സർ'.

പ്രതീക്ഷിച്ചതല്ലെങ്കിലും എനിയ്ക്കത്ഭുതം തോന്നിയില്ല. ഞാൻ ശബ്ദം താഴ്ത്തി കോടതിയിൽ കൂട്ടിൽ സാക്ഷിയെപ്പോലെ എന്റ കുറ്റം ഏറ്റു.

'ഡു യു അപ്രൂവ് ദിസ് ടൈപ് ആഫ് ബ്രൂട്ട് ക്രുവൽടി' (ഇത്തരം ക്രൂര പീഡന മുറ ശരിവെക്കുന്നുണ്ടോ?)

'നെവർ.അബ്സൊലൂട്ലി നൊ.'

അദ്ദേഹം എന്നെ സൂക്ഷിച്ചു നോക്കി.

'ഇതൊരിക്കലും നടക്കരുതാത്തതാണ്.'

എന്തോ അദ്ദേഹത്തിനു ആ ചെറുപ്പക്കാരനായ ടി.ടി.ഇ യുടെ കുറ്റകരമായ കയ്യേറ്റം,അതും നിസ്സഹായനായ ഒരു പയ്യനോട് കാണിച്ചതിന്റ സമ്മർദ്ദം താങ്ങാവുന്നതിലും ഏറെയായിരുന്നു. ഇത്തരം കേസ്സുകൾ മജിസ്ട്രേറ്റ് എന്ന നിലയിൽ നൂറു കണക്കിനു അദ്ദേഹ

ത്തിന്റെ മുന്നിൽ വന്നിട്ടുണ്ടാവും. നിയമം മുടി നാരിഴക്ക് കീറി കുറ്റം തിരിച്ചറിഞ്ഞ് ശിക്ഷിച്ചിട്ടുമുണ്ടാവും. പക്ഷെ, ഇവിടെ തന്റെ മുന്നിൽ ,ഒരു സാക്ഷിയുടെയും വക്കീലിന്റെയും കണ്ണിലൂടെയല്ലാതെ നേരിട്ടു കണ്ട പ്പോൾ അദ്ദേഹം പത്തോ ഇരുപതൊ വർഷം കൊണ്ടു നേടിയ സംയമനം പോരാതെ വന്നിട്ടുണ്ടാവും.

' ഐ.പി.സി യിലെ ആറേഴു വകു പ്പുകൾ ഇവിടെ നിലനിൽക്കും. സീ, ദാറ്റ് ബ്രൂട് ആഫ് എ യങ് മാൻ –' അദ്ദേഹത്തിനു വീണ്ടും സംയമനം ഉരുകിപ്പോകുന്ന പോലെ തോന്നി. രണ്ടു മിനിറ്റിനു ശേഷം നർമ്മമില്ലാത്ത ഒരു ചിരിയോടെ അദ്ദേഹം കൺട്രോൾ വീണ്ടെടുത്തു .

' ഞാനാ പയ്യനെ അറിയും.' ഒരു നിമിഷം അദ്ദേഹം കണ്ണടച്ചിരുന്നു. തന്റെ ഉള്ളിലെ ഇനിയും അടങ്ങാത്ത വിങ്ങൽ ആരോടെങ്കിലും തുറന്നാൽ കനം കുറയുമെന്ന് അനുഭവമുണ്ടാ വും. മുന്നിലിരിക്കുന്ന ഞാൻ മതി യെന്ന അദ്ദേഹത്തിന്റെ അബോധമ നസ്സു സമ്മതിച്ചു കാണും.

'നാലഞ്ചുവർഷം മുമ്പ് ഇവിടെ യടുത്ത് രാമപുരത്ത് ഒരു കുംഭാര കുടുംബമുണ്ടായിരുന്നു. 'അദ്ദേ ഹം ചിന്താ മഗ്നനായി തുടങ്ങി. ' 'ചട്ടി,കലം, മറ്റു മൺ പാത്രങ്ങൾ ഉണ്ടാക്കി വിറ്റു ജീവിക്കുന്നവർ. രാ മപുരത്ത് ഒരു കട വെച്ച് കച്ചവടം ചെയ്തുവന്നു. രാമപുരം ഒരു സാ ധാ വില്ലേജ്. ടൗൺ ഒന്നുമല്ല. അയാ ളും ഭാര്യയും രണ്ടു പെൺമക്കളും ഒരു പയ്യനും അടങ്ങിയ കുടുംബം. മകളുടെ കല്യാണം ഉറപ്പിച്ചിരുന്നു. കല്യാണത്തിനു കുറച്ചു കാശു സ്വരൂ പിക്കാനായി അയാൾ കഠിനാധ്യാനം ചെയ്തു വന്നു.

ഒരു ദിവസം വൈകുന്നേരം 5 മണി വണ്ടിക്ക് 3 പേർ രാമപുരത്തി റങ്ങി. ഒരൊഴിഞ്ഞ കുറ്റിക്കാട്ടിൽ പോയി മദ്യപിച്ച് 7 മണിയോടെ കുംഭാരന്റ ഓല മേഞ്ഞ കടയിലെ ത്തി.കട പൂട്ടുന്ന തിരക്കിലായിരുന്നു കുടുംബം. ഒരു കി.മീ. അകലെയുള്ള ഒരു ഷെഡിലാണ് താമസം. അവിടെ എട്ടുപത്തു വീടുകളുണ്ട്.'

അദ്ദേഹം വീണ്ടും ആലോചന യിലമർന്നു.

'കടയിൽ അതിക്രമിച്ചു കയറിയ വർ അച്ഛനെ വെട്ടിക്കൊന്നു. അമ്മ യെയും പെൺകുട്ടികളെയും കടന്ന പിടിച്ചു. ഈ തിരക്കിൽ എട്ടുതിക യാത്ത പയ്യൻ പേടിച്ചു ഓടി ഒരു പൊന്തയിലൊളിച്ചു. ഭയവും ഷോ ക്കും,ഓട്ടത്തിൽ കാലിന്മേൽ പറ്റിയ മുറിവും എല്ലാം കൂടെ അവനെ പാതി ബോധം കെടുത്തിക്കാണും. അടു ത്തൊന്നും വേറെ വീടുകളില്ല. പാതി മയക്കത്തിൽ ശബ്ദം കേട്ട് അവൻ ശബ്ദമുണ്ടാക്കാതെ ഇരുട്ടിലേക്ക് നോക്കിയപ്പോൾ മൂന്നു പേർ ഒരാളെ താങ്ങി കൊണ്ടുവരുന്നതാണ് നാട്ടു വെളിച്ചത്തിൽ കണ്ടത്. ഇതെല്ലാം പിന്നീടു അന്വേഷണത്തിൽ തെളി ഞ്ഞതാണ്. പയ്യൻ കിടന്ന സ്ഥലവും ചോര ഒഴുകി കെട്ടിക്കിടന്ന സ്ഥല വും മഹസ്സറിൽ വ്യക്തമാണ്. പേടി ച്ച് കണ്ണടച്ചു കിടന്ന പയ്യന് ബോധം നഷ്ടപ്പെട്ടുവെന്നു പിന്നീടവൻ എന്റെ മുന്നിൽ മൊഴി നൽകുകയുണ്ടായി.

പിറ്റേന്നു രാവിലെ അയൽ വാസി കൾ കണ്ടത് മൂത്ത ചേച്ചിയുടെ നഗ്ന ശവശരീരം കെട്ടിപ്പിടിച്ചു ബോധം കെട്ടു കിടക്കുന്ന ഈ പയ്യൻ രാമയ്യ നെയാണ്. കുറച്ചു കാലം ഒരമ്മാവൻ ഇവനെ കൂടെ പാർപ്പിച്ചു. നാട്ടുകാ രും പോലീസും നിർബന്ധിച്ചിട്ടാണ്.'

ഞാൻ ഒന്നും പറയാനാവാതെ തരിച്ചിരുന്നു. അദ്ദേഹം കുറച്ചുനേരം കണ്ണടച്ചിരുന്നു.

'ആ മൂന്നു പേരും ജാമ്യത്തിന് എന്റെ കോടതിയിലാണ് വന്നത്. കു റ്റം കാപിറ്റൽ ആയിരുന്നു. അച്ഛനെ ഭാര്യയുടെയും മക്കളുടെയും മുന്നിൽ വെച്ചു നിഷ്ഠുരമായി കൊന്നതും, അമ്മയെയും രണ്ടു പെൺമക്കളേയും പീഡിപ്പിച്ചു കൊന്നതും വിചാരണ യിൽ തെളിഞ്ഞു.പിന്നീടു ഞാനറി ഞ്ഞത് അമ്മാവന്റ കുടുംബത്തിന്റെ ദ്രോഹം സഹിക്കാനാവാതെ പയ്യൻ ചിറ്റൂരെത്തി. കടത്തിണ്ണയിൽകിടപ്പാ യി.തെണ്ടിക്കിട്ടുന്ന ചില്ലിക്കാശുകൊ ണ്ടു വിശപ്പടങ്ങിയില്ല.തീവണ്ടിയിൽ വയറ്റത്തടിച്ചു പാട്ടുപാടി തെണ്ടലാ രംഭിച്ചു. ഒരിക്കൽ ഒരു യാത്രക്കാരന്റെ കാശുകട്ടു എന്നു ചാർജു ചെയ്തു എന്റെ കോടതിയിലെത്തി. അന്നു ഞാൻ ഇവന്റെ കഥ മുഴുവൻ ഇവ നിലൂടെത്തന്നെ കേട്ടു. ഒരനാഥാല യത്തിൽ അവനെ ചേർത്തു. കേസ്സു തള്ളി. അവർ സ്കൂളിലും ചേർത്തു. പക്ഷെ രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ അവിടെ അവനു നിൽക്കാൻ വയ്യാ തായി. അവൻ ചാടിപ്പോന്നു എന്തു കൊണ്ടോ അവരാരും അന്വേഷിച്ചു വന്നതുമില്ല.'

അദ്ദേഹം വീണ്ടും ചിന്തയിലായി.

'ഇപ്പൊ ഞാൻ വണ്ടിയിലുണ്ടെ ങ്കിൽ അവൻ ഒഴിഞ്ഞുമാറും . പേ ടിച്ചിട്ടാവും.

പാവം,അവനു വേറെ ജോലിയൊ ന്നുമറിയില്ല. വിശപ്പു മാറ്റാൻ വയറ്റ ത്തടിച്ചു പാടുക........

വണ്ടി ചൂളം വിളിച്ചു തിരുപ്പതിയി ലെത്തി. സെക്കന്റ് ക്ലാസ്സിന്റ തൊട്ടു മുന്നിൽ ഒരു സർക്കിൾ ഇൻസ്പട്ടരും അഞ്ചാറു പോലീസുകാരും അറ്റൻ ഷനിലുണ്ട്. സി.ഐ. വാതിൽക്കലെ ത്തി ഒരു പോലീസുകാരൻ മജിസ് ട്രേറ്റിന്റെ ബാഗു വാങ്ങിച്ചു. അദ്ദേഹം ഒന്നുതിരിഞ്ഞു നോക്കി, തലകുലു ക്കി നടന്നു നീങ്ങി.

മുന്നിൽ വലിയൊരു വെങ്കിടാചല പതിയുടെ ചിത്രം. എന്നെ ശ്രദ്ധിച്ചു നിൽക്കുന്നു.

വണ്ടിയും യാത്രക്കാരും ഒഴിഞ്ഞ പ്ലാറ്റ് ഫോമിൽ ഞാൻ കുറച്ചു നേരം ഭൗതികമായി ഏറ്റവും സമ്പന്നനായ തിരുമല ദേവനെ നോക്കി നിന്നു. അന്നു വികാര ജീവിയും അപക്വ മതിയുമായ എന്റ പ്രാർത്ഥനയുടെ ഇടയിൽ കയറി വന്ന ചില ചിന്തകൾ തികഞ്ഞ 'ബ്ലാസ് ഫെമി'യായിരുന്നു.

●


കെ.എം. എസ്. ഭട്ടതിരിപ്പാട്
ഗുരുപവൻ, കോട്ടപ്പടി
കോട്ടയ്ക്കൽ. 676503, മൊ. 9744999300.


ഈശ്വരനോട് ദേഷ്യം തോന്നുന്ന / അവജ്ഞ ഉണ്ടാക്കുന്ന വാക്കാണ് ബ്ലാസ്ഫെമി. (Blasphemy). ഉദാഹരണമായി പോപ്പുലർ മലയാള ഗാനം 'കണ്ണു തുറക്കാത്ത ദൈവങ്ങളേ' ഓർക്കാം. ദുരനുഭവങ്ങളെ നൽകുന്ന ഈശ്വരന്റെ നിരർത്ഥകമായ യുക്തിക്കു മുമ്പിൽ / വിധിവിശ്വാസത്തിനു മുമ്പിൽ കീഴടങ്ങാത്ത ഭാവം.

**അറിയേണ്ട നമ്പൂതിരി**

# അക്കാദമി അവാർഡ് വാങ്ങാത്ത നമ്പൂതിരിപ്പാട്

**സി.വി. സാവിത്രി**



**1973** ഡിസംബർ 2, 2001 ഡിസംബർ 2, ഈ 2 ദിവസങ്ങൾ ഒരമ്മയും മകനും ഭഗവദ് പാദങ്ങളിൽ വിലയിച്ച ദിനങ്ങളാണ്. ഇത് യാദൃശ്ചികതയോ പൊക്കിൾക്കൊടി ബന്ധത്തിന്റെ മഹത്ത്വമോ?

മലപ്പുറം ജില്ലയിലെ ആലത്തിയൂരിനടുത്തുള്ള തോട്ടുവാ മൂത്തേടത്ത് ശ്രീ തിവിക്രമൻ അടിശ്ശേരിപ്പാടിന്റെ രണ്ടാംവേളിയായി അണ്ടലാടി മനയിൽ നിന്നും ശ്രീമതി ഉമാദേവി അന്തർജനം എത്തി. പ്രൗഢമായ തറവാട് സ്വത്തിലെ ഓരോ ഭാഗങ്ങളും ഉദാരമനസ്കത ഏറിയതിനാൽ നഷ്ടപ്പെട്ടപ്പോഴും ഭഗവതിയിലും ഗുരുവായൂരപ്പനിലുമുള്ള ഉറച്ച വിശ്വാസത്തിൽ കുടുംബം

കുട്ടിക്കൃഷ്ണമാരാരെ നമുക്കറിയാം. വൈജ്ഞാനിക സാഹിത്യരംഗത്ത് മാരാർക്കൊപ്പം തിളങ്ങിയ ടി എം ത്രിവിക്രമൻ നമ്പൂതിരിപ്പാടിനെ നമ്മൾ കേട്ടിട്ടുണ്ടോ? വായിച്ചിട്ടുണ്ടോ? എണ്ണം പറഞ്ഞ നിരവധി പുസ്തകങ്ങൾ, ലേഖനങ്ങൾ. പ്രശസ്തനായ ആര്യവൈദ്യൻ. 1975 - 78 കാലത്ത് വൈജ്ഞാനിക ഗ്രന്ഥങ്ങൾക്കുള്ള സാഹിത്യ അക്കാദമി പുരസ്ക്കാര ജേതാവ്. അദ്ദേഹം നമ്മോട് വിട പറഞ്ഞ് 25 വർഷങ്ങളാവുന്നു.



*ടി എം ത്രിവിക്രമൻ നമ്പൂതിരിപ്പാട്*

നന്നായി മുന്നോട്ട് കൊണ്ടുപോയ ഒരമ്മ.

അച്ഛന്റെ വേർപാടിന് ശേഷം മൂത്തമകൻ ടി.എം.ത്രിവിക്രമൻ നമ്പൂതിരിപ്പാട്, വൈദ്യം, തർക്കം, സംസ്കൃതം, തുടങ്ങിയവ പഠിക്കാനായി കൊടുങ്ങല്ലൂരിലെത്തി. വർഷങ്ങളോളം താടിയും ജടയും നീട്ടിവളർത്തി അവധൂതനെപ്പോലെ അമ്പലനടയിൽ ശാസ്ത്രപഠനങ്ങളിൽ മുഴുകി. മകന് ഭ്രാന്താണ് എന്ന് വരെ പറഞ്ഞവരുടെ മുമ്പിൽ പരാശക്തിയിലുറച്ച് വിശ്വസിച്ച് കണ്ണീരു പുറത്തുവരാതെ അമ്മ കാത്തിരുന്നു. ആ വേദനകളെല്ലാം



കേരള സാഹിത്യ അക്കാദമി

1975 മുതൽ 77 വരെ പ്രസിദ്ധീകരിച്ച

[illegible]

ശ്രീ ടി. എം. ത്രിവിക്രമൻ നമ്പൂതിരിപ്പാട് എഴുതിയ

"വ്യാസപ്രണാമം"

എന്ന ഗ്രന്ഥത്തിന് നൽകിയിരിക്കുന്നു.



വ്യാസപ്രണാമം

(ലേഖനങ്ങൾ)

ഗ്രന്ഥകർത്താ

ടി. എം. ത്രിവിക്രമൻനമ്പൂതിരിപ്പാട്

പ്രസാധകന്മാർ:

മാതൃഭൂമി പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ് കമ്പനി ലിമിററഡ്, കോഴിക്കോട്—673 001

1989

വില: ക. 24.00

കീർത്തനങ്ങളായി മാറി. തന്റെ മകന്റെ ശാസ്ത്രപഠനങ്ങൾക്ക് മുടക്കം വരാതെ കാക്കണേ എന്ന പ്രാർത്ഥന ഏതൊരമ്മയുടേയും കണ്ണുനനയിക്കും.

ആ അമ്മയുടെ പ്രാർത്ഥനയുടെ ഫലം തന്നെയാകും മകൻ പ്രശസ്തമായ കോയമ്പത്തൂർ ആര്യവൈദ്യഫാർമസിയുടെ പ്രധാന ഫിസിഷ്യനായി ചുമതലയേറ്റു. ഡൽഹി,കോയമ്പത്തൂർ, ബോംബെ തുടങ്ങി പല നഗരങ്ങളിലും ജോലി ചെയ്തു. കൂടുതൽ കാലം ഡൽഹിയിലായിരുന്നു. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി മൊറാർജി ദേശായി അടക്കമുള്ള നിരവധി വി വി ഐ പി കളുടെ ഡോക്ടറായിരുന്നു ടി എം സി.

സാഹിത്യ വിമർശന രംഗത്തും സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ചു. കുട്ടിക്കൃഷ്ണമാരാരുടെ പാത പിന്തുടർന്ന അദ്ദേഹം പുരാണങ്ങളിലെ ഓരോ കഥാപാത്രങ്ങളേയും തലനാരിഴ കീറി പരിശോധിക്കുന്ന രീതിയിലാണ് ലേഖനങ്ങളെഴുതിയത്. ധർമ്മത്തിൽ ഉറച്ചു നിന്ന ധർമ്മപുത്രരെപ്പോലും യുക്തിസഹമായി വിമർശിച്ചിട്ടുണ്ട്. ഭഗവാനോടുള്ള നിറഞ്ഞ ഭക്തി ഉള്ളപ്പോഴും ശ്രീകൃഷ്ണൻ എന്ന കഥാപാത്രത്തിന്റെ എല്ലാ പ്രവൃത്തികളേയും ന്യായീകരിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

വ്യാസഭാരതത്തെ അടിസ്ഥാനമാക്കി വ്യാസപ്രസാദം,വ്യാസപ്രണാമം, വ്യാസപ്രഭാവം എന്നീ പഠന ഗ്രന്ഥങ്ങൾ എഴുതി രഘുവംശോപഹാരം, ഭഗവൽപ്രസാദം, കാളിദാസപ്രസാദം, തുടങ്ങിയവ വേറെ. യുക്തിചിന്തയാൽ സത്യത്തെ വെളിച്ചത്തു കൊണ്ടുവരുന്ന രീതിയാണ് ഇവയുടെ അന്തർധാര.

കുടുംബനാഥൻ എന്ന നിലയിൽ തന്റെ അനുജന്മാരേയും സഹോദരിയേയും ഒരു നിലക്കെത്തിച്ചു. വർഷം 1972. ചില്ലറ അസുഖങ്ങളുമായി അമ്മ കിടപ്പിലായി.

നാട്ടിൽ പോയി നിൽക്കാൻ കുറച്ചു ദിവസം ലീവ് ചോദിച്ചപ്പോൾ അന്നത്തെ ആര്യവൈദ്യ ഫാർമസി ഉന്നതർ സമ്മതം നൽകിയില്ല. 'ആസ്താന്താവദീയം പ്രസൂതി സമയേ' ഓർത്ത മകന് അമ്മയെ പരിചരിക്കാനായി ജോലിയുപേക്ഷിക്കാൻ ഒരു നിമിഷം പോലും വേണ്ടി വന്നില്ല.


കൃതജ്ഞത

ടി. എം. ത്രിവിക്രമൻനമ്പൂതിരിപ്പാട്




സാഹിത്യ വിമർശന രംഗത്തും സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ചു. കുട്ടിക്കൃഷ്ണമാരാരുടെ പാത പിന്തുടർന്ന അദ്ദേഹം പുരാണങ്ങളിലെ ഓരോ കഥാപാത്രങ്ങളേയും തലനാരിഴ കീറി പരിശോധിക്കുന്ന രീതിയിലാണ് ലേഖനങ്ങളെഴുതിയത്.

മരണസമയത്ത് ഭാഗ്യവതിയായ ആ അമ്മ " കുഞ്ഞുക്കുട്ടാ തലമടിയിലേക്ക് വെച്ചോളൂ, ശ്വാസം വലിച്ചു തുടങ്ങ്ആ' എന്ന് പൂർണ്ണബോധത്തോടെ പറഞ്ഞ് 'നാരായണ" എന്ന് ഉറക്കെ ജപിച്ചുകൊണ്ട് ഭഗവദ് പാദങ്ങളിൽ 1973 ഡിസംബർ 2 ന് വിലയം പ്രാപിച്ചു.

അമ്മയുടെ വിയോഗത്തിൽ മനംനൊന്ത് കരയുന്ന വല്യച്ഛനോട് ഇളയ അനുജന്റെ മൂത്ത മകൾ "മുത്തശ്ശി ഗുരുവായൂരപ്പന്റെ അടുത്തേക്ക് പോയതിന് എന്തിനാ വിഷമിക്കുന്നതെന്ന് ചോദിച്ചത്രെ. മനസ്സിനെ വല്ലാതെ സ്പർശിച്ച ആ ചോദ്യത്തിൽ നിന്നാണ് കുട്ടീ.....നീയാണെന്റെ ഗുരുനാഥ എന്ന ലേഖനം ഉണ്ടായത്.

അധികവും കാൽനടയായുള്ള ഹിമാലയൻ യാത്രകൾ, 9 പുസ്തകങ്ങൾ, 75 ൽ അക്കാഡമി അവാർഡ്, സാഹിത്യസപര്യകൾ, വായന, എഴുത്ത്, കൃഷി....ഒരിക്കലും ശരീരത്തിനും മനസ്സിനും വിശ്രമം കൊടുക്കാത്ത വ്യക്തിത്വം തികച്ചും ലളിതമായ വസ്ത്രധാരണരീതി വാർദ്ധക്യസഹജമായ വലിയ അസ്വസ്ഥതകളൊന്നുമില്ലാതെ ഇളയ അനുജനോടൊത്ത് ഇടപ്പള്ളിയിൽ താമസിക്കവേ തേജസ്സാർന്ന ആ മിഴികൾ 2001 ഡിസംബർ 2 ന് എന്നന്നേക്കുമായി അടഞ്ഞു. ●

സി.വി. സാവിത്രി
ഉമാലയം, (ആലത്തിയൂർ മൂത്തേടം), മെറ-99 സ്രാമ്പിക്കൽ ടെമ്പിൾ റോഡ്, ഇടപ്പള്ളി, കൊച്ചി-24
(ടി.എം.ത്രിവിക്രമൻ നമ്പൂതിരിപ്പാടിന്റെ അനുജൻ പരേതനായ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ ഭാര്യയാണ്)

## പെരിഞ്ചീരി നാരായണൻ നമ്പൂതിരിക്ക്
## സപ്തതി ആശംസകൾ

*ആശംസകളോടെ:*

**ഭാര്യ ഗീത മക്കൾ അഭയ അഭിജിത്ത് മരുമക്കൾ സുഹാസ്**
**അശ്വതി, പേരമകൻ ദക്ഷ് നാരായൺ**

ചൈത്രം, പുതുക്കുടി റോഡ് മഞ്ചേരി Pin 676121 Ph:9447 537098



**ശബരിമല മലകയറ്റം സുഗമമാക്കുന്നതിനും, കിതപ്പ്, ശ്വാസ തടസ്സം എന്നിവ മാറ്റിയെടുക്കുന്നതിനും,പുതിയ ഹോമിയോ മരുന്ന് വികസിപ്പിച്ചെടുത്ത് ഡോ. അഖിൽ ജി. നമ്പൂതിരി**

*വിശദവിവരങ്ങൾക്ക് –*

**ഡോ. അഖിൽ ജി. നമ്പൂതിരി**

കടുങ്ങമംഗലത്ത് മന
ഒളമതിൽ –പി.ഒ., മോങ്ങം മലപ്പുറം
Ph 9947062366



## 80–ാം പിറന്നാൾ
## മംഗലശ്ശേരി നാരായണൻ നമ്പൂതിരി

ആശംസകളോടെ,
ഭാര്യ: **ശ്രീദേവി അന്തർജനം**
മക്കൾ: **കവിത, ശ്രീഹരി,** മരുമക്കൾ: **ശ്രീലാൽ, ശ്രിത,**
പേരക്കുട്ടികൾ: **അവിനാഷ്, ആർദ്ര, സുനീതി**
മംഗലശ്ശേരി ഇല്ലം, വട്ടക്കിണർ, കോഴിക്കോട്
ഫോൺ: 9447375755



# സ്നേഹവാത്സല്യങ്ങളുടെ 'ക
# കരിയന്നൂർ തിമില ചേർത്ത കൈ



*പാർവ്വതി അന്തർജനം (പുതുക്കുളം മകൾ)*
*1926–2003*

*കൈപ്പള്ളി നീലകണ്ഠൻ നമ്പൂതിരി*
*1902–1982*

# കരള്'റിഞ്ഞ
# ...പ്പള്ളി



ഇല്ലപ്പെരുമ /
കൈപ്പള്ളി ഇല്ലം

## ആദ്യമായി ലോറി...
## ആദ്യമായി ഹെവി ലൈസൻസ്....
## മുസ്ലിം കലാപകാരികൾ കാര്യസ്ഥനെ കൊന്ന് 'തൊലിയുരിച്ച്' മന.

ഡോ. വിനോദ് മങ്ങത്തായ,
താമരക്കുളം ദിവാകരൻ





പണമുണ്ടെങ്കിൽ, ഇല്ലത്തൊരാനയാവാം. ആനക്കമ്പം നമ്പൂരാർക്ക് പറഞ്ഞതുമാണ്. പരിപാലിക്കാൻ പാപ്പാന്മാർ വേറെയുണ്ടാവും.

ആനയ്ക്കു പകരം ലോറി ആയാലോ? കോലിട്ടു തിരിച്ച് സ്റ്റാർട്ടാക്കി കരി കത്തിച്ചോടിക്കുന്ന ലോറി. ബ്രിട്ടീഷ് മലബാറിൽ പെരിന്തൽമണ്ണയ്ക്കടുത്തുള്ള നെന്മിനി ഗ്രാമം. നാട്ടിലെ അരവരിപ്പാത. പെട്രോളിയം ഇന്ധനങ്ങൾ പ്രചാരത്തിലായിട്ടില്ല. മണ്ണും നെല്ലും ഒക്കെ കയറ്റിയാണ് ലോറി പോകേണ്ടത്. ഓണറാവാം, എന്നാൽ ഡ്രൈവർ കൂടി ആവണമെങ്കിലോ?

എല്ലാ സൗകര്യങ്ങളുമുള്ള ഇക്കാലത്തും നമ്പൂതിരി ഒന്നു മടിക്കും. ഹെവി വെഹിക്കിൾ ലൈസൻസ് നേടി സ്വന്തം ലോറി ഓടിച്ച ആദ്യത്തെ നമ്പൂതിരിയായി കൈപ്പള്ളി നീലകണ്ഠൻ.

തടസ്സങ്ങൾ മറി കടന്ന് രണ്ടു വർഷങ്ങൾ 'ലോറിപ്പണി' തുടർന്നു.

ഇതിന്റെ ക്ലൈമാക്സും ചരിത്രമാണ്.ഒരു ദിവസം നീലകണ്ഠൻ നമ്പൂതിരി വണ്ടി ഓടിച്ച് കോഴിക്കോട്ട് പോയി വരുമ്പോൾ ഒരു പോലീസുകാരൻ കൈ കാണിച്ചു. പിന്നിൽ ബ്രേക്ക് ലൈറ്റ് കത്താത്തതിന് പോലീസ് ഭാഷയിൽ രണ്ടു പറഞ്ഞു. അഭിമാനം വിട്ടൊരു കളിയും നമ്പൂരിക്കില്ല.ലോറി അന്ന് തന്നെ വിറ്റു. പുതിയ ഓണർ ട്രക്കിന്റെ ബോഡി മാറ്റി. കോഴിക്കോട് മഞ്ചേരി റൂട്ടിലെ ആദ്യത്തെ പാസഞ്ചർ ബസ് സർവ്വീസ് – ഇന്ത്യൻ മോട്ടോഴ്സ് – ആയി പുനർജന്മം നേടിയത് കൈപ്പള്ളിയിലെ ലോറി ആയിരുന്നു.

ചരിത്രം :

കുട്ടിച്ചാത്തനും വിഷച്ചികിത്സയും ഉണ്ടായിരുന്ന ഇല്ലം. എത്ര ഉഗ്ര വിഷപ്പാമ്പ് കടിച്ചാലും വെറും ഭസ്മമിട്ട് വിഷമിറക്കിയിരുന്ന ചികിത്സ

*കൈപ്പള്ളി അപ്പുവേട്ടൻ, ഭാര്യ രമ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ*





*കൈപ്പള്ളി അപ്പുവേട്ടൻ - രമ*



*കരിയന്നൂർ നാരായണൻ നമ്പൂതിരി - ശോഭന*



*കൈപ്പള്ളി ദേവകുമാർ - വിനിത*

യിൽ ഇല്ലം ആൺമക്കളില്ലാതെ അന്യം നിൽക്കുമെന്ന അവസ്ഥയിൽ. പണ്ടെന്നോ കോഴിക്കോട് മാവൂരിനടുത്ത് കണ്ണിപറമ്പ് പേരൂർ ഇല്ലത്തെ ഒരാൾ വേളി കഴിച്ച് കൈപ്പള്ളി ഇരുന്നെന്ന് കഥകൾ. പേരൂരിനോട് സാമ്യമുള്ള എട്ടുകെട്ടും ഇവിടെ നിർമ്മിച്ചു. പെരിന്തൽമണ്ണയ്ക്കടുത്ത് നെന്മിനി വില്ലേജിൽ ഒരു വാർഡിലെ ഭൂരിഭാഗം ഭൂമിയും കൈപ്പള്ളി മനക്കാരുടെതായിരുന്നു. ഒപ്പം എളയാറ്റൂർ അംശത്തിലെ കുറെ ഭാഗങ്ങളും. ചെമ്മന്തിട്ട, ശ്രീകൃഷ്പുരം ക്ഷേത്രങ്ങളിൽ എറിയാടിനൊപ്പം ഊരാള സ്ഥാനം. നല്ലൂർ ശ്രീകൃഷ്ണ ക്ഷേത്രവും കരിങ്കാളികാവും ഇല്ലത്തെ ഉടമസ്ഥതയിൽ.നെന്മിനി വില്ലേജ് മൂന്നാം നമ്പർ പട്ടയവും കുടുതൽ നികുതി നൽകുന്ന ജന്മിയും കൈപ്പള്ളി ആയിരുന്നു. വയലും പറമ്പുമായി ആയിരം ഏക്കറോളം കൈവശം. ഭൂപരിഷ്ക്കരണം കഴിഞ്ഞപ്പോൾ സ്വന്തമായി കൃഷി ചെയ്തു നടത്തുന്ന പത്തേക്കർ ഉണ്ടായതിനാൽ അരി മുടങ്ങിയില്ല.

തേവാരവും വേദജപവുമായി നടക്കുന്ന സാത്വിക ബ്രാഹ്മണർ നാട്ടാർക്കും പ്രിയങ്കരരായി.1921 ലെ കലാപം. വലിയ വാതിലുകൾ സുരക്ഷ ഒരുക്കുന്ന അകങ്ങളിൽ എത്താൻ അക്രമികൾക്ക് എളുപ്പമല്ല. അന്നത്തെ കൊള്ളയുടെ രീതി ഏതാണ്ടിങ്ങിനെയാണ്. ബലമുള്ള കമ്പക്കയർ ചെറിയ ഉരലിൽ കെട്ടി കഴുക്കോലിൽ കെട്ടി തൂക്കുന്നു. ഏതു വാതിലും തകരുന്ന രീതിയിൽ ഉരലാട്ടി അതിശക്തിയിൽ ഇടിക്കും. കൊള്ള'യടി' കേൾക്കുന്ന ഉടമസ്ഥർ പേടിച്ചോടുമ്പോൾ കവർച്ച എളുപ്പം.

അക്കാലം കൈപ്പള്ളിക്കാർക്ക് രക്ഷയായത് നാട്ടിലെ മുസ്ളീം ചെറുപ്പക്കാരായിരുന്നു. ഒരിക്കൽ അവരുടെ കണ്ണു വെട്ടിച്ച് എത്തിയ കലാപകാരികൾ മനയ്ക്കലെ കാര്യസ്ഥൻ കല്ലിങ്ങൽ ശങ്കരൻ നായരെ വെട്ടിക്കൊന്നു. ശവശരീരത്തെ തോലുരിച്ച് ഇറച്ചിക്കട പോലെ പ്രദർശിപ്പിക്കാനും നരാധമരായ ലഹളക്കാർ മടിച്ചില്ല.

തങ്ങളുടെ തമ്പുരാക്കന്മാരെ രക്ഷിക്കണം എന്നുറച്ച് പ്രദേശത്തെ മുസ്ളീം ചെറുപ്പക്കാർ കൈപ്പള്ളിക്കാരെ അങ്ങാടിപ്പുറത്ത് കൊണ്ടു വിട്ടു. പതിനഞ്ചു നാഴിക ദൂരെ വെള്ളിനേഴി ഒളപ്പമണ്ണ മനയിൽ താമസിച്ച ഇല്ലക്കാർ കലാപം ഒതുങ്ങിയ



*കൈപ്പള്ളി കുടുംബം*



*സുകന്യ, നീലിമ*



*ആതിര, അദ്വൈത്, അംബരീഷ് കൈപ്പള്ളി*

ശേഷം കൈപ്പള്ളിക്കു തിരിച്ചു വന്നു. ഇല്ലത്തെ സ്ഥാവരജംഗമ സ്വത്തുക്കളൊന്നും നഷ്ടപ്പെടാതെ സംരക്ഷിച്ചത് മുസ്ളീം ഭൂരിപക്ഷമുള്ള നെന്മിനിയിലെ ഗ്രാമീണരായിരുന്നു.

തലമുറകളായി കൈപ്പള്ളിയിൽ രണ്ടു താവഴികൾ മാത്രം. മൂത്തയാളുടെ നാമം എന്നും കൈപ്പള്ളി നീലകണ്ഠൻ നമ്പൂതിരി എന്നാവും. വർഷം 1940, ബ്രിട്ടീഷ് ഭരണം. മലബാർ കലക്ടറുടെ ലെവി പർച്ചേസ് ഏജന്റ് എന്ന നിലയിൽ നികുതി പിരിവിന്റെ ചുമതലക്കാരനായി നീലകണ്ഠൻ നമ്പൂതിരി. എറിയാട്ടു നിന്നു വേളി കഴിച്ചു. ആദ്യ പ്രസവത്തിൽ തന്നെ കുഞ്ഞും അമ്മയും മരിച്ചു. രണ്ടാമത് തയ്യിൽ എടക്കാട് നിന്ന് വേളി കഴിച്ചെങ്കിലും അവർക്ക് പാമ്പുകടിയേറ്റ് മരിക്കാനായിരുന്നു വിധി. അപ്രതീക്ഷിതമായ ദുരന്തങ്ങളിൽ നീലകണ്ഠൻ ആകെ തകർന്നു. കൈപ്പള്ളിയിലെ സ്വത്തുക്കളും തേവാരവും സംരക്ഷിക്കാൻ വംശപരമ്പര തുടരണമല്ലോ. അനുജനായ ഉണ്ണികൃഷ്ണനെ പുതുക്കുളത്തു നിന്ന് വേളി കഴിപ്പിക്കുന്നത് അങ്ങിനെയാണ്.

അനുജൻ വാസുദേവൻ നമ്പൂതിരി വേളി കഴിച്ചെങ്കിലും അനവധി കാലം കുട്ടികൾ ഉണ്ടായിരുന്നില്ല. ബന്ധുക്കളുടെ സ്നേഹപൂർവ്വമായ നിർബന്ധത്തിനു വഴങ്ങി കൈപ്പള്ളി നീലകകണ്ഠൻ നമ്പൂതിരി തന്റെ നാൽപ്പത്തഞ്ചാം വയസ്സിൽ വേളി കഴിച്ചു. പുതുക്കുളം ഇല്ലത്തു നിന്ന് പാർവ്വതി അന്തർജനത്തെ.

ഈ ദമ്പതിമാർക്ക് രണ്ടുണ്ണികളും നാല് പെൺകുട്ടികളുമുണ്ടായി. മൂത്ത മകൻ നീലകണ്ഠൻ (അപ്പുവേട്ടൻ) അനുജൻ ദേവകുമാർ വാസുദേവൻ.

അച്ഛൻ നീലകണ്ഠൻ നമ്പൂതിരി വീണ് കാലൊടിഞ്ഞ് കിടപ്പായി. ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ മകൻ നീലകണ്ഠന് (അപ്പുവേട്ടന്) ഇല്ലത്തെ ഭരണം ഏറ്റെടുക്കേണ്ടി വന്നു.

ഇല്ലത്തെ തേവാരം, അമ്പലം.സഹോദരങ്ങളുടെ വിദ്യാഭ്യാസം, വിവാഹം. ഓപ്പോളെ ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിൽ ചേർത്തു. താഴെ ഉള്ള സഹോദരങ്ങൾ സ്കൂളിൽ. ഈ തിരക്കുകൾക്കിടയിൽ തന്റെ വിദ്യാഭ്യാസത്തിനും അപ്പുവേട്ടൻ സമയം കണ്ടെത്തി. പട്ടാമ്പി കോളേജിൽ നിന്നും പ്രീഡിഗ്രി. പണ്ടേ മുതലുള്ള വ്യവഹാരങ്ങൾ കാരണവും സഹോദരിമാരുടെ കോളേജ് പഠനവും, തുടർന്ന് അവരുടെ വിവാഹങ്ങളും. മൂത്ത സഹോദരി ആര്യാദേവിയെ (ഹൈസ്കൂൾ ക്ലാർക്ക്) ഒഴുകൂർ നീലകണ്ഠൻ നമ്പൂതി



*ദേവൻ കൈപ്പള്ളി, വിനീത കൈപ്പള്ളി, സുഭദ്ര വെട്ടിക്കാട്, സാവിത്രി കൊളങ്ങര, മല്ലിക ഇളവൂർമഠം, ആര്യാദേവി ഒഴുകൂർ, രമ വേങ്ങേരി, നീലകണ്ഠൻ നമ്പൂതിരി (അപ്പുവേട്ടൻ) കൈപ്പള്ളി*

# കരളെരിഞ്ഞ ദുരിതങ്ങൾ,



'☞ 2013 ഓഗസ്റ്റ് 13.

ഡൽഹി, ആഗ്ര, വൃന്ദാവൻ, തുടങ്ങി ബദരീനാഥ് വരെ പോയിവന്നപ്പോൾ അടിവയറ്റിൽ കടുത്ത വേദന.

പെരിന്തൽമണ്ണ മൗലാന ഹോസ്പിറ്റൽ- പ്രൊസ്‌ട്രേറ്റിസ് സംശയിച്ച് സ്കാൻ - റിസൽട്ടിൽ കണ്ടത് വിണ്ടു കീറിയ കരൾ - ലിവർ സിറോസിസ്

റിപ്പോർട്ട് കണ്ട് ഞെട്ടിയത് മകൾ സുകന്യ.

കുടുംബ ഡോക്ടർ കാഞ്ഞിരത്തു മണ്ണഴി രാമൻ ( കെ എം ആർ) നമ്പൂതിരി പരിശോധിച്ച് നോൺ ആൽക്കഹോളിക് സിറോസിസ് ഉറപ്പിക്കുന്നു.

☞ എറണാകുളം കടവന്ത്രയിൽ കരൾ അസുഖങ്ങൾക്ക് കാമിലാരി കണ്ടു പിടിച്ച പത്മനാഭൻ വൈദ്യരുടെ കട. കഷായങ്ങൾ, അരിഷ്ടങ്ങൾ.. പല ചികിത്സകൾ. പരീക്ഷണങ്ങൾ.

വർഷങ്ങൾ കഴിയുന്നു. വേദന - ക്ഷീണം - ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന സ്ഥിതി. ലിറ്റർ കണക്കിന് നീര് പ്രത്യേകം ട്യൂബുകൾ വഴി ബാഗുകളിൽ ശേഖരിച്ച് പുറത്തു കളയണം.

☞ 2016 ഒക്ടോബർ. പെരിന്തൽമണ്ണ അൽ ഷിഫയിൽ ഗാസ്‌ട്രോ എന്റോളജി.വയർ വീർത്തു മുട്ടി കാലിലും നീര്. തൽക്കാലം ജീവൻ രക്ഷിക്കാൻ പ്ളേറ്റ്ലറ്റുകൾ ഇൻജക്ഷൻ.ആൻറിബയോട്ടിക് അടക്കം ദിവസം ചിലവ് പതിനായിരം രൂപയ്ക്കു മുകളിൽ.ഒരേ ഒരു പരിഹാരം ലിവർ ട്രാൻസ്പ്ളാന്റേഷൻ.

☞ കരൾ പൂർണമായും മാറ്റണം. രക്തബന്ധമുള്ള ഗ്രൂപ്പ് മാച്ച് ആയ ബന്ധുവിന്റെ കരൾ അൽപ്പം മുറിച്ചെടുത്ത് കൂട്ടിച്ചേർത്താൽ പോര എന്നർത്ഥം.ഒരു വഴി മാത്രം. മസ്തിഷ്ക മരണം സംഭവിച്ച ആളിൽ നിന്നും മാച്ച് ആയ കരൾ ലഭിക്കണം. എല്ലാ പ്രൊസീജറുകളും പാലിക്കണം.

(2016 നവംബർ 9 രാത്രി 500 & 2000 വിലയുള്ള നോട്ടുകളുടെ പിൻവലിക്കൽ. എ ടി എം കൗണ്ടറുകളിൽ മണിക്കൂറുകൾ ക്യൂ. കറൻസി കിട്ടാൻ എളുപ്പമല്ലാത്ത കാലം )

☞ 2016 നവംബർ 13

അൽ ഷിഫയിൽ നിന്നും നേരത്തെ തീരുമാനിച്ച പോലെ ഡിസ്ചാർജ് -

മണിപ്പാൽ കസ്തൂർബ മെഡിക്കൽ കോളേജിന്റെ ബംഗളൂരു കാമ്പസിലേക്ക് യാത്ര.

☞ ഫുൾ ടാങ്ക് ഇന്നോവ കാറും കറൻസി കിട്ടാക്കാലത്ത് Rs 8000/സംഘടിപ്പിച്ച് തന്നയച്ചത് ആത്മസുഹൃത്ത് പത്മനാഭൻ. ഭാര്യ രമ, പിന്നെ എന്തിനും തയ്യാറായി ചങ്ക് ബ്രോ അബ്ദുള്ളയും വണ്ടിയിൽ.

നീരു നിറയൽ, ശരീരവും ബാഗുകളും പൊട്ടൽ.ഇട്ട വസ്ത്രങ്ങൾ പിഴിഞ്ഞ് എന്റെ ദുർഗന്ധമുള്ള ശരീരം ചേർത്തു പിടിച്ച് അവർ യാത്ര തുടർന്നു

☞ ആന്ധ്ര, കർണ്ണാടക, തമിൾനാട് സംസ്ഥാനങ്ങളിൽ മണിപ്പാൽ ഗ്രൂപ്പിന് ആശുപത്രികൾ ഉണ്ട്.

കെഡാവർ - അഥവാ മസ്തിഷ്ക മരണം സംഭവിച്ച ശരീരം - മാച്ച് ആയ കരൾ കിട്ടാൻ ആധാർ കാർഡ് വെച്ച് അപേക്ഷ. എവിടെയാണ് മാച്ചിംഗ് ഓർഗൻ കിട്ടുന്നതെങ്കിൽ അവിടേക്ക് ആകാശമാർഗ്ഗമോ റോഡ് മാർഗ്ഗമോ മിനി ആശുപത്രിക്കു തുല്യമായ ആംബുലൻസ് പോയി കലക്ട് ചെയ്യണം, കൊണ്ടുവരണം.

ആ ദിവസം എത്തുന്നതു വരെ അനന്തമായ കാത്തിരിപ്പ്. ജീവൻ നിലനിർത്താനുള്ള പ്രാർത്ഥനകൾ.

ആശുപത്രി, മകന്റെ ഫ്ളാറ്റ്. വീർത്തു കെട്ടിയ വയറിൽ നിന്നും പല പ്രാവശ്യമായി കുത്തി എടുത്തത് മുപ്പത് ലിറ്ററോളം നീര്.

30 ദിവസങ്ങൾ കഴിഞ്ഞു. സൂചിയും ബാഗും പൊട്ടി ഫ്ളൂയിഡ് ശേഖരിക്കാൻ പറ്റാത്ത അവസ്ഥയായി.വയർ വീർത്തു മുട്ടി. ശ്വാസം കിട്ടി മരിച്ചാൽ മതിയേ എന്ന് തോന്നി.

ഓർമ്മ വെച്ച ശേഷം ഞാൻ കണ്ട (എന്റെ ) ഏറ്റവും വികൃതമായ ശരീരമായിരുന്നു അന്ന്.

☞ 2017 ജനുവരി 3 ഉച്ചയ്ക്ക് 2 മണി

A+ve പൊരുത്തമുള്ള കരൾ ലഭിച്ചെന്ന മെസേജ്.

☞ ജനുവരി 4 പുലർച്ചെ നാല് മണി ഓപറേഷൻ ടേബിൾ..

നീണ്ട 14 മണിക്കൂർ.. 10 ദിവസങ്ങൾ വെന്റിലേറ്റർ.

എല്ലാ അവയവങ്ങളും കൃത്രിമമായി പ്രവർത്തിപ്പിക്കുന്നു.

ഒരു നഴ്സ് 24 മണിക്കൂറും കൂടെ. മാറ്റി വെച്ച

രി (കോട്ടയ്ക്കൽ ആര്യവൈദ്യശാല) വിവാഹം കഴിച്ചു. മക്കൾ അനിയും, നിഷയും. രണ്ടാമത്തെ സഹോദരി സുഭദ്രയെ (അധ്യാപിക) വെട്ടിക്കാട് കൃഷ്ണൻ നമ്പൂതിരി (അധ്യാപകൻ) വിവാഹം കഴിച്ചു. അവർക്ക് മൂന്ന് മക്കൾ അനൂപ്, ശരത്, ഹരിത. മൂന്നാമത്തെ സഹോദരി മല്ലികയെ (ഹൈസ്കൂൾ അസിസ്റ്റന്റ്) ഇളവൂർ മഠം ശോഭനകുമാർ ഭട്ടതിരി

# കരളലിഞ്ഞ നാൾവഴികൾ..



കരളിനെ ശരീരം സ്വീകരിച്ചെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രം

സാവധാനം സാധാരണ അവസ്ഥയിലേക്ക് മാറ്റുന്നു.

ട്യൂബുകളുമായി 3 മാസങ്ങൾ. ആരോഗ്യദീക്ഷയിൽ അതിശുദ്ധം പാലിച്ച് വീണ്ടും 6 മാസങ്ങൾ. ആഴ്ചയിൽ 2 പ്രാവശ്യം ഫ്യൂമിഗേഷൻ അഥവാ മുറി അണുവിമുക്തമാക്കൽ.

☞ ഒരു വർഷം മാസ്ക് നിർബന്ധം. തുടർന്നും കൃത്യമായ റിവ്യൂ, നിഷ്ക്കർഷ. പുനർജന്മത്തിന്റെ വിനയം ഉൾക്കൊണ്ട് ജീവിതത്തെ സ്വീകരിച്ചാൽ മാത്രം ആയുരാരോഗ്യ സൗഖ്യം.

അനുബന്ധം:

❖ ഭക്ഷണം, പത്ഥ്യം, ജീവിതക്രമം എല്ലാം ഡോക്ടറുടെ നിർദ്ദേശമനുസരിച്ച്. ഏതെങ്കിലും രീതിയിലുള്ള ഇൻഫെക്ഷനുകൾ ശരീരം താങ്ങണമെന്നില്ല. മുൻകരുതലുകൾ/ ചെക്ക് അപ്പുകൾ നിർബന്ധം. പിന്നെല്ലാം സാധാരണ പോലെ. പിൽക്കാലത്ത് വേണ്ടി വന്നാൽ മറ്റു സർജറികളും ആവാം; അധികശ്രദ്ധ ആവശ്യമാണെന്ന് മാത്രം.

❖ കരൾ മാറ്റിവെക്കുന്നതുവരെ – പരമാവധി 3 – 4 വർഷം – അണുബാധ വരാത്ത രീതിയിൽ രോഗിയെ മാനേജ് ചെയ്യാം. വൈകാതെ തന്നെ ഓപ്പറേഷൻ ചെയ്യുന്നതാണ് നല്ലത്.

സർജറികളുടെ സക്സസ് റേറ്റ് 80 % ത്തിൽ കൂടുതൽ. ശ്രദ്ധിച്ചാൽ പത്തു വർഷവും അതിൽ കൂടുതലും അതിജീവിക്കാം.

ഏകദേശ ചിലവ്: സർജറി + അനുബന്ധ കാര്യങ്ങൾക്ക് 50 ലക്ഷം രൂപ

തുടർന്ന് പോസ്റ്റ് മെഡിക്കൽ എക്സ്പൻസ് ഏതാണ്ട് 6 ലക്ഷം

ആരോഗ്യ പരിപാലനത്തിൽ പിന്നീട് പ്രതിമാസം Rs 10000/ ചിലവ് വരുന്ന മരുന്നുകൾ ജീവിതകാലം മുഴുവൻ വേണം.

❖ കയറ്റിയ എ പോസിറ്റീവ് ഗ്രൂപ്പ് രക്തം: 45 ലിറ്റർ.

സർജറി ടേബിളിൽ വിധി കാത്ത് കിടക്കുമ്പോൾ : വലിയ പരിഭ്രമങ്ങൾ ഉണ്ടായില്ല. പ്രത്യാശ നൽകുന്ന പലതും കണ്ടു, കേട്ടു, ഉൾക്കൊണ്ടു.

ഭഗവാൻ പല രൂപത്തിലും വന്നു.

-- ബ്രെയിൻ ഡെത്ത് കഴിഞ്ഞ ശരീരത്തിൽ നിന്നും കരൾ ഓപ്പറേറ്റ് ചെയ്തെടുത്ത ഡോക്ടർ ഒതിൽ സെൽവൻ, ഡോ. മാഗ്നസ് ജയരാജ് മാഡം.

സർജറി ചെയ്ത് കരളുറപ്പിച്ച ഡോക്ടർ രവിചന്ദ് സിദ്ധാചാരി... ഉണ്ണാനും ഉറക്കാനും ചമതിക്കാനും മാസങ്ങൾ കൂടെ നിന്ന നഴ്സിംഗ് സഹായികൾ, ഇന്ത്യയിലെ പല ഭാഗത്തുനിന്നുള്ളവരായ അബ്രഹാം, തിമ്മയ്യ, മണിപ്പൂരി യുവതി കുക്കി, ശ്യാമള.

രോഗിയായി മരിച്ചു ജീവിച്ച മൂന്നര വർഷങ്ങൾ... വിവിധ ആശുപത്രികൾ. വെന്റിലേറ്ററിലും പുറത്തുമായി അനസ്തേഷ്യ കുറയുമ്പോൾ മങ്ങിത്തെളിയുന്ന ചിത്രങ്ങൾ. ശരീരത്തിൽ നിരവധി ട്യൂബുകൾ. സർജറിക്ക് മുമ്പും ശേഷവുമായി 50 ലിറ്റർ എ പോസിറ്റീവ് രക്തമാണ് എന്റെ ശരീരത്തിൽ കയറ്റിയത്. അന്യന്റെ കരൾ, ആരുടെയൊക്കെയോ സഹായങ്ങൾ... മകൻ അംബരീഷിന്റെ കമ്പനി വാട്സ് ആപ്പ് ഗ്രൂപ്പിലിട്ട മെസ്സേജ് കണ്ട് ഓടി വന്ന് 65 കുപ്പി രക്തം ആശുപത്രിയിൽ ദാനം ചെയ്ത അജ്ഞാതർ. ഇദം നമ:മ. ഒന്നും എന്റേതല്ലെന്നുള്ള തിരിച്ചറിവാണ് പുതുജീവിതം നൽകുന്ന സന്ദേശം. ജീവിതം ഒരു വരദാനമാണ്. അതിജീവനത്തിന് ആദ്യം വേണ്ടത് ആത്മവിശ്വാസം. എന്റെ രോഗാനുഭവങ്ങൾ എന്റേതുമാത്രമാവാം. ചികിത്സയുടെ രീതികൾ പൊതുവേ സമാനമാണ്. എല്ലാം ഒന്നേന്ന് തുടങ്ങണം. ഭക്ഷണം, പിച്ചവെച്ചുള്ള നടത്തം .. കോണിപ്പടി കയറ്റം പറ്റാതെ വീഴ്ച. കിടന്നും വീണും നടന്നും. ഇതാണ് പുനർജന്മം. ഫലശ്രുതി... ലിവർ സിറോസിസ് രോഗികൾക്ക് അതിജീവനം സാധ്യമാണ്.

(അധ്യാപൻ) വിവാഹം കഴിച്ചു. മക്കൾ സൂരജ് ഭട്ടതിരി, സൂര്യ. നാലാമത്തെ സഹോദരി സാവിത്രിയെ കുളങ്ങര നാരായണൻ നമ്പൂതിരി (മിലിട്ടിറി) വിവാഹം ചെയ്തു. മക്കൾ വിഷ്ണു ഗോവിന്ദ്, വിനീത്, വീണ. കാരണം പഠനം തുടരുവാൻ കഴിഞ്ഞില്ല. പിന്നീട് വിദൂര വിദ്യാഭ്യാസം വഴി പഠനം പൂർത്തിയാക്കി.

കോൺഗ്രസ്സുകാരനായ അപ്പുവേട്ടൻ നാട്ടാർക്ക്



*അനിരുദ്ധ് കൈപ്പള്ളി, ദേവകുമാർ, വിനീത, ലക്ഷ്മി, അഭിജിത്ത്*

പ്രിയപ്പെട്ട നേതാവായി. ഡി സി സി പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. 1976 ൽ നാട്ടിൽ സ്കൂൾ അനുവദിപ്പിക്കാൻ കമ്മിറ്റി ഉണ്ടാക്കി നേതൃത്വം കൊടുത്തു.തച്ചിങ്ങനാടം ഹൈസ്കൂൾ വന്നപ്പോൾ അതിന്റെ മാനേജരാവാൻ അപ്പുവേട്ടൻ മതിയെന്ന കാര്യത്തിൽ നാട്ടാർ ഒറ്റക്കെട്ടായിരുന്നു.

ഗ്രാമസേവകനായി (ഇന്നത്തെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) നിയമനം കിട്ടിയ ശേഷം 1984 ൽ ആയിരുന്നു അപ്പുവേട്ടന്റെ വേളി. ഏതു പ്രതിസന്ധിയിലും കൈവിടാത്ത കൂട്ടുകാരിയായി ഗുരുവായൂർ വേങ്ങേരി രമ. (കീഴ്ശാന്തി കുടുംബം) ഈ ദമ്പതിമാർക്ക് മൂന്നു കുട്ടികളാണ്.

മകൾ നീലിമ ഹയർ സെക്കന്ററി ടീച്ചർ. ഭർത്താവ് ഗുരുവായൂർ പാരമ്പര്യ കീഴ്ശാന്തി നാകേരി കേശവൻ നമ്പൂതിരി വിവാഹം കഴിച്ചു. കുട്ടികൾ ശ്രേയ, അർജുൻ വാസുദേവ്.

മകൻ അംബരീഷ് കൈപ്പള്ളി ബംഗളൂരു പ്രൈസ് വാട്ടർ കൂപ്പേഴ്സിൽ സിസ്റ്റം മാനേജർ. ഭാര്യ കോതമംഗലം തൃക്കാരിയൂർ ചേറ്റൂർ ആതിര (സോഫ്റ്റ്‌വെയർ എൻജിനീയർ). മകൻ അദ്വൈത്. ഇളയ മകൾ സുകന്യ ഡെൻറൽ ഡോക്ടർ. ഭർത്താവ് തിരുത്തൂർ ശ്രീജിത് (എ.ഐ.) ശ്രീധരനൊപ്പം ഓസ്ട്രേലിയയിലെ സിഡ്നിയിൽ. കുട്ടികൾ: ധ്യാൻ ശ്രീജിത്, ശ്ളോക.

ശുചിത്വ മിഷനിൽ കോ-ഓർഡിനേറ്ററായി റിട്ടയർ ചെയ്ത അപ്പുവേട്ടന്റെ ജീവിതത്തിൽ ക്ഷണിക്കപ്പെടാത്ത അതിഥിയായി ലിവർ സിറോസിസ് കടന്നു വന്നു.

ആരും തളർന്നുപോകുന്ന അവസ്ഥയിൽ കുടുംബവും നാട്ടുകാരും ഒത്തുപിടിച്ചു. പരദേവതകൾ അനുഗ്രഹിച്ചു. സിറോസിസിന്റെ ഭീകരതകളും അതിജീവനത്തിന്റെ കഠിനവഴികളും അപ്പുവേട്ടൻ സ്വസ്തിയുമായി പങ്കുവെക്കുന്നു.

മയിലാടുംതുറൈ വൈത്തീശ്വരൻ കോവിലിൽ പോയി സുഹൃത്തുക്കൾ നാഡീജ്യോതിഷം







*പുനരുദ്ധാരണവും, പുന:പ്രതിഷ്ഠയും നടത്തിയ ചെമ്മന്തട്ട ശ്രീകൃഷ്ണ ക്ഷേത്രം*



*പുനരുദ്ധാരണവും, പുന:പ്രതിഷ്ഠയും നടത്തിയ നല്ലൂർ കൈപ്പള്ളി കരങ്കാളികാവ് ക്ഷേത്രം*

നോക്കിയതും ജ്യോതിഷ പണ്ഡിതൻ ആമയൂർ വേണുഗോപാല പണിക്കർ രമക്ക് വൈധവ്യയോഗമില്ല എന്ന് പ്രവചിച്ചതും ആത്മവിശ്വാസം പകർന്നു.

കൊഴുപ്പടിഞ്ഞ് ശരീരഭാരം 80 കിലോഗ്രാം വരെ കൂടിയപ്പോൾ തകർന്നുപോയി. അപ്പോഴും നിരാശയിൽ നിന്നും പിടിച്ചുയർത്താൻ ഏതോ അജ്ഞാത കരങ്ങൾ ഉണ്ടായിരുന്നു. സർജറിക്ക് പറ്റിയ കരൾ കിട്ടണമെന്നും മരുന്നുകൾക്കായി വലിയ തുക ചിലവാക്കണമെന്നും ചിന്തിച്ച് ഭയപ്പെടാതിരുന്നില്ല.

അപ്പുവേട്ടന്റെ അനുജൻ ദേവകുമാർ വാസുദേവൻ ഓങ്ങല്ലൂർ പിണ്ടാലിക്കര തെക്കേടത്ത് വിനീതയെ വിവാഹം കഴിച്ചു. ജലസേചന വകുപ്പിൽ എഞ്ചിനീയറായ ദേവകുമാറും ഭാര്യ വിനീത ടീച്ചറും (ഭാരതീയ വിദ്യാനികേതൻ, പട്ടാമ്പി) പുതുക്കിപ്പണിത് മനോഹരമാക്കിയ കൈപ്പള്ളി തറവാട്ടിൽ താമസിക്കുന്നു. മക്കൾ: 1. അഭിജിത് കൈപ്പള്ളി. ഭാര്യ: ലക്ഷ്മി . രണ്ടു പേരും എഞ്ചിനീയർമാർ. 2 അനിരുദ്ധ് കൈപ്പള്ളി (ബിരുദ വിദ്യാർത്ഥി).

അപ്പുവേട്ടന്റെ അഫൻ കൈപ്പള്ളി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി (1928–1992) ഇല്ലത്തു തേവാരവുമായി നിന്നു. പുറമേ ഇല്ലം വക അമ്പലങ്ങളിൽ ശാന്തിയും ചെയ്തു. കൂട്ടത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ചർക്കയിൽ നൂൽ നൂറ്റു. ലളിത ജീവിതം. പുതുക്കുളത്തു നിന്ന് വേളി. ഏക മകൾ ശോഭനയെ വിവാഹം കഴിച്ചത് പ്രശസ്ത തിമില വിദ്വാൻ കരിയന്നൂർ നാരായണൻ നമ്പൂതിരി. കൈപ്പള്ളി തറവാട്ടിൽ ഗൃഹനാഥനായി അദ്ദേഹം.

കലാമണ്ഡലം വിസിറ്റിംഗ് പ്രഫസറും വാദ്യ വിഭാഗം ഡീനുമാണ് കരിയന്നൂർ.

എല്ലാ അർത്ഥത്തിലും തിമില വാദകരിൽ ഒരതോറിറ്റി. യുഎസും ഫ്രാൻസുമടക്കം പതിനഞ്ചോളം രാജ്യങ്ങളിൽ പഞ്ചവാദ്യത്തിന് തിമിലക്കാരനായി. വിവിധ വാദ്യങ്ങളുമായി ചേർന്ന് നടത്തിയ സമന്വയങ്ങൾ കേൾവിക്കാരിൽ ഫ്യൂഷൻ വിസ്മയം







*കൈപ്പള്ളി നല്ലൂർ അമ്പലം*

തീർത്തു. അക്കാദമികമായ നിരവധി പുസ്തകങ്ങൾ രചിച്ചു.

ആനുകാലികങ്ങളിൽ ധാരാളം ലേഖനങ്ങൾ എഴുതി.

തൃശൂർ പൂരവും (തിരുവമ്പാടിയുടെ മഠത്തിൽ വരവ് പഞ്ചവാദ്യം) നെന്മാറ വേലയുമടക്കം കേളി കേട്ട ഉത്സവങ്ങളിൽ മുപ്പതു വർഷങ്ങളായി തിമില പ്രമാണക്കാരനാണ്.

താളവാദ്യങ്ങളുടെ പെരുമ നിലനിർത്തുന്ന നിരവധി വാദ്യ പരീക്ഷണങ്ങൾക്ക് കരിയന്നൂർ പങ്കാളിയായി. കേരളത്തിലും പുറത്തും മറ്റു രാജ്യങ്ങളിലുമായി നൂറു കണക്കിന് ശിഷ്യന്മാർ. എണ്ണിയാൽ തീരാത്ത പുരസ്ക്കാരങ്ങൾ. 2018ലെ സംഗീത നാടക അക്കാദമി അവാർഡ്, മുംബൈ വാസായ് ഫൈൻ ആർട്സ് സൊസൈറ്റി ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് എന്നിവ ശ്രദ്ധേയം.

കരിയന്നൂർ നാരായണൻ നമ്പൂതിരി - കൈപ്പള്ളി ശോഭന ദമ്പതിമാർക്ക് മൂന്നു മക്കൾ.

സൗമ്യ (അധ്യാപിക).ഭർത്താവ് എരണ്ടപ്പുറത്തുകാട് മന സന്ദീപ് ഷൊർണൂരിൽ ജെ ടി എസ് അധ്യാപകനാണ്. ആര്യ കൊച്ചുമകൾ (വയലിനിസ്റ്റ്).

സന്ധ്യയെ തിരൂർ വെളുത്താട്ട് മന നാരായണൻ വിവാഹം കഴിച്ചു. രണ്ടു പേരും സീനിയർ എക്കൗണ്ടന്റുമാർ, മക്കൾ: പാർവ്വതിയും സിദ്ധാർത്ഥും.

സോനയും ഭർത്താവ് പാലാ മരങ്ങാട്ടുപള്ളി കുത്താപ്പാടി ശ്രീജിത്തും ബംഗളൂരു ഐടി മേഖലയിൽ ജോലി ചെയ്യുന്നു. മകൻ: ഹൃഷീകേശ്.

പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന മൂന്നു ഭവനങ്ങൾ കൈപ്പള്ളിയിലുണ്ട്. കാരണവർ നീലകണ്ഠൻ നമ്പൂതിരി (അപ്പുവേട്ടൻ), അനുജൻ ദേവകുമാർ വാസുദേവൻ. കരൾ മാറ്റിവെച്ച് പുതുജീവിതത്തിലേക്ക് വന്ന അപ്പുവേട്ടന്റെ വാക്കുകളിലൂടെ കൈപ്പള്ളി പെരുമ തുടരുന്നു....

“വല്ലാത്തൊരു പ്രതിസന്ധിയിൽ അടുത്ത് വന്ന് തോളിൽ തട്ടി ‘പേടിക്കേണ്ട ഞാനുണ്ട് കൂടെ’ എന്ന് പറയുന്ന ഉണ്ണിക്കണ്ണൻ... ദിവസവും എണ്ണിയാലൊടുങ്ങാത്തത്രയും പ്രാവശ്യം രമ ഉറക്കെ വിളിക്കുന്ന സാക്ഷാൽ ഗുരുവായൂരപ്പൻ. ആശുപത്രിയിൽ അത്യാസന്ന നിലയിൽ കിടക്കുന്ന സമയത്ത് ദുർഭൂതങ്ങൾ ചുടലക്കപ്പുറത്തേക്കു വലിച്ചു കൊണ്ടുപോകുന്ന സമയത്ത് സാക്ഷാൽ ഗുരുവായൂരപ്പൻ വന്ന് ഓടക്കുഴലുകൊണ്ട് വലത്തെ തോളിൽ തട്ടി അനുഗ്രഹിച്ചതും സ്വപ്നമാവാം, പിന്നീട് നടന്നത് യാഥാർത്ഥ്യം. സമർപ്പണം: ഗുരുവായൂരപ്പനും, പരദേവത, ഗുരു കാരണവന്മാർ, കുച്ചിച്ചാത്തൻ, എല്ലാം സഹിച്ച് തളരാതെ കൂടെ നിന്ന പ്രാണസഖി രമ, മക്കൾ, ആത്മാവേ പുത്രനാമേതി എന്ന അന്വർത്ഥമാക്കിയ മകൻ അംബരീഷ്, സുഹൃത്തുക്കൾ, ബന്ധുക്കൾ, നാട്ടുകാർ... വിനയത്തോടെ പറയട്ടെ, ഈ ജീവിതം നിങ്ങൾ തന്നതാണ്.

കൈപ്പള്ളി നീലകണ്ഠൻ
നമ്പൂതിരി (അപ്പുവേട്ടൻ),
9447317967
ദേവകുമാർ 9447227196



*കുട്ടിച്ചാത്തൻ കുഴിച്ച കുളം*

# കിറ്റ് കേരള



മണത്തണയിലെ പുണ്യക്ഷേത്രത്തിലെ ദൈവങ്ങൾക്കെതിരായി ഇംഗ്ലീഷുകാർ കാണിച്ച അവഹേളനത്തിന് പ്രതികാരം ചെയ്യാതിരിക്കാൻ നിർവാഹമില്ല. എല്ലാ നാട്ടുകാരും അറിയട്ടെ ഞാൻ എന്റെ ധർമ്മത്തിന്റെ കൂടെയാണ് നിൽക്കുന്നതെന്ന്.

**നാരായണൻ നമ്പൂതിരി**



ഉടവാളിനെ പടവാളാക്കിയ വീര കേരളവർമ്മ പഴശ്ശിരാജ മലബാർ തലശ്ശേരി കോട്ടയം സ്വരൂപത്തിന്റെ പഴശ്ശി താവഴിയിലെ ഇളമുറത്തമ്പുരാനായി 1753ലാണ് ഭൂജാതനായതെന്ന് അനുമാനിക്കുന്നു.

അദ്ദേഹത്തിന്റെ രൂപവും ഭാവഹാവാദികളും വർണിച്ചുകൊണ്ടുള്ള മഹാകവി പി.യുടെ വരികൾ ഇങ്ങനെയാണ്

'ശ്രീ പോർക്കലി കനിഞ്ഞേകിയ ചൈതന്യ-
ഘഡ്ഗവും തങ്കപ്പരിചയും കച്ചയും
വീരപഞ്ചാസ്യമുഖവുമാനക്ഷത്ര-
ദീപനയനവും ചന്ദ്രതിലകവും
സ്വർണ്ണമണികളണഞ്ഞ രുദ്രാക്ഷവും
വർണ്ണം ചിതറുന്ന വജ്രാംഗുലീയവും
ആ രക്തചന്ദനച്ചാർത്തിനാൽ സന്ധ്യാഭ
ചേരുന്ന ദിവ്യപരിവേഷകാന്തിയും
ക്ഷാത്രമാം പൊന്നുടലൊന്നതാം കേരള
സംസ്കാര വീരചൈതന്യ പ്രഭാവവും'

ഭാരത ചരിത്രത്തിൽ എന്നല്ല ലോകചരിത്രത്തിൽ തന്നെ തങ്കലിപികളാൽ രേഖപ്പെടുത്തപ്പെടേണ്ട ഒരു ഉജ്ജ്വലചരിത്രമാണ് കേരളസിംഹം, അല്ല ഭാരതകേസരി വീരകേരളവർമ്മ പഴശ്ശിരാജയുടെത്.

ഭാരതത്തിന്റെ ഒന്നാം സ്വാതന്ത്ര്യസമരം എന്നറിയപ്പെടുന്ന 1857ലെ ശിപായിലഹള ആരംഭിക്കുന്നതിന് ഏതാണ്ട് ആറ് പതിറ്റാണ്ടുകൾക്ക് മുമ്പ്, കൃത്യമായി പറഞ്ഞാൽ 1800 ജൂലൈ 21ന് വീരപഴശ്ശി നാടുവാഴിയായ കല്യാട്ട് നമ്പ്യാർക്ക് എഴുതിയ വിളംബരം കോട്ടയം കലക്ടറുടെ ഡയറിയിൽ നിന്നും ഇങ്ങനെ ഉദ്ധരിക്കാം–

'ഈ നാട്ടിലെ ദൈവങ്ങളും പെരുമാളും ഭഗവതിയും നിങ്ങളിൽ സ്വാധീനം ചെലുത്തുന്നുവെങ്കിൽ, നിങ്ങൾക്ക് എന്നോട് താല്പര്യം ഉണ്ടെങ്കിൽ, നിങ്ങളുടെ സൗഹാർദ്ദം കാണിക്കേണ്ടതിപ്പോഴാണ്. വിലയേറിയ പൊതുതാൽപര്യങ്ങൾ ത്യജിച്ചവരും ദൈവങ്ങളെ ഉപേക്ഷിച്ചവരുമായ എതിരാളികൾ എനിക്ക് എതിരായി പറയുന്നതും ചെയ്യുന്നതും എനിക്ക് കാര്യമല്ല, ഞാൻ പതറുകയില്ല. ഇംഗ്ലീഷുകാരന്റെ ശക്തി എത്ര വലുതായാലും ഞാനത് ചെറുക്കുമെന്ന് വീണ്ടും നിങ്ങൾക്ക് ഉറപ്പു തരുന്നു. എന്റെ കഴിവിന്റെ പരമാവധി അവർക്കെതിരായി പ്രവർത്തിക്കും. മണത്തണയിലെ പുണ്യക്ഷേത്രത്തിലെ ദൈവങ്ങൾക്കെതിരായി ഇംഗ്ലീഷുകാർ കാണിച്ച അവഹേളനത്തിന് പ്രതികാരം ചെയ്യാതിരിക്കാൻ നിർവാഹമില്ല. എല്ലാ നാട്ടുകാരും അറിയട്ടെ ഞാൻ എന്റെ ധർമ്മത്തിന്റെ കൂടെയാണ് നിൽക്കുന്നതെന്ന്.'

1796 ഏപ്രിൽ 19ന് പഴശ്ശികൊട്ടാരം കേണൽ വെല്ലസ്ലിയുടെ കുപ്പിണിപ്പട്ടാളം ആക്രമിച്ചു കുളംതോണ്ടുമ്പോൾ വീരകേരള വർമ്മ പഴശ്ശിത്തമ്പുരാൻ കുടുംബപരദേവതയായ മുഴക്കുന്ന് മൃദംഗശൈലേശ്വരിക്ഷേത്രം മേൽശാന്തിയും ഉറ്റസുഹൃത്തുമായ പാലോന്നം രാമൻ തിരുമുമ്പിന്റെ അതിഥിയായി ഇന്നത്തെ മൃദംഗശൈലം എന്ന തറവാട്ടുഗൃഹത്തിൽ പള്ളിനീരാട്ടിനു ശേഷം പടിഞ്ഞാറ്റയിൽ കുടിയിരുത്തിയിട്ടുള്ള ശ്രീവീരഭദ്രപെരുമാളെയും ശ്രീപോർക്കലി ഭഗവതിയെയും വണങ്ങി ഭജിക്കുകയായിരുന്നു.

220 വർഷങ്ങൾക്കു മുമ്പ് അതായത് 1805 നവംബർ 30ന് ഒളിപ്പോരിനിടെ വയനാടൻ കാടുകളിൽ തോട്ടിൻ കരയിൽ വച്ച് വീരമൃത്യുവരിക്കുകയായിരുന്നു കേരള വർമ്മ പഴശ്ശിതമ്പുരാൻ.

ആഗോളശക്തിയായ ബ്രിട്ടീഷുകാർക്കെതിരെ ധീരധീരം പൊരുതുന്നതിനിടെ സ്വന്തം വന്ദ്യമാതാവിന്റെ ശ്രാദ്ധദിനത്തിൽ നിരായുധനായിരിക്കെ ചതിയന്മാരായ സ്വന്തം പ്രജകളാൽ ഒറ്റുകൊടുക്കപ്പെട്ടായിരുന്നു ആ വീരമൃത്യു.

മഹിമ, മട്ടന്നൂർ
മൊബൈൽ:+91 99465 60029

# സ്വസ്തി ലഭിക്കുന്ന സ്ഥലങ്ങൾ

1 പഞ്ചാംഗം പുസ്തകശാല, കോഴിക്കോട് റോഡ്, കുന്നംകുളം, 680503, മണികണ്ഠൻ, ഫോൺ 949542118.
2 തിരുവാലൂർ മോഹനൻ നമ്പൂതിരി, ആര്യവൈദ്യഫാർമസി കോയമ്പത്തൂർ ലിമിറ്റഡ്. മുക്കം റോഡ്, അരീക്കോട്, 673639, മൊ: 9447626157
3. ശ്രീദേവി ബുക്സ് ആന്റ് പേപ്പേഴ്സ്, ഫോർത്ത് ഗേറ്റ്., മഞ്ചേരി, 676121, സേതുമാധവൻനമ്പൂതിരി: 98958 86744
4. ദിലീപ് വി, വൈഷ്ണവം പൂജാ സ്റ്റോർ, അരുകിഴായ, മഞ്ചേരി, 676120, ദിലീപ്.. 9388022040
5. തത്വമസി ഓഡിറ്റോറിയം ഷൊർണൂർ, എ.എൻ സുബ്രഹ്മണ്യൻ, ഫോൺ: 9447836213
6. അന്യോന്യം നാലുകെട്ട്, കണ്ണൻകുളങ്ങര, തൃപ്പൂണിത്തുറ, 682301, കൂടല്ലൂർ നാരായണൻ: 755999 0024
7. ഗംഗ ബുക്സ് കോഴിക്കോട് സുജേഷ് കുമാർ: 8606164715
9. പരബ്രഹ്മം ബുക്ക്സ് ഓച്ചിറ, C/o ഉണ്ണികൃഷ്ണൻ നമ്പൂതിരി.
10. ജയഭാരതം ബുക്സ്റ്റാൾ, കോഴിക്കോട് പാളയം.
11. ഹരിശ്രീ ബുക്സ്റ്റാൾ പൂവാട്ടു പറമ്പ്. മൊബൈൽ: 9400432388
12. ശാന്ത ബുക്സ്റ്റാൾ ഗുരുവായൂർ, മൊബൈൽ 9847753990
13. അക്ഷര ബുക്സ്റ്റാൾ, ടിപ്പു സുൽത്താൻ റോഡ് ജംഗ്ഷൻ, മെയിൻ റോഡ്, മണ്ണാർക്കാട്, 678582, ഷംസുദീൻ: 952645 2413.
14. ദേവപദം ഓഡിറ്റോറിയം, നാരായണൻ കെ.എസ്, കിഴിയേടത്ത് മന, തിരുവാഴിയോട്.പി.ഒ, പാലക്കാട് 679514, മൊ: 9447467347
15. തേവാരം പൂജാ സ്റ്റോഴ്സ്, എസ് & എസ് കോംപ്ലക്സ്, നിയർ കൌസ്തുഭം, ഷോർണൂർ റോഡ്, തൃശൂർ. 680022,സുഹാസ് വടക്കില്ലം: 858900 9493
16. ശശികുമാർ കെ, നാഗാർജുന ഔഷധശാല, ഗുരുവായൂർ റോഡ്, പട്ടാമ്പി, 679 303 ഫോൺ: 98464 99220
17. നാരായണൻ പി.എൻ, നിള പ്രിന്റേഴ്സ്, വട്ടംകുളം, വട്ടംകുളം.പി.ഒ, എടപ്പാളിന് സമീപം, മലപ്പുറം . 679578, ഫോ: 9961960782
18. കൃഷ്ണൻ, ഷോണ ബുക്ക് ഹൌസ്, എടപ്പാൾ ജംഗ്ഷൻ, എടപ്പാൾപി.ഒ, മലപ്പുറം ജില്ല, 679576, ഫോ: 9388162153
19. ഐഡിയൽ ബുക് സ്റ്റാൾ, സ്റ്റാച്യൂ, തിരുവനന്തപുരം
20. മലയാളരാജ്യം ബുക്ക് ഡിപ്പോ, പടിഞ്ഞാറേനട, വൈക്കം, മനോജ്കുമാർ, മൊബൈൽ: 9249893537
21. ശിവൻ സ്റ്റേഷനറി, വൈക്കം പോലീസ് സ്റ്റേഷന് സമീപം, മൊബൈൽ: 9495875834
22. ഗുരുപ്രസാദം ബുക്ക് സ്റ്റാൾ, വൈക്കം, മൊബൈൽ 9544166668

തപാലിൽ ലഭിക്കുവാൻ ഈ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് വാർഷിക വരിസംഖ്യ 300 രൂപ അയച്ച് സ്ക്രീൻഷോട്ട് സഹിതം കസ്റ്റമർകെയർ നമ്പറിൽ വിളിക്കുക. നമ്പർ: 9495369337

E-mail: swasthitrimonthly@gmail.com
Website: swasthi.org


❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

*An Exclusive Publication on Namboodiri Life &Life style*

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

**പരസ്യ നിരക്ക് താഴെ കൊടുക്കുന്നു**

ബാക്ക് കവർ .... 18000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ.. 12000
ഫുൾ പേജ് കളർ... 7500
ഹാഫ് പേജ് കളർ ... 4000
ക്വാർട്ടർ പേജ് കളർ... 2000

ഫുൾ പേജ് ബ്ളാക്ക് &വൈറ്റ്. 4000
ഹാഫ് പേജ് ബ്ളാക്ക് &വൈറ്റ്.. 2500
ക്വാർട്ടർ പേജ് ബ്ളാക്ക് &വൈറ്റ്. 1300
വേളി പംക്തിയിൽ ... 1800
ജാതകം/ആശംസകൾ... 1000

**വാർഷിക പാക്കേജ്**
ബാക്ക് കവർ: 60000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ: 40000
ഫുൾപേജ് കളർ:26000
ബ്ളാക്ക് &വൈറ്റ് ഫുൾ പേജ്: 14000

Net Banking / Google Pay
**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC**_DLXB0000133

വാർഷിക വരിസംഖ്യ
Rs/**300**
അയക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

വരിസംഖ്യ കാലാവധി വിവരങ്ങൾ അറിയാൻ
**9447332611**

**കസ്റ്റമർ കെയർ**
**9495369337**

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി, ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017

## ശതാഭിഷേകം (13.11.25)

# മുണ്ടേക്കാട്ടു മന
# കൃഷ്ണൻ നമ്പൂതിരി





ആശംസകളോടെ...
**പത്നി ഇന്ദിര അന്തർജനം.**
**മക്കൾ ലേഖ, ദീപ,നിഷ.**

## അമ്പതാം വിവാഹവാർഷികം
11/02/2026



# മുണ്ടനാട് നാരായണനും
# വിലാസിനിയും

*ആശംസകളോടെ..*
**കൃഷ്ണൻ അഭിജിത്ത്**
**നിത്യ അരുന്ധതി**
**പാർവ്വതി അമോഘ്..**

## ചോറൂണ്
10.11.2025
# ശാംഭവി

അമ്മ : **സംഗീത** (ചേന്ദമംഗലം ഇല്ലം)
അച്ഛൻ : **ദിലീപ് ശങ്കർ** (കോടി തലപ്പണ ഇല്ലം)

കോടി തലപ്പണ ഇല്ലം,
കണ്ണിപറമ്പ് പി.ഒ, മാവൂർ
പിൻ- 673661,
കോഴിക്കോട് ജില്ല
Ph :+91 93885 76612





# ഇതു ദേവയാനം

**2019–20** വർഷത്തിൽലോകത്തെനിശ്ചലമാക്കി പടർന്നു പിടിച്ച മഹാമാരിയാണ് കോവിഡ് 19. ജനം പുറത്തിറങ്ങാൻ പോലും പറ്റാതെ മാനസികമായി തളർന്നു പോകുന്ന സാഹചര്യം. മാനസികോല്ലാസത്തിനായി എല്ലാവരും വിവിധ മാർഗങ്ങൾ അന്വേഷിക്കാൻ



*അനന്താസനനായ മഹാവിഷ്ണു*



*ലക്ഷ്മീഗോപാലം*



*വേണുഗോപാലം*

തുടങ്ങി. അങ്ങനെയാണ് കേരളത്തിന്റെ തനത് ചിത്രകലാശാഖയായ ചുമർചിത്ര കല പഠിക്കാനുള്ള താല്പര്യം പ്രദേശത്തുള്ള ചിലർ അറിയിക്കുന്നത്. ഈ കലാപഠനത്തിന് ഒരു സ്ഥാപനം എന്ന നിലയ്ക്ക് അവർ ഈ മേഖലയിൽ വിദഗ്ധനായ പ്രശസ്ത ചുമർചിത്രകാരൻ ശ്രീ സതീഷ് തായാട്ടിനെ സമീപിച്ചു. ഈ കലയോട് താല്പര്യം ഉള്ള ഒരു കൂട്ടം ആൾക്കാരുടെ നിരന്തര പ്രേരണ മൂലം ശ്രീ സതീഷ് തായാട്ട്, തായാട്ട് ഇല്ലത്ത് തന്നെ ദേവയാനം ചുമർചിത്ര കലാ പഠന കേന്ദ്രം ആരംഭിച്ചു. 2021 ജനുവരി രണ്ടിന് ശ്രീ സതീഷ് തായാട്ടിന്റെ അമ്മ ശ്രീമതി സാവിത്രി അന്തർജനം നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നടത്തി.

പരസ്യങ്ങളൊന്നുമില്ലാതെ ലളിതമായ തുടക്കം. എന്നിട്ടും ഒരു കൂട്ടം കലാസ്നേഹമുള്ള വിദ്യാർത്ഥികൾ ഇവിടെ യെത്തി. ഇല്ലത്തിന്റെ ഒരു ഭാഗത്ത് ചെറിയ രീതിയിൽ ആരംഭിച്ചതെങ്കിലും വിശാലമായ പഠനസൗകര്യം ഒരുക്കാനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോൾ ശ്രീ സതീഷ് തായാട്ടും കുടുംബവും.

അഞ്ചാം വർഷത്തിലേക്ക് കടക്കുന്ന ഈ അവസരത്തിൽ ഇപ്പോൾ ഏകദേശം 30 ഓളം വിദ്യാർഥികൾ സ്ഥാപനത്തിൽ പഠിക്കുന്നു.

യൂണിവേഴ്സൽ ആർട്സിൽ നിന്നുള്ള ചിത്രകലാ പഠനത്തിനുശേഷം ഗുരുവായൂർ ചുമർചിത്ര കലാ പഠന കേന്ദ്രത്തിലെ അഞ്ച് വർഷത്തെ ചുമർചിത്ര പഠനത്തിന് ശേഷമാണ് അദ്ദേഹം ദേവയാനം ചുമർചിത്ര കലാ പഠന കേന്ദ്രം ആരംഭിക്കുന്നത്. ഗുരുവായൂരിലെ പഠന കേന്ദ്രത്തിൽ നിന്ന് അദ്ദേഹം സ്വായത്തമാക്കിയ കല അതിന്റെ തനതായ ശൈലിയിൽ തന്നെ അഭ്യസിപ്പിക്കുന്നു ഇവിടെ.

കല അഭ്യസിച്ചു വരുന്ന മുറയ്ക്ക് ഒന്നാംവർഷ പരീക്ഷയും രണ്ടാം വർഷ പരീക്ഷയും മൂന്നാംവർഷ പരീക്ഷയും സിലബസ് അനുസരിച്ച് നടത്തിവരുന്നു. നിശ്ചിത കാലയളവ് ഇല്ലാത്തതിനാൽ പഠിതാവിന് താൽപര്യമുള്ളിടത്തോളം കാലം ദേവയാനത്തിൽ പഠനം തുടരാൻ അനുവദിക്കുകയും ചെയ്യുന്നു. വ്യക്തിത്വവികസനത്തിനും ഏറെ പ്രാധാന്യം നൽകിവരുന്നു. പ്രായഭേദമന്യേ ചിത്രകലയിൽ താല്പര്യമുള്ള ഏതൊരു വ്യക്തിക്കും പഠനസൗകര്യം ഒരുക്കിത്തരുന്ന രീതിയാണ് ദേവയാനത്തിനുള്ളത് അതായത് സ്കൂൾ വിദ്യാർത്ഥികൾ ,പല മേഖലകളിൽ ജോലിയുള്ളവർ, വിരമിച്ച വ്യക്തികൾ, വീട്ടമ്മമാർ തുടങ്ങി ഏവരെയും ദേവയാനം ഒരുപോലെ സ്വീകരിക്കുന്നു.

ദേവകലയായ ചുമർചിത്രകലയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനായി വിവിധ ക്ഷേത്രങ്ങളിലേക്ക് പഠനയാത്രകൾ നടത്തി വരുന്നുണ്ട്.

സതീഷ് തായാട്ട്, 9495857502

# നാരായണ ഭട്ടതിരി വേൾഡ് കലിഗ്രഫി അസോസിയേഷൻ പ്രസിഡന്റ്

കലിഗ്രഫിയിൽ മലയാള അക്ഷരങ്ങൾ തെളിയിച്ച നാരായണ ഭട്ടതിരിക്ക് ഇനി അന്താരാഷ്ട്ര മേൽവിലാസം. വേൾഡ് കലിഗ്രഫി അസോസിയേഷൻ പ്രസിഡന്റായി ചുമതലയേറ്റ ആദ്യ ഇന്ത്യക്കാരനെന്ന ബഹുമതി അദ്ദേഹത്തെ തേടിയെത്തി. കൊറിയയിലെ ചി യോങ്ജുവിൽ നടന്ന അന്താരാഷ്ട്ര കലിഗ്രഫി പ്രദർശനത്തിന്റെ ഉദ്ഘാടനച്ചടങ്ങിലായിരുന്നു സ്ഥാനാരോഹണം.



അക്ഷരങ്ങളെ പ്രത്യേക ക്രമീകരണത്തിലൂടെ മനോഹരമായ ചിത്രമാക്കി മാറ്റുന്ന കലയായ കലിഗ്രഫിയിൽ ഇന്ത്യയെ അടയാളപ്പെടുത്തിയതും ഭട്ടതിരിയാണ്. മേളയിൽ ആദ്യവർഷം 16 സൃഷ്ടികൾ സമർപ്പിച്ച ഇന്ത്യൻ കലാകാരന്മാർ ഇത്തവണ 172 സൃഷ്ടികളാണ് പ്രദർശനത്തിനു നൽകിയത്. ഇന്ത്യയിൽനിന്ന് ഇവയെല്ലാം ശേഖരിച്ച് മേളയിലെത്തിച്ചതും ഭട്ടതിരിയുടെ നേതൃത്വ ത്തിലാണ്. ആഗോള തലത്തിൽ ഏറ്റവും കൂടുതൽ കലാരൂപങ്ങൾ എത്തിക്കുന്ന രാജ്യമായും ഇത്തവണ ഇന്ത്യ മാറി.

വിവിധ രാജ്യങ്ങൾ ചേർന്ന് കലിഗ്രഫിയ്ക്കായുള്ള അന്താരാഷ്ട്ര പ്രദർശനങ്ങളും മേളകളും സംഘടിപ്പിക്കുന്ന സംഘടനയാണ് വേൾഡ് കലിഗ്രഫി അസോസിയേഷൻ. തുടർച്ചയായ പങ്കാളിത്തത്തിലൂടെ നാരായണ ഭട്ടതിരിക്ക് സംഘടനയിൽനിന്ന് മൂന്നുതവണ എക്സലൻസ് അവാർഡ് ലഭിച്ചിട്ടുണ്ട്. പിന്നീട് അദ്ദേഹം അസോസിയേഷന്റെ ജൂറി മെമ്പറായി. അതോടെ സാമൂഹികമാധ്യമങ്ങൾ വഴി മികച്ച കലിഗ്രഫി സൃഷ്ടികൾ അദ്ദേഹ ത്തെ തേടിയെത്തി. ഫെസ്റ്റിവൽ വേദിയിൽ മുൻനിരയിൽ എനിക്ക് സീറ്റ് ഒരുക്കിയിരുന്നു. അപ്പോഴും ഇത്തരത്തിലൊരു അംഗീകാരം പ്രതീക്ഷിച്ചില്ല. പേര് വിളിച്ചപ്പോൾ സ്റ്റേജിൽ കയറിച്ചെന്നു, ഭാഷ അറിയാത്തതിനാൽ കാര്യം മനസ്സിലായില്ല.

അംഗീകാരം കൈപ്പറ്റുമ്പോൾ അതിലെ ഇംഗ്ലീഷ് വാചകങ്ങൾ വായിച്ചാണ് കാര്യം മനസ്സിലാക്കിയത്. മറ്റൊരു രാജ്യത്തുനിന്ന് അംഗീകാരം തേടിയെത്തിയതിൽ ഒരുപാട് സന്തോഷം- ഭട്ടതിരി പറഞ്ഞു.

സംഘടനയുമായി ചേർന്ന് കലിഗ്രാഫിയുടെ പുതിയ പ്രതിഭകളെ കണ്ടെത്താനും കൂടുതൽ ആളുകളിലേക്ക് ഈ കലയെ എത്തിക്കാനും കഴിയുമെന്ന പ്രതീക്ഷയിലാണ് അദ്ദേഹം.

പാണിഗ്രഹണം ജാതക പരസ്യങ്ങൾക്ക്
1000 രൂപ മാത്രം. വിളിക്കുക 9447337337



പാണിഗ്രഹണം
കോളത്തിൽ
ജാതക പരസ്യ
ങ്ങൾക്ക് 1000
രൂപ മാത്രം
വിളിക്കുക
9745137987




| | | | | | |
|---|---|---|---|---|---|
| | | | മാ | ശു | |
| | ശി മ | ബു | ര ശു | | |
| ര | | ഗ്രഹ സ്ഥിതി | | | ല ബു ശി |
| മ സ | ഗു | | | കു | |
| | ല മാ | | ച | സ | |
| | | കു | ച | ഗു | |

**ആർദ്ര പാമ്പുരായത്ത് സുരേഷ്,** ജനനം: 19.05.1997 (1172 എടവം 5). നക്ഷത്രം: തൃതീയ. ഉയരം: 153 സെ.മീ. വിദ്യാഭ്യാസം: ബി.എസ്.സി, എം.എസ്.സി (അമൃത സ്കൂൾ ഓഫ് ബയോടെക്നോളജി, കൊല്ലം), പി.എച്ച്.ഡി. (സെൽ ആന്റ് മോളിക്യുലർ ബയോളജി- യൂണിവേഴ്സിറ്റി ഓഫ് എഡിൻബർഗ്, സ്കോട്ട്ലന്റ്).അച്ഛൻ: സുരേഷ് പി.എം. (റിട്ട. അധ്യാപകൻ, ഗവ. സ്കൂൾ), അമ്മ: സീന എം.കെ. (ഗവ. സ്കൂൾ അധ്യാപിക). സഹോദരങ്ങൾ ഇല്ല. അമ്മാത്ത്: മൂത്തകുറമ്പ് മന, പുലാമന്തോൾ. വിലാസം: പാമ്പുരായത്ത് മന, കറമ്പത്തൂർ പി.ഒ, പട്ടാമ്പി. ഫോൺ: 9496233068 (അച്ഛൻ)



| | | | | | |
|---|---|---|---|---|---|
| | | ഭൃ | | | |
| | കു മ ബു | | മാ | ല | ര |
| ല ശി ഗു മ | ശി ര ഗു | ഗ്രഹ സ്ഥിതി | | | |
| | ഭൃ | | | ച സ | സ |
| | | | | | |

**അതുൽ പരമേശ്വരൻ.** ജനനം: 12.03.1998 (1173 കുംഭം 28). സമയം: 11.42 a.m. നക്ഷത്രം: പൂരം. ഉയരം: 171 സെ.മീ., ജനനസ്ഥലം: പെരിന്തൽമണ്ണ. ഗോത്രം: ഭരദ്വാജ ഗോത്രം. ജോലി: സീനിയർ സിസ്റ്റം എൻജിനീയർ (ഇൻഫോസിസ്), വിദ്യാഭ്യാസ യോഗ്യത: എം.സി.എ. (കുസാറ്റ്). അച്ഛൻ: ഉണ്ണികൃഷ്ണൻ എം.കെ. അമ്മ: ചിത്ര കെ.എൻ. (സീനിയർ എക്സിക്യൂട്ടീവ് - എം.ഇ.എസ്. എം.സി.എച്ച്), അമ്മാത്ത്: കുന്നത്ത് മന, ചുങ്കത്തറ. സഹോദരൻ: വിഷ്ണുനാരായണൻ എം.കെ. വിലാസം: മൂത്തകൊരമ്പ് മന, കുറുവമ്പലം പി.ഒ., കൊളത്തൂർ (വഴി), മലപ്പുറം ജില്ല- 679338. മൊബൈൽ: 9446729117.



| | | | | | |
|---|---|---|---|---|---|
| | | | മാ | ശു | |
| | ശി മ | ബു | ര ശു | | |
| ര | | ഗ്രഹ സ്ഥിതി | | | ല ബു ശി |
| മ സ | ഗു | | | കു | |
| | ല മാ | | ച | സ | |
| | | കു | ച | ഗു | |

**അഭിനന്ദ് നമ്പൂതിരി.** ജനനം: 4.2.1995. സമയം: 9.53 a.m. ജനനസ്ഥലം: പൂനെ. നക്ഷത്രം: ഉത്രട്ടാതി. ഉയരം: 183 സെ.മീ. ഗോത്രം: വിശ്വാമിത്ര. വിദ്യാഭ്യാസം: എം.സി.എ., ജോലി: സീനിയർ സോഫ്റ്റ്‌വെയർ എൻജിനീയർ (എം.എൻ.സി.-പൂനെ). മുൻഗണന: പൂനെയിൽ ജോലി ചെയ്യാൻ താല്പര്യമുള്ള, നല്ല വിദ്യാഭ്യാസമുള്ള യുവതികൾ, അച്ഛൻ: ബാബു നമ്പൂതിരി, അമ്മ: വത്സല നമ്പൂതിരി. സഹോദരൻ (ഒരാൾ, വിവാഹിതൻ), ഇല്ലം: മാനിപുഴ ഇല്ലം, പി.ഒ. കാങ്കോൽ, പയ്യന്നൂർ, കണ്ണൂർ ജില്ല. അമ്മാത്ത്: മംഗലം നീലമന ഇല്ലം, കാളീശ്വരം, മൊബൈൽ: 9763830562, 9766709300.



| | | | | | |
|---|---|---|---|---|---|
| | കു | | | ര | |
| | കു മ ശി | ര മാ ബു | ച ശു | | |
| ച | | ഗ്രഹ സ്ഥിതി | | | ശു സ |
| ശി | | | | ല | |
| ല | ഗു | | | സ | |
| | | ബു ഗു | മാ | മ | |

**വൈശാഖ് കെ.യു.** ജനനം: 20.04.1996 (1171 മേടം 07). സമയം: 4 pm. നക്ഷത്രം: കാർത്തിക. ഉയരം: 170 c.m, വിദ്യാഭ്യാസം: ബി.കോം., C.A. Course completed. ജോലി: അക്കൗണ്ട്സ് / ഫിനാൻസ് പ്രൊഫഷണൽ- ആസ്ട്രേലിയൻ അക്കൗണ്ട്സ് ഔട്ട്സോഴ്സിംഗ് കമ്പനി, ചെന്നൈ. അച്ഛൻ: ഉമേഷ് (റിട്ട. സെൻട്രൽ ഗവ. ഓഫീസർ), അമ്മ: സുമ (പ്രൈവറ്റ് കമ്പനിയിൽ ജോലി). കോൽപ്പുറത്ത് മന, മുൻസിപ്പൽ ഓഫീസിന് എതിർവശം, ഷൊർണൂർ, ഫോൺ: 9496223427

| | | | | | |
|---|---|---|---|---|---|
| | ല ബു ശി | | മാ ഗു | | |
| | കു | ഗു മ | ച | | |
| | ബു | ഗ്രഹനില | | സ | |
| ഭൃ | ല ര ശി | | | | |
| ച | ഭൃ | | മാ | | കു ര സ മ |

**ശരണ്യ** ജനനം :13-02-2000 ജനന സ്ഥലം: പെരിന്തൽമണ്ണ സമയം: 5.25 a.m. നക്ഷത്രം: കാർത്തിക ഉയരം:172 സെ.മീ. വിശ്വമിത്ര ഗോത്രം വിദ്യാഭ്യാസം: എം.ബി.ബി.എസ്. (ഗവ. മെഡിക്കൽ കോളേജ്, തൃശൂർ), ഡി.എൻ.ബി.യിൽ (ഫാമിലി മെഡിസിൻ) ചേരാൻ പോകുന്നു. അച്ഛൻ : റിട്ടയേർഡ് ജി.എം, സെൻട്രൽ പി.എസ്.യു. അമ്മ: എൽ.ഐ.സി. ഉദ്യോഗസ്ഥ. സഹോദരി: വിവാഹിത, ഐ.എസ്.ആർ.ഒ സയന്റിസ്റ്റ്, മേൽവിലാസം: മുത്തേടത്ത്മന, നെടുങ്ങോട്ടൂർ പി.ഒ., നടുവട്ടം - പട്ടാമ്പി പാലക്കാട് ജില്ല. മൊബൈൽ : 9446086127

# സ്മരണാഞ്ജലി

## 2 – 1 – 26



# നിർമ്മലാദേവി



ഭർത്താവ് പരേതനായ ടി ത്രിവിക്രമൻ, Rtd പ്രഫസർ,
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല.
മകൻ: പ്രഫസർ ദിനേശ്, ( പ്രിൻസിപ്പാൾ, കാഞ്ഞങ്ങാട്
ഗവ: നെഹ്രു കോളേജ്), മരുമകൾ: പ്രിയ.പി ടീച്ചർ പേരക്കുട്ടികൾ

ഇന്നലെ രാത്രി ചെറിയമ്മ ഞങ്ങളെ വിട്ടുപോയി... എനിക്ക് മൂന്നോ നാലോ വയസ്സ് പ്രായമുള്ളപ്പോഴായിരുന്നു അപ്ഫന്റെ വേളി. വിവാഹത്തിന് ഞാൻ പോയതായി ഓർക്കുന്നില്ല... പക്ഷെ തിരുവനന്തപുരത്തെ വീട്ടിൽ നടന്ന കുടിവയ്പ് എനിക്ക് നല്ല ഓർമ്മയുണ്ട്... അപ്ഫന്റെ കൂടെ വന്ന സുന്ദരിയായ പെൺകുട്ടി അതിവേഗം എന്റെ ചെറിയമ്മയായി.. അവരോടൊപ്പം പാർക്കിലും ബീച്ചിലുമെല്ലാം പോയതും വൈകുന്നേരങ്ങളിൽ മുത്തശ്ശനും മുത്തശ്ശിയും അച്ഛനും അമ്മയും അപ്ഫനും ചെറിയമ്മയും എല്ലാവരും ചേർന്ന് അക്ഷരശ്ലോകം ചൊല്ലിയതുമെല്ലാം ഓർമ്മയിൽ.... ചെറിയമ്മ നന്നായി പാടുമായിരുന്നു. സ്കൂൾ വെക്കേഷന് അധിക ദിവസവും ഞാനും അനിയത്തിയും ഇടപ്പള്ളിയിൽ അപ്ഫന്റെ വീട്ടിലായിരിക്കും.. സ്വന്തം വീടായി തന്നെ ആ വീടിനെ കരുതാൻ ഒരു കാരണം ചെറിയമ്മയായിരുന്നു എന്ന് ഇന്ന് തിരിച്ചറിയുന്നു... പാവമായിരുന്നു എന്റെ ചെറിയമ്മ... എല്ലാരോടും സ്നേഹമായിരുന്നു... യാത്ര പോവാനും സിനിമകാണാനുമൊക്കെ ഇഷ്ടമായിരുന്നു... നന്നായി വായിക്കുമായിരുന്നു... കൃത്യമായ രാഷ്ട്രീയ ധാരണകളുണ്ടായിരുന്നു.... എല്ലാ ഇഷ്ടങ്ങളും സാധിക്കാനായിട്ടില്ല.. പക്ഷെ ഒന്നിനും പരാതിപ്പെട്ടു കണ്ടിട്ടില്ല... അമ്മയും ചെറിയമ്മയും തമ്മിലുള്ള ബന്ധം ആഴമേറിയതായിരുന്നു.. കരുത്തയായ ഏടത്തിയെ ബഹുമാനത്തോടെയാണ് ചെറിയമ്മ കണ്ടത്... തിരിച്ച് അമ്മയ്ക്ക് ഒരുപാടു സ്നേഹമായിരുന്നു... ഇടപ്പള്ളിയിൽ നിന്ന് നീലേശ്വരത്തേക്ക് അപ്ഫനും ചെറിയമ്മയും എത്തിയത് ഏകമകനായ ദിനേശൻ നെഹ്റു കോളേജിൽ ഗണിതശാസ്ത്ര അധ്യാപകനായപ്പോഴാണ്. അപ്ഫന്റെ അസുഖവും മരണവും ചെറിയമ്മയെ മാനസികമായി തളർത്തിയിരുന്നു... ഒപ്പം പാർക്കിൻസൺ രോഗവും... അടുത്ത കാലത്ത് അൽപ്പം ആരോഗ്യം മെച്ചപ്പെട്ടിരുന്നു... 75-ാം പിറന്നാളായിരുന്നു ഡിസംബർ 30 ന്. കേക്കു മുറിച്ച് ആഘോഷിച്ചുവെന്നാണ് പ്രിയ പറഞ്ഞത്. തികച്ചും അപ്രതീക്ഷിതമായി, ഒരു പൂവ് ഞെട്ടറ്റു വീഴും പോലെ, ആരെയും ബുദ്ധിമുട്ടിക്കാതെ ചെറിയമ്മ പോയി... രാത്രി ഉറങ്ങാൻ കിടന്നയാൾ പിന്നെ ഉണർന്നില്ല... കരുതലിന്റെ ചില്ലകൾ ഓരോന്നായി കാലം മുറിച്ചു കളയുകയാണ്... ആദ്യം അപ്ഫൻ, പിന്നെ അച്ഛൻ, ഇപ്പോൾ ഇതാ ചെറിയമ്മയും... ഞങ്ങൾ ഒരിക്കൽ കൂടി കുട്ടികളല്ലാതായി... പുനർജന്മത്തിലോ മരണാനന്തര ജീവിതത്തിലോ വിശ്വാസമില്ലാത്തതുകൊണ്ട് എന്നെങ്കിലും വീണ്ടും കാണാം എന്നു പറയാനാവില്ലല്ലോ... എങ്കിലും എന്നെങ്കിലും വീണ്ടും കാണാനായിരുന്നെങ്കിൽ എന്നാഗ്രഹിച്ച് പോവുന്നു....

Sukanya Narayanan FB

# സഭാ വാർത്തകൾ

യോഗക്ഷേമ സഭ സ്റ്റേറ്റ് യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലാ യുവജന വിഭാഗം നടത്തിയ യുവസ്പന്ദനം രക്തദാന ക്യാമ്പയിനിൽ 56-ാം വയസ്സിൽ തന്റെ ആദ്യ രക്തദാനം നടത്തി ശ്രീമതി ഗിരിജ മരുതാറ്റ് ഏവർക്കും പ്രചോദനമായി. യുവസ്പന്ദനം പരിപാടിയിൽ കോഴിക്കോട് ജില്ലയിൽ നിന്നും രക്തദാതാവായ ഏറ്റവും പ്രായം കൂടിയ വ്യക്തി കൂടിയാണ് ഗിരിജ മരുതാറ്റ്.





യോഗക്ഷേമസഭ പെരുമണ്ണ ഉപസഭയുടെ സ്വന്തമായ കാര്യാലയം (ഓഫീസ് )ഇന്ന് സംസ്ഥാന പ്രസിഡണ്ട് അഡ്വക്കേറ്റ് PNDനമ്പൂതിരി ഉൽഘാടനം ചെയ്തു ഉത്തര മേഖല സെക്രട്ടറി ഡോക്ടർ രാമകൃഷ്ണ ഹരി നമ്പൂതിരി പ്രസിഡണ്ട് പാടേരി വാസുദേവൻ നമ്പൂതിരിപ്പാട് സെക്രട്ടറി ദീപാ മങ്ങത്തായ മുൻസംസ്ഥാന ജനറൽ സെക്രട്ടറി മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി തൃക്കൈക്കാട്ട് മഠാധിപതി ഉപസഭയിലെ 50തോളം പ്രവർത്തകർ പങ്കെടുത്തു കോഴിക്കോട് ജില്ലയിലെ ആദ്യത്തെ ഉപസഭ കാര്യാലയം ആണ് ഉദ്ഘാടനം ചെയ്യപ്പെട്ടത് എല്ലാ സഭകൾക്കും സ്വന്തമായ കാര്യാലയം ആരംഭിക്കണമെന്ന് തദവസരത്തിൽ പ്രസിഡണ്ട് ആഹ്വാനം ചെയ്തു



*കോഴിക്കോട് ജില്ലാ യോഗക്ഷേമസഭ വനിതാ കൗൺസിലിന്റെ ഉദ്ഘാടനം കോവൂർ ജില്ലാ മന്ദിരത്തിൽ വച്ച് ജനുവരി 13 ന് സംസ്ഥാന വനിതാസഭ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ചേർന്ന് നിർവ്വഹിച്ചു. ഉത്തരമേഖലാ വനിതാ സെക്രട്ടറി, കോഴിക്കോട് ജില്ലാ വനിതാ സെക്രട്ടറി എന്നിവർ സമീപം.*



*യോഗക്ഷേമ സഭയുടെ ശങ്കരഭവനം പദ്ധതിയിൽ വയനാട് ജില്ലയിലെ തരുവണ ഉപസഭാംഗമായ പുതിയില്ലം ശങ്കരൻ നമ്പൂതിരി ക്ക് നൽകുന്ന ഭവനത്തിന്റെ താക്കോൽ സംസ്ഥാന ജനറൽ സെക്രട്ടറി കൈമാറുന്നു*





മലപ്പുറം മേൽമുറി ഒഴുകൂർ ഇല്ലത്ത് ഭാസ്കരൻ നമ്പൂതിരിയുടെയും ശ്രീലതയുടെയും മകൻ വിഷ്ണുവും കോട്ടയം കുഴിപ്പള്ളി കാരങ്ങാട്ട് ഇല്ലത്ത് ശ്രീകുമാറിന്റെയും ശാൽമ നന്ദയുടെയും മകൾ മാളവികയും തൃശൂർ തിരുവമ്പാടി പാർവ്വതി ശങ്കര കല്യാണമണ്ഡപത്തിൽ വെച്ച് വിവാഹിതരായി.



തിരുവല്ല തിരുമൂലപുരം നെടുവേലി മന മധുവിന്റെയും സ്മിതയുടെയും മകൾ ഗായത്രിയും തൃശൂർ ഒല്ലൂക്കര ജാതവേദൻ നമ്പൂതിരിയുടെയും രഞ്ജിനിയുടെയും മകൻ സമീറും തൃശൂർ വടക്കേമഠം ബ്രഹ്മസ്വം ശ്രീ ശങ്കര ഹാളിൽ വെച്ച് വിവാഹിതരായി. മൊബൈൽ 9940092126, 9789997483



എഴുമാവിൽ ഇല്ലം (മേമ്മുറി, കോട്ടയം) പരമേശ്വരൻ ഭട്ടതിരിയുടെയും ജയശ്രീയുടെയും മകൻ രാഹുലും പാലക്കാട് ചെർപ്പുളശ്ശേരി മോഴികുന്നത്ത് മന ജയൻ എം.ഡി.യുടെയും എ.എസ്. ജയശ്രീയുടെയും മകൾ വീണയും കോട്ടയം കടുത്തുരുത്തി ഗൗരീശങ്കരം ഓാഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.
മൊബൈൽ 9495493478, 9495914989



ചാത്തമംഗലം തെക്കുമ്പലം കുന്നത്ത് കണ്ടമംഗലം സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും മിനിയുടെയും മകൾ അഞ്ജനയും പെരുവയൽ മുണ്ടക്കൽ പുറവണ്ണൂർ എടക്കാട്ട് നാരായണൻ നമ്പൂതിരിയുടെയും സ്മിത നാരായണന്റെയും മകൻ ദേവദർശനും പൂളക്കടവ് അരീക്കുളങ്ങര ദേവീക്ഷേത്ര കല്യാണമണ്ഡപത്തിൽ വിവാഹിതരായി.
മൊബൈൽ: 8078345302, 8606109218

## നൂറിന്റെ നിറവിൽ

### തൃക്കഴിപ്പുറം പരമേശ്വരൻ നമ്പൂതിരി



തൃക്കഴിപ്പുറം പരമേശ്വരൻ നമ്പൂതിരി, പാലേരി ഭദ്ര അന്തർജനം

23.12.2025 ചൊവ്വാഴ്ച നൂറാം പിറന്നാൾ ആഘോഷിച്ചു. അതിഥികളെ സ്വീകരിച്ച് അക്ഷീണം കുശലാന്വേഷണം നടത്തി ഈ ദമ്പതിമാർ.

പുണ്യശ്ലോകനായ പരമേശ്വരൻ നമ്പൂതിരി പൂർണ ആരോഗ്യവാനായി ജീവിതയാത്ര തുടരട്ടെ.

## അക്ഷരശ്ലോകത്തിന്നും, പാഠകത്തിനും എ ഗ്രേഡ്

സംസ്ഥാന കലോൽസവത്തിൽ അക്ഷര ശ്ലോകത്തിന്നും, പാഠകത്തിനും എ ഗ്രേഡ് നേടിയ നാറണിയാട്ട് ശ്രീജിത്ത്-ശ്രീഭ ദമ്പതിമാരുടെ മകൾ ആര്യ എൻ. ഫറോക്ക് ഉപസഭ. തൃപ്പൂണിത്തുറ സെന്റ് ജോസഫ്സ് സി.ജി.എച്ച്.എസ്സിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയാണ്.








# ശ്രീപാദം ഈശ്വരൻ നമ്പൂതിരി അനുസ്മരണം



ശ്രീപാദം ഈശ്വരൻ നമ്പൂതിരി അനുസ്മരണവും പുരസ്കാര സമർപ്പണവും കോട്ടയം കുട്ടികളുടെ ലൈബ്രറിയിൽ വച്ച് നടന്നു. കുഞ്ചൻ നമ്പ്യാർ സ്മാരക സമിതി നിർവാഹക സമിതി അംഗം ശ്രീ രാജാ ശ്രീകുമാർ വർമ്മ അധ്യക്ഷനായ ചടങ്ങിൽ കുട്ടികളുടെ ലൈബ്രറി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ വി.ജയകുമാർ ദീപപ്രോജ്വലനം നടത്തി. ശ്രീ.ഹരിപ്രസാദ് ശ്രീപാദം സ്വാഗതം ആശംസിച്ചു. ഭാഷാപണ്ഡിതനും സാഹിത്യകാരനുമായ ഡോക്ടർ എഴുമറ്റൂർ രാജരാജവർമ്മ ചടങ്ങ് ഉദ്ഘാടനവും പുരസ്കാര സമർപ്പണവും നടത്തി. ശ്രീപാദം ഈശ്വരൻ നമ്പൂതിരി സാഹിത്യ പുരസ്കാരം ശ്രീ നെടുമ്പള്ളി രാംമോഹന് സമ്മാനിച്ചു. ഫലകവും ക്യാഷ് അവാർഡും അടങ്ങുന്നതാണ് പുരസ്കാരം .ശ്രീ രാജു നാരായണൻ നമ്പൂതിരി, ശ്രീ.കെ ശിവപ്രസാദ് എന്നിവർക്ക് സ്പെഷ്യൽ ജൂറി പുരസ്കാരങ്ങളും നൽകി. ശ്രീ .ബിനു രാധാകൃഷ്ണൻ, ശ്രീ എം. വി .ജയശങ്കർ എന്നിവർ അനുസ്മരണം നടത്തി. ശ്രീപാദത്തിന്റെ 'പൂവും പ്രസാദവും', 'കൊട്ടും കുഴലും', 'കംസൻ', 'ഉരുവീസ്വയംവരം' എന്നീ കൃതികളുടെ പ്രകാശനം ഡോക്ടർ. ഇ.എൻ. സതീഷ് നിർവഹിച്ചു. ഡോ. വി.ഗായത്രീദേവി കൃതജ്ഞത രേഖപ്പെടുത്തി.




## തിരുത്ത്

'ഇ ലോകത്തുനിന്ന് ഉണ്ണിയെ തേടി' എന്ന എന്റെ ലേഖനത്തിൽ ശ്രീ ഉണ്ണി നമ്പൂതിരിയുടെ ഗൈഡ് പീറ്റർ മെ യുടെ എന്ന രീതിയിൽ ചേർത്തിട്ടുള്ള ഫോട്ടൊ മാറിപ്പോയിട്ടുണ്ട്. ചിക്കാഗൊ യൂണിവേർസിറ്റിയിലെ ഉണ്ണിയുടെ സഹപാഠി കെവിൻ റോബർട്ട് കൂംബസിന്റെ (ലേഖനത്തിലേയ്ക്ക് നയിച്ച 'അനക്ഡോട്ട്' പങ്കുവെച്ച പ്രഫസ്സർ) ഫോട്ടൊ ആണ് ചേർത്തിട്ടുള്ളത്. പീറ്റർ മെ യുടെ ഫോട്ടൊ ഇതോടൊപ്പം ചേർക്കുന്നു.

**മാന്തിട്ട വിഷ്ണു**
മാന്തിട്ട മന, വെങ്കിടങ്ങ് , തൃശൂർ,
മൊബൈൽ : +91 87148 39298



# പ്രതികരണങ്ങൾ

## പ്രായം മറന്നും സംഗീത ഭ്രമവുമായി അമ്മാവൻ

സ്വസ്തി ത്രൈമാസികം ഒക്ടോബർ ലക്കത്തിൽ ശ്രീ ഉദയൻ നമ്പൂതിരി, എന്റെ അമ്മാവൻ ശ്രീ രാജീവൻ എളയിടത്തെ കുറിച്ച് എഴുതിയ '(അറുപത്തി) അഞ്ചാം വയസ്സിൽ കോളേജ് കുമാരൻ' ഏറെ ശ്രദ്ധാർഹമായ ഒരു ലേഖനം തന്നെയായിരുന്നു. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ശേഷം ഏറെ ഇഷ്ടത്തോടെ കഥകളി സംഗീതം അഭ്യസിക്കാൻ തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ ഡിഗ്രി കോഴ്സിന് ചേർന്നപ്പോൾ സബ്സിഡയറികളായി കഥകളി വേഷവും കർണാടക സംഗീതവും പഠിക്കേണ്ടിവരും എന്നറിഞ്ഞിട്ടും പഠിക്കാനുള്ള തീരുമാനത്തിന് മാറ്റം ഉണ്ടായിരുന്നില്ല എന്നത് ആ കലയോടുള്ള താൽപര്യത്തെ തന്നെയാണ് കാണിക്കുന്നത്. സംഗീതാഭ്യാസം നടത്തുന്നതിനും എത്രയോ മുമ്പ് തന്നെ അമ്മാത്തുള്ള പഴയൊരു ഹാർമോണിയം പെട്ടിയിൽ ശ്രുതി മീട്ടി അമ്മാവൻ സംഗീതാലാപനം നടത്തിയിരുന്നത് പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്; പല വേദികളിലും തന്റെ കഴിവ് പ്രകടിപ്പിച്ചിട്ടുമുണ്ട്. ആദി ശങ്കര ഇൻറർനാഷണൽ ഫൗണ്ടേഷന്റെ കോട്ടയം ജില്ലാ ചാപ്റ്റർ കോർഡിനേറ്റർ കൂടിയായ അമ്മാവൻ, കഥകളിപ്പദങ്ങൾ ആലപിക്കുന്നതുപോലെ തന്നെ, ഫൗണ്ടേഷൻ നടത്തുന്ന സത്സന്ധ്യ പരിപാടികളിൽ വളരെ ഭംഗിയായി ഭക്തിഗാനങ്ങൾ ആലപിക്കാറുണ്ട്. പ്രായം പഠനതാല്പര്യങ്ങൾക്ക് ഒരിക്കലും തടസ്സമാവില്ല എന്ന് ഓർമ്മിപ്പിച്ച്, അമ്മാവന്റെ കഴിവുകളെ പരിചയപ്പെടുത്തിയ ശ്രീ ഉദയൻ നമ്പൂതിരിക്കും സ്വസ്തിക്കും അഭിനന്ദനങ്ങൾ.

**സുരേഷ് പാഴൂർ,**
പാഴൂർ ഇല്ലം, മഞ്ചേരി, മൊ നമ്പർ.9995845618

## സ്പോർട്സ് വിഷയങ്ങൾ ഉൾപ്പെടുത്തണം

നമ്പൂതിരി സമുദായത്തിൽ നിന്നും ഇത്രയും ഉന്നത നിലയിൽ എത്തിയ- ഇനിയും എത്രയോ ഉന്നത നിലയിൽ എത്തേണ്ടിയിരുന്ന ശ്രീ ഉണ്ണി നമ്പൂതിരിയെ സ്വസ്തിയിലൂടെ പരിചയപ്പെടുത്തിയ വിഷ്ണു ഏട്ടന് നന്ദി. Really a Great job !
ഒരു ഷെർലക് ഹോംസ് കഥ പോലെ തോന്നി- കുറ്റാന്വേഷണമല്ല പ്രമേയമെങ്കിലും.

**ഡോ.എം.എസ്.പരമേശ്വരൻ,** അസി. പ്രൊഫസർ, എച്ച്.ഒ.ഡി. ഡിപ്പാർട്ട്മെന്റ് ഓഫ് മ്യൂസിക്, വിശ്വകർമ്മ യൂണിവേഴ്സിറ്റി, പൂനെ, ഫോൺ: 9400990780.

## മുഖചിത്രം ഏറെ നന്നായി

Wonderful!
Excellent work
കഴിഞ്ഞ സ്വസ്തി: ബ്യൂട്ടി ക്വീൻ ഹർഷാ ശ്രീകാന്തിന്റെ മുഖചിത്രവും മുഖ ലേഖനവും വളരെയധികം നന്നായിട്ടുണ്ട്.

**Dr ശ്രീധരൻ**
ഓർത്തോ സർജൻ, കോയമ്പത്തൂർ




എല്ലാത്തരം വായനക്കാരെയും കണ്ടുകൊണ്ട് ആഴത്തിൽ റിസേർച്ച് ചെയ്തു തയാറാക്കിയ ലേഖനങ്ങൾ കൊണ്ട് സ്വസ്തി ഒക്ടോബർ ലക്കം ആകർഷകമായി. കലയും സാഹിത്യവും ടെക്നോളജിയും ചരിത്രവും എന്തിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ വരെ പ്രതിപാദിക്കുന്ന വ്യത്യസ്തത പുലർത്തുന്ന ഈ ലക്കം ഷെൽഫ് ലൈഫ് ഉള്ളതാണ്.

**സുരേഷ് ചന്ദ്രമന,**
തിരുവല്ല.

**Sir,**

**Matter written about " swarna mana" is very good in total. Congrats to Swsthi Team. Keep it up. Convey my regards to Narayanan Namboodiripad.**

**NKE Raman Namboodiri,**
**Akshara niwas,**
**Narikode mana, Taliparamba.**
**Ph. 98314 98743**

## മുഖചിത്രം ഗംഭീരം

സ്വസ്തി ഈ ലക്കം ഭംഗിയായി. മുഖചിത്രം സൂപ്പർ. contents also improved

സുരേഷ് നമ്പൂതിരി
**+91 94462 69400**

# പ്രതികരണങ്ങൾ

## 65 ആം വയസ്സിൽ കോളേജ് കുമാരൻ

'സ്വസ്തി ' യുടെ വിദ്യാരംഭം പതിപ്പിൽ, മേൽ തലക്കെട്ടോടുകൂടി പ്രസിദ്ധീകരിച്ച ലേഖനം വളരെ ലളിതവും മനോഹരവുമായിരുന്നു. അതിൽ സൂചിപ്പിച്ചിട്ടുള്ള രാജീവൻ എളേടം ആണ് ഞാൻ. കലാപഠനം തുടങ്ങുവാനും തുടരുവാനും താല്പര്യക്കുള്ളവർക്ക് വളരെ പ്രോത്സാഹനം നല്കുന്ന തായിരുന്നു ആ ലേഖനം. അത്രക്ക് സുന്ദരമായി ഇത് എഴുതിയ ലേഖകനെ പ്രത്യേകം അഭിനന്ദിക്കുന്നു ഒപ്പം വ്യത്തിയോടെ പ്രസിദ്ധീകരിച്ച 'സ്വസ്തി' യുടെ പ്രവർത്തകർക്കും.
അദൃശ്യരായി അനുഗ്രഹങ്ങൾ ചൊരിഞ്ഞു കൊണ്ടിരിക്കുന്ന എന്റെ മാതാപിതാക്കളുടെയും അതോടൊപ്പം ഗുരുനാഥന്മാരുടെയുമൊക്കെ ചില ഫോട്ടോകൾ തന്നിരുന്നു. അതിൽ നിന്നും ചിലതു കൂടി ലേഖനത്തിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ നന്നാകുമായിരുന്നു എന്ന് തോന്നിപ്പോകുന്നു. ലേഖനം വായിച്ച ഒട്ടനവധി കലാ കാരന്മാർ സുഹൃത്തുക്കൾ സഹപ്രവർത്തകർ തുടങ്ങിയവർ വിളിച്ച് അഭിനന്ദനം അറിയിച്ചു. എന്നെ സംബന്ധിച്ച് തുടങ്ങി വച്ച പഠനം കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പൂർത്തീകരിക്കുവാനുള്ള പ്രേരണയായിരുന്നു ഇത്.എന്തായാലും ലേഖനം തയാറാക്കി പ്രസദ്ധീകരിച്ചതിന് മുന്നിട്ടിറങ്ങിയ എല്ലാ സുമനസ്സുകൾക്കും എന്റെ നിസ്സീമമായ നന്ദി ഒരിക്കൽ കൂടി അറിയിച്ചു കൊള്ളുന്നു.

**രാജീവൻ എളേടം**
ആമ്പല്ലൂർ,, മൊബൈൽ: 9447662264

## കലാമണ്ഡലം കേശവൻ നമ്പൂതിരി

സ്വസ്തി വായിച്ചു. ഉള്ളടക്കം ഗംഭീരം.
കഥകളിനടൻ കലാമണ്ഡലം കേശവൻ നമ്പൂതിരിയേക്കുറിച്ചുള്ള വിവരണം നന്നായിട്ടുണ്ട്. എന്റെ അനിയൻ പൂങ്കിടിൽ മന ജാതവേദൻ നമ്പൂതിരിയുടെ ആത്തെമ്മാരുടെ ജേഷ്ഠൻ ആണ്. എന്റെ മൂത്തമകൻ ഗിരീഷിനെ 1989 ല് ഇദ്ദേഹം കഥകളി പഠിപ്പിച്ചു.
എന്റെ ഇല്ലത്തെ ഉത്സവകാലത്ത് അരങ്ങേറ്റവും ഉണ്ടായി. എന്തായാലും വായനക്കാർക്ക് നല്ലൊരു അനുഭവമായി. താമരക്കുളം ദിവാകരൻ നമ്പൂതിരിക്ക്...
സ്നേഹാശംസകൾ .
കല്പുഴ, ഇടയിലിടത്ത് കാരണം എന്നീ ഇല്ലങ്ങളിലെ മുത്തശ്ശിമാരുടെ 80-ാം പിറന്നാളിന്റെ ഫോട്ടോകൾ തമ്മിൽ മാറിയിട്ടുണ്ട്. ശ്രദ്ധിക്കുമല്ലോ.

**ഗീത നാരായണൻ നമ്പൂതിരി,** അരീക്കര.

## ലേഖനം വസ്തുതാപരം

സ്വസ്തിയിൽ അങ്ങ് എഴുതിയ എസ്. രാമനുണ്ണി ചേട്ടന്റെ സേവന പ്രവർത്തനങ്ങളെ കുറിച്ചുള്ള ലേഖനം വസ്തുതാപരമാണ്. ഒരു പാട് ത്യാഗങ്ങൾ സഹിച്ച് പണിയ വിഭാഗത്തിനിടയിൽ അദ്ദേഹം പ്രവർത്തിച്ചു. വയനാടിന്റെ കവാടത്തി (ലക്കിടി)യിൽ കരിന്തണ്ടൻ സ്മാരകം. അദ്ദേഹത്തെ എന്നെന്നും ഓർമ്മയിൽ നിലനിർത്തും. എന്റെറ കുടുംബസുഹൃത്താണ് അദ്ദേഹം. അഭിനന്ദനങ്ങൾ കൃഷ്ണേട്ടാ. നന്നായീട്ടോ. സ്നേഹപൂർവ്വം.

**ഈശ്വരൻ മാടമന** വയനാട്, കണിയാംമ്പറ്റ
**09447711928**

## ഉണ്ണി നമ്പൂതിരി

അമേരിക്കയിൽ ചിക്കാഗോ യൂണിവേഴ്സിറ്റിയിലെ ഗണിതശാസ്ത്ര ഗവേഷണ വിദ്യാർത്ഥിയായിരുന്ന ശ്രീ ഉണ്ണി നമ്പൂതിരിയെക്കുറിച്ച് നല്ലൊരു വിവരണം വായനക്കാർക്കായി കാഴ്ചവെച്ച സ്വസ്തി മാസികയ്ക്കും ലേഖകൻ മാന്തിട്ട വിഷ്ണുവിനും അഭിനന്ദനങ്ങൾ.

ഗണിതശാസ്ത്ര പ്രതിഭയായിരുന്ന ഉണ്ണിനമ്പൂതിരിയുടെ അകാലത്തിലുള്ള ദേഹവിയോഗം നമ്മെയെല്ലാം ദു:ഖിപ്പിക്കുന്നു.

സുഹൃത്ത് പങ്കുവെച്ച ഒരു സന്ദേശത്തിൽ നിന്നാണ് വിഷ്ണുവിന്റെ യാത്ര തുടങ്ങുന്നത്. ഏതുദിശയിൽ യാത്ര മുന്നോട്ടുപോകണമെന്നറിയാതെ വിഷമിച്ചിരിക്കുമ്പോഴാണ് വിഷ്ണു അയച്ച ഒരു ഇമെയിൽ സന്ദേശത്തിന് ഉണ്ണിയുടെ റിസർച്ച് ഗൈഡ് ആയിരുന്ന പ്രൊഫസ്സർ പീറ്റർ മെ യിൽ നിന്ന് അവിചാരിതമായി ഒരു മറുപടി കിട്ടുന്നത്. മറുപടിയിലുള്ള വിവരങ്ങൾ തുടരന്വേഷണത്തിന് ഒരു പിടിവള്ളിയായി മാറി. അങ്ങനെ ഉണ്ണിയുടെ കസിൻ ശ്രീ ചിത്തരഞ്ജൻ വഴി അന്വേഷണം ഉണ്ണിയുടെ ഇല്ലം വരെ എത്തി- കോട്ടയം ജില്ലയിലെ നരമംഗലം ഇല്ലത്ത്. തിരുവനന്തപുരത്ത് താമസിക്കുന്ന ചിത്തരഞ്ജനുമായും നരമംഗലം കുടുംബാംഗം അഡ്വ. നാരായണൻ നമ്പൂതിരിയുമായും സംസാരിക്കുമ്പോഴായിരിക്കും ലക്ഷ്യം കണ്ടെത്തിയ ഒരു യാത്രയുടെ എക്സൈറ്റ്മെന്റ് - വിസ്മയം ലേഖകൻ അനുഭവിച്ചിട്ടുണ്ടാവുക.

ഉണ്ണി നമ്പൂതിരിയുടെ അച്ഛൻ ഡോ. കൃഷ്ണൻ നമ്പൂതിരിയും അമ്മ ഡോ. കാദംബരിയും അമേരിക്കയിൽ അക്കാദമിക്ക് രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള പ്രഗൽഭർ തന്നെയായിരുന്നു.

നമ്മുടെ സമുദായത്തിലെ നാട്ടിലും വിദേശത്തുമുള്ള പ്രതിഭകളെ കണ്ടെത്തി വായനക്കാർക്ക് പരിചയപ്പെടുത്തുക വഴി സ്വസ്തി കുട്ടികൾക്കും ചെറുപ്പക്കാർക്കും നല്ലൊരു പ്രചോദനമാണ് നൽകുന്നത്.

ഞാൻ തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിൽ ഓത്തുചൊല്ലിയിരുന്ന കാലത്ത് - ഏകദേശം അറുപതുകൊല്ലങ്ങൾക്കുമുമ്പ് നരമംഗലം ഇല്ലത്തെ ഒരു നമ്പൂതിരി അവിടെ വന്നിരുന്നു. അദ്ദേഹം ശബരിമല മേൽശാന്തിയായിരുന്നു. ഉണ്ണിനമ്പൂതിരിയുടെ മുത്തപ്ഫനായിരുന്ന ശ്രീ നീലക്ണ്ഠൻ നമ്പൂതിരിയാണ് അദ്ദേഹം എന്ന് വിഷ്ണു അന്വേഷിച്ച് അറിയിക്കുകയും ചെയ്തു.

വിഷ്ണുവിന്റെ ലേഖനം ഗംഭീരമായിട്ടുണ്ട്- വ്യത്യസ്തമായൊരു വായനാനുഭവവും. തുടർന്നും ഇത്തരം ലേഖനങ്ങൾ സ്വസ്തിയിൽ പ്രതീക്ഷിക്കുന്നു.

**പൂരാടം നീലകണ്ഠൻ നമ്പൂതിരി,**
ചേർപ്പ്, തൃശ്ശൂർ, 680561, ഫോൺ: 7034307779

ഹർഷയെപ്പോലെ പാഷനെ പ്രൊഫഷനാക്കി മാറ്റുവാൻ സാധിക്കുന്ന കുട്ടികൾ ആണ് നമുക്കിന്ന് ആവശ്യം. മനസ്സിന്റെ മതിലുകൾ ഭേദിച്ച് പുതിയ വാതായനങ്ങൾ തുറക്കാൻ സാധിക്കട്ടെ. അഭിമാനത്തോടെ

**നിധിൻ കൃഷ്ണ**
മലമേൽ ഇല്ലം, കിടങ്ങൂർ, കോട്ടയം, 9446566400

നമ്മുടെ സമുദായത്തിൽ നിന്നും വിവിധ മേഖലകളിൽ ശോഭിക്കുന്ന കുട്ടികൾ ഉണ്ടായി വരട്ടെ. ഹർഷയുടെ കമ്മിറ്റ്മെന്റും കഠിനാധ്വാനവും മാതാപിതാക്കളുടെ പിന്തുണയും തന്നെയാണ് വിജയ രഹസ്യം. ഇനിയും ഉയരങ്ങൾ കീഴടക്കാൻ സാധിക്കട്ടെ.

**ഐ.വി. ശ്രീകൃഷ്ണൻ നമ്പൂതിരി**
ഐരാടത്ത് ഇല്ലം, മല്ലപ്പള്ളി,പത്തനംതിട്ട

### Feature on AI camera

I have an add on idea that may be passed over to Sri Nandakumar. Over speeding, helmet, seat built are being detected. An equally important parameter is intensity of headlight. It is a major issue that causes accidents during night time, especially in 2 lane roads. An add on to the surveillance camera to detect number of head lamps and intensity of light is very much necessary.

**Mohanan Namboodiri,**
Potty Illam, Kannur District
Mob: 8304938060

### ഷെൽഫ് ലൈഫ് ഉള്ള ലക്കം

എല്ലാത്തരം വായനക്കാരെയും കണ്ടുകൊണ്ട് ആഴത്തിൽ റിസേർച്ച് ചെയ്തു തയാറാക്കിയ ലേഖനങ്ങൾ കൊണ്ട് സ്വസ്തി ഒക്ടോബർ ലക്കം ആകർഷകമായി. കലയും സാഹിത്യവും ടെക്നോളജിയും ചരിത്രവും എന്തിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ വരെ പ്രതിപാദിക്കുന്ന വ്യത്യസ്തത പുലർത്തുന്ന ഈ ലക്കം ഷെൽഫ് ലൈഫ് ഉള്ളതാണ്

**സുരേഷ് ചന്ദ്രമന,** തിരുവല്ല

### നല്ല ലേഖനങ്ങൾ ധാരാളം

ഇത്തവണത്തെ സ്വസ്തി നന്നായിട്ടുണ്ട്. നല്ല ലേഖനങ്ങൾ ധാരാളമുണ്ട്. പലപ്പോഴും സ്വസ്തി വായിക്കുമ്പോൾ വിഷയ ദാരിദ്ര്യം തോന്നാറുണ്ട്.

**രമേശൻ നമ്പൂതിരി**
അത്തിപ്പറ്റ മന, ചെത്തല്ലൂർ
പാലക്കാട് ജില്ല, 9446805890

### പത്മശ്രീ വിനയത്തോടെ നിരസിച്ച നമ്പൂതിരി

Reviewed the draft. Looks very good. Especially your expansion of MP to "Master of Projects" is very apt !

Vipin Bangalore
S/o Dr MP Parameswaran
+91 9663399805



### മിത്ര അഷ്ടമൂർത്തിക്ക് കൗൺസലിങ്ങ് സൈക്കോളജിയിൽ ഒന്നാം റാങ്ക്

കേരള സർവ്വകലാശാല എം.എസ്.സി. കൗൺസലിങ്ങ് സൈക്കോളജിയിൽ ഒന്നം റാങ്ക് നേടിയ മിത്ര അഷ്ടമൂർത്തി. തൃശൂർ പാഞ്ഞാൾ ഉപസഭ കൊരട്ടിക്കര അഷ്ടമൂർത്തി–മായ ദമ്പതികളുടെ മകളാണ്. യോഗക്ഷേമസഭ തൃശൂർ ജില്ലാ ജോയന്റ് സെക്രട്ടറി ശാന്ത അന്തർജനത്തിന്റെ പേരക്കുട്ടിയാണ്.



### വെണ്മണി അവാർഡ് പി.ബി. ഹൃഷീകേശന്

2025 ലെ വെണ്മണി സ്മാരക അവാർഡ് പി.ബി. ഹൃഷീകേശന്റെ ലോലചിത്തരാം ചിത്രശലഭങ്ങളെപ്പോലെ എന്ന കൃതിയ്ക്ക്. അർത്ഥഗർഭമായ ബിംബകല്പനയിലൂടെ അനുവാചകരിലേക്ക് ആശയങ്ങൾ പകരുന്ന ശൈലിയുടെ ഉത്തമ നിദർശനമാണീ കൃതി എന്ന് വിലയിരുത്തിയാണ് അവാർഡിന് ഈ കൃതി തിരഞ്ഞെടുക്കപ്പെട്ടത്. ഭാഭ അറ്റോമിക് റിസർച്ച് സെന്ററിൽ നിന്ന് വിരമിച്ചതിനു ശേഷം സാഹിത്യ പ്രവർത്തനങ്ങളോടൊപ്പം യോഗയും പരിശീലിപ്പിക്കുന്ന ഇദ്ദേഹം ചാലക്കുടി പടുതോൾ കുടുംബാംഗമാണ് .



### മനോരമ തമ്പുരാട്ടി പുരസ്കാരം ഡോ. ഇ.എൻ. ഈശ്വരന്

രേവതി പട്ടത്താനസമിതി സാഹിത്യത്തിന് നൽകുന്ന മനോരമ തമ്പുരാട്ടി പുരസ്കാരം നേടിയ ഡോ. ഇ.എൻ. ഈശ്വരൻ. തൃപ്പൂണത്തറ ഗവ സംസ്കൃത കോളേജ് ജ്യോതിഷവിഭാഗം മേധാവിയാണ്. കണ്ണൂർ ജില്ലയിലെ അതിയടം സ്വദേശിയാണ് ഈശ്വരൻ



### യംങ് വുമൺ സൈന്റിസ്റ്റ് അവാർഡ് സൂര്യക്ക്

യംങ് വുമൺ സൈന്റിസ്റ്റ് അവാർഡ് വിന്നറായി ഗ്വാളിയോർ ഐ ഐ എം തിരഞ്ഞെടുത്ത ഉള്ളിയേരി ഉപസഭയിലെ തൊടുവയിൽ ഇല്ലത്ത് ദിലീപ് ഉഷ ദമ്പതിമാരുടെ മകൾ സൂര്യ.



*ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നും കോമേഴ്സിൽ പി.എച്ച്.ഡി. ലഭിച്ച കൊയിലാണ്ടി ഉപസഭയിലെ എരഞ്ഞോളി ഹനീഷിന്റെ ഭാര്യ ഡോ. നിയത*

## കുസാറ്റ് ഗവേഷക വിദ്യാർത്ഥിക്ക് അന്താരാഷ്ട്ര പുരസ്കാരം



കളമശ്ശേരി : കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (CUSAT) അഡ്വാൻസ്ഡ് സെന്റർ ഫോർ അറ്റ്മോസ്ഫെറിക് റഡാർ റിസർച്ച് (ACARR) ൽ ഗവേഷക വിദ്യാർത്ഥിയായ ദേവിക എം വി ഓസ്ട്രിയയിലെ വിയന്നയിൽവെച്ചു നടന്ന യൂറോപ്യൻ ജിയോസയൻസ് യൂണിയൻ (EGU) ജനറൽ അസംബ്ലി 2025ൽ ഏറ്റവും മികച്ച പോസ്റ്റർ അവതരണത്തിനുള്ള Outstanding Student and PhD candidate Presentation (OSPP) അവാർഡ് നേടി. ഇതാദ്യമായാണ് ഒരു ഇന്ത്യൻ ഗവേഷണ വിദ്യാർത്ഥിക്ക് EGU ജനറൽ അസംബ്ലിയുടെ Climate: Past, Present & Future (CL) സെഷനിൽ ഈ അവാർഡ് ലഭിക്കുന്നത്. വളയൻചിറങ്ങര ശ്രീശങ്കര വിദ്യാപീഠം കോളേജിൽ നിന്ന് ഫിസിക്സ് ബിരുദം നേടി. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽനിന്ന് എം.എസ് സി മീറ്റിയൊറോളജിയും എം. ടെക് അറ്റ്മോസ്ഫെറിക് സയൻസും പൂർത്തിയാക്കി. ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗമായി പൂനയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മീറ്റിയൊറോളജി(IITM)ൽ ഒന്നര വർഷം പ്രോജക്ട് വർക്ക് ചെയ്തിട്ടുണ്ട്. ഇപ്പോൾ ഡോ. അജിൽ കോട്ടയിലിന്റെ കീഴിലാണ് കുസാറ്റ് റഡാർ സെന്ററിൽ ഗവേഷണം നടത്തുന്നത്.

അവാർഡിന് അർഹമായ 'അപ്പർ ട്രോപ്പോസ്ഫെറിക് ഹ്യുമിഡിറ്റി ആൻഡ് ക്ലൗഡ് റേഡിയേറ്റീവ് ഫോർസിംഗ്: എ ട്രോപ്പിക്കൽ പെർസ്പെക്റ്റീവ്' എന്ന പോസ്റ്റർ പിഎച്ച്ഡി സൂപ്പർവൈസർ ഡോ. അജിൽ കോട്ടയിൽ (സയന്റിസ്റ്റ് സി, ACARR, CUSAT), ഡോ. വിജു ഒ ജോൺ (ക്ലൈമറ്റ് പ്രോഡക്റ്റ് എക്സ്പെർട്ട്, EUMETSAT, ജർമ്മനി) എന്നിവരുടെ മേൽനോട്ടത്തിലാണ് ദേവിക തയ്യാറാക്കിയത്.

പടിഞ്ഞാറേ കടുങ്ങല്ലൂർ മൂവിടത്തു മേച്ചേരി മനയിൽ ഡോ. എം. പി. വാസുദേവൻ നമ്പൂതിരിയുടെയും (റിട്ടയേർഡ് പ്രിൻസിപ്പൽ, ഫിസിക്സ് അദ്ധ്യാപകൻ, ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര) എസ് ലതയുടെയും (ഫാക്ട് ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥ) മകളാണ് ദേവിക.

### അനഘക്ക് ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ഡോക്ടറേറ്റ്



ബോംബെ ഐ. ഐ. ടി യിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ഡോക്ടറേറ്റ് ലഭിച്ച അനഘ ഇ.ആർ. എറണാകുളം ആമ്പല്ലൂർ എളേടത്ത് ഇല്ലത്ത് ഇ. വി. രാജീവൻ (റിട്ട: ഡെ പ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ i/c, റബ്ബർ ബോർഡ്) ഡോ. കെ എസ് ദേവകി(റിട്ട:സീനിയർ പ്രൊഫസർ, സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസസ്,എം.ജി. യൂണിവേർസിറ്റി) എന്നിവരുടെ മകളും കോഴിക്കോട് പെരുമണ്ണ പാറക്കോട് (പുലരി) ഇല്ലത്ത് വിപിൻ ശങ്കർ (ഡയറക്ടർ, മോർഗൻ സ്റ്റാൻലി, മുംബൈ) ന്റെ പത്നിയുമാണ്.




*സനാതനസുധ മുൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിക്കുന്നു*

## ഡോ. പി.വി. വിശ്വനാഥൻ നമ്പൂതിരിക്കിത് അഭിമാന മുഹൂർത്തം



പൊൻകുന്നം: തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ പതിനായിരങ്ങളെ സാക്ഷിനിർത്തി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് 'സനാതനസുധ' പുസ്തകം സമ്മാനിച്ചപ്പോൾ അത് ഗ്രന്ഥകാരൻ ഡോ. പി.വി. വിശ്വനാഥൻ നമ്പൂതിരിക്ക് അഭിമാന മുഹൂർത്തമായി.

മൂവാറ്റുപുഴ ആനിക്കാട് തിരുവുംപ്ലാവ് മഹാദേവ ക്ഷേത്രത്തോടനുബന്ധിച്ചുള്ള 'സനാതന സ്കൂൾ ഓഫ് ലൈഫ്' എന്ന സനാതന ധർമ്മ പഠനകേന്ദ്രത്തിൽ ഡോ. വിശ്വനാഥൻ നമ്പൂതിരി നടത്തിയ ക്ലാസ്സുകളുടെ സമാഹാരമാണി പുസ്തകം. സനാതന സ്കൂൾ ഓഫ് ലൈഫും പത്തനംതിട്ട കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഗീതാ പ്രചാരക് സമിതിയും കോട്ടയം സ്വാമിയാർ മഠത്തോട് ചേർന്നുള്ള പ്രസരം സംസ്കൃത സമാജവും ചേർന്നാണ് കഴിഞ്ഞ വർഷം മലയാളത്തിൽ ഈ പുസ്തകം പ്രസിദ്ധീകരിച്ചത്. വിശ്വനാഥൻ നമ്പൂതിരിയുടെ ശിഷ്യനും സനാതന സ്കൂളിലെ പഠിതാവുമായിരുന്ന സൂര്യൻ അയ്യരാണ് പുസ്തകം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്.

സനാതനസുധയുടെ ഇംഗ്ലീഷ് പതിപ്പ് കഴിഞ്ഞ മാസം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ രാജ്ഭവനിൽ വച്ചാണ് പ്രകാശനം ചെയ്തത്. പുസ്തകത്തിന്റെ ഉള്ളടക്കത്തിൽ അതീവ താൽപ്പര്യം ജനിച്ച ഗവർണർ ഒരു കോപ്പി ഇന്നലെ പ്രധാനമന്ത്രിക്ക് സമ്മാനിക്കുകയായിരുന്നു.

കോട്ടയം മാർ ബസേലിയസ് കോളജിൽ സംസ്കൃത വിഭാഗം മേധാവിയായി വിരമിച്ച ഡോ. വിശ്വനാഥൻ നമ്പൂതിരിക്ക് ഗോവിന്ദകീർത്തി, ധർമകീർത്തി പുരസ്കാരങ്ങളും ആഗമാ നന്ദ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. സംസ് കൃതഭാഷ പ്രചരണ രംഗത്ത് അദ്ദേഹം നല്കിയ സംഭാവനകളെ മുൻനിർത്തിയായിരുന്നു ഈ പുരസ്കാരം.



### വിജ്ഞാന ശ്രീ പുരസ്കാരം എൻ.ജയന്

ശാസ്ത്ര സാങ്കേതിക മേഖലയിലെ മികവിന് നൽകുന്ന അഭിമാനകരമായ പുരസ്കാരമായ രാഷ്ട്രീയ വിജ്ഞാന പുരസ്കാരം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. ഇന്ത്യയിലെ ശാസ്ത്ര സാങ്കേതിക മേഖലയിലെ മികവിന് കേന്ദ്ര സർക്കാർ നൽകുന്ന പരമോന്നത ബഹുമതിയായ വിജ്ഞാന ശ്രീ പുരസ്കാരം മലയാളി ശാസ്ത്രജ്ഞൻ ജയൻ എൻ നേടി.

രാജ്യത്തെ ബഹിരാകാശ സാങ്കേതികവിദ്യയുടെ വികസനത്തിന് നൽകിയ സംഭാവനകൾക്കാണ് ഐഎസ്ആർഒ ശാസ്ത്രജ്ഞൻ ജയൻ എൻ വിജ്ഞാന ശ്രീ പുരസ്കാരം നേടിയത്. തിരുവനന്തപുരം പേരൂർക്കടയിലെ മണ്ണാമൂല സ്വദേശിയായ അദ്ദേഹം നിലവിൽ വിക്രം സാരാഭായ് സ്പേസ് സെന്ററിലെ നെക്സ്റ്റ് ജനറേഷൻ ലോഞ്ച് വെഹിക്കിളിന്റെ പ്രോജക്ട് ഡയറക്ടറാണ്.

നേരത്തെ, ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്ററിൽ ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനം വഹിച്ചിരുന്ന അദ്ദേഹം ജിഎസ്എൽവിയിൽ ഉപയോഗിക്കുന്ന ആദ്യത്തെ തദ്ദേശീയ ക്രയോജനിക് എഞ്ചിന്റെ രൂപകൽപ്പനയിലും വികസനത്തിലും നിർണായക പങ്ക് വഹിച്ചു. ജിഎസ്എൽവി എംകെ കകക റോക്കറ്റിന് ശക്തി പകരുന്ന സി.ഇ. 20 ക്രയോജനിക് എഞ്ചിൻ വികസിപ്പിച്ച സംഘത്തെ നയിച്ചത് അദ്ദേഹമാണ്.



### മികച്ച എഡിറ്റർ സൂരജ്

മികച്ച എഡിറ്റർക്കുള്ള കേരള സംസ്ഥാന ഫിലിം അവാർഡ് ലഭിച്ച സൂരജ് ഇ.എസ്., കൂർക്കെഞ്ചേരി ഇരവിമംഗലത്തു മന



### സി.എ. ഫൈനൽ പാസ്സായ കാദംബരി എസ്. ശർമ്മ

ആദ്യ ശ്രമത്തിൽ സി.എ. ഫൈനൽ പരീക്ഷ പാസ്സായ കാദംബരി എസ്. ശർമ്മ.തിരുവനന്തപുരം ജില്ല കുളപ്പട ഉപസഭയിലെ സുബ്രഹ്മണ്യ ശർമ്മയുടെ മകളാണ്



### ഐ.സി.എ.ഐ. സി.എ. ഫൈനൽ പാസ്സായ ദേവനാരായണൻ

ഐ.സി.എ.ഐ. സി.എ. ഫൈനൽ പാസ്സായ കരകുളം ഉപസഭയിലെ വന്ദനാറാണിയുടെയും അശോക നാരായണന്റെ യും മകൻ ദേവനാരായണൻ

## വാർത്തകൾ / വ്യക്തികൾ / വിശേഷങ്ങൾ



**സാമവേദ പണ്ഡിത പുരസ്കാരം കൃഷ്ണൻ നമ്പൂതിരിക്ക്**

ആലുവ തന്ത്രവിദ്യാ പീഠത്തിന്റെ സാമവേദ പണ്ഡിത പുരസ്കാരം പാഞ്ഞാൾ തോട്ടത്തിൽ കൃഷ്ണൻ നമ്പൂതിരിക്ക് ലഭിച്ചു.



**എ ഗ്രേഡ് നേടി അക്ഷത് ശ്രീധർ**

കോഴിക്കോട് റവന്യൂ ജില്ല സാമൂഹ്യ ശാസ്ത്രമേള പ്രാദേശികചരിത്രം എ ഗ്രേഡ്, കോഴിക്കോട് റവന്യൂ ജില്ല കലോത്സവം സംസ്കൃത നാടകം എഗ്രേഡ് ലഭിച്ച അക്ഷത്ശ്രീധർ.ടി.എസ്.



**പി.എച് ഡി നേടി നിമിഷ**

ന്യൂയോർക്കിലെ Syracuse University‌യിൽ നിന്ന് പി.എച് ഡി നേടിയ നിമിഷ. ഇടവഴി പ്പുറം കൃഷ്ണൻനമ്പൂതിരിയുടെ മകളാണ്. അതേ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമിനു ചേർന്നു.



**അഡ്വ. കുമാരസ്വാമിക്ക് പി.എച്ച്.ഡി.**

കേരളത്തിലെ ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടലെന്ന സങ്കീർണ്ണമായ പ്രശ്നത്തെപ്പറ്റി പഠിച്ച് സമർപ്പിച്ച ഗവേഷണപ്രബന്ധത്തിന് ആന്ധ്രപ്രദേശിലെ ദ്രവീഡിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി. എടുത്ത അങ്കമാലി ഉപസഭ അംഗവും ഹൈക്കോടതി വക്കീലുമായ അഡ്വ. കുമാരസ്വാമി കാളത്തിമേക്കാട്.



**ആകാശിന് ഫെല്ലോഷിപ്പ്**

പൊഹാംഗ്യൂനിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി (POSTECH) യും ബ്രെയിൻ കൊറിയ ഫൌണ്ടേഷനും ചേർന്ന് യൂനിവേഴ്സിറ്റിയിലെ ഏറ്റവും നല്ല ഗവേഷകന് നൽകുന്ന പോസ്റ്റ്ഡെക്കിയൻ ഫെലോഷിപ്പിന് പാതായ്ക്കര സതീശൻ - സവിത ദമ്പതികളുടെ മകൻ ആകാശ് പാതായ്ക്കരക്കു ലഭിച്ചു. ആദ്യമായാണ് ഒരു വിദേശ പൌരന് ഈ ഫെലോഷിപ്പ് ലഭിക്കുന്നത്. ആകാശ് ഇപ്പോൾ POSTECH യൂനിവേഴ്സിറ്റി. കൊറിയയിൽ എൻവയേൺമെന്റൽ സയൻസ് ആന്റ് എഞ്ചിനീയറിംഗിൽ പി.എച് ഡി ചെയ്തു കൊണ്ടിരിക്കുകയാണ്. സവിതാ സതീശൻ : 9946399084



**ദേവസ്വം ബോർഡ് സെക്രട്ടറി ഗണേശൻ പോറ്റി**

നിയുക്ത തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി കൊടുപ്പുന്ന ഗണേശൻ പോറ്റി



**അക്ഷരശ്ലോകം ഒന്നാംസ്ഥാനം ഗൗരി പാർവ്വതിക്ക്**

അക്ഷരശ്ലോകം ജനറൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും ലഭിച്ച താമരക്കുളം ധനേഷ് ഗീത ദമ്പതികളുടെ മകൾ ഗൌരി പാർവ്വതി. ചാലപ്പുറം ഗവ ഗണപത് ഹൈസ്ക്കൂൾ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്



**ക്വിസ് പ്രോഗ്രാമിൽ ഒന്നാം സ്ഥാനം ലഭിച്ച കൃഷ്ണദത്തൻ**

എസ്.പി.സി.യുടെ ആഭിമുഖ്യത്തിൽ നടന്ന WIZKID ക്വിസ് പ്രോഗ്രാമിൽ ജില്ലയിൽ നിന്ന് ഒന്നാം സ്ഥാനവും സംസ്ഥാനത്തേക്ക് സെലെക്ഷൻ ലഭിക്കുകയും ചെയ്ത കൃഷ്ണദത്തൻ ടി.കെ.



**അനഘ എസ് ശർമക്ക് പി.എച്ച്.ഡി.**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്നും എഞ്ചിനീയറിംഗിൽ (റിമോട്ട് സെൻസിങ്) പി.എച്ച്.ഡി. നേടിയ ഡോ. അനഘ എസ് ശർമ (സീനിയർ പ്രൊജക്ട് റിസേർച്ച് അസോസിയേറ്റ്, ഐ ഐ എസ് ടി). ആറ്റിങ്ങൽ തോട്ടക്കാട്ട് പെരിയമന പി കെ കേശവ ശർമ്മയുടെയും ശ്രീജ തെക്കേടത്തിന്റെയും പുത്രിയാണ്. ഭർത്താവ് കുട്ടമ്പേരൂർ ശ്രീനിലയം (മരങ്ങാട്ടില്ലം) ഡോ. ഹരിനാരായണൻ നമ്പൂതിരി ( സീനിയർ റോബോട്ടിക്സ് എഞ്ചിനീയർ, ട്രിസ് ലാബ്സ്).



**നിയമത്തിൽ പി.എച്ച്.ഡി. നേടിയ കെ.അമൃത**

എം.ജി. സർവ്വകലാശാലയിൽ നിന്ന് നിയമത്തിൽ പി.എച്ച്.ഡി. നേടിയ പൂത്തോട്ട ശ്രീനാരായണ ലോ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ കെ.അമൃത. കോഴിക്കോട് മുക്കം കുന്നാശ്ശേരി ഇല്ലത്ത് കെ.എസ്.നമ്പൂതിരിയുടെയും സുധയുടെയും മകളാണ്. ഭർത്താവ്: മാമംഗലം നോർത്ത് ജനതാ റോഡ് ഇരവിമംഗലം ഇല്ലത്ത് കെ.എൻ.ശ്രീകാന്ത് (ഇൻഫോപാർക്ക്)

## വാർത്തകൾ / വ്യക്തികൾ / വിശേഷങ്ങൾ



### ക്ലാസ്സിക്കൽ നൃത്തമത്സരത്തിൽ ഒന്നാംസ്ഥാനം രമ്യ സന്തോഷിന്

ഗ്വാളിയറിൽ നടന്ന രാജ്യാന്തര ഡാൻസ് ഫെസ്റ്റിവൽ ഉദ്ഭവ് ഉത്സവ് 2025-ൽ ക്ലാസിക്കൽ നൃത്തമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ രമ്യ സന്തോഷ്. കടന്നപ്പള്ളി ചിറ്റന്നൂർ കലാക്ഷേത്ര നൃത്ത അധ്യാപികയും കാഞ്ഞങ്ങാട് നെഹ്റു കോളേജ് കമ്പ്യൂട്ടർ സയൻസ് വിഭാഗം ഗസ്റ്റ് ലക്ചററുമാണ്. മേലേടത്തില്ലം ചിറ്റന്നൂർ ഉപസഭാ കണ്ണൂർ ജില്ല 2012 ൽ പയ്യന്നൂരിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ നടന്ന സ്വാഗത നൃത്താ വിഷക്കാരത്തിന്റെ പരിശീലകയായിരുന്നു. വനിതാ വിഭാഗം സജീവ പ്രവൃത്തകയാണ്.ഭർത്താവ് പയ്യന്നൂർ കോടതിയിൽ ശിരസ്തദാർ മേലേടം സന്തോഷ് കുമാർ. (യോഗക്ഷേമസഭ സംസ്ഥാന കൗൺസിലർ) കണ്ണൂർ ചിറ്റന്നൂർ ഉപസഭ. യോഗക്ഷേമസഭ പയ്യന്നൂർ സംസ്ഥാന സമ്മേളനത്തിലെ (2012) സ്വാഗതഗാനത്തിന് നൃത്തരൂപം ഒരുക്കിയത് രമ്യയാണ്. കലാക്ഷേത്ര നൃത്ത വിദ്യാലയത്തിലെ ആചാര്യ.



### കെ.രാഘവൻ മാസ്റ്റർ പുരസ്കാരം ഒ.കെ.നാരായണൻ നമ്പൂതിരിക്ക്

പയ്യന്നൂർ: കെ.രാഘവൻ മാസ്റ്റർ മാധ്യമ പുരസ്കാരം ഒ.കെ.നാരായണൻ നമ്പൂതിരിക്ക്. ഗ്രന്ഥശാലാ പ്രവർത്തകൻ, അധ്യാപക നേതാവ്, പൊതു പ്രവർത്തകൻ, മാതൃഭൂമിയുടെ പയ്യന്നൂർ ലേഖകൻ എന്നീ നിലകളിൽ മൂന്നരപ്പതിറ്റാണ്ട് കാലം പയ്യന്നൂരിലെ സാംസ്കാരിക രംഗത്തെ നിറസാന്നിധ്യമായിരുന്ന കെ.രാഘവൻ മാസ്റ്ററുടെ പേരിൽ പുരസ്കാരസമിതി പ്രാദേശിക പത്രപ്രവർത്തകർക്കായി ഏർപ്പെടുത്തിയ പുരസ്കാരത്തിനാണ് പിലാത്തറ മാതൃഭൂമി ലേഖകനും, 31 വർഷമായി മാതൃഭൂമിയിൽ പത്രപ്രവർത്തനം നടത്തുന്ന വ്യക്തിയുമായ ഒ.കെ.നാരായണൻ നമ്പൂതിരി അർഹനായത്. പതിനായിരം രൂപയും ഫലകവുമാണ് അവാർഡ്. എടനാട് ഈസ്റ്റ് എൽ.പി.സ്കൂൾ മുഖ്യാധ്യാപിക പി.എസ്.മായയാണ് ഭാര്യ. തളിപ്പറമ്പ് എൽ.ഐ.സി. ഡവലപ്പ്മെന്റ് ഓഫീസർ ഒ.കെ.പരമേശ്വരൻ, ഒ.കെ.സുബ്രഹ്മണ്യൻ എന്നിവർ മക്കളാണ്.



### എം എ മ്യൂസിക്കിൽ ഒന്നാം റാങ്കു നേടി കൃഷ്ണ രഞ്ജിനി

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃതസംസ്കൃത സർവ്വകലാശാലയിൽ നിന്നു എം എ മ്യൂസിക്കിൽ ഒന്നാം റാങ്കു നേടിയ കൃഷ്ണ രഞ്ജിനി . ആകാശവാണി മഞ്ചേരി എഫ് എം അവതാരകയും ഗ്രേഡഡ് ആർട്ടിസ്റ്റുമാണ്. പ്രശസ്ത കർണ്ണാടക സംഗീതജ്ഞൻ ശ്രീ പാർവ്വതീപുരം പത്മനാഭഅയ്യരുടേയും ലളിതയുടേയും മകളും വണ്ടൂർ വാണിയമ്പലം പുളിക്ക തൊടി മന ഓമുദാസിന്റെ ഭാര്യയുമാണ് കൃഷ്ണ രഞ്ജിനി.



### വൈദിക പുരസ്കാരം നേടി ഏർക്കരമന നാരായണൻ നമ്പൂതിരി

2025 ലെ അന്യോന്യം വൈദിക പുരസ്കാരവും പ്രശസ്തിപത്രവും ലഭിച്ച ഏർക്കരമന നാരായണൻ നമ്പൂതിരി. മലപ്പുറം ജില്ല എടപ്പാൾ സ്വദേശിയാണ്.



### ഭരണഭാഷാസേവന പുരസ്കാരം ശ്രീകേശിന്

ഈ വർഷത്തെ ഭരണഭാഷാസേവന പുരസ്കാരം കൊല്ലം കല്ലുവാതുക്കൽ തെക്കേടത്തില്ലത്ത് ശ്രീ. ശ്രീകേശ് റ്റി എൻ - ന് ലഭിച്ചു. നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ സീനിയർ ക്ലെർക്ക് ആയി സേവന മനുഷ്ഠിക്കുന്ന ഇദ്ദേഹത്തിന് ഭരണഭാഷാരംഗത്ത് നൽകിയ മികച്ച സേവനങ്ങളെ മുൻനിർത്തിയാണ് ഈ അംഗീകാരം. 2025 നവംബർ 1 കേരളപ്പിറവി ദിനത്തിൽ ബഹു: മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അദ്ദേഹത്തിന് പുരസ്കാരം സമ്മാനിച്ചു. നിരവധി കവിതകൾ, ഗാനങ്ങൾ, ലേഖനങ്ങൾ എന്നിവ രചിച്ചിട്ടുണ്ട്. ചെന്നിത്തല തെക്കേടം ടി.കെ.നാരായണൻ നമ്പൂതിരിയുടെയും കല്ലറ ഊറാംകുഴി പാലാംകോണം മഠത്തിൽ കെ. രമാദേവിയുടെയും മകൻ ആണ്. കരുനാഗപ്പള്ളി പാലക്കോട്ടു മഠത്തിൽ ഇന്ദു പി പോറ്റി പത്നിയും ശ്രേയ ശ്രീകേശ് (മൂന്നാം സ്റ്റാന്റേർഡ്) മകളും ആണ്. വിലാസം : തെക്കേടത്തില്ലം, മേവനക്കോണം, കല്ലുവാതുക്കൽ പി.ഒ., കൊല്ലം 691578, ഇ-മെയിൽ: iamsreekesh@gmail. com-, മൊബൈൽ : +91 94473 28116

### വാദ്യകലാ പുരസ്കാരം നാരായണൻ നമ്പൂതിരിക്ക്



ശ്രീ സദനം രാമചന്ദ്ര മാരാർ സ്മാരക വാദ്യകലാ പുരസ്കാരം 2026 , തിമിലവാദ്യ കുലപതി ശ്രീ കരിയന്നൂർ നാരായണൻ നമ്പൂതിരിക്ക്. 11111 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. വസായ് ഫൈൻ ആർട്സ് സൊസൈറ്റിയുടെ ആജീവനാന്ത നേട്ടത്തിനുള്ള ആദരവും പുരസ്കാരവും കരിയന്നൂർ നാരായണൻ നമ്പൂതിരി (തിമില) ക്ക് ലഭിച്ചു



*മലയാളം സർവകലാശാല സിൻഡിക്കേറ്റ് അംഗമായി ബഹുമാനപ്പെട്ട ഗവർണ്ണർ നോമിനേറ്റ് ചെയ്ത ഊരകത്ത് ഇല്ലത്ത് ഡോ. വി രാജീവ്*

# വാർത്തകൾ / വ്യക്തികൾ / വിശേഷങ്ങൾ



### എൻ.എൻ.കക്കാട് പുരസ്കാരം ഹരികൃഷ്ണന്

മയിൽപ്പീലി ചാരിറ്റബിൾ സൊസൈറ്റി ഏർപ്പെടുത്തിയ എൻ.എൻ.കക്കാട് സാഹിത്യപുരസ്കാരത്തിന് സി.എസ്.ഹരികൃഷ്ണൻ അർഹനായി. ചേവായൂർ ഭാരതീയവിദ്യാഭവനിലെ പത്താംതരം വിദ്യാർത്ഥി ഹരികൃഷ്ണന്റെ അപ്പുണ്ണിയുടെ വായനശാല എന്ന ബാലസാഹിത്യകൃതിയാണ് അവാർഡിന് അർഹമായത്. 10001 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്. കോഴിക്കോട് ചേക്രക്കൽ ഇല്ലത്ത് ഡോ. ശ്രീകുമാരൻ - ഡോ. മിനി ദമ്പതികളുടെ മകനാണ് ഡി.എസ് ഹരികൃഷ്ണൻ



### വാചാസ്പതിപുരസ്ക്കാരം പ്രൊഫ. കെ.ടി മാധവൻ നമ്പൂതിരിക്ക്

കടവല്ലൂർ അന്യോന്യ പരിഷത്ത് സംസ്കൃത പണ്ഡിതന്മാർക്കു നല്കിവരുന്ന 2025ലെ വാചാസ്പതിപുരസ്ക്കാരത്തിന് അർഹനായ കേരള സംസ്കൃത അക്കാദമി ചെയർമാൻ പ്രൊഫസർ കെ.ടി മാധവൻ നമ്പൂതിരി.



### സ്വർണ്ണ മെഡൽ ജേതാവ് സാവിത്രി അന്തർജ്ജനം

കേരള അക്വാറ്റിക് ഫെഡറേഷൻ നടത്തിയ നീന്തൽ മത്സരത്തിൽ 80 വയസ്സിനു മുകളിലുള്ളവരുടെ 50 മീറ്റർ ഫ്രീസ്റ്റൈൽ, 50 മീറ്റർ ബാക്ക് സ്ട്രോക്ക്, 100 മീറ്റർ ബട്ടർഫ്ലൈ ഇനങ്ങളിൽ സംസ്ഥാന തലത്തിൽ സ്വർണ്ണ മെഡൽ ജേതാവ് പാഞ്ഞാൾ ഉപസഭാംഗം പെരുമാങ്ങോട് സാവിത്രി അന്തർജ്ജനം



### സയൻസ് ഒളിമ്പ്യാഡിൽ മാധവിന് ഒന്നാം റാങ്ക്

ബ്രില്യൻസ് ഫൗണ്ടേഷനും മലയാള മനോരമയും ചേർന്ന് സംഘടിപ്പിച്ച സയൻസ് ഒളിമ്പ്യാഡിൽ മാധവ് മണ്ണഴി ഒന്നാം റാങ്ക് നേടി. ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും ഗോൾഡ് മെഡലും അടങ്ങുന്നതാണ് പുരസ്കാരം. കാഞ്ഞിരത്ത് മണ്ണഴി ജയകൃഷ്ണൻ-ശ്രീവിദ്യ ദമ്പതികളുടെ മകനായ മാധവ് മികച്ച ഒരു ചെസ് താരവും കോഴിക്കോട് ഭാരതീയ വിദ്യാഭവനിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയുമാണ്. നിരവധി ദേശീയതല മത്സര പരീക്ഷകളിൽ മികവ് തെളിയിച്ചിട്ടു മാധവ്.



### കൂടിയാട്ടത്തിൽ ഒന്നാംസ്ഥാനം ദേവികക്ക്

കോഴിക്കോട് ജില്ലാ കലോത്സവം യു പി വിഭാഗത്തിൽ കൂടിയാട്ടത്തിന് ഒന്നാം സ്ഥാനവും എഗ്രേഡും നേടിയ മേപ്പയൂർ ഏളപ്പില ദേവിക - സന്തോഷ് കുമാർ ദമ്പതികളുടെ മകൾ ദേവിക



### ജില്ലാ കലോത്സവം: എ ഗ്രേഡ് നേടി ആര്യ

കോഴിക്കോട് ജില്ലാ കലോത്സവം യു പി വിഭാഗത്തിൽ മോഹിനിയാട്ടത്തിന് മൂന്നാം സ്ഥാനവും എഗ്രേഡും സംസ്കൃതം പദ്യം ചൊല്ലലിൽ രണ്ടാം സ്ഥാനവും എ ഗ്രേഡും നേടിയ പൊന്നടുക്കം നാരായണൻ നമ്പൂതിരിയുടെ മകൾ. ആര്യ.



### പദ്യംചൊല്ലലിൽ ഒന്നാംസ്ഥാനം രുദ്രൻ വാസുദേവന്

സംസ്കൃതം പദ്യം ചൊല്ലൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം, സംസ്കൃതം അക്ഷരശ്ലോകം ജില്ലാ തലത്തിൽ എ ഗ്രേഡ് നേടിയ താമരക്കുളം ധനേഷ് - ഗീത ദമ്പതികളുടെ മകൻ രുദ്രൻ വാസുദേവൻ.



### ജില്ലാ കലോത്സവം: എ ഗ്രേഡ് നേടി നന്ദിത

കോഴിക്കോട് ജില്ലാ കലോത്സവം ഹയർ സെക്കന്ററി വിഭാഗത്തിൽ ശാസ്ത്രീയസംഗീതത്തിന് ഒന്നാം സ്ഥാനവും എഗ്രേഡും നേടിയ തൃക്കുറ്റിശ്ശേരി പാലക്കാട്ടില്ലത്ത് ശിവപ്രസാദ് - മീര ദമ്പതികളുടെ മകൾ നന്ദിത പി.എസ്. കവിതാലാപനത്തിനും നന്ദിതക്ക് എ ഗ്രേഡുണ്ട്.

### അബാക്കസ് വേദിക് മാത്സ് മത്സരത്തിൽ ഒന്നാംസ്ഥാനം പാർവ്വതിക്ക്



ചെന്നൈയിൽ നടന്ന അബാക്കസ് ആന്റ് വേദിക് മാത്സ് മത്സര പരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയ പാർവതി സി. ചാലക്കുന്നത്ത് ഇല്ലം രതീഷ് (വിഷ്ണു)ന്റെയും ലീലയുടെയും മകളാണ്. മേപ്പയൂർ ജിഎച്ച്എസ്എസ്സിൽ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയാണ്. ഫോൺ: 98462 92586.

## വിവാഹത്തിന്റെ എഴുപതാം വാർഷികം

## 2025 നവംബർ 15

വേളി : 1955 നവംബർ 15





# മുട്ടത്തു കാട്ടിൽ മാമുണ്ണ്
# നീലകണ്ഠൻ നമ്പൂതിരി – പ്രിയദത്ത

### സ്വസ്തി, ഇടപ്പള്ളി, എറണാകുളം

സ്വച്ഛന്ദം വനവല്ലരിയ്ക്കു സമമായ് സാനന്ദ കല്ലോലമായ്
ദാമ്പത്യം പടരുന്നിതിന്നെഴുപതാംവർഷം മഹാശാഖിയിൽ!
മാമുണ്ണിൽ പ്രിയനീലകണ്ഠസഹിതം ദത്താഖ്യയാം ലക്ഷ്മിയും
പാഞ്ഞാളപ്പനനുഗ്രഹിച്ചു സസുഖം സ്വസ്ഥം ശുഭം 'സ്വസ്തി'യിൽ!

**- ചെമ്പാഴി**

# കുട്ടിക്കൂട്ടം

## MANGO

So juicy, So fresh
You will forget the rest
It's colour is yellow
It's taste is mellow
It's the king of fruits
So full of vitamins
To eat it you will be adamant
In the season of Summer
To the city to suburbs
Everyone will eat it
Everyone will love it
Be it raw or ripe
You will eat it in a swipe
You will leave out the core
But you will be wanting more
It's their favourite they will say
Happy National Mango Day !




**Deeptha M.**
5th Standard
Surana Vidyalaya, Bangalore
Ph: 8943064931
D/o Madamana Anandakrishnan & Chaithra







**അഭിനന്ദ് കെ.**
കല്ലംവള്ളി ഇല്ലം
കണ്ണിപറമ്പ്







**ദേവശ്രീ വി.എസ്.**
Std. 6, എ.യു.പി.എസ്.
കോഴിക്കോട്
D/o സന്തോഷ് വി.&ശുഭ പി.കെ.,
വീട്ടിക്കാട്ടില്ലം, കണ്ണിപറമ്പ്

# Beyond Imagination: The Future of Artificial Intelligence

"Sit back, stay relaxed and focused - I'll read this for you. I am your virtual assistant.'

Welcome to the world of Artificial intelligence (AI) - one of the most fascinating, promising, yet controversial topics, which is poised to transform each and every life with time. Will it write bestselling novels, cure deadly diseases, take away your job, or even challenge what it means to be a human? Here we explore the promises, possibilities, and the future of AI.

AI is no more a fiction but a reality that has stepped into our daily life, to an extent much more than we realize. Our phones, voice assistants, notifications, recorders, and Google Maps are all AI. Machines are evolving quickly, with deep learning, huge datasets, language models, paintings, and more. There are robots that can think and adapt like humans. In 10-25 years, we can expect Alexa and Google Assistants with far more capabilities than we can imagine today. They may write e-mails, serve as travel assistants, monitor health, give emotional support, and warn your anxiety levels even before you sense and react. AI can read X-rays and predict disease far diligently than many radiologists, and it has been researched in hospitals for it. Robotic surgeries in remote locations is a reality. AI can help elderly, regulate the city traffic flow, manage pollution, solve our energy needs and even handle emergencies. AI may paint, write poems, and in the future, we can expect humans to collaborate with AI for converting rough ideas to style. The Artificial General Intelligence (AGI) possesses human-level intelligence that may exceed human capabilities for performing cognitive tasks. It may convert abstract thoughts and make decisions. Moreover, AI can each time make a better version of it by feedback and will eventually lead to superintelligence.

Turning to the challenges, AI will automate tasks and displace jobs like customer service, writing basic codes and effortlessly manage accounts. A Goldman Sachs report in 2023 suggests about 300 million jobs will be affected by the use of AI. Further, there are questions whether inequalities will grow with the use of AI. It's like garbage in, garbage out. If we feed wrong information in AI, it will interpret things wrongly. It can take racially wrong decisions and cause social injustice. Generative AI can have terrifying implications. It can imitate leaders and give fake decisions and increase crime. As we are witnessing, cybercrimes have increased tremendously with the advent of generative AI. It can haunt our privacy, freedom and raises several ethical considerations. Perhaps the biggest challenge is how to ensure the AI system does not lose control? Whether it will serve human goals or pursue objects that harm us?

The future of AI will not be made by engineers alone. It will require lawmakers to set up regulations, educators to prepare the next generation, and public voices (that's us) to keep things right and transparent. Some of the promising ventures like Open AI, Meta AI are researching for AI elements. The United Nations are holding global forums for AI safety. We are still at infancy, and I think the stakes are sky-high. Will AI become a tool to help humanity or a disruptive force? The question is not what AI will eventually take us to, but who we will choose to be alongside it.


**Abhay Ranjith**
Class XI
S/o Ranjith N.M. &
Smruthi Vasudevan
Kerala School
Vikaspuri, Delhi
Ph : 6006165965










**കാർത്തിക പി.എസ്.**
പാലനാട്ടു മന, ഞാങ്ങാട്ടിരി പി.ഒ. പട്ടാമ്പി







**ശിവരഞ്ജിനി കെ.എം**
D/o മനോജ്കുമാർ &
പവിത്ര, പരിശ്രം
(കറുത്തേടത്ത് ഇല്ലം), പുന്നപ്പാല പി.ഒ.,
വണ്ടൂർ, 9497547879

# ഗുരുവായൂരപ്പന്റെ ഉത്സവക്കഞ്ഞി

ഗുരുവായൂരപ്പന്റെ വലിയ ഭക്തനായിരുന്നു യദുനന്ദൻ. മുപ്പത്തഞ്ചിലെത്തി നിൽക്കുന്ന പ്രശസ്തനായ യുവവൈദ്യൻ. യദുവിന്റെ ഗൃഹം ഗുരുവായൂരിൽ നിന്ന് അധികദൂരമില്ല. മാസത്തിലൊരിക്കൽ അദ്ദേഹം ഭഗവാനെ പോയി തൊഴും. കുടുംബത്തിൽ അച്ഛനും അമ്മയും സഹധർമ്മിണിയും. ഭാര്യയുടെ ജോലി അവർ താമസിക്കുന്ന ഇടത്തിൽ നിന്ന് കുറച്ച് അകലെയാണ്.

അവൾ ആഴ്ചയിൽ ഒരിക്കൽ മാത്രമേ യദുവിനേയും കുടുംബത്തേയും വന്ന് കാണാറുള്ളു. ചികിത്സാകേന്ദ്രം വീടിന് അടുത്തുതന്നെയാണ്. കാത്തു കാത്തിരുന്ന ശ്രീഗുരുവായൂരപ്പന്റെ ഒരു ഉത്സവക്കാലം വന്നെത്തി.

ഗുരുവായൂരിൽ വിശേഷാൽ ദിവസങ്ങളിൽ പോകുന്ന ഒരു പതിവ് യദുവിനില്ലായിരുന്നു. ഇപ്രാവശ്യം കണ്ണന്റെ ഉത്സവം ആരംഭിച്ചപ്പോൾ എന്തോ അദ്ദേഹത്തിന് ഗുരുവായൂരിൽ പോയി ഭഗവാനെ ഒരുനോക്ക് കാണാൻ തോന്നി. ഉത്സവ ലഹരിയിൽ മുഴുകി ഉത്സവക്കഞ്ഞിയും കുടിച്ച് മടങ്ങാൻ മോഹം.

അങ്ങനെ അടുത്ത ദിവസം തന്നെ അദ്ദേഹവും സുഹൃത്തായ ശ്യാമും ഗുരുവായൂരിലേക്ക് ബസ് കയറി. രണ്ടു മണിക്കൂറോളം ഉള്ള യാത്രയിൽ ഒരു ഇളം കാറ്റ് യദുവിനെ തഴുകിയപ്പോൾ അദ്ദേഹം ഒന്ന് മയങ്ങിപ്പോയി. ആ മയക്കത്തിൽ മനോഹരമായ ഒരു സ്വപ്നം യദുവിനെ മറ്റൊരു ലോകത്തെത്തിച്ചു

വലതുകയ്യിൽ വെണ്ണയും ഇടതുകൈയ്യിൽ ഓടക്കുഴലും പിടിച്ച് നിൽക്കുന്ന ഒരു ഉണ്ണിക്കണ്ണൻ. കണ്ണന്റെ ചുണ്ടിൽ ഒരു ചെറു പുഞ്ചിരി. സ്വപ്നം മുറിഞ്ഞു. ഉണർന്നു നോക്കുമ്പോൾ ബസ്സ് ഗുരുവായൂർ സ്റ്റാൻഡിലേക്ക് തിരിയുന്നു.

യദുനന്ദനും ശ്യാമും ബസ്സിറങ്ങി ഗുരുവായൂരമ്പലം ലക്ഷ്യമാക്കി നടന്നു നീങ്ങി. മഞ്ജുളാലും കടന്ന് അവർ ഗുരുവായൂർ കിഴക്കേ നടയിൽ എത്തിച്ചേർന്നു. ഭഗവാനെ പുറത്തുനിന്ന് തൊഴുതു. നല്ല തിരക്കായിരുന്നു അന്ന് കണ്ണനെ കാണാൻ സാധിക്കുമോ എന്ന് തന്നെ സംശയം. അങ്ങനെ അവർ എട്ടരമണിയോടെ വരിയിൽ കയറിപ്പറ്റി. ഉച്ചപൂജ തൊഴാൻ ഭാഗ്യം ലഭിച്ചു. യദു സ്വപ്നത്തിൽ കണ്ട രൂപം തന്നെയായിരുന്നു ശ്രീലകത്ത്. കളഭാലങ്കാരത്തിൽ പുഞ്ചിരിക്കുന്ന ഭഗവാനെ സന്തോഷത്തോടെ കൺകുളിർക്കെ കണ്ട് രണ്ടുപേരും തൊഴുതു മടങ്ങി.

അതിനുശേഷം ഭഗവാന്റെ ഉത്സവക്കഞ്ഞി കുടിക്കാൻ ക്യൂ. കുറച്ചുനേരം നിന്നപ്പോൾ വരി നീങ്ങി. കഞ്ഞി വിളമ്പുന്ന സ്ഥലത്തെത്താറായപ്പോൾ പെട്ടെന്ന്. ഒരശരീരി പോലെ സെക്യൂരിറ്റിമാരും ജി.ഡി.ക്കാരും ഒരറിയിപ്പ് നടത്തി. ''ഭഗവാന്റെ കഞ്ഞി കഴിഞ്ഞിരിക്കുന്ന വിവരം എല്ലാ ഭക്തജനങ്ങളേയും അറിയിച്ചുകൊള്ളുന്നു. നാളെ രാവിലെ ഒമ്പത് മണിയോടെ കഞ്ഞി വിതരണം വീണ്ടും ആരംഭിക്കും.'' യദുവും ശ്യാമും അത്യധികം നിരാശയോടെ വരിയിൽ നിന്ന് പുറത്ത് കടന്നു. അനവധി ഭക്തന്മാർ ജിഡിക്കാരുമായി കഞ്ഞിയ്ക്കുവേണ്ടി തർക്കിച്ചെങ്കിലും ഫലമുണ്ടായില്ല.

ശ്യാം യദുനന്ദനെ സമാധാനിപ്പിച്ചു. ''യദൂ, നമുക്ക് അടുത്ത ദിവസം വീണ്ടും വരാം.'' ''സാധിക്കില്ല ശ്യാം, ഇനി വരുന്ന ദിവസങ്ങൾ ഞാൻ വളരെയധികം തിരക്കിലാണ്, ഒന്ന് അനങ്ങാൻപോലും സാധിച്ചെന്നു വരില്ല.'' യദു, സങ്കടത്തോടെ പറഞ്ഞു. ''ഇനിയെന്തായാലും ഇവിടെ നിന്നിട്ട് കാര്യമില്ല, ഭഗവാനെ കണ്ടുതൊഴുവാൻ സാധിച്ചല്ലൊ, അതുമതി. നമുക്ക് വീട്ടിലേക്ക് മടങ്ങാം,'' യദു പറഞ്ഞു. ഭഗവാനെ പുറത്തുനിന്നും തൊഴുത് ശ്യാമും യദുവും അങ്ങനെ ബസ്സ്റ്റാൻഡിലേക്ക് പോകാൻ തീരുമാനിച്ചു.

അവർ നടപ്പുരയിലൂടെ പോകുമ്പോൾ ആറേഴ് വയസ്സ് പ്രായം തോന്നിക്കുന്ന ഒരു ബാലൻ. ആ കുട്ടി ഉച്ചത്തിൽ കരയുന്നുണ്ടായിരുന്നു. യദുനന്ദൻ ചുറ്റും നോക്കിയപ്പോൾ അവിടെ കുട്ടിയുടെ കൂടെ ആരേയും കണ്ടില്ല. എന്തിനാണ് കരയുന്നതെന്ന് ചോദിച്ചപ്പോൾ, വിശക്കുന്നു എന്ന് കുട്ടി സങ്കടത്തോടെ പറഞ്ഞു.

ശ്യാമും യദുവും ഉടനെ തന്നെ അടുത്തുള്ള ഒരു ഹോട്ടലിൽ ചെന്ന് ഒരു ഗ്ലാസ് പാല് വാങ്ങി. കുട്ടിയെ ഹോട്ടലിലേക്കു കൂട്ടിക്കൊണ്ടുവന്ന് പാല് ചൂടാറ്റി കുടിപ്പിച്ചു. പിന്നീട് ഒരു വടയും ആ മിടുക്കനെ വാത്സല്യപൂർവ്വം കഴിപ്പിച്ചു. യദുവിനും ശ്യാമിനും നല്ല വിശപ്പുണ്ടായിരുന്നു. എങ്കിലും അവർ ക്കൊന്നും കഴിക്കാൻ മനസ്സുവന്നില്ല. വിശപ്പുമാറി സംതൃപ്തനായ ആ കൊച്ചു ബാലനേയുംകൂട്ടി യദുവും ശ്യാമും ഗുരുവായൂർ കിഴക്കേ ഗോപുരത്തിന് സമീപത്തേക്ക് നടന്നു. കാണാതായ ആളുകളുടെ പേര് വിളിച്ച് പറയുന്ന അധികൃതരുടെ അടുത്ത് ചെന്ന് യദുനന്ദൻ കുട്ടിയുടെ കാര്യം പറഞ്ഞു. ഉടൻ തന്നെ അധികൃതർ കുട്ടിയുടെ പേര് ഉച്ചഭാഷിണിയിലൂടെ വിളിച്ച് പറഞ്ഞു. കൃഷ്ണാ ഗുരുവായൂരപ്പാ... ആ അറിയിപ്പ് ഗുരുവായൂരപ്പന്റെ തിരുനടയിൽ ഒട്ടാകെ മുഴങ്ങി. അൽപനേരത്തിനുള്ളിൽ കുട്ടിയുടെ മാതാപിതാക്കളും മുത്തശ്ശിയും കിഴക്കേ ഗോപുരത്തിനു സമീപം എത്തിച്ചേർന്നു.

ആ ബാലൻ വേഗം അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു. ആ കുടുംബം യദുവിനോടും ശ്യാമിനോടും തങ്ങളുടെ നന്ദിയും സന്തോഷവും വാക്കുകളിലൂടെ പ്രകടിപ്പിച്ചു. സന്തോഷവാന്മാരായ യദുവും ശ്യാമും പോകാനൊരുങ്ങി. ''നിൽക്കൂ മക്കളെ'' കുട്ടിയുടെ മുത്തശ്ശി അവരെ വിളിച്ചു. ''എന്താ അമ്മേ'' യദു ചോദിച്ചു.

''ഇന്ന് കണ്ണന്റെ കഞ്ഞികുടിക്കുമ്പോൾ അതിൽ നിന്ന് കുറച്ച് കഞ്ഞിയും ശക്കരകഷ്ണങ്ങളും മറ്റും ഈ പാത്രത്തിലേക്ക് ഞാൻ ആക്കിയിരുന്നു. ഞങ്ങളെല്ലാവരും കഞ്ഞി നന്നായി ആസ്വദിച്ച് കുടിച്ചിട്ടുണ്ട്. എന്താ, നിങ്ങൾക്ക് കുറച്ച് കുടിക്കാൻ വേണോ?'' മുത്തശ്ശിയുടെ ചോദ്യം കേട്ട് യദുവിന്റെ കണ്ണിൽ നിന്ന് ആനന്ദക്കണ്ണീർ ധാരധാരയായി ഒഴുകി. അവൻ ഒരു നിമിഷം സച്ചിദാനന്ദ സ്വരൂപനായ ഉണ്ണിക്കണ്ണനെ മനസാ സ്മരിച്ചു. യദുവും ശ്യാമും മുത്തശ്ശിയുടെ പക്കൽനിന്നും കഞ്ഞിയും, ശർക്കരപ്പൊടിയും, തേങ്ങാപ്പൂളും വാങ്ങിക്കഴിച്ചു. മുത്തശ്ശി നൽകിയ ഒരു കൊച്ചു കോപ്പയിലാണ് യദുവും ശ്യാമും കഞ്ഞി കുടിച്ചത്. അതിനുശേഷം യദുവും ശ്യാമും മുത്തശ്ശിയോട് തങ്ങൾക്ക് ഇന്ന് കഞ്ഞി കിട്ടാതായതിനെക്കുറിച്ച് വിസ്തരിച്ച് പറഞ്ഞു. ''എന്തായാലും ഇന്ന് കണ്ണന്റെ കഞ്ഞികുടിക്കാൻ സാധിക്കാതിരുന്ന നിങ്ങൾക്ക് കഞ്ഞി തരാൻ എനിക്കായല്ലോ, സന്തോഷം'' മുത്തശ്ശി മറുപടി പറഞ്ഞു.

അൽപസമയത്തിനുള്ളിൽ ആ കുടുംബം അവിടെ നിന്നും മടങ്ങി. രണ്ട് സുഹൃത്തുക്കളും അമ്പലത്തിൽ നിന്ന് ബസ്സ്റ്റാൻഡിലേയ്ക്കു തിരികെ നടന്നു. പോകുന്ന വഴിയ്ക്ക് യദുനന്ദൻ അമ്പലത്തിന്റെ വശത്തേയ്ക്കൊന്ന് തിരിഞ്ഞ് ഗുരുവായൂരപ്പനെ തൊഴുതു. ഒന്നും പറയാനില്ല, താൻ മനസ്സിൽ ഇന്ന് കഞ്ഞി കുടിക്കാൻ ആഗ്രഹിച്ചു. ഭഗവാനത് സാധിപ്പിച്ചു തന്നു. അധികം വൈകാതെ അവർ രണ്ടുപേരും മടക്കമായി ബസ്സിൽ തിരികെ യാത്രചെയ്യുമ്പോൾ യദുനന്ദന്റെ മനസ്സ് മന്ത്രിച്ചു; ''ശരിക്കും, ഒരു കരുണാസമുദ്രം തന്നെ എന്റെ കണ്ണൻ.''



**ഹരികൃഷ്ണൻ സി.എസ്.**
ശ്രീപദം, അശോകപുരം, കോഴിക്കോട്-1
മൊബൈൽ: 9446258987

# 'പ്രശാന്തി'യിലേക്കൊരു യാത്ര

എനിക്ക് എത്ര പോയാലും മതിയാകാത്ത ഒരിടമാണ് ആന്ധ്രപ്രദേശിലെ അനന്തപൂർ ജില്ലയിലെ പുട്ടപർത്തി എന്ന ഗ്രാമവും അവിടത്തെ ഭഗവാൻ ശ്രീ സത്യസായി ബാബയുടെ പ്രശാന്തി നിലയവും അനുബന്ധ സ്ഥലങ്ങളും.എത്ര പറഞ്ഞാലും എത്ര എഴുതിയാലും എന്തു പറഞ്ഞാലും അവിടം ഒരു സ്വർഗ്ഗമാണ്, മറക്കാൻ പറ്റാത്ത ഒരിടം.ഞാൻ ആദ്യമായി അഞ്ചു വയസ്സുള്ളപ്പോൾ ആണ് അവിടെ പോയത്.എന്നാൽ എൻറെ അമ്മാത്തെ മുത്തശ്ശനും മുത്തശ്ശിയും 1993 മുതൽ അവിടെ സ്ഥിരമായി വർഷത്തിലൊരിക്കൽ പോകാറുണ്ടായിരുന്നു.എൻറെ മുത്തശ്ശിക്ക് ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ആതുരസേവാ കേന്ദ്രമായ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വച്ച് 1998 ൽ ഹൃദയത്തിന് വാൽവ് മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. എല്ലാവർഷവും അവിടെ ചെക്കപ്പിനായി മുത്തശ്ശനും മുത്തശ്ശിയും പോകുമ്പോൾ പലരെയും കൊണ്ടുപോകാറുണ്ട് അങ്ങനെയാണ് ഞാനും ആ ദിവ്യ സങ്കേതം കാണാനിടയായത്. മുത്തശ്ശിയ്ക്ക് സായിബാബയുടെ പാദം തൊട്ട് തൊഴുത് നമസ്ക്കരിക്കാൻ ഉള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. ബാബയുടെ കൈസ്പർശനം ഏറ്റ ഒരു ഫോട്ടോ ഇന്നും അമ്മാത്ത് മുത്തശ്ശൻ ചില്ലിട്ട് സൂക്ഷിച്ചിട്ടുണ്ട്. കോഴിക്കോട് നിന്ന് ട്രെയിനിൽ യശ്വന്തപുരം റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി അവിടെനിന്നും പ്രാഥമിക ആവശ്യങ്ങൾ കഴിഞ്ഞതിനുശേഷം പുട്ടപർത്തിയിലേക്കുള്ള ബസ്സിൽ ആണ് പിന്നീട് യാത്ര ഉണ്ടായത്.യാത്രാ മധ്യേ ധാരാളം കാഴ്ചകൾ കണ്ടു.ധാരാളം പൂന്തോട്ടങ്ങൾ, പൂപ്പാടങ്ങൾ,കാറ്റാടികൾ,വിമാനം ,ഹെലികോപ്റ്ററുകൾ എന്നിവ ഇറങ്ങുന്നതിനുള്ള സ്ഥലങ്ങൾ ഇവയും കണ്ടു.സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ മുമ്പിലൂടെ ആണ് ബസുകൾ പോവുക.ഏകദേശം നാലു മണിക്കൂറോളം വേണ്ടിവന്നു പുട്ടപ്പർത്തി പ്രശാന്തി നിലയം ബസ് സ്റ്റാൻഡിൽ എത്താൻ. തൊട്ടടുത്തുതന്നെ ധാരാളം ലോഡ്ജുകൾ ഉണ്ട്.അവിടെ ഞങ്ങളും റൂം എടുത്തു.എന്നാൽ പ്രശാന്തി നിലയത്തിലെ സേവനത്തിന് വരുന്നവർക്ക് താമസിക്കാനായി കുറഞ്ഞ ചിലവിൽ പ്രശാന്തിനിലയത്തിനുള്ളിൽ തന്നെ ഡോർമെറ്ററികളും റൂമുകളും ഉണ്ട്.ഞങ്ങൾ കുളിച്ചു ഫ്രഷായി വൈകുന്നേരത്തെ ഭജനയ്ക്കായി പ്രശാന്തി നിലയം കുൽവന്ത് ഹാളിൽ പോകാൻ ഇറങ്ങി .പ്രശാന്തി നിലയം ഗെയ്റ്റിന് ഇരുവശവും ധാരാളം വിവിധതരം പഴങ്ങളും, മുല്ലപ്പൂവ് ,കനകാംബരം, ചെട്ടി ,ജമന്തി ഇവയുടെ മാലകളും വിവിധതരം റോസാപ്പൂക്കളും നാളികേരവും എല്ലാം ക്ഷേത്രകോവിലിനു മുന്നിൽ സമർപ്പിക്കാൻ ആയി വിൽക്കുന്നവരുടെ നല്ല തിരക്ക് കണ്ടു.ഗേറ്റ് കടന്നാൽ ഉടനെ വലിയൊരു ആലിന് ചുറ്റും നാഗ പ്രതിഷ്ഠയും തൊട്ടുമുന്നിലായി വിഘ്നേശ്വരനായ ഗണപതിയെയും കണ്ടു .എന്നാൽ കൗതുകം ഉണർത്തുന്ന നമ്മുടെ കപിശ്രേഷ്ഠന്മാർ ധാരാളമായി അവിടെ തലങ്ങും വിലങ്ങും വിലസുന്നത് കണ്ട് ഞങ്ങൾ നോക്കി നിന്നു. ശ്രീകോവിലിനു മുൻപിൽ സമർപ്പിക്കാൻ ഭക്തർ കൊണ്ടുവരുന്ന പഴങ്ങളും മറ്റും അവിടെ വെക്കുന്നതിനു മുമ്പേ തന്നെ എന്നപോലെ വാനരന്മാർ എടുത്ത് ഓടി ചാടി മറയുന്നത് കാണാം.ഗണേശന് മുന്നിലൂടെ പോയി ശ്രീ സുബ്രഹ്മണ്യസ്വാമിയെയും തൊഴുത് നേരെ കുൽവന്ത് ഹാളിൽ ഭജന ക്കായി പോയി. അവിടെ പുരുഷന്മാർക്ക് ഒരു ഭാഗവും സ്ത്രീകൾക്ക് മറ്റൊരു ഭാഗവും ആണ്. ആ ഒരു സ്ത്രീ -പുരുഷ വ്യത്യാസം മാത്രമേ അവിടങ്ങളിൽ ഉള്ളൂ.വളരെ ശാന്ത സുന്ദരമായ അന്തരീക്ഷം. ഹാളിനുള്ളിലെ പ്രത്യേക തരം ലൈറ്റുകളും വലിയ തൂണുകളും കൗതുകമുണർത്തി.ഭജനയിൽ ആസ്വദിച്ച് ലയിച്ച് മതിമറന്ന് ഒരു മണിക്കൂർ നേരം.ചില ഭജനകൾ ഇന്നും കാതുകളിൽ മുഴങ്ങുന്നു.പ്രേമമുദിത മനസേ കഹോ രാമ രാമ രാം.. , സുന്ദരവദനാ.. സരസിജനായനാ പർത്തി പുരീ ഭഗവാൻ... അവസാനം മംഗളാരതിയോട് കൂടി ഭജന സമർപ്പിച്ച് ഭഗവാൻ ശ്രീ സത്യസായി ബാബയുടെ സമാധി മണ്ഡപത്തിൽ പുക്കളർപ്പിച്ച് തൊഴുതു നമസ്കരിച്ച് തിരിച്ച് ഹാളിന് പുറത്തേക്ക്.വളരെ മിതമായ നിരക്കിൽ അവിടെ കാൻറീനിൽ നിന്ന് ഭക്ഷണം ലഭിക്കും.അവിടത്തെ തൈര്സാദത്തിന്റെ രുചി ഇന്നും നാവിൻ തുമ്പിൽ ഉണ്ട്.പിന്നെ ഞങ്ങൾ പൂർണ്ണചന്ദ്ര ഓഡിറ്റോറിയം കണ്ടു. ആ ഹാളിന് അകത്ത് ഒരു തൂണുപോലും ഇല്യാത്തതാണത്രേ ആ ഹാളിന്റെ പ്രത്യേകത. പിന്നെ ഞങ്ങൾ ആലിൻചുവട്ടിലെ കാറ്റേറ്റ് അൽപ്പനേരം അവിടെ ചിലവഴിച്ചു. പിന്നെ റൂമിലേക്ക്.പിറ്റേ ദിവസം രാവിലെ ഞങ്ങൾ പ്രാഥമികാവശ്യങ്ങൾക്ക് ശേഷം വീണ്ടും ഭജനക്ക്പോയി.അവിടെ തന്നെ ഗായത്രി മാതാ ക്ഷേത്രവും സന്ദർശിച്ചു. രാവിലത്തെ ചായ കാന്റീനിൽ നിന്ന് കഴിച്ച് സ്റ്റോറിലേക്ക് പോകാൻ ഇറങ്ങി. പോകും വഴി ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ലിവിംങ് റൂം ഏരിയയും കണ്ടു. പിന്നെ ഒരു ഗണപതി ക്ഷേത്രവും സന്ദർശിച്ചു.സ്റ്റോറിൽ ചില ദിവസങ്ങളിൽ സ്ത്രീകൾക്ക് മാത്രവും ചില ദിവസങ്ങളിൽ പുരുഷന്മാർക്ക് മാത്രവും ആണ് പ്രവേശനം .അതായത് പുരുഷനും സ്ത്രീക്കും ഒരുമിച്ച് സ്റ്റോറിൽ പോകാൻ കഴിയില്ല എന്നർത്ഥം .സ്റ്റോറിൽഎല്ലാവിധ സാധനങ്ങളും ലഭിക്കും .എനിക്ക് എന്തു വാങ്ങണം ഏതു വാങ്ങണം എന്ന സംശയം കാരണം കുറെ നേരം നടന്നു.എല്ലാം വളരെ മിതമായ നിരക്കിൽ മാത്രം.ഉച്ചയ്ക്ക് ഞങ്ങൾ ക്യാന്റീനിൽ നിന്ന് ഭക്ഷണം കഴിച്ചു.സാമ്പാറും രസവും മോരും ഉപ്പേരിയും അച്ചാറും ചമ്മന്തിയും എല്ലാം ഒന്നിനൊന്ന് ഗംഭീരം തന്നെ.ഊണ് കഴിഞ്ഞ് ഞങ്ങൾ അവിടെയുള്ള മ്യൂസിയം കാണാൻ പോയി.മ്യൂസിയത്തിൽ ബാബയുടെ ചെറുപ്പകാലം മുതലുള്ള എല്ലാ കാര്യവും വളരെ വിശദമായി തന്നെ കണ്ടു.മ്യൂസിക് കോളേജും അതിനടുത്തായി ബാബയുടെ ആനയെയും കണ്ടു.അവിടെയുള്ള ഇൻറർനാഷണൽ സ്പോർട്സ് ഇൻഡോർ സ്റ്റേഡിയവും സന്ദർശിച്ചു.സ്റ്റേഡിയത്തിന്റെ ഭാഗങ്ങളിലായി ശ്രീകൃഷ്ണൻ , ബുദ്ധൻ, യേശുക്രിസ്തു, ഹനുമാൻ, മഹാദേവൻ തുടങ്ങിയവരുടെ വലിയ പ്രതിമകൾ കാണാം.തിരികെ റൂമിൽ വന്നു ഫ്രഷായി ഞങ്ങൾ ഭജനക്കു പോയി.പകൽ മുഴുവൻ യാത്രയിൽ ആയതിനാൽ അത്താഴം കാന്റീനിൽ നിന്ന് കഴിച്ച് റൂമിലെത്തി കിടന്നു.പിറ്റേ ദിവസവും പതിവുപോലെ ഭജനയ്ക്ക് പങ്കെടുത്ത് കാന്റീനിൽ നിന്ന് പ്രാതൽ കഴിച്ചു.പിന്നെ ഞങ്ങൾ ചൈതന്യ ജ്യോതി മ്യൂസിയം കാണാൻ പോയി.അവിടെ ബാബയുടെ പല പല പ്രവർത്തികളുടെ വീഡിയോ ചിത്രങ്ങൾ ഇവ കണ്ടു.പിന്നെ സത്യസായി സ്പേസ് തീയേറ്റർ പ്ലാനറ്റോറിയവും സന്ദർശിച്ചു.അവിടെ കയറി ചെല്ലുമ്പോൾ ഇരുവശങ്ങളിലും ഉള്ള വർണ്ണ മത്സ്യങ്ങൾ കണ്ണിനും മനസിനും ആനന്ദം നൽകുന്നതായിരുന്നു.തിരിച്ച് കാന്റീനിൽ വന്ന് ഊണ് കഴിച്ച് റൂമിലെത്തി വിശ്രമിച്ചു.വൈകുന്നേരം ഞങ്ങൾ ചിത്രാവതി നദിയും കൽപ്പവൃക്ഷവും കാണാനായി പോയി. അവിടെ ഉള്ള ഗോശാലയും കൃഷ്ണനെയും കണ്ടു.നേരം വൈകിയതിനാൽ അന്ന് ഭജനയിൽ പങ്കെടുക്കാൻ സാധിച്ചില്ല. അവിടെയുള്ള പല കടകളും വിവിധതരം നാടൻകടകളും കണ്ട് ആ നിരത്തിലൂടെ നടന്നു.രാത്രിയിലെ കാന്റീനിലെ അത്താഴവും കഴിച്ച് മുറിയിലേക്ക്.പിറ്റേദിവസം പതിവുപോലെ തന്നെ എല്ലാംഎന്നാൽ രാവിലെ പ്രാതൽ പുറമേ ഹോട്ടലിൽ നിന്ന് കഴിച്ചു വിലയുടെ തള്ളിക്കയറ്റത്തെ കുറിച്ച് എല്ലാവരും പറയുന്നത് കേട്ടു.മുത്തശ്ശനും മുത്തശ്ശിയും ചെക്കപ്പിനായി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലേക്ക് കയറി ഞങ്ങൾ അവിടെ പുറമേ എല്ലാം നടന്ന് കണ്ടു. ആശുപത്രി

യിലെ ക്യാന്റീനിൽ നിന്ന് ഭക്ഷണവും കഴിച്ചു.തിരികെ റൂമിലേക്ക്.സാധനങ്ങൾ എല്ലാം പാക്ക് ചെയ്തു. പ്രശാന്തി നിലയം ബസ്റ്റാൻഡിൽ നിന്നും ബാംഗ്ലൂർ ബസിൽ കയറി.പ്രശാന്തി നിലയം ഗണേഷ് ഗേറ്റ് കടക്കുമ്പോൾ ഇനിയെന്നാണ് ഇവിടത്തെ ഈ ശാന്തമായ രീതിയും വശ്യമായ കാതിനും കണ്ണിനും മനസ്സിനും കുളിർമ്മയേകുന്ന ഭജനയും മറ്റും ആസ്വദിക്കാൻ കഴിയുക എന്നോർത്തു പോയി. 4 മണിക്കൂറിന് ശേഷം മെജസ്റ്റിക്ക് ബസ്സ്റ്റാൻറിൽ നിന്നും രാത്രി ബസ്സിന് നാട്ടിലേക്ക് തിരിച്ചു. പിറ്റേന്ന് രാവിലെ കുന്ദമംഗലത്ത് ഇറങ്ങി അമ്മാത്തേക്ക് ഓട്ടോയിൽ എത്തി അകത്ത് കടക്കുമ്പോൾ ആദ്യം കാണുന്ന സായി ബാബയുടെ ആ വലിയ ചിത്രത്തിനു മുന്നിൽ തൊഴുത് നിന്ന് പോയി. ആ കൂപ്പുകൈയിൽ എല്ലാം അടങ്ങുന്നു.വർഷങ്ങൾക്കു ശേഷം കൊറോണ എന്ന മഹാമാരിയ്ക്ക് ശേഷം ഈ വർഷം ഞങ്ങൾ പുട്ടപ്പർത്തി യാത്രയ്ക്കായി ഒരുങ്ങുന്നു.

ഓം ശ്രീ സായിരാം

**അമേയ മുല്ലപ്പള്ളി**
മുല്ലപ്പള്ളി ഇല്ലം,
വെള്ളലശ്ശേരി.പി. ഒ
കോഴിക്കോട് 673601
മൊ: 9946820866,
6282563672



അച്ഛൻ :വിനേഷ് വിഷ്ണു നമ്പൂതിരി (വിനു മുല്ലപ്പള്ളി ), അമ്മ :ശ്രീജ, കണ്ണിപറമ്പ് ഉപസഭ, Std.8 ജി.എച്ച്.എസ്.എസ് നായർകുഴി .കോഴിക്കോട്

# Hooked on the Scroll - A Teen's View

Social media is something that eventually touches nearly every teenager's life. Instagram scrolls and TikTok trends - social media has become the virtual playground of this century. But what's it really doing to us? Let's look at the pros and cons.

To get started with the numbers - on an average a teenager spends three hours a day (if not more) on social media? Platforms like Snapchat, TikTok, and Instagram are not mere apps. - they have become ecosystems of identity, community and even culture. From selfies and posts - it is social media that shapes the way teens think, communicate with each other, perceive the world around them, and even build their emotions, confidence, and self-esteem. It is a great tool for self-expression, and is like a digital diary for a teen. And suddenly teen's entire life starts revolving around it.

Giving credit where it's due. Social media has done many good. It gives young people a voice, or a platform to be heard, and sometimes even a chance to turn passion into career. It gives an instant break to showcase talent to the world which may have taken ages to surface through conventional route. For instance, many teenagers are creatively using platforms like YouTube or Instagram to showcase art, dances, or for games to vent out the talent within them. Positively, it helps to create connections across borders, build online communities, and can even raise awareness for social causes like climate change, mental health and social justice. So, social media is a powerful tool that can form a better society if used in a good way.

But social media also has a dark side, much more relevant for young teens. Scrolling through reels of others can make the person feel anxious and not good enough. Then there is constant pressure to be perfect, or be popular, or go viral, which can seriously impact mental state, leading to anxiety, depression, and lower self-esteem. More serious is the addiction factor. With just five more minutes and suddenly hours have gone - It's not by accident; actually, these platforms are designed to keep one scrolling. We get hooked by likes, comments, and those instant, cheap dopamine hits. I have heard a lot of my friends saying that they love posting on Insta, but sometimes they don't feel cool enough and are just fed up. It seems that it messes with their heads. They tell me that things could be different if people could just stop caring about likes and comments - that feeling is much more common than we think. The time a child can use productively constructing something new is wastefully spent. And it's time we stop this trend and start talking about it.

So, the takeaway is, social media can be a great boon to boost creativity and make connections. It should be used correctly and in a balanced manner. On the flip side, we must also recognize its potential harms. Like any powerful weapon, it requires a balanced approach, awareness, and setting definite boundaries. If you're a teen reading this, remember, you are much more than your online profile, and if you're a parent or teacher, be aware that the digital world is entirely different from what you grew up with. Stay curious and updated, but above all, take care of your mind.

**Akshay Ranjith**
Class XI
S/o Ranjith N.M. &
Smruthi Vasudevan
Kerala School
Vikaspuri, Delhi
Ph : 6006165965







**സാരൂപ്. ടി എസ്**
ക്ലാസ്സ് 2,
സരസ്വതി വിദ്യാനികേതൻ,
വെള്ളിനേഴി, പാലക്കാട്.
മൊബൈൽ:+91 99956 55901
S/o ശങ്കരനാരായണൻ, തേലക്കാട് മന, വെള്ളിനേഴി പി.ഒ.,
പാലക്കാട്-679504, മൊ. 9995655901

# അണയുന്ന സ്വപ്നങ്ങൾ

'നാളെയാ അമ്മാവാ എന്റെ നീറ്റ് എക്സാം.'

'ഹാ നന്നായി എഴുതിവാ മോളെ.നാളെ ഞങ്ങൾക്കൊരു അസുഖം വന്നാൽ നീവേണം ഡോക്ടറായി ഞങ്ങളെ പരിചരിക്കാൻ.എന്തായാലും ഓൾ തെ ബെസ്റ്.'

'ആ.. താങ്ക്യൂ അമ്മാവാ. എന്നാ ശെരി ഞാൻ നാളെ എക്സാം എഴുതിയിട്ട് വിളിക്കാം'.

ഇത്രയും പറഞ്ഞ് അവൾ കോൾ കട്ട് ചെയ്തു.

അവൾ വേഗം നാളെ എക്സാമിന് കൊണ്ട് പോവാനുള്ള ബാഗ് പാക്ക് ചെയ്തു.തന്റെ കുഞ്ഞുനാള് മുതലുള്ള ഡോക്ടർ എന്നുള്ള സ്വപ്നത്തിന്റെ കവാടമാണ് നാളത്തെ എക്സാം.

അവൾ പ്രാർത്ഥിച്ച് പ്രതീക്ഷയോടെ തലചാ യ്ച്ചു.

പക്ഷേ ആ രാത്രി, ആ ഭയം നിറഞ്ഞ ഒറ്റ രാത്രി കൊണ്ടാണ് അവളെ പോലുള്ളവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും ഒറ്റയടിക്ക് ചോർന്നുപോയത്.

തന്റെ അച്ഛനും ,അമ്മയും ,

ചേച്ചിയും തന്നെ വിട്ട് മണ്ണിനടിയിൽ അലിഞ്ഞുചേർന്നു.

ആ രാത്രിയെ കുറിച്ച് ഓർക്കുമ്പോൾ ഇപ്പോഴും അവൾക്ക് ഭയമാണ്.ഒരേയൊരു നിമിഷം കൊണ്ടാണ്

ഉരുൾ ആ കൊച്ചു ഗ്രാമത്തെ തേടിയെത്തിയത്.

മനുഷ്യരുടെയും , മൃഗങ്ങളുടെയും നിലവിളി ഇപ്പോഴും അവളുടെ കാതുകളിൽ മുഴങ്ങുന്നുണ്ട്. ഒരു നാടിന്റെ 'നാളെ ' എന്ന പ്രതീക്ഷയാണ് ആ രാത്രി തല്ലിക്കെടുത്തിയത്.

ജനക്കൂട്ടങ്ങളിൽനിന്ന് അവൾ തന്റെ വീടുണ്ടായിരുന്ന സ്ഥലം ഊഹിച്ചെടുത്തു. ആ ഗ്രാമം ആകെ മാറിയിരിക്കുന്നു.മണ്ണിൽനിന്ന് തന്റെ കുടുംബഫോട്ടോയും അവളുടെ സ്വപ്നത്തിന് വേണ്ടിയുള്ള സർട്ടിഫിക്കറ്റുകൾ ഉണ്ടായിരുന്ന മുഴുവൻ കുതിർന്ന ഫയലും നോക്കി അവൾക്ക് പൊട്ടിക്കരയാനല്ലാതെ മറ്റൊന്നിനും അവൾക്ക് കഴിഞ്ഞില്ല .

താൻ പതറാതെ മുന്നേറിയ തീരൂ എന്നവൾക്ക് തോന്നി. ഫോട്ടോയും സർട്ടിഫിക്കറ്റും ഒരു കവറിലിട്ട് അവൾ ആ കവർ മാറോട് ചേർത്ത് പിടിച്ച് അവൾ തന്റെ ഗ്രാമം ഉപേക്ഷിച്ചു പോയി .അവൾ ഒരേയൊരു പ്രാവിശ്യം കൂടി തന്റെ ഗ്രാമത്തിലേക്ക് തിരിഞ്ഞു നോക്കി,ഇറ്റു വീഴുന്ന നിറകണ്ണുകളുമായി.




**സോന ഗൗരി**

D/o പരമേശ്വരൻ നമ്പൂതിരി. കെ & ജ്യോതിശ്രീ. പി

മഴൂർ മന, പുന്നപ്പാല, വണ്ടൂർ, മലപ്പുറം ജില്ല

ഫോൺ: 9645591448







**Rishikesh.. KM**

Std. 7, GHSS Thiruvali

S/o Manoj kumar KM &

Pavithra vishnu N

Karuthedath Illam, Parisram (H)

Punnapala (po) Wandoor

Ph.. 9497547879





*കിക്ബോക്സിംഗിൽ 60 കി.ഗ്രാം വിഭാഗത്തിൽ നാഷനൽ ചാമ്പ്യൻ പാലാഞ്ചേരി മഹേശ്വരൻ. കോഴിക്കോട് ഒല്ലൂർ ശിവക്ഷേത്രം മേൽശാന്തി ജനാർദ്ദനൻ നമ്പൂതിരിയുടെ മകൻ*




# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O.
Perumbavoor, Pin : 683556, Phone : 0484 2657338
www.sreesankaratrust.org
manager.ssv@gmail.com

## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O., Perumbavoor Pin : 683556. Phone : 0484 2656938
(Affiliated to M.G. University) (NAAC Accredited at the "A++" Level)
www.ssvcollege.ac.in ssvidyapeetom@gmail.com

**U G COURSES**

B.A. History, B.A. Economics, B.A. English, B.A. Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry
B.Sc. Computer Science
B.Com Taxation, B.Com Computer Application
B.Voc. Tourism and Hospitality Management

**P G COURSES**

M.A. History
M.Com Finance, M.Com International Business
M.Sc. Chemistry

**HOSTEL FACILITY FOR WOMEN**

## V.T. BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O., Palakkad Dt., Pin - 679517. Phone : 0466 - 2268927
(Affiliated to University of Calicut) (NAAC Accredited at the "B+" Level)
principalvtb@gmail.com

**U G COURSES**

B.A. Sanskrit, B.A. History,
B.A. Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A

**P G COURSES**

M.Sc. Computer Science
M.Com
M.Sc. Mathematics with Data Science

## SREE SANKARA COLLEGE

Nagaroor P.O., Kilimanoor, Pin - 695601, Phone : 0470-2678898
(Affiliated to University of Kerala). sscollegenagaroor@gmail.com

**COURSES** B.Sc. Physics, B.A. Economics, B.Com Taxation

## SREE SANKARA VIDYAPEETOM COLLEGE

Nagaroor P.O., Kilimanoor. Pin : 695601, Phone 0470-2677241, 2678899
(Affiliated to University of Kerala) ssvcn@md3.vsnl.net.in

**U G COURSES**

B.B.A., B.A. English
B.Com Computer Application, B.Com Co-operation
B.Sc. Computer Science, B.Sc. Psychology

**P G COURSES**

M.Com Finance
M.Sc. Computer Science
M.A. English

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O., Kilimanoor, Thiruvananthapuram, Pin - 695601
Phone : 0470 - 2678610 ssvpems@gmail.com
**LKG to 12 (CBSE)**

**Temples Managed by Sree Sankara Trust**

Raloor Kavu Devi Temple, Nagaroor
Thekkinkadu Shiva Temple, Nagaroor
Vishnu Temple, Nagaroor

*"Thamaso Ma Jothir Gamaya"*

# ഒരു പൂജാരിയുടെ മനസ്സ്

"കഷ്ടിച്ചഹസ്സു പകർന്ന വാറേ/
ഉഷ്ണിച്ചതുമിതും ജോലികൾ ചെയ്കയാൽ
ആകെശ്ശവി കെട്ടിരുന്നു ഞാനെ/
ന്നാ'ളുകൾക്കുത്സവമുത്സവമല്ലയോ
എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ /
എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ...'
(പണ്ടത്തെ മേശാന്തി
by അക്കിത്തം, അച്യുതൻ നമ്പൂതിരി)



ഭസ്മക്കുറിയുടെ നടുവിൽ ചന്ദനവും നറുകുങ്കുമവും... വിസ്മയഭഗവാന്റെ മുമ്പിൽ പുഞ്ചിരിവദനവുമായി നിൽക്കുന്ന ഒരാൾ.
ഭക്തർ ക്ഷേത്രത്തിലേക്ക് വരുമ്പോൾ വിളക്ക് തെളിഞ്ഞിരിക്കും.
ശ്രീകോവിലിൽ ചന്ദനത്തിന്റെ സുഗന്ധം നിറഞ്ഞിരിക്കും. ഭഗവൽചൈതന്യം വർദ്ധിച്ചിരിക്കും.

പുഞ്ചിരിയോടെ പ്രസാദം നീട്ടുന്ന ആ ഭക്തോത്തമനും അവിടെ ഉണ്ടാകും.

അപ്പോൾ ചിലർ ഇങ്ങനെ ചിന്തിച്ചേക്കാം:
''എന്തൊരു ഭാഗ്യമാണ് ഇദ്ദേഹത്തിന്... എപ്പോഴും ദൈവത്തിന്റെ അടുത്തല്ലോ."

അതെ... അത് ഭാഗ്യമാണ്. പക്ഷേ ആ ഭാഗ്യത്തിന് പിന്നിൽ ആരും കാണാതെ പോകുന്ന ഉരുകിത്തീരുന്ന ഒരു ജീവിതമുണ്ട്. ലോകം മുഴുവൻ പുതച്ചുറങ്ങുന്ന പുലർച്ചെ ബ്രാഹ്മമുഹൂർത്തത്തിൽ, മൂന്നുമണിക്ക്... നിശ്ശബ്ദതയെ ഭേദിച്ചാണ് അവരുടെ ദിവസം തുടങ്ങുന്നത്.

കൊടും തണുപ്പിലും കിണറ്റുവെള്ളത്തിൽ കുളിച്ച്, ഈറനണിഞ്ഞ വസ്ത്രം ധരിച്ച്, വിറയ്ക്കുന്ന ശരീരത്തോടെ ആദ്യ തീ കൊളുത്തുന്ന കൈകൾ...

ആ കൈകൾ, നമ്മുടെ പ്രാർത്ഥനകൾക്കായി മുന്നേ ഉണരുന്ന കൈകളാണ്. ശ്രീകോവിലിൽ വിഭവസമൃദ്ധമായ നിവേദ്യം ഭഗവാനു സമർപ്പിക്കുമ്പോഴും, സ്വന്തം വയറ്റിലെ വിശപ്പിനെ ഭക്തികൊണ്ട് അടക്കി നിർത്തുന്ന ആ അവസ്ഥ...

ഉഷപ്പൂജ കഴിഞ്ഞ് പ്രസാദം കൈയിൽ കിട്ടുന്നത് വരെ ഒരു തുള്ളി വെള്ളം പോലും കഴിക്കാതെ, സ്വന്തം ഉമിനീരിറക്കി വിശപ്പടക്കുന്ന ആ നിമിഷം... അത് ഒരു ശീലമല്ല. അതൊരു തപസ്സാണ്. നമ്മൾ ഞായറാഴ്ച വിശ്രമിക്കുമ്പോൾ, ഉത്സവങ്ങൾ ആഘോഷിക്കുമ്പോൾ, അവർക്ക് അവ സാധാരണ ദിവസങ്ങളാണ്.

സ്വന്തം വീട്ടിൽ സന്തോഷമുണ്ടായാലും, ദുഃഖമുണ്ടായാലും, ''ക്ഷേത്രത്തിൽ പൂജ നടക്കണം" എന്ന ഒരേയൊരു വാക്കിന് മുന്നിൽ സ്വന്തം ജീവിതം പിന്നിലാക്കേണ്ടി വരുന്നവർ...

പലപ്പോഴും സ്വന്തം നാടും വീടും വിട്ട്, അപരിചിതമായ ഒരിടത്ത്, ഏകാന്തതയോടെ ജീവിക്കുന്നവർ. അസുഖം വന്നാൽ ഒന്ന് ചോദിക്കാനും, വെള്ളം കൊടുക്കാനും അടുത്ത് ആരുമില്ലാതെ...

പൂജയും ജോലികളും കഴിഞ്ഞ്, തളർന്ന ശരീരത്തോടെ സ്വന്തം ആഹാരം സ്വയം പാകം ചെയ്ത് കഴിക്കുന്ന ആ രാത്രികളിൽ, ആ ഭക്ഷണത്തിന് കണ്ണീരിന്റെ ഉപ്പുരസം കൂടിയിട്ടുണ്ടാകാം. ഇതൊരു ജോലി മാത്രമല്ല. ഇതൊരു സമർപ്പണമാണ്.

വിഗ്രഹത്തിലെ ചൈതന്യംനിലനിർത്താൻ വേണ്ടി സ്വയം ഉരുകിത്തീരുന്ന മെഴുകുതിരികളാണ് ഓരോ ശാന്തിക്കാരനും. അതുകൊണ്ട്, പ്രിയ ഭക്തജനങ്ങളേ... നിങ്ങൾ ക്ഷേത്രത്തിൽ വരുമ്പോൾ ഒരു നിമിഷം ആ മനുഷ്യനെ കൂടി ശ്രദ്ധിക്കുക. അദ്ദേഹത്തിന് വേണ്ടത് നമ്മുടെ സഹതാപമല്ല. ഹൃദയം നിറഞ്ഞ ആദരവാണ്. അവരുടെ വിയർപ്പിനും കണ്ണീരിനും നമ്മൾ കൈയിൽ നീട്ടുന്ന ഏതൊരു ദക്ഷിണയേക്കാൾ കൂടുതൽ വിലയുണ്ട് നമ്മുടെ മനസ്സിലെ മാന്യതയ്ക്ക്.

പൂജാരിയുടെ ജീവിതം അന്തസ്സോടെയും സുരക്ഷയോടെയും മുന്നോട്ട് പോകേണ്ടത് ഒരു ക്ഷേത്രത്തിന്റെ മാത്രം കാര്യമല്ല. ഇത് ഒരു സമൂഹത്തിന്റെ ആത്മീയ ഉത്തരവാദിത്വമാണ്. കാരണം, ക്ഷേത്രത്തിലെ വിളക്ക് അണയാതെ കാക്കുന്നത് അവരുടെ കൈകളാണ്. ആ കൈകൾ വിറയരുത്...

വിഗ്രഹത്തെ ദൈവമാക്കുന്നത് പൂജാരിയുടെ മനസ്സിന്റെയും ശരീരത്തിന്റെയും പരിശുദ്ധിയാണ്.

(ഓർക്കുക: മാസ്ലോയുടെ സിദ്ധാന്തം പറയുന്നത് പോലെ, വിശപ്പും സുരക്ഷിതത്വവുമാണ് മനുഷ്യന്റെ ഏറ്റവും അടിസ്ഥാന ആവശ്യം. അത് നിറവേറ്റിക്കൊടുക്കാൻ നമുക്കെല്ലാവർക്കും ബാധ്യതയുണ്ട്.)

തയാറാക്കിയത്:
**മുല്ലനേഴി ദിവാകരൻ നമ്പൂതിരി,** ദിവാൻ ഖാംഗാവ്

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**സുഭദ്ര അന്തർജ്ജനം**

പുത്തൂർ മുതുമന (ഓമശ്ശേരി, കോഴിക്കോട്) പരേതനായ വാസുദേവൻ നമ്പൂതിരിയുടെ (റിട്ട. അദ്ധ്യാപകൻ, വിദ്യാപോഷിണി എൽ.പി. സ്കൂൾ ഓമശ്ശേരി) പത്നി സുഭദ്ര അന്തർജ്ജനം (89) വിഷ്ണുപാദം പൂകി. മക്കൾ : സാവിത്രി അന്തർജ്ജനം, നളിനി അന്തർജ്ജനം, സുബ്രഹ്മണ്യൻ നമ്പൂതിരി (റിട്ട. ആർട്ടിസ്റ്റ്, ലളിതകല അക്കാദമി), പരേതനായ നാരായണൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി (മോഹനൻ) (പാർകോ ഹോസ്പിറ്റൽ വടകര), മധുസൂദനൻ നമ്പൂതിരി (റിട്ട. എസ്.ഐ., ഡി.എച്ച്.ക്യൂ. കോഴിക്കോട് സിറ്റി), കൃഷ്ണൻ നമ്പൂതിരി (ശാന്തി ഹോസ്പിറ്റലിൽ, ഓമശ്ശേരി). മരുമക്കൾ : ജനാർദ്ദനൻ നമ്പൂതിരി (പുത്രിക്കോവിൽ ഇല്ലം, താഴെ ചൊവ്വ, കണ്ണൂർ), വാമദേവൻ നമ്പൂതിരി (പുതിയേടം ഇല്ലം, അത്തോളി), ഗീത അന്തർജ്ജനം (എറിയാട്ട് മന, പാണ്ടിക്കാട്), തങ്കമണി അന്തർജ്ജനം (കണ്ടമംഗലം ഇല്ലം, റിട്ട. സെക്ഷൻ ഓഫീസർ, കോഴിക്കോട് യൂണിവേഴ്സിറ്റി), ഉഷ അന്തർജ്ജനം (വെള്ളിക്കുന്നം ഇല്ലം, കരിവള്ളൂർ), ഗീത (മുല്ലപ്പള്ളി ഇല്ലം, തളിപ്പറമ്പ്).



**ഗോവിന്ദൻ നമ്പൂതിരി**

പിലാത്തറ: പഴിച്ചയിൽ കാവിന് സമീപം അറത്തിൽ കരിങ്കുളത്തില്ലത്ത് ഗോവിന്ദൻ നമ്പൂതിരി (74) വിഷ്ണുപാദം പൂകി. റിട്ട. റവന്യൂ വകുപ്പ് ജീവനക്കാരനാണ്. അറത്തിൽ ശ്രീഭദ്രപുരം ക്ഷേത്രം പാരമ്പര്യ ട്രസ്റ്റിയും പഴിച്ചയിൽ കാവ് ട്രസ്റ്റിയുമാണ്. ഭാര്യ: ഗൗരി അന്തർജനം (പേർക്കുണ്ടിയില്ലം). മ ക്കൾ: ഈശ്വർ പ്രസാദ് (മേൽശാന്തി, ഏഴോം ശിവക്ഷേത്രം), കേശവപ്രസാദ് (കീഴ്ശാന്തി, പയ്യന്നൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം). ശ്രീഹരി (മേൽശാന്തി, കുമിഴിയിൽ മഹാവിഷ്ണു ക്ഷേത്രം, നരിക്കോട്), സൗമ്യ (ജനസേവനകേന്ദ്രം, നെരുവമ്പ്രം). മരുമക്കൾ: സിന്ധു ഇടമന ഇല്ലം കൊടക്കാട് (അഡ്വൈസർ, എൽഐസി തളിപ്പറമ്പ ബ്രാഞ്ച്, അധ്യാപിക പിലാത്തറ അരവിന്ദ വിദ്യാലയം), നയന (തരണനെല്ലൂർ ഇല്ലം, പുറച്ചേരി), ഹരി പുതിയില്ലത്ത് അടുത്തില (ഹെൽത്ത് ഇൻസ്പെക്ടർ, തലശ്ശേരി നഗരസഭ). സഹോദരങ്ങൾ: ശങ്കരൻ നമ്പൂതിരി (എരിമയൂർ പാലക്കാട്), പരേതരായ സരസ്വതി അന്തർജനം, കൃഷ്ണൻ നമ്പൂതിരി, മാധവൻ നമ്പൂതിരി. നാരായണൻ നമ്പൂതിരി.



**ഉണ്ണി നമ്പൂതിരി**

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രത്തിലെ ഓതിക്കൻ കുടുംബമായ കക്കാട് മന യിലെ കെ.എസ്. ഉണ്ണി നമ്പൂതിരി (72) വിഷ്ണുപാദം പൂകി. ഗുരുവായൂർ ക്ഷേത്രം മുൻ മേൽശാന്തിയും ഓതിക്ക നുമായിരുന്ന പരേതനായ കക്കാട് നാരായണൻ നമ്പൂതിരിയുടെ മകനാണ്. പഞ്ചാബ് നാഷണൽ ബാങ്ക് തിരുവേഗപ്പുറ ബ്രാഞ്ച് റിട്ട. ഉദ്യാഗസ്ഥനാണ്. ഭാര്യ: സുധാദേവി പനാവൂർ (പ്രധാനാധ്യാപിക, എയുപിഎസ് കൊളത്തൂർ). മക്കൾ: ഗുരുവായൂർ ക്ഷേത്രം ഓതിക്കൻ കക്കാട് മനോജ് നമ്പൂതിരി (ഇൻഫോസിസ്, തിരുവനന്തപുരം), സ്മൃതി. മരുമക്കൾ: അപർണ (അധ്യാപിക, സെയ്ന്റ് മേരീസ് കോളേജ്, തൃശ്ശൂർ), ഗൗതം എളംകുളം കുറൂർ മന (ബിപിസിഎൽ പെട്രോൾ പമ്പ്, കൊച്ചി). സഹോദരങ്ങൾ: പരമേശ്വരൻ നമ്പൂതിരി (റിട്ട. അധ്യാപകൻ, ഗുരു വായൂർ ശ്രീകൃഷ്ണ കോളേജ്), നാരായണൻ നമ്പൂതിരി (റിട്ട. കെഎസ്ഇബി), ഉമാദേവി (ഇൻഷുറൻസ് വകുപ്പ്, റിട്ട. ഉദ്യോഗസ്ഥ), ഓതിക്കൻ കക്കാട് വാസുദേവൻ നമ്പൂതിരി (മുൻ മേൽശാന്തി, ഗുരുവായൂർ ക്ഷേത്രം), അഡ്വ. സതീശൻ നമ്പൂതിരി.



**പുല്ലഞ്ചേരി വിഷ്ണുനമ്പൂതിരിപ്പാട്**

പാട്യം : ഒട്ടേറെ ക്ഷേത്രങ്ങളിലെ തന്ത്രിയായ പാട്യം പുതിയതെരുവിലെ പുല്ല ഞ്ചേരി ഇല്ലത്ത് വിഷ്ണുനമ്പൂതിരിപ്പാട് (63) വിഷ്ണുപാദം പൂകി. കോതാലൂർ മഹാവിഷ്ണു ക്ഷേത്രം, ആറളം അടിയേരി മഠം, കടവത്തൂർ കുറൂളിക്കാവ് ക്ഷേത്രം, തട്ടാരത്ത് ഭഗവതി ക്ഷേത്രം തുടങ്ങി ഒട്ടേറെ ക്ഷേത്രങ്ങളിലെ തന്ത്രിമുഖ്യനാണ്. അഖില കേരള തന്ത്രി സമാജം അംഗമാണ്. പിതാവ്: പരേതനായ വിഷ്ണു നമ്പൂതിരിപ്പാട്. മാ താവ്: പരേതയായ ആര്യാ ദേവി അന്തർജനം. ഭാര്യ: ഗംഗാദേവി (അധ്യാപിക. വാണീവിലാസം എൽ പി സ്കൂൾ, തൃക്കണ്ണാപുരം). മക്കൾ: വിഷ്ണു, ആര്യ മരുമകൻ: ദീപക് മുണ്ടനാടൻ (അധ്യാപകൻ, പരതൂർ ഹയർ സെക്കൻഡറി സ്കൂൾ, പാലക്കാട്). സഹോദരങ്ങൾ: ലക്ഷ്മണൻ നമ്പൂതിരിപ്പാട് (മുൻ ഡിഇഒ), നാരായണൻ നമ്പൂതിരിപ്പാട് (മേൽശാന്തി, ചക്രപാണി ക്ഷേത്രം. കോങ്ങാറ്റ), രുക്മിണി അന്തർജനം, സരസ്വതി അന്തർജനം (മുൻ അധ്യാപിക, ഗുരുവായൂർ ദേവസ്വം ബോർഡ് ഹൈസ്കൂൾ), തങ്കമണി അന്തർജനം. പരേതനായ അഡ്വ. അഗ്നി നമ്പൂതിരിപ്പാട്.



**അഡ്വ. ശങ്കരരാജ**

കൊച്ചി: ആറു പതിറ്റാണ്ടിലേറെ കേരള ഹൈക്കോടതിയിലടക്കം അഭിഭാഷകനായിരുന്ന ഇടപ്പള്ളി ഇളങ്ങല്ലൂർ സ്വരൂപത്തിലെ വലിയ തമ്പുരാൻ അഡ്വ. വി. ശങ്കരരാജ (95) വിഷ്ണുപാദം പൂകി. ഇടപ്പള്ളി കൊട്ടാരത്തി ലെ വാസുദേവരാജ വലിയ രാജയുടെയും സാവിത്രി രാജയുടെയും മകനായി 1931-ൽ ജനിച്ച ശങ്കരരാജയുടെ നിയമപഠനം എറണാകുളം ലോ കോളേജിലും മദ്രാസ് വിവേകാനന്ദ ലോ കോളേജിലുമായിരുന്നു. ഇതിനുശേഷം കേരള ഹൈക്കോടതിയിലും എറണാകുളത്തെ വിവിധ കോടതികളിലും അറുപത് വർഷത്തിലേറെ പ്രാക്ടീസ് ചെയ്തിട്ടുണ്ട്. യോഗക്ഷേമസഭയുടെ സംസ്ഥാന പ്രസിഡന്റും ഇടപ്പള്ളി ഉപസഭയുടെ സ്ഥാപക പ്രസിഡന്റുമായിരുന്നു. ഊരാണ്മ ദേവസ്വം പ്രസിഡന്റായി ഏറെക്കാലം പ്രവർത്തിച്ചു. ഭാര്യ: ഒളപ്പമണ്ണ മനയിലെ പരേതയായ ശാന്ത തമ്പുരാട്ടി. മക്കൾ: പ്രദീപ് രാജ (റീജണൽ ഹെഡ്, എ വിഎൽ ഇന്ത്യ, ചെന്നൈ), ഉഷ. മരുമക്കൾ: ദിജ (പൂളമണ്ണ മന), സുബ്രഹ്മണ്യൻ നമ്പൂതിരി (കുവൈത്ത്, കൂടല്ലൂർ മന). സഹോദരങ്ങൾ: വി. ദാമോദര രാജ, ഡോ. സുബ്രഹ്മണ്യ രാജ, പരേതരായ വി. വാസുദേവ രാജ, വി. ഗണപതി രാജ, വി. നാരായണ രാജ, ശ്രീദേവി (പാണയ്ക്കാട്ട് മന), ഉമാദേവി (അത്തിപ്പറ്റ മന)



# അശീതി ആശംസകൾ
## 28.12.2025

## കാളത്തിമേയ്ക്കാട് പരമേശ്വരൻ നമ്പൂതിരി

എളവൂർ: അങ്കമാലി യോഗക്ഷേമസഭ ഉപസഭ രക്ഷാധികാരിയും ഊരാണ്മ ദേവസ്വം പ്രസിഡന്റും ആധ്യാത്മിക ആചാര്യനുമായ കാളത്തിമേയ്ക്കാട് പരമേശ്വരൻ നമ്പൂതിരിയെ അശീതിയാഘോഷത്തിന്റെ ഭാഗമായി യോഗക്ഷേമസഭ ആദരിച്ചു. എളവൂർ പുത്തൻകാവ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് ബെന്നി ബെഹനാൻ എം.പി. ഉദ്ഘാടനം ചെയ്തു.

യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് അഡ്വ. പി.എൻ.ഡി. നമ്പൂതിരി, ജനറൽ സെക്രട്ടറി നീലമന ദാമോദരൻ നമ്പൂതിരി, തന്ത്രിസമാജം പ്രസിഡന്റ് പുലയന്നൂർ ശശി നമ്പൂതിരിപ്പാട്, അഡ്വ. വേഴപ്പറമ്പ് ഈശാനൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ ആശംസകൾ നേർന്നു.

സതീഷ് തായാട്ട്, 9495857502



*ആശംസകളോടെ.....*
പ്രസീജ പി. മണിലാൽ,
സാവിത്രി അന്തർജനം,
ദേവനാരായണൻ,
മരുതൂർ കുടുംബയോഗം,
യോഗക്ഷേമസഭ അങ്കമാലി ഉപസഭ

# നവതിയുടെ നിറവിൽ

(3/12/2025)

(വൃശ്ചികമാസം ഭരണി നക്ഷത്രം)

## നീലകണ്ഠൻ നമ്പൂതിരിപ്പാട്

വലിയ ചെമ്പാഴി ഇല്ലം
ഉഗ്രപുരം, അരീക്കോട്



മുതുമുത്തശ്ശന് പിറന്നാൾ ആശംസകൾ
**ഏകാക്ഷി രുദ്ര വി സി**

# എഴുപതാം പിറന്നാൾ

**2.11.2025 (തുലാം, പൂരൂരുട്ടാതി)**

## സരള K M

അത്തിപ്പറ്റ മന,(വന്നേരി കരുവാട്ട് മകൾ)
W/o Late AM കൃഷ്ണൻ നമ്പൂതിരി.





ഏഴും എഴുപതും



*ആശംസകളോടെ..*

മക്കളും മരുമക്കളും:

**രശ്മി ജയകൃഷ്ണൻ W/o ജയകൃഷ്ണൻ,**
കരങ്ങാട്ട് മന
**സൗമ്യ നിശാന്ത്, W/o നിശാന്ത് കുട്ടികൃഷ്ണൻ,**
**ആതിര**, കോഴിക്കോട്

പേരക്കുട്ടികൾ
വാസുദേവൻ കരങ്ങാട്ട്, ബദരീ കൃഷ്ണൻ
കരങ്ങാട്ട്, ധ്യാൻ കൃഷ്ണൻ

**ഫോൺ: 9745558089**

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ബാലകൃഷ്ണ ശർമ്മ**

ആണ്ടൂർ: വിദ്യാഭ്യാസ വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ മരങ്ങാട്ടുപിള്ളി കല്ലാർവേലി ഇല്ലത്ത് ബാലകൃഷ്ണ ശർമ്മ (79) വിഷ്ണുപാദം പൂകി. ഭാര്യ: തൃശൂർ കുറ്റിക്കാട്ടില്ലം ഇന്ദിര (പ്രഥമാധ്യാപിക, സി.കെ.എം. യു.പി.സ്കൂൾ, വൈക്കം). മക്കൾ: ഹരികൃഷ്ണൻ (വർണം സ്റ്റുഡിയോ, വൈക്കം), ജയകൃഷ്ണൻ (ചെന്നൈ). മരുമക്കൾ: ശ്രീജ, ധന്യ.



**ശ്രീധരൻ നമ്പൂതിരി**

തൃക്കളയൂർ മഹാദേവ ക്ഷേത്രം മേൽശാന്തി കൊറ്റിവട്ടം ഇല്ലത്ത് ശ്രീധരൻ നമ്പൂതിരി (63) വിഷ്ണുപദം പൂകി. വാഹനാപകടത്തിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. ഭാര്യ : ഇന്ദിര (പാണ്ടിക്കടവ് ഇല്ലം) മക്കൾ : ശ്രീരാജ് (അധ്യാപകൻ കുന്ദമംഗലം ഈസ്റ്റ് യു പി സ്കൂൾ ) ശ്രീഹരി (പൂജ), മരുമകൾ : ശ്രീദേവി എളമന.



**ദാമോദരൻ നമ്പൂതിരി**

വള്ളിക്കുന്ന്: മേക്കോട്ടുപറമ്പ് പൂവ്വപ്പള്ളി ദാമോദരൻ നമ്പൂതിരി (87) വിഷ്ണുപാദം പൂകി. നിറംകൈതക്കോട്ട ക്ഷേത്രം മുൻ മേൽശാന്തിയാണ്. ഭാര്യ: സ്വർണലത. മക്കൾ: നന്ദേഷ് നമ്പൂതിരി (മേൽശാന്തി, നിറംകൈതക്കോട്ട ക്ഷേത്രം), ശ്രീജ. മരുമക്കൾ: ജിഷ, പരേതനായ നീലകണ്ഠൻ നമ്പൂതിരി.



**ഗോപാലകൃഷ്ണൻ എമ്പ്രാന്തിരി**

വളാഞ്ചേരി: പാണ്ടികശാല നീലമന ഗോപാലകൃഷ്ണൻ എമ്പ്രാന്തിരി (83) വിഷ്ണുപാദം പൂകി. പത്നി പന്താവൂർ ഇന്ദിര അന്തർജനം. മക്കൾ: പരേതനായ കിഷോർ, പരേതനായ സുധീർ, ഷീബ, മഞ്ജുർ. മരുമക്കൾ: മംഗലശ്ശേരി ജിഷ, വട്ടിക്കാട്ടൂർ സുജാത, നാലുകണ്ടത്തിൽ രാജേഷ്.



**സി.എൻ.കൃഷ്ണൻ നമ്പൂതിരി**

കുമരകം ചന്ദ്രമന ഇല്ലം സി എൻ കൃഷ്ണൻ നമ്പൂതിരി (91) വിഷ്ണുപാദം പൂകി. സഹധർമ്മിണി: സരസ്വതി അന്തർജനം മക്കൾ: വിജയൻ നമ്പൂതിരി, മധുകൃഷ്ണൻ നമ്പൂതിരി, ബിന്ദു സി കെ, മരുമക്കൾ: സി എൻ ഉണ്ണികൃഷ്ണൻ, ഉമ എസ്, ഷൈനി സി.



**സനൽ പോറ്റി**

കളമശ്ശേരി: മുതിർന്ന മാധ്യമപ്രവർത്തകനും കലാകാരനും കളമശ്ശേരി എസ്.സി.എം.എസ്. കോളേജ് പബ്ലിക് റിലേഷൻസ് മാനേജരുമായ സനൽ പോറ്റി (55) വിഷ്ണുപാദം പൂകി. എറണാകുളം മൂഴിക്കുളം മാടവന മഠത്തിൽ പരമേശ്വരൻ പോറ്റിയുടെയും സാവിത്രി അന്തർജനത്തിന്റെയും മകനാണ്. ഭാര്യ: സിനിമ-സീരിയൽ നടി മഞ്ജുശ്രീ നായർ. മക്കൾ: ധ്വനി (ബിരുദ വിദ്യാർത്ഥിനി, സെന്റ് ജോസഫ്സ് കോളേജ്, ബെംഗളൂരു), ധാത്രി (പ്ലസ് ടു വിദ്യാർത്ഥിനി, ഭവൻസ് വരുണ, കാക്കനാട്). സഹോദരങ്ങൾ: നളിനി, പ്രസന്ന, ലത, സുമ.



**ശങ്കരൻ നമ്പൂതിരി**

ചേപ്പാട്: ഏവൂർ അരിയന്നൂരില്ലത്ത് (അഞ്ജലി) ശങ്കരൻ നമ്പൂതിരി (73) വിഷ്ണുപാദം പൂകി. ഭാര്യ: ശ്രീദേവി എസ്. നമ്പൂതിരി. മക്കൾ: ശ്രീജ എസ്. നമ്പൂതിരി (ഇൻഫോസിസ്, ബെംഗളൂരു), ശോഭാ എസ്. നമ്പൂതിരി (അധ്യാപിക, കാഞ്ഞങ്ങാട്), ഗോവിന്ദൻ നമ്പൂതിരി (റിസർച്ച് സ്കോളർ, അമൃത വിദ്യാപീഠം, വള്ളിക്കാവ്), മരുമക്കൾ: ശ്രീനാഥ് (ബിസിനസ്, നീലേശ്വരം), സുബ്രഹ്മണ്യൻ (അധ്യാപകൻ, കാഞ്ഞങ്ങാട്).



**ഹരികുമാരൻ നമ്പൂതിരി**

പന്തളം: കുരമ്പാല നെടുമ്പ്രത്ത് ഇല്ലത്ത് (വിഷ്ണുകൃപ) ഹരികുമാർ നമ്പൂതിരി (75) വിഷ്ണുപാദം പൂകി. തുറവൂർ നെടുമ്പ്രത്ത് ഇല്ലം കുടുംബാംഗമാണ്. ഭാര്യ: ലളിതാംബിക അന്തർജനം. മക്കൾ: വിനോദ്കുമാർ എച്ച്. നമ്പൂതിരി (മേൽശാന്തി, കുരമ്പാല പുത്തൻകാവിൽ ഭഗവതി ക്ഷേത്രം), അനുപമ കേശവ്. മരുമക്കൾ: ആശാ വി.നമ്പൂതിരി, കേശവൻ നമ്പൂതിരി (അണലക്കാട്ട് ഇല്ലം, കോട്ടയം).



**നാരായണൻഭട്ടതിരി**

ഓണംതുരുത്ത്: കിടങ്ങൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം മുൻ മേൽശാന്തി പേ ാടൂർ ഇല്ലത്ത് നാരായണൻ ഭട്ടതിരി (93) വിഷ്ണുപാദം പൂകി. ഭാര്യ: പാലാ കുരുപ്പക്കാട്ടില്ലം പരേതയായ ഉമാദേവി അന്തർജനം. മക്കൾ: പരേതനായ നാരായണൻഭട്ടതിരി, കുസുമകുമാരി (റിട്ട. ഉദ്യോഗസ്ഥ, ഫാക്ട്), സുബ്രഹ്മണ്യൻ ഭട്ടതിരി (ഓണംതുരുത്ത് ക്ഷേത്രമേൽശാന്തി), ശ്രീകുമാർ ഭട്ടതിരി (റി ട്ട. ഉദ്യോഗസ്ഥൻ, ഐ എസ്ആർഒ). മരുമക്കൾ: ആലുവ വേളമന ഇല്ലം സാവിത്രി അന്തർജനം, രാമമംഗലം തെങ്ങനാൽ ഇല്ലം അജിത്കുമാർ, കുമാരനല്ലൂർ മങ്ങാട്ട് ഇല്ലം നന്ദജാദേവി, മരങ്ങാട്ടുപിള്ളി പാലക്കാട്ടുമല മുത്തേടത്ത് ബീന.



**ഗോപിനാഥൻ നമ്പൂതിരി**

പന്തീരാങ്കാവ്: പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി ഗോപിനാഥൻ നമ്പൂതിരി (56) വിഷ്ണുപാദം പൂകി. ആകാശവാണി കോഴിക്കോട് നിലയത്തിൽ ഗ്രേഡഡ് ആർട്ടിസ്റ്റാണ്. കൊടൽ നടക്കാവ് കരിയാത്തൻ കോട്ട ക്ഷേത്ര തന്ത്രിയാണ്. ഭാര്യ: ദേവി. മകൾ: ശ്രീഭദ്ര (കലാമണ്ഡലം വിദ്യാർത്ഥിനി). അമ്മ: സാവിത്രി അന്തർജനം. അച്ഛൻ: രാമൻ നമ്പൂതിരി. സഹോദരങ്ങൾ: പി.എം. നാരായണൻ (ജർമ്മൻ ടെലിവിഷൻ ദക്ഷിണേഷ്യ ചീഫ് പ്രൊഡ്യൂസർ). ഗീത പി.എം. (അധ്യാപിക, എടപ്പാൾ).

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**പ്രകാശൻ**

കോട്ടയം: എഴുമാന്തുരുത്ത് തിരുത്തുമ്മേൽ മന പരേതനായ നാരായണൻ നമ്പൂതിരിപ്പാടിന്റെയും ആര്യ അന്തർജനത്തിന്റെയും മകൻ പ്രകാശൻ (65) വിഷ്ണുപാദം പൂകി. ഭാര്യ: സോണി (തെക്കേടത്ത് കടലായിൽ). മകൾ: നിമിഷ. മരുമകൻ: സാരംഗ് (പുതിയേടത്ത് മന). സഹോദരങ്ങൾ: സുശീലാ ദാമോദരൻ (പൊൽപ്പാക്കര മന), പരേതയായ ഗീത, ബീനാ മധു (കുറിയേടത്ത് മന).



**വാസുദേവൻ നമ്പൂതിരി**

മുംബൈ: പോർക്കുളം കുഴിക്കാട് വാസുദേവൻ നമ്പൂതിരി (88) വിഷ്ണുപാദം പൂകി. മുംബൈ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ സീനിയർ സയന്റിസ്റ്റായിരുന്നു. പത്നി കാട്ടകാമ്പാൽ പെരുമ്പിളി രമണി അന്തർജനം. മക്കൾ: അജിത്ത് കുമാർ (മുംബൈ), ശ്രീജിത്ത് കുമാർ (അമേരിക്ക). മരുമക്കൾ: നിമ്മി അജിത്ത്കുമാർ, സുമിതാ കൃഷ്ണൻ.



**സുബ്രഹ്മണ്യൻ നമ്പൂതിരി**

യോഗക്ഷേമസഭ മഞ്ചേരി മുൻ പ്രസിഡന്റും, ഗവ ഹൈസ്കൂൾ റിട്ടയേർഡ് അധ്യാപകനും, മഞ്ചേരി ചിന്മയ സ്കൂൾ ആദ്യ പ്രിൻസിപ്പാളുമായിരുന്ന പയ്യപ്പള്ളി മന സുബ്രഹ്മണ്യൻ നമ്പൂതിരി (94) വിഷ്ണുപാദം പൂകി. ഭാര്യ പരേതയായ ലീല അന്തർജനം (വെള്ളക്കാട്ടുമന) മക്കൾ അനിൽ, ഉണ്ണികൃഷ്ണൻ പരേതനായ സുനിൽ



**ഇ.പി. പരമേശ്വരൻ നമ്പൂതിരി**

കോട്ടയം: കുമ്മനം എടാട്ട് ഇല്ലത്ത് ഇ.പി. പരമേശ്വരൻനമ്പൂതിരി (ശശി-62) (സാരഥി ബുക്സ്) വിഷ്ണുപാദം പൂകി. കുമാരനല്ലൂർ ഊരാണ്മ എടാട്ട് ഇല്ലത്ത് എസ്. പരമേശ്വരൻ നമ്പൂതിരിയുടെ (മുൻ ദേവസ്വം ഭരണാധികാരി) മകനാണ്. ഭാര്യ: രാധിക സി.എ., മക്കൾ: പി. ഗോവിന്ദ് (കാനഡ), പി. ഹേമന്ത് (സാരഥി ബുക്സ്).



**പി.ജെ. ജയന്തൻ നമ്പൂതിരി**

തിരുവല്ല: റിട്ട.പോസ്റ്റ്മാസ്റ്റർ പെരിങ്ങര പഴയിടത്ത് ഇളമൺ മനയിൽ പി. ജെ. ജയന്തൻ നമ്പൂതിരി (84) വിഷ്ണുപാദം പൂകി. ഭാര്യ: ശ്യാമളാദേവി (റിട്ട.അധ്യാപിക, എഡി യുപിഎസ് തലവടി). മക്കൾ: എസ്. ബിന്ദു, പി.ജെ. ബിജോയ് (യുഎസ്എ). മരുമക്കൾ: അനിൽകുമാർ മുണ്ടയ്ക്കൽ ഇല്ലം (കോഴഞ്ചേരി), പ്രിയ (യുഎസ്എ)



**സീത അന്തർജനം**

മൂവാറ്റുപുഴ: കോന്നശ്ശേരി ഇല്ലം സീത അന്തർജനം (72) വിഷ്ണുപാദം പൂകി. വേങ്ങൂർ തുരുത്തി നരമംഗലം മന കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ രാമൻ നമ്പൂതിരി. മക്കൾ: ശ്രീജ, ശ്രീകല (അധ്യാപിക). മരുമക്കൾ: ഹരി നാരായണൻ ഋഷി ഇല്ലം പുന്നയം (മേൽശാന്തി പുന്നയം മഹാദേവ ക്ഷേത്രം), കെ.ആർ. വാസുദേവൻ കുന്നൂർ മന തൊടാപ്പറമ്പ് പെരുമ്പാവൂർ (മേൽശാന്തി കോടനാട് മഹാദേവ ക്ഷേത്രം).



**നാരായണൻ പോറ്റി**

അരുവിക്കര ശിവ ക്ഷേത്രത്തിന് സമീപം ഇടമന മഠത്തിൽ നാരായണൻ പോറ്റി (88) റിട്ട. കെ.എസ്. ഈ.ബി. വിഷ്ണുപാദം പൂകി. അരുവിക്കര ലക്ഷ്മി ഗ്രൂപ്പ് ഫൈനാൻസിന്റെ മുൻ മാനേജിംഗ് പാർട്ണർ ആയിരുന്നു. ഭാര്യ പരേതയായ ഭവാനി എസ്. മക്കൾ ഗീത (LIC), ലത ( ഫെഡറൽ ബാങ്ക്), ഭദ്രൻ (കാനഡ). മരുമക്കൾ നാരായണൻ പോറ്റി (നെസ്റ്റ്) , അഡ്വ. ദാമോദരൻ പോറ്റി , രാധിക (കാനഡ).



**മോഹൻ കുമാർ നമ്പൂതിരി**

മഞ്ചക്കൽ മോഹൻ കുമാർ നമ്പൂതിരി വിഷ്ണുപാദം പൂകി. യോഗക്ഷേമ സഭ സംസ്ഥാന സമിതി അംഗം എം.പി. രാധാകൃഷ്ണന്റെ ജേഷ്ഠ സഹോദരനാണ്. ദീർഘകാലം ചിറ്റാരിപ്പറമ്പ് സ്ക്കൂളിന്റെ പി.ടി.എ. പ്രസിഡണ്ട്, വികസന സമിതി അദ്ധ്യക്ഷൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലെ നിറസാന്നിദ്ധ്യമായിരുന്നു.



**ദേവകി അന്തർജനം**

ശ്രീകൃഷ്ണപുരം: നെടുമ്പള്ളി മനയിൽ (ഓങ്ങല്ലൂർ മുല്ലപ്പള്ളി മന) ദേവകി അന്തർജനം (92) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ നെടുമ്പള്ളിമന നീലകണ്ഠൻ നമ്പൂതിരി. മക്കൾ: കുമാരി, കൃഷ്ണൻ (കുഞ്ഞനിയൻ), ശങ്കരൻ, വാസന്തി, പരേതനായ നാരായണൻ. മരുമക്കൾ: വിജയൻ (നഗരിൽ മന), ഉമാദേവി (ഋഷി മന), ജയശ്രീ (ചേത്തല മന), ശ്രീജ (രാമപുരത്ത് തെക്കേടത്ത് മന), കൃഷ്ണകുമാർ (തോട്ടക്കാട് മന).



**ശ്രീദേവി അന്തർജനം**

കോഴിക്കോട്: പെരുമൺപുറ തരുപ്പയിൽ ഇല്ലത്ത് പരേതനായ ടി.സി. നാരായണൻ നമ്പൂതിരിയുടെ (റിട്ട. ഡെപ്യൂട്ടി കലക്ടർ) ഭാര്യ ശ്രീദേവി അന്തർജനം (82) വിഷ്ണുപാദം പൂകി. ചാത്തമംഗലം ചെറില്ലത്ത് കണ്ടമംഗലത്ത് പരേതനായ വാസുദേവൻ നമ്പൂതിരിയുടെ മകളാണ്. മകൾ: ശ്രീന. മരുമകൻ: സജീവ് നല്ലൂർപ്പുള്ളിമന. സഹോദരങ്ങൾ: ചെറില്ലത്ത് കണ്ടമംഗലം പരേതനായ സി.കെ.നാരായണൻ നമ്പൂതിരി, സി.കെ. വിഷ്ണു നമ്പൂതിരി.

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**പരിയാനമ്പറ്റ വാസുദേവൻ നമ്പൂതിരിപ്പാട്**

പരിയാനമ്പറ്റ വാസുദേവൻ നമ്പൂതിരിപ്പാട് (95) വിഷ്ണുപാദം പൂകി. പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ പരിയാനമ്പറ്റ രാമൻ മ്പൂതിരിപ്പാടിന്റെയും മുതുർശ്ശി പാർവ്വതി അന്തർജനത്തിന്റെയും മകൻ. വടകാഞ്ചേരി ശ്രീവ്യാസാ കോളേജ് റിട്ട. ഗ്യാസ്മാൻ (ടെക്നിക്കൽ സ്റ്റാഫ്) ആണ്. അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകനെന്ന നിലയിൽ നാട്ടിലും 1950 മുതൽ 60 വരെയുള്ള കാലത്ത് കോഴിക്കോട്ടും പ്രവർത്തിച്ചു. പത്നി : പരേതയായ കുട്ടനെല്ലൂർ കേശവത്ത് പാർവ്വതി അന്തർജ്ജനം. മക്കൾ: ബിന്ദു കൃഷ്ണൻ പാഴ്യോട്, ഉമ രാമൻ കരിപ്പം, നാരായണൻ (വൈദ്യരത്നം ഔഷധശാലാ മുൻ സ്റ്റാഫ്), കൃഷ്ണൻ (എസ്.എൻ.എ. ഔഷധശാലാ മുൻ സ്റ്റാഫ്). മരുമക്കൾ: പരേതനായ കാക്കശ്ശേരി പാഴ്യോട്ട് കൃഷ്ണൻ ഭട്ടതിരിപ്പാട് (പാഴ്യോട്ട് മന), കരിപ്പത്ത് രാമൻ നമ്പൂതിരി (മലപ്പുറം ത്രിപുരാന്തകക്ഷേത്രം മേൽശാന്തി) സൌഭാഗ്യ കാമ്പ്രത്ത് (വൈദ്യരത്നം ആയുർവ്വേദ കോളേജ് സ്റ്റാഫ്), ജലജ തേനാക്കര (വൈദ്യരത്നം ആയുർവ്വേദ കോളേജ് സ്റ്റാഫ്).



**ആർ.എൽ.വി. ശങ്കരൻ നമ്പൂതിരി**

മൂവാറ്റുപുഴ: കഥകളിനടനും മൂവാറ്റുപുഴക്കാവ് രക്ഷാധികാരിയുമായ മൂവാറ്റുപുഴ കോന്നശ്ശേരി മന എൻ. ശങ്കരൻ നമ്പൂതിരി (ആർഎൽവി ശങ്കരൻ നമ്പൂതിരി-87) വിഷ്ണുപാദം പൂകി. തിരുവിതാംകൂർ ദേവസ്വം ബോർഡ് മേൽശാന്തിയായിരുന്നു. മൂവാറ്റുപുഴ രാമമംഗലം മേജർ ശിവക്ഷേത്രത്തിൽ ദീർഘകാലം മേൽശാന്തിയായിരുന്ന ഇദ്ദേഹം മൂവാറ്റുപുഴക്കാവിലും മേൽശാന്തിയായിരുന്നു. മൂവാറ്റുപുഴ രണ്ടാർകര പയ്യന ശ്രീധർമ്മശാസ്ത-നാഗ പഞ്ചമൂർത്തി ക്ഷേത്രത്തിലെ മുൻ മേൽശാന്തിയാണ്. മൂവാറ്റുപുഴ സാഹിതിസായകം കൂട്ടായ്മയുടെ സ്ഥാപകാംഗമാണ്. നാട്യാലയ പുരസ്കാരം അടക്കം നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഭാര്യ: ശ്രീദേവിക്കുട്ടി അന്തർജനം, വലവൂർ തേവലപ്പുറം ഇല്ലം. സഹോദരങ്ങൾ: നീലകണ്ഠൻ നമ്പൂതിരി, കാളിദാസൻ നമ്പൂതിരി, പരമേശ്വരൻ നമ്പൂതിരി (ശിവദാസൻ), പരേതനായ രാമൻ നമ്പൂതിരി.



**ലീലാദേവി അന്തർജനം**

തലയോലപ്പറമ്പ്: അടിയം ചെറുമണൽ ഇല്ലത്ത് (നെടുമ്പുറത്തു മന) ലീലാദേവി അന്തർജനം (92) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ സി.വി. മിത്രൻ നമ്പൂതിരി. മക്കൾ: പരേതനായ എൻ.എം. വാസുദേവൻ നമ്പൂതിരി, ലതാദേവി (തേവലപ്പുറത്ത് ഇല്ലം), എൻ. എം. നാരായണൻ നമ്പൂതിരി, എൻ.എം. ദിനേശൻ നമ്പൂതിരി, സുനന്ദ (ഋഷി ഇല്ലം). മരുമക്കൾ: സാവിത്രി അന്തർജനം (മുണ്ടേർ ഇല്ലം), ടി.എൻ. നീലകണ്ഠൻ നമ്പൂതിരി, പരേതയായ ശ്രീദേവി അന്തർജനം (അണലക്കാട് ഇല്ലം), ജയശ്രീ അന്തർജനം (പുല്ലായത്ത് മഠം), ഐ.പി. മധു.



**അക്കിരാമൻ നമ്പൂതിരി**

കാരമല: ചിറയ്ക്കാമറ്റം ഇല്ലം അക്കിരാമൻ നമ്പൂതിരി (83) വിഷ്ണുപാദം പൂകി. റിട്ട. റവന്യൂ ഉദ്യോഗസ്ഥനാണ്. കാരമല പുതുക്കോവിൽ ശ്രീകൃഷ്ണസ്വാമിക്ഷേത്ര ട്രസ്റ്റ് വൈസ് പ്രസിഡന്റ് ആണ്. ഭാര്യ: രാജേശ്വരി അന്തർജനം, മഠത്തിൽമന ആലപുരം. മക്കൾ: സി.എ. അനീഷ് കുമാർ (മനയ്ക്കൽ സ്റ്റോഴ്സ് എൻഎസ്എസ് ആർക്കേഡ് കൂത്താട്ടുകുളം), സി.എ. അഞ്ജു. മരുമക്കൾ: എം. ശ്യാമ മാടശ്ശേരി മന (അധ്യാപിക അൽഅസർ കോളേജ് തൊടുപുഴ), രാജേഷ് നമ്പൂതിരി ചെറുകാട്ടില്ലം കുമാരനല്ലൂർ. (മെഡിക്കൽ ഡിസ്ട്രിബ്യൂഷൻ കമ്പനി കോട്ടയം)



**എം.എൻ. വാസുദേവൻ നമ്പൂതിരി**

ഇലഞ്ഞി: ആലപുരം മഠത്തിൽ മനയിൽ എം.എൻ. വാസുദേവൻ നമ്പൂതിരി (92) വിഷ്ണുപാദം പൂകി. ഭാര്യ: ലീലാദേവി അന്തർജനം (കണ്ണമം ഗലം ഇല്ലം വാഴക്കുളം പെരുമ്പാവൂർ). മക്കൾ: സുദേവ് കുമാർ (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, ഇസാഫ് ബാങ്ക് തൃശ്ശൂർ), സീമ വടശ്ശേരി ഇല്ലം ഏറ്റുമാനൂർ, വി. സാജൻ (ഫിലിം എഡിറ്റർ). മരുമക്കൾ: ശ്രീരേഖ പിലാത്തറ (ഡെപ്യൂട്ടി ഡയറക്ടർ കൃഷിവകുപ്പ് തൃശ്ശൂർ), രാമൻ നമ്പൂതിരി (സിആർപിഎഫ് ചെന്നൈ), രുക്മിണി പാലക്കോൾ മാവൂർ (ആസ്റ്റർ ഫാർമസി).



**വാസുദേവൻമൂസ്സത്**

പെരുമണ്ണ: കുഴിമന മുണ്ടോട്ട് ഇല്ലത്തെ വാസുദേവൻ മൂസ്സത് (82) വിഷ്ണുപാദം പൂകി. ഭാര്യ: അമ്മിണി മനയമ്മ (ഹരിപ്പാട്). മക്കൾ: ശങ്കരനാരായണൻ, പ്രിയ, സുപ്രഭ. മരുമക്കൾ: രാധിക, നീലകണ്ഠൻ മൂസ്സത് (തളിപ്പറമ്പ്), സന്തോഷ് കുമാർ (പന്തളം).



**ശ്രീദേവി അന്തർജനം**

മൂഴിക്കുളങ്ങര: കറുത്തേടത്ത് പാഴൂർമന ശ്രീദേവി അന്തർജനം (78) വിഷ്ണുപാദം പൂകി. പരേത തിരുനാവായ പൈയൂർ മന കുടുംബാംഗം. ഭർത്താവ്: പരേതനായ ശ്രീധരൻ നമ്പൂതിരിപ്പാട്. മകൻ: വാസുദേവൻ നമ്പൂതിരിപ്പാട്. മരുമകൾ: പ്രിയദ.



**ദിവാകരൻ നമ്പൂതിരി**

ചാലക്കുടി കിടങ്ങഴിയത്ത് മന ദിവാകരൻ നമ്പൂതിരി (92 ) വിഷ്ണുപദം പൂകി. മക്കൾ: തൃശൂർ ചേറൂർ റോഡിൽ താമസിക്കുന്ന ഡോ. അജിത്, തിരുവമ്പാടി അയ്യപ്പൻകാവ് ക്ഷേത്രത്തിന് സമീപം താമസിക്കുന്ന ഡോ. മിനി.



**ദാമോദരൻ നമ്പൂതിരി**

വടകര ചെമ്മരത്തൂർ നീർവേലി ഇല്ലത്ത് ദാമോദരൻ നമ്പൂതിരി (92) വിഷ്ണുപാദം പൂകി. ഭാര്യ പരേതയായ ശ്രീദേവി അന്തർജജനം. മക്കൾ: പരേതനായ ശ്രീധരൻ നമ്പൂതിരി, പ്രസന്ന അന്തർജ്ജനം, ഉഷ അന്തർജ്ജനം, പരേതയായ വൈജയന്തി അന്തർജ്ജനം, വിഷ്ണുനമ്പൂതിരി. മരുമക്കൾ: രമണി അന്തർജ്ജനം, പരേതനായ ഉണ്ണി നാരായണൻ നമ്പൂതിരി, കല്ലറ ഇല്ലം ബാലുശ്ശേരി, പരേതനായ കേശവൻ നമ്പൂതിരി, കണ്ണിപ്പ ഇല്ലം എടയാർ, ശങ്കരൻനമ്പൂതിരി പുതിയില്ലം തരുവണ, അനിത അന്തർജ്ജനം.



**കെ.ജി.നാരായണൻ നമ്പൂതിരി**

നരിയാപുരം: റിട്ട. ഹെഡ്മാസ്റ്റർ കുറ്റിയാനിപ്പുറത്ത് തെക്കേ ഇല്ലത്ത് കെ.ജി.നാരായണൻ നമ്പൂതിരി (87) വിഷ്ണുപാദം പൂകി. ഭാര്യ: പി.എൻ.ചന്ദ്രാവലി (റിട്ട. അധ്യാപിക). മക്കൾ: കെ.എൻ.വൈജയന്തിമാല (റിട്ട. അധ്യാപിക), കെ.എൻ.രാജശ്രീ (റിട്ട. അധ്യാപിക), കെ.എൻ.ശ്രീവിദ്യ (അസി. മാനേജർ, കെ.എസ്.എഫ്.ഇ.). മരുമക്കൾ: ഭക്തവത്സലൻ (റിട്ട. സെക്രട്ടറി, ഗവ. സെർവെന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്), എൻ.വി. പ്രസാദ് (റിട്ട. അധ്യാപകൻ), അനിൽ ബോസ് (ബ്രഹ്മോസ്, തിരുവനന്തപുരം).



**സരസ്വതി അന്തർജനം**

പയ്യന്നൂർ: മാത്തുംപടി മാങ്കുളത്തില്ലത്ത് സരസ്വതി അന്തർജനം (94) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ സുബ്രഹ്മണ്യൻ നമ്പൂതിരി. മക്കൾ: സാവിത്രി അന്തർജനം, ദേവകി അന്തർജനം, സുവർണിനി അന്തർജനം, കൃഷ്ണൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, എം. സുമ (പ്രഥമാധ്യാപിക, ജിഎൽപിഎസ്, കുണ്ടൂച്ചി), പരേതനായ ജ്യോത്സ്യർ എം. വിഷ്ണുനമ്പൂതിരി, മരുമക്കൾ: എം. രമണി, ഗോവിന്ദൻ നമ്പൂതിരി (ശാന്തി), കൃഷ്ണൻ നമ്പൂതിരി (ശാന്തി), കേശവൻ നമ്പൂതിരി (ശാന്തി), എം. സരസ്വതി, കെ. ഗീത. എം.ഇ. ദാമോദരൻ നമ്പൂതിരി (റിട്ട. അധ്യാപകൻ).



**പ്രിയ ഉണ്ണികൃഷ്ണൻ**

ഉള്ളേ്യരി. കുളങ്കര ഇല്ലം പ്രിയ ഉണ്ണികൃഷ്ണൻ (46) വിഷ്ണുപാദം പൂകി. ഭർത്താവ്: കുളങ്കര ഉണ്ണികൃഷ്ണൻ നമ്പൂതിരി, മക്കൾ: അഭിഷേക് എം.എസ്.സി. വിദ്യാർത്ഥി, വി.ടി.ബി. കോളേജ്, ശ്രീകൃഷ്ണപുരം), ആനന്ദ് (ബി.ബി.എ. വിദ്യാർത്ഥി) ചെറുകാട്ടുമഠത്തിൽ എടക്രമഞ്ചേരി , പുൽപ്പറമ്പിൽ ആണ് അമ്മാത്ത്. മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ പരേതരായ നീലകണ്ഠൻ നമ്പൂതിരിയുടെയും മാധവിക്കുട്ടി അന്തർജനത്തിന്റേയും മകളാണ്. ഭാഗവതാചാര്യൻ മണിവർണ്ണൻ പുല്ലൂർമണ്ണ സഹോദരനാണ്.



**എൻ.കൃഷ്ണൻ നമ്പൂതിരി**

ആലപ്പുഴ: ശബരിമല മുൻ മേൽശാന്തിയും, യോഗക്ഷേമസഭ ആലപ്പുഴ ഉപസഭാ മുൻ പ്രസിഡന്റുമായിരുന്ന ആലപ്പുഴ വെള്ളി മനയിൽ ബ്രഹ്മശ്രീ എൻ.കൃഷ്ണൻ നമ്പൂതിരി (78) വിഷ്ണുപാദം പൂകി. ഒട്ടേറെ ക്ഷേത്രങ്ങളിലെ തന്ത്രിയായിരുന്നു. ദീർഘകാലം യോഗക്ഷേമസഭ ജില്ലാ പ്രസിഡന്റായും പ്രവർത്തിച്ചു. ഭാര്യ: സുലോചനാദേവി. മക്കൾ: സന്തോഷ് കുമാർ, ശോഭാദേവി, പ്രഭാദേവി. മരുമക്കൾ: ഗീതാകുമാരി, മനു എൻ.പോറ്റി, കേശവൻ പോറ്റി.



**കൃഷ്ണ മോഹൻ**

പാലക്കാട് ചന്ദ്രനഗറിൽ താമസിക്കുന്ന ശ്രീകൃഷ്ണപുരം പാണക്കാട് മന കൃഷ്ണ മോഹൻ വിഷ്ണുപാദം പൂകി. ഇന്ത്യൻ എക്സ്പ്രസ്സ് റിട്ടയേർഡ് ഉദ്യോഗസ്ഥനായിരുന്നു ഭാര്യ മനിശ്ശേരി ആറ്റുപുറത്തുമന സാവിത്രി. മക്കൾ: ബിമൽ (യു എസ് എ), നിർമൽ (ദുബായ്).



**ലീല അന്തർജ്ജനം**

വളപുരം : കാവിൽ അവിഞ്ഞിക്കാട്ടു മന പരേതനായ നാരായണൻ ഭട്ടതിരിപ്പാടിന്റെ പത്നി ലീല അന്തർജ്ജനം (നെടുങ്ങോട്ടൂർ പാറ മഹൾ) വിഷ്ണുപാദം പൂകി. മക്കൾ: ബിന്ദു, ബിജി, ബിജു. മരുമക്കൾ: വാസുദേവൻ, (കൊടുമുടി കക്കാട്ടു മന) രാമൻ(തട്ടായത്ത് മന), ധന്യ (എടത്തറ മൂത്തേടത്ത് മന)



**വാസുദേവൻ നമ്പൂതിരി**

തൃശ്ശൂർ, കോളങ്ങട്ടുകരയിൽ ചെറുപ്പോയില്ലത്തു വാസുദേവൻ നമ്പൂതിരി (71) വിഷ്ണുപാദം പൂകി. സഹധർമ്മിണി പരേതയായ കൈരളി അന്തർജനം, പുറകൊടിഞ്ഞത്ത് മന, മകൻ വരുൺ നാരായണൻ, മരുമകൾ കീപ്പള്ളിൽ ഇല്ലത്തു രഞ്ജിനി ശ്രീകുമാർ, പേരക്കുട്ടി ഉദ്ധവ് നാരായണൻ.



**നീലകണ്ഠൻ നമ്പൂതിരി**

ഒറ്റപ്പാലം: അമ്പലപ്പാറ പുലാപ്പറ്റശ്ശേരി കൊടക്കാട് ഇല്ലം നീലകണ്ഠൻ നമ്പൂതിരി (91) വിഷ്ണുപാദം പൂകി. ഭാര്യ: ഉമാദേവി അന്തർജനം. മക്കൾ: ശിവരാമകൃഷ്ണൻ, സന്തോഷ്കുമാർ, സതീദേവി, സിന്ധു. മരുമക്കൾ: സജിത, രഞ്ജിനി, പരമേശ്വരൻ, മണി.



**തങ്കം അന്തർജ്ജനം**

മട്ടന്നൂർ വട്ടക്കയം ആലക്കാട്ട് കൊടക്കല്ലൂരില്ലത്തെ (ആലക്കാട്ടില്ലം) പരേതനായ ദാമോദരൻ നമ്പൂതിരിയുടെ പത്നി തങ്കം അന്തർജ്ജനം (81) വിഷ്ണുപാദം പൂകി. മകൻ. ബാലകൃഷ്ണൻ നമ്പൂതിരി (റിട്ട. അദ്ധ്യാപകൻ). മരുമകൾ : ടി.വി.ജയശ്രീ അന്തർജ്ജനം (അദ്ധ്യാപിക)

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**എം.എസ്. വാസുദേവൻ നമ്പൂതിരി**

ഐങ്കൊമ്പ്: റിട്ട. ഡെപ്യൂട്ടി കളക്ടർ ഐങ്കൊമ്പ് മണക്കാട്ട് ഇല്ലം എം.എസ്. വാസുദേവൻ നമ്പൂതിരി (86) വിഷ്ണുപാദം പൂകി. വിദ്യാഭ്യാസ, സാമൂഹിക, സാംസ്ക്കാരിക രംഗങ്ങളിലെ മാതൃകാ പൊതുപ്രവർത്തകനാണ്. ഭാര്യ: അന്തീനാട് കല്ലമ്പള്ളി ഇല്ലം പരേതയായ അമ്മിണിക്കുട്ടി അന്തർജനം. മക്കൾ: സുജാത, നാരായണൻ നമ്പൂതിരി (കോട്ടയം), ബിജു കൊല്ലപ്പള്ളി (ആദിത്യ ടൂർ ആൻഡ് ട്രാവൽസ് പാലാ). മരുമക്കൾ: മാധവൻ നമ്പൂതിരി നീലമന (രാമപുരം), ജയ കിഴക്കേടത്ത് ഇല്ലം തിരൂർ (തൃശ്ശൂർ), പ്രീതി ചിരക്കാമറ്റം ഇല്ലം (പൂവക്കുളം).



**ശ്രീദേവി അന്തർജനം**

ഉരുളികുന്നം: ഓണിയപ്പുലത്തില്ലം ശ്രീദേവി അന്തർജനം (79) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ ഒ.എൻ. നാരായണൻനമ്പൂതിരി. മക്കൾ: പ്രസന്നകുമാരി നാരായണൻ (റിട്ട.ഹെഡ്മിസ്ട്രസ്, ശ്രീദയാനന്ദ എൽപിഎസ്, ഉരുളികുന്നം), സതികുമാരി നാരായണൻ (റിട്ട.ടീച്ചർ), ഇന്ദുകുമാരി നാരായണൻ, വിഷ്ണുനാരായണൻ നമ്പൂതിരി (ടാക്സ് പ്രാക്ടീഷണർ).മരുമക്കൾ: ഉണ്ണികൃഷ്ണൻനമ്പൂതിരി, ഇടമനയില്ലം (റിട്ട. പോലീസ് ഓഫീസർ), രഘുനാഥ് പുതുമനഇല്ലം, തൃശ്ശൂർ (റിട്ട.ഗവ.സർവീസ്), കെ.കെ. സുരേഷ്കുമാർ, കൈപ്പള്ളി ഇല്ലം, പട്ടിമറ്റം, കോലഞ്ചേരി (ഫോർമസിസ്റ്റ്), ആതിര, കരുമാളി ഇല്ലം, വടകര (ബാങ്ക്എംപ്ലോയി).



**ആര്യാദേവി അന്തർജനം**

ഓണംതുരുത്ത്: മങ്ങാട്ട് പദ്മാലയം ആര്യാദേവി അന്തർജനം (94) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ എം.എൻ.പദ്മനാഭൻ നമ്പൂതിരി. മക്കൾ: പരേതനായ എം.പി.കൈലാസം, പരേതനായ എം.പി.വൈകുണ്ഠം, ഗിരിജാദേവി, പി.പി.ജലജ, പി.പി.പൂർണ. മരുമക്കൾ: ഡോ. ലത കൈലാസം (കുറിശ്ശി മേച്ചേരി മന, തിരുവല്ല), സരസ്വതിദേവി (പോടൂർ ഇല്ലം, പരിപ്പ്), അച്യുതൻ നമ്പൂതിരി (അരവിന്ദ വേലി ഇല്ലം, ഓണംതുരുത്ത്), നാരായണൻ നമ്പൂതിരി (കുന്നത്ത് മഠം, നെയ്യാറ്റിൻകര), പി.വി.എസ്. നമ്പൂതിരി (പച്ചൻകുളത്തില്ലം, ചെങ്ങന്നൂർ).



**പ്രൊഫ. വി.എസ്. മാധവൻ**

എടക്കളത്തൂർ വടക്കേടത്ത് മന പ്രൊഫ. വി.എസ്. മാധവൻ (68) വിഷ്ണുപാദം പൂകി. എടക്കളത്തൂർ ദേശാഭിമാനി ക്ലബ് രക്ഷാധികാരി തോളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് (1988 2000)പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ (20002005) പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് (20132018) ദേശാഭിമാനി നാടകോൽസവ സമിതി ചെയർമാൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ, എം.ഇ.എസ്. കോളേജ് പൊന്നാനി ഫിസിക്സ് അധ്യാപകൻ, എടക്കളത്തൂർ അമ്പലനട ജലസേചന പദ്ധതി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.



**ടി.ജി. നമ്പൂതിരി**

പെരിന്തൽമണ്ണ: ശാന്തിനഗറിൽ തൃക്കഴിപ്പുറത്ത് മനയ്ക്കൽ ടി.ജി. നമ്പൂതിരി (98) വിഷ്ണുപാദം പൂകി. പാതായ്ക്കര എം.യു.പി.സ്കൂൾ അധ്യാപകനായിരുന്നു. നാടകനടൻ, അധ്യാപക സംഘടനാ പ്രവർത്തകൻ എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. പട്ടാമ്പി കണ്ണനൂർ ആണ് സ്വദേശം. ഭാര്യ: പരേതയായ ഉമാദേവി (റിട്ട. അധ്യാപിക). മക്കൾ: പ്രകാശ് (ഇൻകംടാക്സ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കോയമ്പത്തൂർ), കവിത (റിട്ട.അധ്യാപിക), പ്രശാന്ത് (അധ്യാപകൻ, മാണിക്കപ്പറമ്പ് ഹൈസ്കൂൾ). മരുമക്കൾ: കവിത, ശശികുമാർ, ജിഷ. സഹോദരങ്ങൾ: പരമേശ്വരൻ നമ്പൂതിരി (റിട്ട. ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ), നമ്പ്യാത്തൻ നമ്പൂതിരി (റിട്ട. അധ്യാപകൻ), ഉമാദേവി, ടി. രാമൻ (മുംബൈയിൽ : സു എൻജിനീയറായിരുന്നു), ആര്യൻ ടി. കണ്ണനൂർ (സാഹിത്യകാരൻ), കൃഷ്ണൻ നമ്പൂതിരി, പാർവതി, സാവിത്രി, ദേവകി, ശ്രീദേവി, ലീല, പരേതരായ നാരായണൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി.



**ശങ്കരൻ പോറ്റി**

കിളിമാനൂർ ദേവേശ്വരത്ത് തലക്കുളത്ത് മഠത്തിൽ ശങ്കരൻ പോറ്റി (82) (റിട്ട. ഡെപ്യൂട്ടി സെക്രട്ടറി, സെക്രട്ടേറിയറ്റ്) വാർദ്ധക്യസഹജമായ അസുഖത്താൽ വിഷ്ണുപാദം പൂകി. ഭാര്യ സരസ്വതി ദേവി, അരുവിക്കര അയണിയറത്തല ഇടമന മഠം കുടുംബാംഗമാണ്.



**നാരായണൻ പോറ്റി**

കൊടുപ്പുന്ന: പെരിയമന പടിഞ്ഞാറെമഠത്തിലെ (കുടമാളൂർ നിഷാഭവൻ) നാരായണൻ പോറ്റി (അപ്പു-80) വിഷ്ണുപാദം പൂകി. കോട്ടയം, കോടിമത പള്ളിപ്പുറത്തുകാവ് ക്ഷേത്രം മുൻ മേൽശാന്തിയായിരുന്നു. ഭാര്യ: തങ്കമണി. മക്കൾ: നിഷ എൻ., നിത്യ എൻ. മരുമക്കൾ: അനീഷ്, അനൂപ്.



**നാരായണൻ നമ്പൂതിരി**

പട്ടാമ്പി: വേദപണ്ഡിതൻ കിഴായൂർ ആലമ്പിള്ളി മന നാരായണൻ നമ്പൂതിരി (99) വിഷ്ണുപാദം പൂകി. ഏറെക്കാലം തൃശ്ശൂർ ബ്രഹ്മസം മഠത്തിൽ വേദാധ്യാപകനായിരുന്നു. അവിവാഹിതനാണ്. മഹാകവി അക്കിത്തത്തിന്റെ ഭാര്യ പരേതയായ ശ്രീദേവി അന്തർജനത്തിന്റെ സഹോദരനാണ്.



**സാവിത്രി അന്തർജനം**

വിളയിൽ പറപ്പൂർ കൊളങ്ങര പരമേശ്വരൻ നമ്പൂതിരിയുടെ ഭാര്യ സാവിത്രി അന്തർജനം (74) വിഷ്ണുപാദം പൂകി. മക്കൾ: അർച്ചന (യു.എസ്.എ), ഗായത്രി (റവന്യൂ), ജീവൻ കൃഷ്ണ (ചെന്നൈ). മരുമക്കൾ: സുദേവ്, ഉണ്ണികൃഷ്ണൻ കണ്ടമംഗലം ദിവ്യ (ചെന്നൈ).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**എസ് കൃഷ്ണകുമാർ**

കോഴിക്കോട്: സർവവിജ്ഞാനകോശം ദൃശ്യകലാവിഭാഗം മുൻ അസിസ്റ്റന്റ് എഡിറ്ററും കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രാദേശിക കേന്ദ്രം മുൻഅസിസ്റ്റന്റ് ഡയറക്ടറുമായ നെയ്യാറ്റിൻകര കുന്നത്തുകാലിൽ 'ദ്വാരക'യിൽ എസ് കൃഷ്ണകുമാർ (58 ) കോഴിക്കോട് പൊക്കുന്നിലെ സ്വവസതിയായ അവന്തികയിൽ വിഷ്ണുപാദം പൂകി. നിരവധി പരസ്യചിത്രങ്ങളുടെയും ഡോക്യുമെന്റ് ചിത്രങ്ങളുടെയും തിരക്കഥാകൃത്താണ്. യക്ഷഗാനം, കൃഷ്ണനാട്ടം, കണ്ണേറ് ഒരു ഫോക്‌ലോർ പഠനം, വടക്കൻപാട്ടിലെ വീരകഥകൾ, മഹാത്മജിയും മലയാളകവിതയും, സുകുമാർ അഴീക്കോട്, മോൻസി ജേക്കബ്, ദക്ഷിണാമൂർത്തി തുടങ്ങി നിരവധി കൃതികളുടെ കർത്താവാണ്. തിരൂർ മലയാളസർവകലാശാല സംസ്കാരപൈതൃക പഠനവിഭാഗം ഡീൻ താമരക്കുളം ഇല്ലത്തെ ഡോ ടി വി സുനീതയാണ് ഭാര്യ. മകൾ ഗായത്രി കൃഷ്ണ (എറണാകുളം ചിന്മയാ വിശ്വവിദ്യാലയം എം എസ്സ്സി സൈക്കോളജി വിദ്യാർത്ഥിനി)



**ഡോ. ആർ.ഡി. അയ്യർ**

ഓച്ചിറ(കൊല്ലം): പ്രമുഖ കൃഷിശാസ്ത്രജ്ഞൻ തഴവ കുതിരപ്പന്തി വെങ്ങാട്ടംപള്ളിൽ മഠത്തിൽ ഡോ. ആർ.ഡി. അയ്യർ (91 മുൻ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ആൻഡ് ക്രോപ് ഇംപ്രൂവ്മെന്റ് വിഭാഗം മേധാവി, സിപിസിആർഐ, കാസർകോട്) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ ഡോ. രോഹിണി അയ്യർ (മുൻ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്, സിപി സിആർഐ, കാസർകോട്). ഡോ. എം.എസ്. സ്വാമിനാഥന്റെ ശിഷ്യനും ബന്ധുവുമായിരുന്നു. അദ്ദേഹത്തെക്കുറിച്ച് 'ഇന്ത്യൻ കാർഷിക വിപ്ലവത്തിന്റെ ശിൽപി' എന്ന പേരിൽ പുസ്തകം പുറത്തിറക്കി. 1978-ൽ ഏറ്റവും നല്ല ഗവേഷ ണപ്രബന്ധത്തിനുള്ള ജവഹർലാൽ നെഹ്രു സ്മാരക പുരസ്കാരം നേടി. മക്കൾ: ചിത്രാഅയ്യർ (പിന്നണി ഗായിക, ആർട്ടിസ്റ്റ്), ശാരദാഅയ്യർ (ജർമനി), ഡോ. രമാഅയ്യർ (ഗൈനക്കോളജിസ്റ്റ്, യു കെ). മരുമക്കൾ: ക്യാപ്റ്റൻ വിനോദ് ശിവരാമൻ (പൈലറ്റ്, ഇൻഡിഗോ എയർ ലൈൻസ്), ഡോ. മുരളിധരൻ (യുകെ).



**നീലകണ്ഠൻ നമ്പൂതിരി**

പാലക്കാട് (മങ്കര): കറുത്തേടത്ത് മന നീലകണ്ഠൻ നമ്പൂതിരി (93) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ ശ്രീദേവി അന്തർജനം (തൃപ്പേക്കുളത്തുമന, ചെങ്ങമനാട്). മക്കൾ: കൃഷ്ണൻ നമ്പൂതിരി (റിട്ട. ഉദ്യോഗസ്ഥൻ, ബി.എസ്.എൻ.എൽ), ഉഷാദേവി (റിട്ട. പോസ്റ്റ്മിസ്ട്രസ്). മരുമക്കൾ: സജിത (ചെറുമുക്ക് മന), വിജയൻ (റിട്ട. അധ്യാപകൻ, മുല്ലനേഴി മന).



**എ.വി.വാസുദേവൻ നമ്പൂതിരി**

ഇടയിരിക്കപ്പുഴ: കേരള ബാങ്ക് റിട്ട. മാനേജർ ഇടയ്ക്കാട്ടില്ലം എ.വി.വാസുദേവൻ നമ്പൂതിരി (72) വിഷ്ണുപാദം പൂകി. ഭാര്യ: നെടുംകുന്നം വെതിരമന സാവിത്രിക്കുട്ടി. മക്കൾ: വി.വാസുദേവൻ നമ്പൂതിരി (എറണാകുളം), ശ്രീകുമാർ വി. നമ്പൂതിരി (ബെംഗളൂരു). മരുമകൾ: എം.എസ്.ചിത്ര (റവന്യൂ വിഭാഗം, തിരുവനന്തപുരം).



**രാമൻ നമ്പൂതിരിപ്പാട്**

തൃപ്പൂണിത്തുറ: കണ്ണൻകുളങ്ങര കണ്ണൻതൃക്കോവിലിന് സമീപം കീഴോട്ടുകര കടലായിൽ മന രാമൻ നമ്പൂതിരിപ്പാട് (86) വിഷ്ണുപാദം പൂകി. ഭാര്യ: പൊൽപ്പാക്കര മന ഇന്ദിര പി.എം. മക്കൾ: സാജൻ കെ. ആർ. (കൊച്ചിൻ ഷിപ്പ്യാർഡ്), സുജ കെ. ആർ. (പി.ഡബ്ല്യു.ഡി. തമിഴ്നാട്), മരുമക്കൾ: ഹരിത (എറാഞ്ചേരി), നാരായണ ശർമ്മ (കക്കാട്ട് മഠം).



**ദേവകി അന്തർജനം**

അമ്പാഴപ്പുറത്ത് നാരായണൻ മൂസ്സതിന്റെ ഭാര്യ ദേവകി അന്തർജനം (പാണ്ടിക്കടവ് മകൾ) (65) വിഷ്ണുപാദം പൂകി.



**ശ്രീദേവിക്കുട്ടി അന്തർജ്ജനം**

ശ്രീദേവിക്കുട്ടി അന്തർജ്ജനം (87) വാർദ്ധക്യസഹജമായ അസുഖത്താൽ വിഷ്ണുപാദം പൂകി.



**സരസ്വതി അന്തർജ്ജനം**

നീലംപേരൂർ കൊല്ലപ്പള്ളി മഠം പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ സരസ്വതി അന്തർജ്ജനം (97) വിഷ്ണുപാദം പൂകി. മക്കൾ: ഗോവിന്ദൻ നമ്പൂതിരി, ഈശ്വരൻ പോറ്റി (റിട്ട. ഡെപ്യൂട്ടി കലക്ടർ), ശങ്കർ (കേളചന്ദ്ര പൈപ്പ്,ചിങ്ങവനം), ശ്രീധരൻ പോറ്റി (റിട്ട. വില്ലേജ് ഓഫീസർ), നാരായണൻ പോറ്റി (റിട്ട. ടാറ്റാ ടീ), ശംഭു പോറ്റി (റിട്ട. ടാറ്റാ ടീ), ദമോദരൻ പോറ്റി (റിട്ട. കെ.എസ്.എഫ്.ഇ). മരുമക്കൾ: സുജാത, സുഭദ്ര, എൻ.ബിന്ദു, ശശികല, രാജശ്രീ, മാധുരി, ബിന്ദു, രാജശ്രീ .



**ശ്രീദേവി അന്തർജനം**

മൂഴിക്കുളങ്ങര: കറുത്തേടത്ത് മന ശ്രീദേവി അന്തർജനം (78) വിഷ്ണുപാദം പൂകി.



**രമണി അന്തർജനം**

തൈക്കാട്ടുശ്ശേരി കുറുമാലി പടുതോൾമനയിൽ ദാമോദരൻ നമ്പൂതിരിയുടെ പത്നി രമണി അന്തർജനം (63) വിഷ്ണുപാദം പൂകി.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**സതീദേവി**
പേയാട് ,കാട്ടുവിള, താഴ്‌വാരം ആനയ്ക്കാട്ടു മഠത്തിൽ പരേതനായ ശ്രീമാൻ ശ്രീനാഥൻ പോറ്റിയുടെ(കോട്ടവട്ടം) സഹധർമ്മിണി സതീദേവി(79 വയസ്) ഞാറ്റ്യാല മന,ചേന്ദമംഗലം വിഷ്ണുപാദം പൂകി. മക്കൾ; വിശ്വാസ് കുമാർ, വിനയ കുമാർ (കൊങ്കൺ റെയിൽവേ), വിജയശ്രീ(കുമാരനല്ലൂർ). മരുമക്കൾ: ബിന്ദു( തേൻമാവന മഠം) ശ്യാമളാദേവി(ശ്രീമംഗലത്ത് മഠം, പുല്ലയിൽ, കിളിമാനൂർ), സി.എൻ. വാസൻ( ചൂരക്കാട്ടില്ലം, കുമാരനല്ലൂർ).



**ദ്രൗപദി അന്തർജനം**
വാഴപ്പള്ളി: പടിഞ്ഞാറ് കണ്ണമ്പേരൂർ ഇല്ലത്ത് ദ്രൗപദി അന്തർജനം (82) വിഷ്ണുപാദം പൂകി. ഭർത്താവ് പരേതനായ കെ.മാധവൻ നമ്പൂതിരി. മക്കൾ: സരസ്വതിക്കുട്ടി, കൃഷ്ണൻ നമ്പൂതിരി (റിട്ട. ദേവസ്വം ബോർഡ്), ഈശ്വരൻ നമ്പൂതിരി, മാധവൻ നമ്പൂതിരി (ദേവസ്വം ബോർഡ് മങ്കൊമ്പ്). മരുമക്കൾ: ഗോവിന്ദൻ നമ്പൂതിരി കോട്ടയം, സുവർണാദേവി, അമ്പിളി എൻ. നമ്പൂതിരി, മഞ്ജു ആർ.ശർമ.



**വിജയൻ നമ്പൂതിരി**
കോട്ടായി ആട്ടീരി. മൂത്തേടത്ത് മനക്കൽ പരേതരായ ബ്രഹ്മശ്രീ. ഘ്യൂണി നമ്പൂതിരിയുടെയും ലീലാ അന്തർജ്ജനത്തിന്റെയും മകൻ മൂത്തേടം വിജയൻ നമ്പൂതിരി വിഷ്ണു പാദം പൂകി.



**കൃഷ്ണൻ പോറ്റി**
തൊടുപുഴ: വാഴപ്പിള്ളി മഠം കൃഷ്ണൻപോറ്റി (83-തൊടുപുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം മുൻ മേൽശാന്തി) വിഷ്ണുപാദം പൂകി. ഭാര്യ: സരസ്വതി അന്തർജനം. മകൻ: രാജേഷ് കൃഷ്ണൻ (മേൽശാന്തി, തൊടുപുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം). മരുമകൾ: സ്മിത രാജേഷ്.



**സദാനന്ദനുണ്ണി മൂസ്സത്**
ആറ്റൂർ പാലപ്പിള്ളി ഇല്ലത്ത് ദാമോദരൻ മൂസ്സത് മകൻ സദാനന്ദനുണ്ണി മൂസ്സത് (ആനന്ദൻ) വിഷ്ണു പാദം പൂകി



**ദേവകി അന്തർജ്ജനം**
തേവന്നൂർ ഉഴിത്രപ്പള്ളി ഇല്ലത്തു യശ:ശരീരനായ ശ്രീ ഈശ്വരൻ നമ്പൂതിരിയുടെ സഹധർമ്മിണി ദേവകി അന്തർജ്ജനം (കുട്ടിയമ്മ, 84 ) വിഷ്ണു പാദം പൂകി. മക്കൾ : വിഷ്ണു നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി



**കൃഷ്ണൻ പണ്ടാരത്തിൽ**
കൃഷ്ണൻ പണ്ടാരത്തിൽ (70), നെടുമൺ മഠം പാൽകുളങ്ങര വിഷ്ണു പാദം പൂകി..



ശ്രീദേവി അന്തർജനം
കൊച്ചി: എറണാകുളം കാണിനാട് ചേകൂർ മനയിൽ (ശ്രീനിലയം) ശ്രീദേവി അന്തർജനം (84) വിഷ്ണുപാദം പൂകി. ഭർത്താവ്: നാരായണൻ ഭട്ടതിരിപ്പാട്. മക്കൾ: ഹരിനാരായണൻ (റെയിൽവേ), ശ്രീകുമാർ (ബി.പി.സി.എൽ). മരുമക്കൾ: മായ, സൗമ്യ.



**നാരായണൻ നമ്പൂതിരി**
കൊട്ടിയൂർ പാലോന്നം സ്ഥാനീകനും പാലോന്നം കുടുംബത്തിലെ ഇപ്പോഴത്തെ കാരണവരും മൃദംഗ ശൈലേശ്വരി ക്ഷേത്രത്തിൽ(മുഴക്കുന്നമ്പലത്തിൽ ) 44വർഷം ശാന്തിക്കാരനുമായിരുന്ന നാരാപ്പൻ എന്ന നാമത്താൽ അറിയപ്പെട്ട നാരായണൻ നമ്പൂതിരി വിഷ്ണുപാദം പൂകി. മക്കൾ: ഗായത്രി, കൃഷ്ണൻ , ശ്രീജിത്ത്. മരുമക്കൾ: മേക്കാട് ശങ്കരൻ, സുജിത. പേരക്കിടാങ്ങൾ: അർജുൻ പാലോന്നം ദേവാനന്ദ് പാലോന്നം ,സംഗീത ,സാഹിത്യ, ഹരിനാരായണൻ മേക്കാട് .



**കൃഷ്ണൻ ഭട്ടതിരിപ്പാട്**
തൃശൂർ: വടക്കാഞ്ചേരി അരപ്പനാട്ട് മനയിൽ കൃഷ്ണൻ ഭട്ടതിരിപ്പാട് (87) വിഷ്ണുപാദം പൂകി. കേന്ദ്ര പൊതുമരാമത്ത് വകുപ്പിൽ ഉത്തരേന്ത്യയിൽ എൻജിനീയറായിരുന്നു. ഭാര്യ: പല്ലിക്കാട്ട് മന ആര്യ. മക്കൾ: സുരേഷ് കൃഷ്ണൻ, സുനിത. മരുമക്കൾ: ആറങ്ങോട്ട് മുണ്ടയൂർ രേഖ, തൃക്കഴിപ്പുറത്ത് ദേവദാസ്.



**ലീല അന്തർജനം**
പട്ടാമ്പി തൃക്കഴിപ്പുറത്ത് പരേതനായ പരമേശ്വരൻ അടതിരിപ്പാടിന്റെ മകളും പാലേലി മനയിൽ പരേതനായ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ ഭാര്യയുമായ ലീല അന്തർജനം (91) വിഷ്ണുപാദം പൂകി. ആലുവ പ്രദേശങ്ങളിലുള്ള അക്ഷരശ്ലോകരംഗത്ത് നിറഞ്ഞുനിന്നിരുന്നു. മകന്റെ അറുപതാം പിറന്നാളിനോടനുബന്ധിച്ച് പുരവയ്ക്കുന്നതിന് ഒരു ഹരിജൻ കുടുംബത്തിന് ഭൂമി ദാനംചെയ്തു. മക്കൾ: വാസുദേവൻ (റിട്ട. യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് സൊസൈറ്റി), പാലേലി മോഹൻ (റിട്ട. ജന്മഭൂമി ദിനപത്രം), ആശ, പരേതനായ നാടകനടൻ മധു പാലേലി, സഹോദരങ്ങൾ: പരമേശ്വരൻ നമ്പൂതിരി (റിട്ട. ഫോറസ്റ്റ് ഓഫീസർ), നമ്പ്യാത്തൻ നമ്പൂതിരി (റിട്ട. അധ്യാപകൻ), ടി. രാമൻ (റിട്ട. പി.ഡബ്ലിയു.ഡി. എൻജിനീയർ, മഹാരാഷ്ട്ര), ആര്യൻ കണ്ണനൂർ (നോവലിസ്റ്റ്), ശ്രീദേവി ഒ.പി.വി., ഉമാദേവി തേവർകാട്, പരേതരായ നാരായണൻ നമ്പൂതിരി, ഗണപതി നമ്പൂതിരി, വാസുദേവൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, സാവിത്രി അന്തർജനം, പാർവതി അന്തർജനം, ദേവകി അന്തർജനം. മരുമക്കൾ: ശൈലജ, ഭദ്ര, ചങ്ങഴിശ്ശേരി സന്തോഷ്.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**പരമേശ്വരൻ നമ്പൂതിരിപ്പാട്**

കൊട്ടിയൂർ മഹാദേവക്ഷേത്രം പന്തീരടികാമ്പ്രം സ്ഥാനികൻ കാമ്പ്ര ത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരിപ്പാട് (96) വിഷ്ണുപാദം പൂകി. ഭാര്യ: പാർവതി അന്തർജനം. മക്കൾ: സുജാത അന്തർജ്ജനം (തരണി ഇല്ലം), വാസുദേവൻ നമ്പൂതിരിപ്പാട് (ബൊക്കാറോ), സുധാമണി (മരനെല്ലി ഇല്ലം), സുമ (മാടത്തിൽ മല്ലിശ്ശേരി), ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട് (റിട്ട. അദ്ധ്യാപകൻ), ശ്രീജ (മുണ്ടോട്ട് പുളിയപ്പടമ്പ്), സവിത (ആമല്ലൂർ മന), സജിത (അരീക്കര മന), സൗഭാഗ്യ (പരിയാനംപറ്റ മന). സഹോദരങ്ങൾ: പാർവതിഅന്തർജനം (എരട്ടി ഇല്ലം), സാവിത്രി അന്തർജനം (പാടി ഇല്ലം), കൃഷ്ണൻ നമ്പൂതിരിപ്പാട് (റിട്ട: ചീഫ് എൻജിനീയർ ബൊക്കാറോ സ്റ്റീൽ), പരേതരായ ശ്രീദേവി അന്തർജ്ജനം (പഴയിടത്തില്ലം), ദേവകി അന്തർജ്ജനം (പാക്കത്തില്ലം), ശങ്കരൻ നമ്പൂതിരിപ്പാട്. മരുമക്കൾ : ശങ്കരൻ നമ്പൂതിരി തരണി ഇല്ലം (മേൽശാന്തി വൈക്കം മഹാദേവ ക്ഷേത്രം), സുമംഗല കാലടി ഇല്ലം (അദ്ധ്യാപിക, ബൊക്കാറോ), ജയന്തൻ നമ്പൂതിരി മരനെല്ലി ഇല്ലം (മീനങ്ങാടി), ഈശാനൻ മാടത്തിൽ മല്ലിശ്ശേരി (റിട്ട. കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥൻ), റീജ ഭട്ടതിരി (അദ്ധ്യാപിക), മാധവൻ നമ്പൂതിരി ചെപ്പനൂൽ മുണ്ടോട്ട്. (റിട്ട. അധ്യാപകൻ), കേശവൻ നമ്പൂതിരി അരീക്കര (മേൽശാന്തി, തിരുനാവായ ക്ഷേത്രം), നാരായണൻ നമ്പൂതിരിപ്പാട് പരിയാനമ്പറ്റ, തൃശൂർ, പരേതനായ ദാമോദരൻ നമ്പൂതിരി, ആമല്ലൂർ മന.



**കുബേരൻ നമ്പൂതിരി**

വെളിയമ്പ്ര തടത്തിൽ ഇല്ലത്തിൽ പി.എം.കുബേരൻ നമ്പൂതിരി (66) വിഷ്ണുപാദം പൂകി. വെളിയമ്പ്ര എൽ.പി. സ്കൂൾ റിട്ട. പ്രധാനാധ്യാപകനാണ്. അച്ഛൻ: പരേതനായ പി.എം. മഹേശ്വരൻ നമ്പൂതിരി, അമ്മ: സാവിത്രി അന്തർജനം. ഭാര്യ: എം.രമണി (റിട്ട. പ്രധാനാധ്യാപിക, വെളിയമ്പ്ര എ്ം.പി. സ്കൂൾ). മക്കൾ: പി.എം.രമ്യ (സിവിൽ സ്റ്റേഷൻ, കോഴിക്കോട്), പി.എം. സൗമ്യ (സിംഗപ്പൂർ), പി.എം.സൂര്യ (അസി. എൻജിനീയർ വയനാട്), ശ്രീഹരി. മരുമക്കൾ: ത്രിവിക്രമൻ (അധ്യാപകൻ, കുന്നമംഗലം ഹയർ സെക്കൻഡറി സ്കൂൾ), നിതേഷ് രാജ്, പി.അനിൽ (ടാറ്റ കോഫീ, കുടക്), സഹോദരങ്ങൾ: പി.എം.നാരായണൻ നമ്പൂതിരി (റിട്ട. അധ്യാപകൻ, വ്യാസ എൻ.എസ്.എസ്. കോളേജ്, വടക്കാഞ്ചേരി), മഹേശ്വരൻ നമ്പൂതിരി (റിട്ട. അധ്യാപകൻ, മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ), തങ്കമണി, ലീല, പരേതനായ ഉണ്ണികൃഷ്ണൻ.



**ഗൗരി അന്തർജനം**

പനയൂർ മന പരേതനായ ചെറിയ നീലകണ്ഠൻ നമ്പൂതിരിയുടെ പത്നി ഗൗരി അന്തർജനം (88) വിഷ്ണു പാദം പൂകി.



**വാസുദേവൻ നമ്പൂതിരി**

പൈങ്കടവത്തില്ലത്ത് വാസുദേവൻ നമ്പൂതിരി (65- റിട്ട. റെയിൽവേ) വിഷ്ണുപാദം പൂകി. പത്നി: ഗായത്രിദേവി (ചെമ്പാഴി ഇല്ലം). മക്കൾ: അജയ്കൃഷ്ണൻ, വിജയ്ദേവ്.



**രാജശ്രീ**

ഇരിങ്ങാലക്കുട ഉപസഭാംഗം പായ്ക്കാട്ട് രാജേന്ദ്രന്റെ പത്നി രാജശ്രീ വിഷ്ണുപാദം പൂകി. മക്കൾ. ശ്രീകർ പി.ആർ. ശ്രേയ പി.ആർ.. ഓച്ചിറ ക്ലാപ്പനയിൽ തോട്ടത്തിൽ ഇല്ലത്തെ മഹളാണ്



**ഗോപാലകൃഷ്ണൻ പോറ്റി**

ചേർത്തല: മരുത്തോർവട്ടം സത്യനിവാസിൽ ഗോപാലകൃഷ്ണൻ പോറ്റി (89) വിഷ്ണുപാദം പൂകി. മക്കൾ: ഗോപകുമാർ, സത്യനാരായണൻ, സുധ. മരുമക്കൾ: ലത, മഹാലക്ഷ്മി, പി.ജി.ചന്ദ്രൻ.



**ആര്യാദേവി അന്തർജനം**

ചെറിയ തെന്നാട് പരേതനായ വാസുദേവൻ നമ്പൂതിരിയുടെ പത്നി ആര്യാദേവി അന്തർജനം (94) മകൻ സി.ടി. നാരായണൻ നമ്പൂതിരിയുടെ കോഴിക്കോട് ഉള്ള വസതിയിൽ വെച്ചു വിഷ്ണുപാദം പൂകി. മക്കൾ: അനിയൻ ധവാസുദേവൻപ, ലളിത കൃഷ്ണൻ, സി.ടി. നാരായണൻ നമ്പൂതിരിധ മേൽശാന്തി ശ്രീ പെരുമൺപുറ മഹാവിഷ്ണു ക്ഷേത്രംപ ശ്രീമതി സന്തോഷ്. മരുമക്കൾ: ജയശ്രീ നാരായണൻ (പുൽപ്പറമ്പിൽ എടക്രമഞ്ചേരി ഇല്ലം) കൃഷ്ണൻ താഴേക്കോട്ട് മന (ശ്രീകൃഷ്ണപുരം), സന്തോഷ് മാടമന (അങ്കമാലി).



**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

മഞ്ചേരി: കാലടി ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി (81) വിഷ്ണുപാദം പൂകി. സഹോദരങ്ങൾ: വാസുദേവൻ നമ്പൂതിരി, ശശിധരൻ, പരേതനായ ഭാസ്കരൻ.



**പാർവതി അന്തർജനം**

തളിപ്പറമ്പ് വല്ലത്ത് ഇല്ലം പരേതനായ പരമേശ്വരൻ നമ്പൂതിരിയുടെ സഹധർമ്മിണി പാർവതി അന്തർജനം വിഷ്ണുപാദം പൂകി. മക്കൾ: ആശ, നിഷ, അനിത. മരുമക്കൾ: പരേതനായ പാട്ടം പാർത്ഥസാരഥി, ഗോവിന്ദ് ഇല്ലം ശിവപ്രസാദ്, കരിമ്പന ഉണ്ണികൃഷ്ണൻ.



**റ്റി.ജെ. ഗോപാലകൃഷ്ണൻ**

പുലിയന്നൂർ തുരുത്തിപ്പള്ളിൽ ഇല്ലത്ത് റ്റി.ജെ. ഗോപാലകൃഷ്ണൻ (73) വിഷ്ണുപാദം പൂകി. ഭാര്യ സുകുമാരി ( കിഴക്കിനിയേടത്ത് മന കൊടകര ). മക്കൾ: ജയന്ത് ( ജെ & ബി ഹോളിഡേയ്സ് എറണാകുളം), ജയനാരായണൻ (അസഞ്ചർ ബാംഗ്ളൂർ), മരുമക്കൾ: ഡോ. ഭദ്ര ( കാവുങ്കൽ മംഗലശ്ശേരി മന മഞ്ചേരി), ഡോ. പാർവ്വതി ( വടശ്ശേരി മന വൈക്കം )

**സ്വസ്തിയിൽ ചരമവാർത്തകൾ**
**നൽകാൻ വാട്ട്സ് ആപ്പ് ചെയ്യൂ**
**9400992823**

# സ്മരണാഞ്ജലി



1923 - 2004

**ശങ്കരൻ നമ്പൂതിരി**
കാഞ്ഞിരത്തോട്ടം ഇല്ലം





1930 - 2021

**ഗംഗ അന്തർജനം**
ചെറുവക്കാട്ട് ഇല്ലം

മക്കൾ: **നാരായണൻ നമ്പൂതിരി** (L), **ശങ്കരൻ നമ്പൂതിരി, ശ്രീധരൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി.**
മരുമക്കൾ: **ശ്രീദേവി അന്തർജനം** (പുന്നപ്പിള്ളി മന), **ഇന്ദിര അന്തർജനം** (നെല്ലിപ്പറ്റ ബാണത്തൂർ, മണാട്ടു പൊയിൽ), **പ്രസന്ന അന്തർജനം** (L കരിഞ്ഞ മണ്ണ് ഇല്ലം), **ആര്യ അന്തർജനം** (തടത്തിൽ ചെമ്മരം ഇല്ലം), **രജനി അന്തർജനം** (കിഴൂത്രിൽ കൊട്ടാരം ഇല്ലം).

പേരമക്കളും കുടുംബവും: **ശ്രീന – ബാൽരാജ്** (മൂർത്തിയേടം), **ജയശങ്കർ – ശ്രീദേവി** (കണ്ണമംഗലം ഇല്ലം), **സൌമ്യ – സുദേവ്** (ബാണത്തൂർ ഇല്ലം), **ഐശ്വര്യ- സുധീഷ്** (പറമ്പൂരില്ലം), **അജയ് ശങ്കർ – മഞ്ജരി** (മുണ്ടേക്കാട് ഇല്ലം), **ശ്രീ പ്രസാദ്, ശ്രീകല – വാസുദേവൻ** (കാരക്കാട് പുല്ലങ്കോട്ടില്ലം), **വിഷ്ണുശങ്കർ, ഗംഗാ കൃഷ്ണ, ഗായത്രി കൃഷ്ണ**, കൊച്ചുമക്കൾ: **അഭിഷേക്, അർച്ചന, ശിവ , ശ്രീദേവി കൃഷ്ണ, ദേവനാരായണൻ, ദേവദത്ത്, അത്രിദേവ് നാരായണൻ, നന്ദിതാ സാവിത്രി, യശ്വൻ ശങ്കർ, ദേവാംഗ് ശങ്കർ, സിദ്ധിതാ വാസുദേവ്.**

കാഞ്ഞിരത്തോട്ടം ഇല്ലം, കാഞ്ഞിരമുഴി, കല്ലുരുട്ടി പി.ഒ, ഓമശ്ശേരി (വഴി), കോഴിക്കോട്, 673582, ഫോ: 8943874609, 9447582149



## തൃശൂർ നടുവിൽ മഠം മൂപ്പിൽ സ്വാമിയാർ നീലകണ്ഠഭാരതികൾ സമാധിയായി

കേരളത്തിലെ ശ്രീ ശങ്കര പരമ്പരയിലെ ഏറ്റവും മുതിർന്ന സന്യാസിയും തൃശ്ശൂർ നടുവിൽ മഠത്തിലെ മൂപ്പിൽ സ്വാമിയാരുമായ മറവഞ്ചേരി തെക്കേടത്ത് നീലകണ്ഠ ഭാരതികൾ സമാധിയായി. 90 വയസ്സ് കഴിഞ്ഞിരുന്നു. ഇദ്ദേഹം 2000 ൽ സന്യാസം സ്വീകരിച്ചു. 2002 ൽ നടുവിൽ മഠം മൂപ്പിൽ സ്വാമിയാരായി അവരോധിക്കപ്പെട്ടു. 2021 ഇളമുറ സ്വാമിയാരായി ശ്രീമദ് അച്യുതഭാരതികളെ സന്യസിപ്പിച്ചു. 2025 ൽ മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരിയെ സന്യാസം കൊടുത്ത് ഇളമുറ സ്വാമിയാരായി അവരോധിച്ചു.



പൂവാട്ടുപറമ്പ് വൈദികവിജ്ഞാനകേന്ദ്രത്തിന്റെ 25-ാം വാർഷികാഘോഷം കൊളത്തൂർ അദ്വൈതാശ്രമം മഠാധിപതി ചിദാനന്ദപുരി സ്വാമികൾ ഉദ്ഘാടനം ചെയ്തു. റിട്ട. ജഡ്ജി വി.ജയറാം അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മങ്ങത്തായ കേശവൻ നമ്പൂതിരി സ്മാരക വേദശ്രേഷ്ഠ പുരസ്കാരം വൈദികൻ ചെറുമുക്ക് വല്ലഭൻ അക്കിത്തിരിപ്പാടിന് സമർപ്പിച്ചു. ഡോ. ദേവകുമാർ തെഞ്ചേരി, ശ്രീജ പേരൂർ, കൃഷ്ണൻ നമ്പീശൻ തുടങ്ങിയവരെ ആദരിച്ചു. മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി, സാമൂതിരി രാജാവിന്റെ പ്രതിനിധി കൃഷ്ണവർമ്മ രാജ, പെരുമണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പി.രാജൻ എന്നിവർ ആശംസകൾ അർപ്പിച്ചു.മാനേജിംഗ് ട്രസ്റ്റി വയപ്പുറം നാരായണൻ നമ്പൂതിരി സ്വാഗതവും സെക്രട്ടറി പി.വാസുദേവൻ നമ്പൂതിരി നന്ദിയും പറഞ്ഞു.

# സഫലമീ യാത്ര



പ്രശസ്ത ചിത്രകാരനും സ്നേഹസമ്പന്നനായ അധ്യാപകനും സമാനതകളില്ലാത്ത മേക്കപ്പ് ആർട്ടിസ്റ്റുമായിരുന്നു കളത്തില്ലം വിഷ്ണു നമ്പൂതിരി.

‘വര’ ശല്യമുള്ള കുട്ടികളെ കണ്ടെത്തി പെൻസിലും ഡ്രോയിംഗ് ബുക്കും വാങ്ങിക്കൊടുത്ത് മനസ്സിൽ വരുന്നതെല്ലാം വരക്കാൻ പ്രേരിപ്പിച്ചിരുന്നു ഈ അധ്യാപകൻ. മിടുക്കരായ ശിഷ്യരെ ബാല ചിത്രരചനാ മത്സരങ്ങളിലും നാടകക്കളരികളിലും ഒക്കെ സ്വന്തം ചിലവിൽ കൊണ്ടുപോയി, ചിത്രകല, ചമയം,രംഗപടം എന്നിവയിലെല്ലാം പ്രതിഭകളെ വളർത്തിയെടുത്തു വിഷ്ണുനമ്പൂതിരിയെന്ന മഹാഗുരു. ഇതെല്ലാം ഒരധ്യാപകന്റെ സ്വാഭാവിക കടമയെന്ന എളിമയും.

പുണ്യപുരാണ നാടകങ്ങൾക്ക് കർട്ടനും കട്ടൗട്ടുകളൊരുക്കിയും പല നാടക സമിതികൾക്കും മേക്കപ്പ് ആർട്ടിസ്റ്റായും ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും മിനിക്കോയ് ദ്വീപിലുമെല്ലാം നിരവധി യാത്രകളുമായി തിരക്കിലായിരുന്നു നമ്പൂതിരി.

സഫലമായ ആ ജീവിത യാത്രക്കും പൂർത്തിയാക്കാതെ കർട്ടൻ വീണു.

ഞങ്ങളുടെ പ്രിന്റർ ആന്റ് പബ്ളിഷറും ജീവാത്മാവുമായിരുന്ന വിഷ്ണുവേട്ടന് ‘സ്വസ്തി ത്രൈമാസിക’ കുടുംബത്തിന്റെ കണ്ണീർ പ്രണാമം.




തീച്ചാമുണ്ഡി

# മലയറാട്ട്

പെരിഞ്ചല്ലൂർ ഗ്രാമത്തിലെ (തളിപ്പറമ്പ്) താന്ത്രിക പാരമ്പര്യമുള്ള ഇല്ലമാണ് ഇടവലത്ത് പുടയൂർ. മന്ത്രമൂർത്തി ഉപാസനകൂടി ഉള്ളതിനാൽ മന്ത്രശാലകളെന്നും അറിയപ്പെടുന്നു. ഇല്ലത്ത് അകത്തളങ്ങളിൽ ആരാധിച്ചുവരുന്ന മൂർത്തിമാരുടെ തെയ്യക്കോലങ്ങൾ കെട്ടിയാടിക്കുന്ന മാന്ത്രിക ഉപാസനയാണ് മലയറാട്ട് അഥവാ കളിയാട്ട മഹോത്സവം.

20 വർഷത്തെ ഇടവേളക്ക് ശേഷം പുടയൂർ മനയിൽ 2026 ജനുവരി 16, 17, 18 തിയ്യതികളിൽ കളിയാട്ട മഹോത്സവം നടന്നു. എടവലത്ത് പുടയൂർ മന്ത്രശാലയുടെ പരദേവതയാണ് കൂവച്ചാൽ ഭഗവതി. “വലിച്ചെറിഞ്ഞു കാളകാട്, പിടിച്ചുകേറ്റി പൂന്തോട്ടം’. കാളകാട്ട് ഇല്ലത്തു നിന്നും വന്ന രുധിരമഹാകാളി അത്യുഗ്രഭാവത്തിൽ ആരാധിക്കപ്പെടുന്നു. തീച്ചാമുണ്ഡി: രഞ്ജിത്ത് പണിക്കർ കുറ്റിയേരി, കൂവച്ചാൽ ഭഗവതി: ശശി പെരുവണ്ണാൻ.




കൂവച്ചാൽ ഭഗവതി



മലകിടാരൻ വെള്ളാട്ടം



കൂവച്ചാൽ ഭഗവതി



പാരമ്പര്യത്തിന്റെ നിറങ്ങളിൽ നെയ്തെടുത്ത
മനം കവരുന്ന ചാരുത
KM
കുത്താമ്പുള്ളി
കളക്ഷൻസ് & മാച്ചിങ്ങ് സെന്റർ
ഫെഡറൽ ബാങ്കിനുസമീപം, എടപ്പാൾ റോഡ്, ചങ്ങരംകുളം
10 വർഷത്തോളമായി ചങ്ങരംകുളത്തു പ്രവർത്തിക്കുന്ന ഒരു നമ്പൂതിരി സംരംഭം.
സെറ്റുമുണ്ടുകൾ, സെറ്റുസാരികൾ, ഫാൻസി സാരികൾ, കസവുസാരികൾ,
കോട്ടൺ സാരികൾ, ചുരിദാറുകൾ, ചുരിദാർ മെറ്റീരിയലുകൾ, മുണ്ടുകൾ
എന്നിവയുടെ വിപുലമായ ശേഖരം.
വാട്ട്സ്ആപ്പ് വഴി സെലക്ട് ചെയ്യുന്ന തുണിത്തരങ്ങൾ കൊറിയർ വഴി
ഇന്ത്യയിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു 9562883397



IN MEMORY OF
SRI. VEDARAMANA VISHNU NAMBOOTHIRI
FOUNDER
treatments
wellness
panchakarma
പതിറ്റാണ്ടുകളുടെ ആയുർവേദ പൈതൃകം.
സ്വച്ഛമായ ഗ്രാമാന്തരീക്ഷത്തിൽ വിപുലമായ പഞ്ചകർമ്മ, കിടത്തി ചികിത്സാ സൗകര്യങ്ങൾ.
എല്ലാ വിഭാഗങ്ങളിലും വിദഗ്ധ ഡോക്ടർമാരുടെ സേവനം.
രോഗപ്രതിരോധത്തിനും ആരോഗ്യ സംരക്ഷണത്തിനും അനുയോജ്യമായ സുഖചികിത്സകൾ.
Kesavatheeram
AYURVEDA HOSPITAL
Puracheri, Ezhilode(PO),
Kannur Dist, Kerala 670309
9037301131, 0497 2800298
www.kesavatheeram.com
SCAN HERE
PHARMACY
TREATMENT ROOMS
CANTEEN
HERBAL GARDEN
NATURE CAMPUS
NALUKETTU
ചികിത്സാ വിഭാഗങ്ങൾ
സന്ധിരോഗ വിഭാഗം
വാതരോഗ വിഭാഗം
നട്ടെല്ല് രോഗ വിഭാഗം
നേത്രരോഗ വിഭാഗം
സ്ത്രീരോഗ വിഭാഗം
മൂലവ്യാധി വിഭാഗം
പ്രസവാനന്തര ചികിത്സാ വിഭാഗം
“പ്രശാന്ത സുന്ദരമായ പ്രകൃതിയുടെ മടിത്തട്ടിലാവട്ടെ ആരോഗ്യത്തിന്റെ പുത്തനുണർവ്”
OUR PANEL DOCTORS
DR. V KESAVAN NAMBOOTHIRI
MD (AYU)
DR. THULASI T NAMBOOTHIRI
MD (AYU)
Kesavatheeram
AYURVEDA HOSPITAL

YOGAKSHEMASABHA SWASTHI ❑ Reg.No:KERMAL/2022/83817 ❑ Rs 75
Vol. No:5 Issue No:1 ❑ Kozhikode ❑ Date of Publication: 1 January 2026

